33rd Year of Service 2025

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

July 28, 2025 Vol. XXXIII No. 31







# YOUTH PASTORAL VACANCY

## Bethel Pentecostal Assembly, Bay Area, California

Indian Pentecostal Church seeking a full-time Youth Pastor with a calling and passion to shepherd, teach, mentor and guide the children and youth of a growing Church in the Bay area based on Biblical principles that are culturally relevant. If you are an ordained, married, pentecostal Pastor under 45 yrs of age with a formal theological education who grew up in the US, have previous experience of working with the younger generation and lead by the Holy Spirit to take on this responsibility and legally eligible to work in the US, please contact us in writing at bethelpentecostalca@gmail.com with three references before Sept 12, 2025.







33rd Year of Service 2025
കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago
3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 'ക്യാപിറ്റൽ പണിഷ്മെന്റ്' വിവാദം കത്തുന്നു
9 ഓർമ്മയിൽ വി.എസ്
21 ഓർമ്മ ഇന്റർനാഷണൽ 'അമേരിക്ക 250'ന് തുടക്കം
25 കണ്ടാലും കൊണ്ടാലും പഠിക്കാത്ത നമ്മൾ
28 31 തവണ എവറസ്റ്റ് കീഴടക്കി കാമി

# കന്യാസ്ത്രീകളുടെ അറസ്റ്റ്; രാജ്യവ്യാപക പ്രതിഷേധം

ന്യൂഡൽഹി: ഛത്തീസ്ഗഡിൽ ഹിന്ദുത്വ വർഗീയവാദികളുടെ ആൾക്കൂട്ട വിചാരണയ്ക്കൊടുവിൽ രണ്ടു കന്യാ



സ്ത്രീകളെ അറസ്റ്റ് ചെയ്തതിൽ രാജ്യവ്യാപക പ്രതിഷേധം. മതപരിവർത്തനം നടത്താൻ പെൺകുട്ടികളെ കടത്തിക്കൊണ്ടുപോകുന്നു എന്നാരോപിച്ചാണ് ചേർത്തല ആസ്ഥാനമായ അസീസി സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് (ഗ്രീൻ ഗാർഡൻസ്) സന്യാസ സഭയിലെ അംഗങ്ങളായ സിസ്റ്റർ പ്രീതി മേരി, സിസ്റ്റർ വന്ദന ഫ്രാൻസിസ് എന്നിവരെ അറസ്റ്റ് ചെയ്തത്. പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ, ഛത്തീസ്ഗഡ് മുഖ്യമന്ത്രി വിഷ്ണു ദിയോ സായ് എന്നിവർ അടിയന്തരമായി ഇടപെടണമെന്ന് എംപിമാരും രാഷ്ട്രീയ നേതാക്കളും വിവിധ സംഘടനകളും ആവശ്യപ്പെട്ടു.

പെൺകുട്ടികളെയും സിസ്റ്റർമാരെയും പോലീസിനു പകരം ബജ്രംഗ്ദൾ പ്രവർത്തകർ ചോദ്യംചെയ്യുന്ന ചിത്രങ്ങൾ പുറത്തുവന്നിട്ടുണ്ട്.

ഭരണഘടന ഉറപ്പുനൽകുന്ന മത സ്വാതന്ത്ര്യത്തിനുനേരെ ഇത്തരം തീവ്രസംഘടനകൾ നടത്തുന്ന പ്രവർത്തനങ്ങൾക്കെതിരെ കേന്ദ്രസർക്കാരിന്റെ ഉടനടിയുള്ള ഇടപെടൽ വേണമെന്ന് ഇന്ത്യയിലെ കത്തോലിക്കാ മെത്രാൻ സമിതി വക്താവ് ഫാ. റോബിൻസൺ റോഡ്രിഗസ് ആവശ്യപ്പെട്ടു.

(ശേഷം 34-ാം പേജിൽ)

# എൻ. ശക്തന് ഡിസിസി പ്രസിഡണ്ടിന്റെ ചുമതല

## ശബ്ദരേഖ പുറത്തായ സംഭവം അന്വേഷിക്കാൻ തിരുവഞ്ചൂർ

തിരുവനന്തപുരം: ജില്ലാ കോൺഗ്രസ് കമ്മിറ്റി പ്രസിഡണ്ട് പാലോട് രവി രാജിവെച്ചതിനെത്തുടർന്ന് മുൻമന്ത്രി എൻ. ശക്തന് ഡിസിസി പ്രസിഡണ്ടിന്റെ ചുമതല നല്കി. കോൺഗ്രസ് നേതാവ് പാലോട് രവിയുടെ ഫോൺ ശബ്ദരേഖ പുറത്തായ സംഭവം അന്വേഷിക്കാൻ കെപിസിസി നിർദേശം. അച്ചടക്ക സമിതി അദ്ധ്യക്ഷനായ തിരുവഞ്ചൂർ രാധാകൃഷ്ണനാണ് അന്വേഷണ ചുമതല. ശബ്ദരേഖ ചോർന്നതിനു പിന്നിൽ പാർട്ടി പ്രവർത്തകരുടെ പങ്ക് അടക്കമുള്ള കാര്യങ്ങൾ അന്വേഷണ പരിധിയിൽവരും.



പാലോട് രവി

എൽഡിഎഫ് വീണ്ടും അധികാരത്തിലെത്തുമെന്നും കോൺഗ്രസ് അധോഗതിയിലാണെന്നുമുള്ള സ്വന്തം ഫോൺ സംഭാഷണം പുറത്തായതിനെ തുടർന്ന് ശബ്ദരേഖ ചാനലുകളിലൂടെ പുറത്തുവന്നു മണിക്കൂറുകൾക്കകമായിരുന്നു കോൺഗ്രസ് ജില്ലാ കമ്മിറ്റി പ്രസിഡണ്ട് പാലോട് രവിയുടെ രാജി.

(ശേഷം 34-ാം പേജിൽ)

# ഇന്ത്യയുടെ ആദ്യ ഹൈഡ്രജൻ ട്രെയിൻ പരീക്ഷണ ഓട്ടം വിജയം

ചെന്നൈ: സുസ്ഥിര പരിസ്ഥിതി സൗഹൃദ ഗതാഗതത്തിലേക്കുള്ള ഒരു വലിയ കുതിച്ചുചാട്ടത്തിൽ, ഇന്ത്യയിലെ ആദ്യത്തെ ഹൈഡ്രജൻ ട്രെയിനിന്റെ പരീക്ഷണഓട്ടം ഇന്ത്യൻ റെയിൽവേ വിജയകരമായി പൂർത്തിയാക്കി. ഹൈഡ്രജൻ ഇന്ധന സെൽ സാങ്കേതികവിദ്യയിലാണ് ട്രെയിൻ ഓടുന്നത്. ഹൈഡ്രജൻ ട്രെയിൻ പരിസ്ഥിതിക്ക് വളരെയധികം ഗുണം ചെയ്യും. ചെന്നൈയിലെ



ഇന്റഗ്രൽ കോച്ച് ഫാക്ടറിയിലാണ് പരീക്ഷണം നടന്നത്.

ഹൈഡ്രജൻ ട്രെയിൻ ടെക്നോളജി വികസിപ്പിക്കുന്ന അപൂർവം രാജ്യങ്ങളിലൊന്നായി ഇന്ത്യ മാറുകയാണെന്നും 1200 കുതിരശക്തി ഹൈഡ്രജൻ ട്രെയിൻ നിർമിക്കാനുള്ള ശ്രമത്തിലാണെന്നും കേന്ദ്ര റെയിൽവേമന്ത്രി അശ്വിനി വൈഷ്ണവ് എക്സിൽ കുറിച്ചു. പരീക്ഷണ ഓട്ടം പൂർത്തിയായതോടെ, ഹൈഡ്രജൻ ഇന്ധന സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്ത സ്വീഡൻ, ജർമനി, ചൈന, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യയും ചേർന്നു.

ഒരു ഹൈഡ്രജൻ എഞ്ചിൻ നിർമിക്കുന്നതിന് 80 കോടി രൂപയാണ് ചെലവ്. കൂടാതെ ഓരോ റൂട്ടിനും 70 കോടി രൂപയുടെ അടിസ്ഥാന സൗകര്യവികസനവുമാണ് ചെലവായി കണക്കാക്കുന്നത്. 35 എഞ്ചിനുകൾ നിർമിക്കാനാണ് ഇന്ത്യൻ റെയിൽവേയുടെ പദ്ധതി. ഈ പദ്ധതിക്കായി ഇന്ത്യൻ റെയിൽവേ 2,800 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

# ഇന്ത്യ–ബ്രിട്ടൻ സ്വതന്ത്ര വ്യാപാരക്കരാറായി

ന്യൂഡൽഹി: സ്വതന്ത്ര വ്യാപാരക്കരാറിൽ ഒപ്പിട്ട് ഇന്ത്യയും ബ്രിട്ടനും ഉഭയകക്ഷിബന്ധത്തിൽ പുതുചരിത്രമെഴുതി. പ്രതിവർഷം 3400 കോടി ഡോളറിന്റെ പരസ്പരവ്യാപാരമാണ് പ്രധാനമന്ത്രിമാരായ നരേന്ദ്രമോദിയും കെയ്ർ സ്റ്റാർമറും ഒപ്പിട്ട കരാറിലൂടെ ലക്ഷ്യമിടുന്നത്. ബ്രിട്ടൻ യൂറോപ്യൻ യൂണിയനിൽനിന്ന് പുറത്തുവന്ന ശേഷം (ബ്രക്സിറ്റ്) ഒപ്പിടുന്ന ഏറ്റവും വലിയ വ്യാപാരക്കരാറാണിത്. ഏതെങ്കിലുമൊരു രാജ്യവുമായി ഇന്ത്യ ഇതുവരെ ഒപ്പിട്ടതിൽ ഏറ്റവും നിർണായകമായ വ്യാപാരക്കരാറും ഇതുതന്നെ.



ഇന്ത്യ-ബ്രിട്ടൻ വ്യാപാരക്കരാർ ഒപ്പുവെച്ചശേഷം ഹസ്തദാനം ചെയ്യുന്ന പ്രധാനമന്ത്രിമാരായ നരേന്ദ്ര മോദിയും കെയ്ർ സ്റ്റാമറും.

നിലവിലെ 6000 കോടി ഡോളറിന്റെ ഉഭയകക്ഷിവ്യാപാരം 2030 ആകുമ്പോഴേക്ക് ഇരട്ടിയാക്കുകയാണ് കരാറിലൂടെ ലക്ഷ്യമിടുന്നത്. നാലുദിവസം നീളുന്ന ബ്രിട്ടൻ, മാലദ്വീപ് സന്ദർശനത്തിന്റെ ഭാഗമായാണു പ്രധാനമന്ത്രി മോദി ലണ്ടനിലെത്തിയത്. പ്രധാനമന്ത്രിയായശേഷം മോദിയുടെ നാലാമത്തെ ബ്രിട്ടീഷ് സന്ദർശനമാണിത്. പ്രധാനമന്ത്രി കെയ്ർ സ്റ്റാർമറെ അദ്ദേഹം ഇന്ത്യയിലേക്കു ക്ഷണിക്കുകയും ചെയ്തു.

സ്വതന്ത്ര വ്യാപാരക്കരാർ നിലവിൽ വരുന്നതോടെ ഇന്ത്യയിൽനിന്ന് ബ്രിട്ടനിലേക്കു കയറ്റുമതി ചെയ്യുന്ന 99 ശതമാനം ഉത്പന്നങ്ങൾക്കും തീരുവ പൂജ്യമാകും. തുണിത്തരങ്ങൾ, ജനറിക് മരുന്നുകൾ, മെഡിക്കൽ ഉപകരണങ്ങൾ, തുകൽ ഉത്പന്നങ്ങൾ, കാർഷിക, രാസ ഉത്പന്നങ്ങൾ തുടങ്ങിയവ

(ശേഷം 34-ാം പേജിൽ)

# പിതാവിന്റെ പേര് തിരുത്താൻ ഡിഎൻഎ റിപ്പോർട്ട് വേണം

കൊച്ചി: പിതൃത്വം തെളിയിക്കുന്ന ഡിഎൻഎ പരിശോധനാ റിപ്പോർട്ടും കോടതിവിധിയും ഇല്ലാതെ ജനന സർട്ടിഫിക്കറ്റിൽ പിതാവിന്റെ പേരു തിരുത്താൻ കഴിയില്ലെന്നു ഹൈക്കോടതി വ്യക്തമാക്കി.

ജനന, മരണ രജിസ്റ്ററിൽ വന്ന ക്ലറിക്കൽ പിശകുകളോ ക്രമക്കേടിലൂടെ ചേർത്ത വിവരങ്ങളോ ഔപചാരിക മാതൃകയിൽ വന്ന തെറ്റുകളോ തിരുത്താനുള്ള അധികാരം മാത്രമാണു രജിസ്ട്രാർക്കുള്ളത്. വിചാരണ നടപടിക്രമങ്ങളും കോടതി അംഗീകാരവും ആവശ്യമായ പിതൃത്വ തർക്കങ്ങളുടെ കാര്യത്തിൽ തിരുത്തൽ പറ്റില്ലെന്നു കോടതി വ്യക്തമാക്കി.

പയ്യന്നൂർ മുനിസിപ്പാലിറ്റിയിൽ മകന്റെ ജനനം രജിസ്റ്റർ ചെയ്ത രേഖയിൽ പിതാവിന്റെ സ്ഥാനത്ത് തന്റെ പേരു മാറ്റി മറ്റൊരാളുടെ പേരുവെച്ചതു

(ശേഷം 34-ാം പേജിൽ)

# കാർഗിൽ വിജയദിനത്തിൽ മൂന്ന് പദ്ധതികൾക്ക് തുടക്കമിട്ടു

ന്യൂഡൽഹി: സൈനികരെ ആദരിക്കുന്നതിനും അവരുടെ ത്യാഗങ്ങളെപ്പറ്റി പൊതുജനങ്ങൾക്ക് മനസ്സിലാക്കാനും ഉപകരിക്കുന്ന മൂന്ന് സംരംഭങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് ഇന്ത്യ കാർഗിൽ യുദ്ധവിജയത്തിന്റെ ഓർമ്മ പുതുക്കി. വീരമൃത്യു വരിച്ച ധീരസൈനികർക്ക് രാഷ്ട്രപതി ദ്രൗപദി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും ആദരമർപ്പിച്ചു.

സൈനികർക്ക് ആദരമർപ്പിക്കാനുള്ള ഇ-ശ്രദ്ധാഞ്ജലി മൊബൈൽ ആപ്പ്, കാർഗിൽ യുദ്ധകാലത്തെ സംഭവങ്ങൾ വിശദീകരിക്കുന്ന ക്യൂആർ കോഡ് അധിഷ്ഠിത ഓഡിയോ ഗേറ്റ്‌വേ, സൈനികരുടെ ജീവിതസാഹചര്യങ്ങൾ അനുഭവിച്ചറിയാൻ നിയന്ത്രണരേഖയ്ക്കു സമീപത്തെ സൈനിക കേന്ദ്രങ്ങൾ സന്ദർശിക്കാൻ അനുമതി നൽകുന്ന 'സിന്ധു വ്യൂപോയിന്റ്' പദ്ധതി എന്നിവയ്ക്കാണു തുടക്കമിട്ടത്. കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി ഉദ്ഘാടനം ചെയ്തു.



കാർഗിൽ യുദ്ധവിജയവാർഷികത്തിൽ ന്യൂഡൽഹിയിലെ ദേശീയ യുദ്ധസ്മാരകത്തിൽ പ്രണാമം അർപ്പിക്കാനെത്തുന്ന പ്രതിരോധ മന്ത്രി രാജ്നാഥ് സിങ്.

ന്യൂഡൽഹിയിലെ ദേശീയ യുദ്ധസ്മാരകത്തിൽ പ്രതിരോധമന്ത്രി രാജ്നാഥ് സിങ് പുഷ്പചക്രം അർപ്പിച്ചു. ദ്രാസിൽ നടന്ന പദയാത്രയ്ക്ക് കേന്ദ്ര മന്ത്രിമാരായ ഡോ. മൻസുഖ് മാണ്ഡവ്യ, സഞ്ജയ് സേത്ത് എന്നിവർ നേതൃത്വം നൽകി. ആയിരത്തിലേറെ യുവാക്കളും സായുധ സേനാംഗങ്ങളും വിരമിച്ചവരും വീരമൃത്യു വരിച്ച സൈനികരുടെ കുടുംബാംഗങ്ങളും പങ്കെടുത്തു.

കാർഗിൽ യുദ്ധസ്മാരകത്തിൽ കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി പുഷ്പചക്രം സമർപ്പിച്ചു. സംയുക്ത സേനാ മേധാവി ജനറൽ അനിൽ ചൗഹാൻ, നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് കെ. ത്രിപാഠി, വ്യോമസേനാ മേധാവി എയർ ചീഫ് മാർഷൽ എ.പി. സിങ്, പ്രതിരോധ സെക്രട്ടറി രാജേഷ് കുമാർ സിങ്, കരസേനാ ഉപമേധാവി ലഫ്. ജനറൽ എൻ.എസ്. രാജ സുബ്രഹ്മണി എന്നിവരും പുഷ്പചക്രം അർപ്പിച്ചു.

ബിജെപിയുടെ നേതൃത്വത്തിൽ ഇന്ത്യയെമ്പാടും ആഘോഷ പരിപാടികൾ നടന്നു. ഡൽഹിയിൽ പ്രസിഡണ്ട് ജെ.പി. നഡ്ഡ ഉൾപ്പെടെയുള്ള നേതാക്കൾ പങ്കെടുത്തു. സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ ഡൽഹിയിൽ യുദ്ധസ്മാരകത്തിലും കാർഗിൽ യുദ്ധത്തിൽ വീരമൃത്യു വരിച്ച മലയാളി സൈനികൻ ക്യാപ്റ്റൻ ജെറി പ്രേം രാജിന്റെ സ്മാരക ഫലകത്തിലും പുഷ്പചക്രം അർപ്പിച്ചു. പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, കോൺഗ്രസ് പ്രസിഡണ്ട് മല്ലികാർജുൻ ഖാർഗെ, എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ, പ്രിയങ്ക ഗാന്ധി തുടങ്ങിയവരും ആദരമർപ്പിച്ചു.

# കെ ഫോൺ: സ്വകാര്യ സേവനദാതാക്കളിലേക്ക് മാറാൻ അനുമതി തേടുന്നു

തിരുവനന്തപുരം: കേരള സർക്കാരിന്റെ ശ്രദ്ധേയ പദ്ധതികളിലൊന്നായ കെ. ഫോണിന്റെ ഇന്റർനെറ്റ് സേവനം ഉപേക്ഷിക്കാനും മറ്റു സേവനദാതാക്കളിലേക്കു മാറാനും അനുവാദം തേടി വിവിധ സർക്കാർ വകുപ്പുകൾ. ഇന്റർനെറ്റിൽ അടിക്കടി ഉണ്ടാകുന്ന തടസ്സവും പരാതികൾ പരിഹരിക്കുന്നതിന് എടുക്കുന്ന കാലതാമസവും ചൂണ്ടിക്കാട്ടിയാണ് സ്വകാര്യ സേവനദാതാക്കളിലേക്കു മാറാൻ വകുപ്പുകൾ ചീഫ് സെക്രട്ടറിയുടെ അനുവാദം തേടിയത്. തടസ്സമില്ലാത്ത ഇന്റർനെറ്റ് സേവനം അനിവാര്യമായ ജി.എസ്.ടി, സപ്ലൈകോ, രജിസ്ട്രേഷൻ, ട്രഷറി തുടങ്ങിയ വിഭാഗങ്ങൾക്ക് കെ-ഫോണിനു പുറമെ മറ്റൊരു കമ്പനിയുടെ കൂടി ഇന്റർനെറ്റ് സേവനം ലഭ്യമാക്കുന്ന കാര്യം പരിഗണിക്കാമെന്ന് ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക്, വകുപ്പു സെക്രട്ടറിമാരെ അറിയിച്ചു. ഇപ്പോൾ കേരളത്തിൽ ഒരു ലക്ഷം ഇന്റർനെറ്റ് കണക്ഷനുകളാണ് കെ-ഫോൺ നല്കിയിരിക്കുന്നത്. ഇതിൽ 24,000 കണക്ഷനുകൾ വിവിധ സർക്കാർ ഓഫീസുകൾക്കാണ്. സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളും കെ-ഫോൺ കണക്ഷൻ തന്നെ എടുക്കണമെന്നാണ് സർക്കാർ നയം. കെ-ഫോണിന്റെ സേവനം ലഭ്യമാകാത്തിടത്തു മാത്രമാണ് സ്വകാര്യ ഇന്റർനെറ്റ് സൗകര്യം ഉപയോഗിക്കാൻ സർക്കാർ ഓഫീസുകൾക്ക് അനുമതി.

കെ-ഫോൺ കണക്ഷനുകൾ കൂടുതൽ പേർ ഉപയോഗിക്കുമ്പോൾ വേഗക്കുറവുണ്ടാകുന്നതാണ് വകുപ്പുകളുടെ പ്രധാന പരാതി. തകരാർ റിപ്പോർട്ട് ചെയ്താൽ ഉടൻ പരിഹരിക്കുന്നുമില്ല. ഈ പരാതികളെക്കുറിച്ച് ചീഫ് സെക്രട്ടറി വിശദീകരണം ചോദിച്ചപ്പോൾ പ്രശ്നങ്ങളുണ്ടെങ്കിൽ സർക്കാർ ഓഫീസ് അധികൃതർക്ക് തങ്ങളുടെ വെബ് പോർട്ടലിൽ പരാതിപ്പെടാമെന്നായിരുന്നു കേരളാ സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ (കെഎസ്ഐടിഎം) ഡയറക്ടർ നല്കിയ മറുപടി.

# റെയിൽവേക്ക് 573 കോടിയുടെ നഷ്ടം

ന്യൂഡൽഹി: ഇന്ത്യൻ റെയിൽവേയ്ക്ക് വിവിധ സോണുകളിലായി 573 കോടി രൂപയുടെ നഷ്ടം സംഭവിച്ചതായി കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ (സിഎജി) ചൂണ്ടിക്കാട്ടി. 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലാണ് പരാമർശം. വരുമാനനഷ്ടം, പദ്ധതി നടത്തിപ്പിലെ വീഴ്ചകൾ എന്നിവയുൾപ്പെടെ 25 പിഴവുകളാണ് ലോക്സഭയിൽ വെച്ച റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുള്ളത്. നീലഗിരി മൗണ്ടൻ റെയിൽവേ മീറ്റർ ഗേജിൽ നിന്ന് ബ്രോഡ്ഗേജിലേക്കു മാറ്റുന്നതുമായി ബന്ധപ്പെട്ട് ദക്ഷിണ റെയിൽവേക്ക് 27.91 കോടി രൂപയുടെ നഷ്ടം സംഭവിച്ചു. 28 കോച്ചുകൾ നിർമ്മിക്കാൻ ഇന്റഗ്രൽ കോച്ചു ഫാക്ടറിയെ ഏല്പിച്ചിരുന്നു. എന്നാൽ, റെയിൽവേയുടെ റിസേർച്ച് ഡിസൈൻ ആൻഡ് സ്റ്റാൻഡേഡ്സ് ഓർഗനൈസേഷനുമായി കൂടിയാലോചിക്കാതെ കോച്ചുകൾ നിർമ്മിച്ചതിനാൽ അവ ഉപയോഗിക്കാൻ കഴിഞ്ഞില്ലെന്നും ഇതിനായി ചെലവിട്ട തുക പാഴായി എന്നുമാണ് കണ്ടെത്തൽ. സത്യസായി പ്രശാന്തി നിലയത്തിൽ നിന്ന് ബെംഗ്ളൂരുവിലേക്ക് ആളില്ലാതെ ട്രെയിൻ സർവീസ് നടത്തിയതു വഴി 17.47 കോടി രൂപയുടെ നഷ്ടം സംഭവിച്ചു. സിമന്റ് നീക്കത്തിനായി വാഗണുകൾ അനുവദിച്ചതിലെ പിഴവുകാരണം വടക്കു കിഴക്കൻ റെയിൽവേക്ക് 10.25 കോടിരൂപയുടെ നഷ്ടം സംഭവിച്ചു. റെയിൽവേ ഭൂമിയിൽ പ്രവർത്തിക്കുന്ന സർക്കാർ എയ്ഡഡ് സ്കൂളുകളിൽനിന്ന് ലൈസൻസ് ഫീസ് ഈടാക്കാത്തതിനാൽ ഉത്തര റെയിൽവേക്ക് 148.61 കോടി രൂപയുടെയും ഖനനവുമായി ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് തുക ഈടാക്കാത്തതു കാരണം വിവിധ സോണുകൾക്ക് 55.51 കോടി രൂപയുടെയും നഷ്ടം സംഭവിച്ചെന്നും റിപ്പോർട്ട് പറയുന്നു.

# വി.എസ്. അച്യുതാനന്ദനെതിരെ 'ക്യാപിറ്റൽ പണിഷ്മെന്റ്' വിവാദം കത്തുന്നു

തിരുവനന്തപുരം: വി.എസ്. അച്യുതാനന്ദനെതിരെ സിപിഎമ്മിൽനിന്ന് ഉയർന്ന 'ക്യാപിറ്റൽ പണിഷ്മെന്റ്' പ്രയോഗത്തിന്മേലുള്ള വിവാദം കത്തുന്നു. 2012-ലെ തിരുവനന്തപുരം സംസ്ഥാന സമ്മേളനത്തിൽ മാത്രമല്ല, 2015-ൽ ആലപ്പുഴ സംസ്ഥാന സമ്മേളനത്തിലും വിഎസ്സിന് 'ക്യാപിറ്റൽ പണിഷ്മെന്റ്' നൽകണമെന്ന് എതിർചേരി ആവശ്യപ്പെട്ടതായി സിപിഎമ്മിന്റെ മുൻ എംപിയും എംഎൽഎയുമായ കെ. സുരേഷ് കുറുപ്പ് വെളിപ്പെടുത്തി. പിരപ്പൻകോട് മുരളി നടത്തിയ വെളിപ്പെടുത്തൽ ഏറ്റുപിടിച്ചാണ് പാർട്ടിയിലെ മറ്റൊരു നേതാവുകൂടി വിഎസിനെതിരെയുള്ള അധിക്ഷേപം തുറന്നുപറഞ്ഞത്.

സിപിഎം പ്രതിരോധത്തിലായതോടെ രക്ഷാപ്രവർത്തനവുമായി നേതാക്കൾ രംഗത്തെത്തി. വിഎസിനെതിരെ ആലപ്പുഴ സമ്മേളനത്തിൽ ആ പരാമർശം ഉണ്ടായിട്ടില്ലെന്ന് മന്ത്രി വി. ശിവൻകുട്ടിയും ഡി.കെ. മുരളി എംഎൽഎയും പറഞ്ഞു. അങ്ങനെ ഒരു പ്രയോഗം കേട്ടിട്ടില്ലെന്നു കടകംപള്ളി സുരേന്ദ്രൻ എംഎൽഎ പ്രതികരിച്ചു. എന്നാൽ, വിഎസ് പക്ഷക്കാരനായിരുന്ന സംസ്ഥാന കമ്മിറ്റി അംഗം എൻ.എൻ. കൃഷ്ണദാസ് ഇക്കാര്യം നിഷേധിച്ചില്ല. പാർട്ടി സമ്മേളനത്തിലെ ചർച്ചകൾ പൊതുസമൂഹത്തിൽ പറയാതിരിക്കാനാണ് കമ്യൂണിസ്റ്റുകാർ ശീലിക്കേണ്ടതെന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം. 'ക്യാപിറ്റൽ പണിഷ്മെന്റ്' മാധ്യമസൃഷ്ടിയാണെന്നും മാധ്യമങ്ങൾ ഇല്ലാത്ത കാര്യങ്ങൾ പ്രചരിപ്പിക്കുകയാണെന്നും സംസ്ഥാന കമ്മിറ്റി അംഗം ചിന്ത ജെറോം പ്രതികരിച്ചു. ആലപ്പുഴ സമ്മേളനത്തിൽ വിഎസിനു ക്യാപിറ്റൽ പണിഷ്മെന്റ് നൽകണമെന്ന് ആവശ്യപ്പെട്ടത് 'കൊച്ചു പെൺകുട്ടി' ആണെന്ന സുരേഷ് കുറുപ്പിന്റെ വാക്കുകളെത്തുടർന്നാണ് ഈ വിശദീകരണം. ആ അധിക്ഷേപം സഹിക്കാൻ കഴിയാതെയാണു വിഎസ് വേദി വിട്ടിറങ്ങിയതെന്നും കുറുപ്പ് പറഞ്ഞിരുന്നു. കൂടുതൽ ഒന്നും പറയാനില്ലെന്നു സുരേഷ് കുറുപ്പ് പറഞ്ഞു.

'വിഭാഗീയത വളർത്തുന്ന വിഎസിനെ ക്യാപിറ്റൽ പണിഷ്മെന്റിനു വിധേയമാക്കണം' എന്നു തിരുവനന്തപുരം സമ്മേളനത്തിൽ ഇപ്പോൾ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗമായ എം. സ്വരാജ് ആവശ്യപ്പെട്ടതായി പിരപ്പൻകോട് എഴുതിയതോടെയാണു വിവാദം ചൂടുപിടിച്ചത്. സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ അതു നിഷേധിച്ചെങ്കിലും സ്വരാജ് പ്രതികരിച്ചില്ല. ഗോവിന്ദന്റെ നിഷേധം പിരപ്പൻകോട് പാടേ തള്ളി. നേരിട്ടുകേട്ട കാര്യത്തിൽ ഉറച്ചുനിൽക്കുന്നുവെന്നും അദ്ദേഹം പ്രതികരിച്ചു. അന്നത്തെ മിനിറ്റ്സ് പരിശോധിക്കട്ടെയെന്ന് പാർട്ടി നേതൃത്വത്തെ വെല്ലുവിളിച്ചു.

ആലപ്പുഴ സമ്മേളനത്തിലും 'ക്യാപിറ്റൽ പണിഷ്മെന്റ്' ആവശ്യം ഉയർന്നോയെന്ന കാര്യത്തിൽ തനിക്കുറപ്പില്ലെന്ന് പിരപ്പൻകോട് പറഞ്ഞു. തനിക്കെതിരെയുള്ള ആരോപണങ്ങൾ നിറച്ച റിപ്പോർട്ട് സംസ്ഥാന സെക്രട്ടറിയായിരുന്ന പിണറായി അവതരിപ്പിച്ചതിൽ പ്രതിഷേധിച്ച് വിഎസ് ഇറങ്ങിപ്പോയി. വൈകാതെ താനും പുറത്തിറങ്ങിയതിനാൽ ചർച്ച പൂർണമായും കേൾക്കാൻ കഴിഞ്ഞില്ലെന്നും അദ്ദേഹം പറഞ്ഞു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIII
Number 31
July 28, 2025

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Cir2culation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്‌വചനം**

നുണയന്റെ നാവ് പാമ്പിന്റെ വിഷപ്പല്ലിനേക്കാളും ദോഷകരമാണ്.

**ഗ്രസ് ഡ്യൂപ്ലേ**

മുഖസ്തുതിക്കാർ ചങ്ങാതികളെപ്പോലെ തോന്നിക്കും, ചെന്നായ്ക്കൾ ആട്ടിൻകുട്ടികളാണെന്നു തോന്നിക്കുന്നതുപോലെ.

**ജോർജ് ചാപ്മാൻ**

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

# ACCIDENT ATTORNEYS

AV PREEMINENT® Peer Rated for Highest Level of Professional Excellence 2025

## LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY

**Fee Discounts On Certain Cases For Malayalee Clients**

**Home Visits Available**



Steve Crifase
Steve@Crifaselaw.com

## CRIFASE LAW FIRM, LTD.

**312-855-0511**

Free Consultation/Your Call Is Always Welcome
Like A Family Friend



Michael Crifase
Michael@Crifaselaw.com

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com

BBB ACCREDITED BUSINESS A+ Rating Better Business Bureau

B&M
AUTO COLLISION CTR

**Fast & Efficient**
**Quality Repair**
We work with all Insurance Companies





Call Anish Eapen
773-263-9863

4440 West Addison, Chicago, IL 60641
773.685.3200 | 773.685.7388 | www.bmautocollision.com

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

## പ്രതീക്ഷ നൽകുന്ന വ്യാപാര കരാർ

ഇന്ത്യയും ബ്രിട്ടനും തമ്മിൽ ഒപ്പുവെച്ച സ്വതന്ത്ര വ്യാപാരക്കരാർ (എഫ്ടിഎ), വികസിച്ചുവരുന്ന സമ്പദ്വ്യവസ്ഥയെന്ന നിലയിൽ ഇന്ത്യയുടെ സാമ്പത്തികഭാവിയെ മാറ്റിമറിക്കാൻ ഉതകുന്ന നിർണായക തുറുപ്പുചീട്ടാണ്. ട്രംപിന്റെ തീരുവഭീഷണിയിൽ ഇളവുതേടി, ഓഗസ്റ്റ് ഒന്നിനുമുൻപായി അമേരിക്കയുമായി വ്യാപാരക്കരാറുണ്ടാക്കാനുള്ള ശ്രമങ്ങൾ ഇന്ത്യ ഊർജിതമാക്കിയ സാഹചര്യത്തിലാണ് ബ്രിട്ടനുമായുള്ള എഫ്ടിഎ യാഥാർത്ഥ്യമായിരിക്കുന്നത്. ബ്രെക്സിറ്റനന്തരം ബ്രിട്ടൻ ഒപ്പുവെക്കുന്ന ഏറ്റവും വലിയ വ്യാപാരക്കരാർകൂടിയായ ഈ ഉടമ്പടി, യുഎസ് തുടങ്ങിവെച്ച വ്യാപാരയുദ്ധത്താൽ കലുഷിതമായ, ആഗോളവിപണിയിൽ ഇന്ത്യക്ക് പുതിയ അവസരം തുറക്കുമെന്ന കാര്യത്തിൽ തർക്കമില്ല. മൂന്നരവർഷംനീണ്ട ഉഭയകക്ഷി വ്യാപാരചർച്ചകളുടെയും നയതന്ത്രതലത്തിലെ വിലപേശലുകളുടെയും ശ്ലാഘനീയമായ വിജയംകൂടിയാണിത്.

ഇന്ത്യയിൽനിന്നു ബ്രിട്ടൻ വാങ്ങുന്ന സാധനങ്ങൾക്കുള്ള ശരാശരിത്തീരുവ 15 ശതമാനത്തിൽനിന്നു മൂന്നുശതമാനമായി കുറയും. ബ്രിട്ടനിലേക്കു കാർഷികോത്പന്ന കയറ്റുമതി മൂന്നുവർഷംകൊണ്ട് 20 ശതമാനം വർധിക്കുമെന്നാണു പ്രതീക്ഷ.

കാപ്പി (ഇൻസ്റ്റന്റ് കോഫി അടക്കം), തേയില, സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങിയവ ഇന്ത്യയിൽനിന്നു നേരിട്ടു വാങ്ങുന്നതു ബ്രിട്ടീഷുകാർക്കു ലാഭകരമാകും. ഇപ്പോൾ മറ്റു രാജ്യങ്ങളിൽനിന്നു പായ്ക്ക് ചെയ്തവ കുറഞ്ഞ തീരുവയോടെ അവിടെ വിപണി പിടിച്ചിരിക്കുകയാണ്. ബ്രിട്ടനിൽ വിൽക്കുന്ന കാപ്പിയിൽ 1.7 ശതമാനവും തേയിലയിൽ 2.6 ശതമാനവും സുഗന്ധവ്യഞ്ജനങ്ങളിൽ 2.9 ശതമാനവും മാത്രമേ ഇന്ത്യയിൽനിന്നു നേരിട്ടുചെല്ലുന്നുള്ളൂ.

ബ്രിട്ടനിലെ വിലയുടെ മൂന്നിരട്ടി നൽകി ഇന്ത്യയിൽ ആഡംബര വാഹനങ്ങൾ വാങ്ങേണ്ട അവസ്ഥയിൽനിന്ന് അതിസമ്പന്നർ രക്ഷപ്പെടും. ബ്രിട്ടനിൽനിന്നു സംസ്കരിച്ച ഭക്ഷ്യവസ്തുക്കളും പഴങ്ങളും കായ്കനികളും പഴച്ചാറും മാംസവും ഇന്ത്യയിലേക്കു വരും. ചോക്കലേറ്റുകളും സൗന്ദര്യവർധകവസ്തുക്കളും സ്പ്രേകളും ലഘുപാനീയങ്ങളും ഒക്കെ കുറഞ്ഞ ചുങ്കത്തിൽ ഇറക്കുമതിചെയ്യാം. നവീന മെഡിക്കൽ ഉപകരണങ്ങളും ശരീരത്തിൽ പിടിപ്പിക്കാനുള്ള സാധനങ്ങളും മറ്റും ഇറക്കുമതി ചെയ്യുന്നതു ലാഭകരമാകും. പേറ്റന്റ് കാലാവധി കഴിഞ്ഞ ജനറിക് മരുന്നുകൾ, എക്സ്റേ മെഷീൻ, ഇസിജി മെഷീൻ തുടങ്ങിയവ ബ്രിട്ടനിലേക്ക് ചുങ്കമില്ലാതെ കയറ്റുമതി ചെയ്യാം.

ഇന്ത്യൻ പ്രൊഫഷണലുകൾക്ക് ബ്രിട്ടനിൽ മൂന്നുവർഷംവരെ സാമൂഹികസുരക്ഷാനിധി അടയ്ക്കുന്നതിൽ ഇളവ് നൽകിയത് തൊഴിലവസരങ്ങളെ ആകർഷകമാക്കുന്നു. 1800 ഇന്ത്യക്കാർക്ക് പ്രതിവർഷം പുതിയ തൊഴിൽവിസകൾ നൽകുമെന്ന പ്രഖ്യാപനവും പ്രതീക്ഷ നൽകുന്നതാണ്. ആറ് ബ്രിട്ടീഷ് സർവകലാശാലകൾ ഇന്ത്യയിൽ കാംപസുകൾ തുറക്കാൻ തീരുമാനിച്ചത് ഉന്നത വിദ്യാഭ്യാസ-ഗവേഷണ രംഗത്തെ സംബന്ധിച്ച് മികച്ച അവസരമാണ്. പ്രത്യേകിച്ച് ബ്രിട്ടനിൽപ്പോയി പഠിക്കാനാഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള പഠനസൗകര്യം ഇന്ത്യയിൽത്തന്നെ ഒരുങ്ങുമെന്നതാണത്. അതേസമയം, ഇവിടങ്ങളിലെ പ്രവേശനം, ഫീസ് എന്നിവ സംബന്ധിച്ചൊക്കെ വ്യക്തത ആവശ്യമുണ്ട്. ചെമ്മീൻ, കശുവണ്ടി, സുഗന്ധവ്യഞ്ജനങ്ങൾ, കണവ എന്നിവയ്ക്ക് നികുതി ഒഴിവാക്കിയതും കാപ്പി, തേയില എന്നിവയ്ക്കുമേലുള്ള ഇറക്കുമതിനിയന്ത്രണം എടുത്തുകളഞ്ഞതും കേരളത്തിന് പ്രതീക്ഷയ്ക്ക് വകനൽകുന്നതാണ്. കരാർപ്രകാരം കേരളത്തിൽനിന്നുള്ള കള്ളിനും ബ്രിട്ടീഷ് വിപണികളിൽ സാധ്യതയേറും. ലോകവ്യാപാര സംഘടനയുടെ ചരമഗീതം എഴുതപ്പെട്ട സാഹചര്യത്തിൽ ലോകത്തെ മുൻനിര സാമ്പത്തിക ശക്തികൾ തമ്മിലുള്ള ഉടമ്പടി ഇനി വരാനിരിക്കുന്ന ഉഭയകക്ഷി കരാറുകൾക്ക് ഒരു മാതൃകയായി കണക്കാക്കപ്പെടും.

രണ്ടാം മോദിസർക്കാരിന്റെയും മുൻ ബ്രിട്ടീഷ് പ്രധാനമന്ത്രി ബോറിസ് ജോൺസന്റെയും കാലത്ത് 2022-ലാണ് കരാർ ചർച്ചകൾ ആരംഭിച്ചത്. നിർമിതബുദ്ധി മുതൽ നിർണായക ധാതുമേഖലയിൽവരെ കരാറിന്റെ ഗുണം ലഭിക്കുമെന്നും യുവാക്കൾ, കർഷകർ, ചെറുകിടവ്യവസായികൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയവർ അതിന്റെ ഗുണഭോക്താക്കളാകുമെന്നുമാണ് ലണ്ടനിൽ കരാറൊപ്പിട്ടശേഷം പ്രധാനമന്ത്രി നരേന്ദ്രമോദി അവകാശപ്പെട്ടത്. ഒപ്പം ക്ഷീരോത്പന്നം, ഭക്ഷ്യഎണ്ണ, ആപ്പിൾ, ഓട്സ് എന്നിവയുടെ തീരുവ ഇളവുചെയ്യില്ലെന്നും അവയ്ക്കുള്ള സംരക്ഷണം തുടരുമെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, ബ്രിട്ടീഷ് കാർഷികോത്പന്നങ്ങളുടെ ഇന്ത്യൻ വിപണിയിലെ പ്രവേശനം ഇന്ത്യയുടെ സമ്പദ്വ്യവസ്ഥയുടെ നട്ടെല്ലായ കാർഷികമേഖലയെ ബാധിക്കുമോയെന്ന ആശങ്ക നിലനിൽക്കുന്നുണ്ട്. ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാൻ പരസ്പരം സുരക്ഷാ-ശുചിത്വ നിലവാരങ്ങൾ പാലിക്കണമെന്ന് വ്യവസ്ഥയുണ്ടെങ്കിലും അത് എങ്ങനെ പ്രായോഗികമാക്കുമെന്നതിനെക്കുറിച്ചും വ്യക്തത വേണം. ആഭ്യന്തരവിപണി അഭിമുഖീകരിക്കുന്ന ആശങ്കകൾ ദൂരീകരിച്ചുകൊണ്ട് കരാർ പ്രാബല്യത്തിൽ വരുത്താനാണ് സർക്കാർ ശ്രമിക്കേണ്ടത്.

## ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പ്; രാജ്യസഭാ സെക്രട്ടറി റിട്ടേണിംഗ് ഓഫീസർ

ന്യൂഡൽഹി: ജഗ്ദീപ് ധൻകർ രാജിവെച്ച ഒഴിവിൽ പുതിയ ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പിന് റിട്ടേണിംഗ് ഓഫീസറായി രാജ്യസഭാ സെക്രട്ടറി ജനറൽ പി.സി. മോദിയെ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നിയമിച്ചു.

രാജ്യസഭാ ജോയിന്റ് സെക്രട്ടറി ഗരിമ ജയ്ൻ, രാജ്യസഭാ ഡയറക്ടർ വിജയ് കുമാർ എന്നിവരെ അസി. റിട്ടേണിംഗ് ഓഫീസർമാരായും നിയമിച്ചു. കീഴ്വഴക്കപ്രകാരം ലോക്സഭയുടെയോ രാജ്യസഭയുടെയോ സെക്രട്ടറി ജനറൽമാരിൽ ഒരാളെയായിരിക്കും റൊട്ടേഷനനുസരിച്ച് റിട്ടേണിംഗ് ഓഫീസറായി നിയമിക്കുന്നത്. കഴിഞ്ഞ തവണ ലോക്സഭാ സെക്രട്ടറി ജനറലായിരുന്നു റിട്ടേണിംഗ് ഓഫീസർ.

മൺസൂൺ സമ്മേളനത്തിന്റെ ആദ്യദിനമായിരുന്ന തിങ്കളാഴ്ച രാത്രിയോടെയാണ് രാജ്യസഭാദ്ധ്യക്ഷൻ കൂടിയായിരുന്ന ജഗ്ദീപ് ധൻകർ ആരോഗ്യകാരണങ്ങൾ ചൂണ്ടിക്കാട്ടി ഉപരാഷ്ട്രപതി സ്ഥാനം രാജിവെച്ചത്. ഭരണഘടനപ്രകാരം ഉപരാഷ്ട്രപതി സ്ഥാനമൊഴിഞ്ഞാൽ എത്രയുംവേഗം തെരഞ്ഞെടുപ്പ് നടത്തുകയെന്നതാണ് ചട്ടം. ഇരുസഭകളിലെയും എംപിമാരടങ്ങിയ ഇലക്ടറൽ കോളജാണ് നേരിട്ടുള്ള ബാലറ്റ് വോട്ടിംഗിലൂടെ ഉപരാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്നത്. സ്ഥാനാർത്ഥിയുടെ നാമനിർദേശ പത്രികയിൽ നിർദേശകരായി 20 വോട്ടർമാരും പിന്തുണയ്ക്കുന്നവരായി കുറഞ്ഞത് 20 എംപിമാരും ഒപ്പിടണം. ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പ് സംബന്ധിച്ച് തെരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറത്തിറക്കിയയുടൻ സ്ഥാനാർത്ഥികളെ പ്രഖ്യാപിക്കും. ഇരുസഭകളിലുമായി 422 വോട്ട് എൻഡിഎക്ക് ഉറപ്പാണ്. ഒറ്റക്കെട്ടായി നിന്നാൽ 323 വോട്ടുകൾ നേടാൻ ഇന്ത്യ സഖ്യത്തിനു സാധിക്കും. ജയപ്രതീക്ഷയില്ലെങ്കിലും എല്ലാവർക്കും സ്വീകാര്യതയുള്ള പൊതുസ്ഥാനാർത്ഥിയെ ഇന്ത്യസഖ്യം നിർത്തണമെന്ന് തൃണമൂൽ കോൺഗ്രസ് ഇതിനോടകം ആവശ്യപ്പെട്ടിട്ടുണ്ട്. കോൺഗ്രസ് സ്വയം സ്ഥാനാർത്ഥിനിർണയം നടത്തിയാൽ പിന്തുണ നല്കില്ലെന്നും തൃണമൂൽ വ്യക്തമാക്കി.

## ജയിൽസുരക്ഷ പഠനറിപ്പോർട്ട് നൽകിയിട്ട് 12 വർഷം; നിർദേശങ്ങളൊന്നുപോലും നടപ്പായില്ല

തിരുവനന്തപുരം: കേരളത്തിന്റെ ജയിൽസംവിധാനത്തെ മുഴുവൻ വെല്ലുവിളിച്ച് ഗോവിന്ദച്ചാമിയെന്ന കൊടുംകുറ്റവാളി ജയിൽചാടിയിട്ടും ജയിൽസുരക്ഷ സംബന്ധിച്ച പഠനറിപ്പോർട്ടിൽ ഉറക്കം വിട്ടുണരാതെ സർക്കാർ. 2013-ൽ സമർപ്പിച്ച റിപ്പോർട്ടിന് 12 വർഷമായി കഠിനതടവാണ് സർക്കാർ വിധിച്ചത്.

ജീവനക്കാരെ മൂന്ന് മാസത്തിലധികം ഒരേ ചുമതലയിൽ വെക്കരുത്, വാർഡർമാരുടെ എണ്ണം വർധിപ്പിക്കണം, ജയിലിൽ ദ്രുതപ്രതികരണ സംഘത്തെ നിയോഗിക്കണം എന്നിങ്ങനെയുള്ള റിപ്പോർട്ടിലെ പ്രധാന നിർദേശങ്ങളിലൊന്നുപോലും നടപ്പാക്കിയിട്ടില്ല.

സുരക്ഷ ശക്തിപ്പെടുത്താനുള്ള മാർഗനിർദേശങ്ങളും പരിഗണിച്ചില്ല. 2013 ജൂണിൽ പൂജപ്പുര സെൻട്രൽ ജയിലിൽനിന്നു രണ്ട് തടവുകാർ ഒരുമിച്ചു കടന്നുകളഞ്ഞ സംഭവത്തെ തുടർന്നാണ് പോലീസ് മേധാവി, ആഭ്യന്തര സെക്രട്ടറി, ജയിൽവകുപ്പ് മേധാവി എന്നിവരടങ്ങുന്ന കമ്മിറ്റിയെ സുരക്ഷ സംബന്ധിച്ചു പഠിക്കാനായി നിയോഗിച്ചത്.

## ജനനായകൻ ഓർമയായി

ആലപ്പുഴ: രക്തസാക്ഷികളുടെ ചോര ചുവപ്പിച്ച ആലപ്പുഴയുടെ മണ്ണിൽ വിഎസ് ചുവന്ന സൂര്യനായി ജ്വലിച്ചടങ്ങി. സമരസഖാക്കൾ അന്ത്യവിശ്രമംകൊള്ളുന്ന വലിയചുടുകാട്ടിലെ പുന്നപ്ര രക്തസാക്ഷി മണ്ഡപത്തിനു സമീപം ചിതയെരിഞ്ഞപ്പോൾ മുദ്രാവാക്യങ്ങളുടെ മാറ്റൊലി പ്രകമ്പനമായി മുഴങ്ങി. വിതുമ്പിനിന്ന ഭാര്യ വസുമതിക്കും മകൾ ആശയ്ക്കുമരികിൽ നിന്ന് മകൻ അരുൺകുമാർ ചിതയ്ക്കു തീകൊളുത്തിയപ്പോൾ സമരഭരിതമായ ഒരു നൂറ്റാണ്ടിനു പൂർണ്ണവിരാമമായി.



വലിയചുടുകാടിന്റെ തെക്കേ മൂലയിൽ, ടി.വി. തോമസും കെ.ആർ ഗൗരിയമ്മയും കെ.സി. ജോർജും പി.ടി. പുന്നൂസും അന്ത്യവിശ്രമം കൊള്ളുന്നതിനു സമീപമാണ് വി.എസ്. അച്യുതാനന്ദന്റെ നിത്യനിദ്ര. കേരളത്തിനു വിഎസ് ആരായിരുന്നുവെന്ന് ഓരോ നിമിഷവും ഓർമിപ്പിച്ച ദിനം. വിലാപയാത്ര പുരോഗമിച്ച വഴികളെല്ലാം മനുഷ്യപ്പുഴയായി ഒഴുകി ആലപ്പുഴയിൽ വന്നുചേർന്നത് നിശ്ചയിച്ചതിലും 15 മണിക്കൂറിലേറെ വൈകിയാണ്. പുന്നപ്ര പറവൂരിലെ വേലിക്കകത്ത് വീട്ടിലെത്തിച്ച ഭൗതികശരീരം കാണാൻ തിങ്ങിനിറഞ്ഞുനിന്നവരുടെ കൂട്ടത്തിന് ഒരിക്കൽപോലും വലുപ്പം കുറഞ്ഞില്ല. സിപിഎം ജില്ലാ കമ്മിറ്റി ഓഫീസിൽ കാത്തുനിന്നവർ എല്ലാ നിർദേശങ്ങളും ലംഘിച്ചു കുത്തൊഴുക്കായി. മഴയെ വകവെക്കാതെ 'കണ്ണേ കരളേ വീയെസ്സേ' വിളികളുമായി റിക്രിയേഷൻ ഗ്രൗണ്ടും നിറഞ്ഞിരുന്നു.

23-ന് സന്ധ്യയ്ക്കു മുൻപേ വലിയചുടുകാട്ടിൽ സംസ്കാരം നടത്താനായിരുന്നു തീരുമാനം. പക്ഷേ, വിലാപയാത്ര റിക്രിയേഷൻ ഗ്രൗണ്ടിൽ എത്തിയപ്പോൾ തന്നെ ആറ് മണിയായി. നിയന്ത്രണവും പൊതുദർശന സമയം വെട്ടിക്കുറയ്ക്കാനുള്ള പാർട്ടി തീരുമാനവും ജനം തിരുത്തി.

രാത്രി എട്ട് കഴിഞ്ഞും നീണ്ട പൊതുദർശനത്തിനുശേഷമാണ് രാത്രി 8.45 -നു വലിയചുടുകാട്ടിലെത്തിയത്. പോലീസിന്റെ ഗാർഡ് ഓഫ് ഓണറിനുശേഷം ഉറ്റസഖാക്കളുടെ പുഷ്പവൃഷ്ടി. ഒൻപതിനു ചിതയിൽ അഗ്നി പകർന്നപ്പോൾ പുറത്തു തോരാമഴയായിരുന്നു.

മുഖ്യമന്ത്രി പിണറായി വിജയനും മന്ത്രിമാരും അന്ത്യയാത്രയ്ക്കൊപ്പമുണ്ടായിരുന്നു. പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ സിപിഎം ജില്ലാ കമ്മിറ്റി ഓഫീസിൽ അന്ത്യോപചാരമർപ്പിച്ചു.


# Loving Memory of



## 9th Death Anniversary
7-31-2025

## C.J. ANNAMMA
**KANIYALIL**
**CHICAGO**

**Insertd by**
**Sorrowing Family**




# GREEN NESTLE
## VACATION HERITAGE HOME

Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India

- For Vacation and Holiday rentals.
- Licensed Home stay, Safe and Secured.
- 3 A/C rooms, Unique Packages for 2-8 people very economical.
- Individual Room rental for families.
- Fruits and vegetable Garden.
- Feels like farm house with Pets, Animals, Fish and birds.
- Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
- Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
- Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
- Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
- Adhering Food Safety Regulations.
- Caretaker to help you in as your needs, Travel Desk and Tour Package Facilities



**CONTACT**
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com

# മാലദ്വീപിന് 4850 കോടിയുടെ ധനസഹായം പ്രഖ്യാപിച്ച് ഇന്ത്യ

മാലി: മാലദ്വീപിന് 4,850 കോടി രൂപയുടെ ധനസഹായം പ്രഖ്യാപിച്ച് ഇന്ത്യ. പ്രധാനമന്ത്രി നരേന്ദ്രമോദിയും മാലദ്വീപ് പ്രസിഡണ്ട് മുഹമ്മദ് മുയിസുവും തമ്മിൽ നിരവധി വിഷയങ്ങളെ സംബന്ധിച്ച് വിശദമായ ചർച്ചകൾ നടത്തി.

വ്യാപാരം, പ്രതിരോധം, അടിസ്ഥാനസൗകര്യം എന്നീ മേഖലകളിലെ സഹകരണമായിരുന്നു വിഷയം. ഉഭയകക്ഷി നിക്ഷേപക്കരാർ ഉടൻ യാഥാർത്ഥ്യമാക്കുമെന്നും സ്വതന്ത്ര വ്യാപാര ക്കരാറിനായുള്ള ചർച്ചകൾ ആരംഭിച്ചിട്ടുണ്ടെന്നും മോദി അറിയിച്ചു. പ്രതിരോധ, സുരക്ഷാ രംഗങ്ങളിൽ സഹകരണമെന്നത് പരസ്പരവിശ്വാസത്തിന്റെ അടയാളമാണ്. മാലദ്വീപിന്റെ പ്രതിരോധ രംഗം ശക്തിപ്പെടുത്താൻ ഇന്ത്യ സഹായിക്കുമെന്നും മോദി കൂട്ടിച്ചേർത്തു. വെലേന അന്താരാഷ്ട്ര വിമാനത്താവളത്തിൽ വന്നിറങ്ങിയ മോദിക്ക് ഹൃദ്യമായ വരവേൽപ്പാണ് മുയിസുവും പ്രധാന വകുപ്പുകൾ കൈകാര്യംചെയ്യുന്ന മന്ത്രിമാരും ചേർന്നു നൽകിയത്.

തുടർന്ന് രാജ്യത്തെ പ്രസിദ്ധമായ റിപ്പബ്ലിക് സ്ക്വയറിൽ ആചാരപ്രകാരമുള്ള സ്വീകരണവും ഗാർഡ് ഓഫ് ഓണറും നൽകി. സ്വീകരിക്കാൻ വിമാനത്താവളത്തിലെത്തിയ മുയിസുവിന്റെ പ്രവൃത്തിതന്നെ ഹാദാദകർഷിച്ചുവെന്നും ഇരുരാജ്യങ്ങളുടെയും സൗഹൃദം പുതിയ ഉയരങ്ങളിലെത്തുമെന്നും മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. ചൈനയുമായി അടുപ്പം പുലർത്തുന്ന മുയിസു, ഇന്ത്യാവിരുദ്ധ പ്രചാരണങ്ങളുടെ ചിറകിലേറിയാണ് 2023 നവംബറിൽ അധികാരത്തിലെത്തിയത്.

സത്യപ്രതിജ്ഞ ചെയ്ത് മണിക്കൂറുകൾക്കകം ഇന്ത്യൻ സൈന്യം പുറത്തുപോകണമെന്ന് ആവശ്യപ്പെട്ടതും ബന്ധം വഷളാക്കിയിരുന്നു. മാലദ്വീപിന്റെ സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ വാഗ്ദാനം ചെയ്തതുൾപ്പെടെയുള്ള ഇന്ത്യൻ നടപടികളാണ് ഇപ്പോൾ ബന്ധം മെച്ചപ്പെടാൻ കാരണമായതെന്ന് കരുതപ്പെടുന്നു.

# സൈനികർക്കു ഭക്ഷണം നൽകിയ 10 വയസുകാരന്റെ പഠനച്ചെലവ് ഏറ്റെടുത്ത് കരസേന

ചണ്ഡീഗഡ്: പഹൽഗാം ഭീകരാക്രമണത്തിൽ പാകിസ്ഥാനെതിരെ ഇന്ത്യ നടത്തിയ പ്രത്യാക്രമണമായ ഓപ്പറേഷൻ സിന്ദൂറിനിടെ സൈനികർക്കു ഭക്ഷണവും പാനീയങ്ങളും എത്തിച്ച പത്തുവയസുകാരന്റെ പഠനച്ചെലവ് ഏറ്റെടുത്ത് സൈന്യം. ശ്വാൻ സിംഗിന്റെ പഠനച്ചെലവാണ് ഇന്ത്യൻ സൈന്യത്തിന്റെ ഗോൾഡൻ ഏറോ ഡിവിഷൻ ഏറ്റെടുത്തത്.

ഫിറോസ്പുർ കന്റോൺമെന്റിൽ ജൂലൈ 20-ന് നടന്ന ചടങ്ങിൽ പടിഞ്ഞാറൻ കമാൻഡിന്റെ ജനറൽ ഓഫീസർ കമാൻഡർ ഇൻ ചീഫ് ലെഫ്. ജനറൽ മനോജ് കുമാർ കാടിയാർ ശ്വാനെ ആദരിച്ചു. താരാവാലി ഗ്രാമത്തിലെ സൈനികർക്ക് ഭക്ഷണവും പാനീയങ്ങളും എത്തിച്ചു നൽകിയിരുന്നത് ശ്വാൻ സിംഗ് ആയിരുന്നു. വെടിവെപ്പ് നടക്കുന്നതിനിടയിൽപോലും വെള്ളം, ചായ, പാൽ, ലസ്സി തുടങ്ങിയവ ശ്വാൻ സൈനികർക്കു എത്തിച്ചുനൽകി.

തന്റെ മകന്റെ പ്രവൃത്തിയിൽ അഭിമാനിക്കുന്നുവെന്നും ആരും പറയാതെ തന്നെ ഇങ്ങനെയൊരു പ്രവൃത്തി ഏറ്റെടുത്തതിൽനിന്ന് അവന്റെ ദേശസ്നേഹം എത്രത്തോളം ഉണ്ടെന്ന് തിരിച്ചറിഞ്ഞുവെന്നും ശ്വാനിന്റെ പിതാവ് പറഞ്ഞു. ഭാവിയിൽ സൈന്യത്തിൽ ചേരണമെന്നാണ് ശ്വാൻ സിംഗിന്റെ സ്വപ്നം.

# പ്രധാനമന്ത്രിയുടെ വിദേശയാത്രകൾ; അഞ്ചു വർഷത്തിനിടെ കേന്ദ്രത്തിനു ചെലവായത് 362 കോടി

ന്യൂഡൽഹി: പ്രധാനമന്ത്രിയുടെ കഴിഞ്ഞ അഞ്ചു വർഷത്തെ വിദേശ സന്ദർശനങ്ങൾക്കായി കേന്ദ്രം ചെലവാക്കിയത് 362 കോടി രൂപയെന്നു കണക്ക്. 2025-ൽ മാത്രം അഞ്ചു രാജ്യങ്ങളിലായി സന്ദർശനത്തിനായി കേന്ദ്രസർക്കാർ 67 കോടി രൂപയിലധികമാണു ചെലവാക്കിയത്. തൃണമൂൽ എംപി ഡെറിക് ഒബ്രിയാൻ രാജ്യസഭയിൽ ഉന്നയിച്ച ചോദ്യത്തിന് കേന്ദ്ര വിദേശകാര്യ സഹമന്ത്രി നൽകിയ മറുപടിയിലാണു ഈ കണക്കുള്ളത്.

2025-ൽ പ്രധാനമന്ത്രിയുടെ ഏറ്റവും ചെലവേറിയ വിദേശയാത്ര ഫ്രാൻസിലേക്കുള്ളതായിരുന്നു. ഈ യാത്രയ്ക്ക് 25 കോടിയിലധികം രൂപ ചെലവായപ്പോൾ രണ്ടാമതുള്ള അമേരിക്കൻ യാത്രയ്ക്കു ചെലവായത് 16 കോടിയിലധികം രൂപയാണ്. കഴിഞ്ഞ ജൂൺ മുതൽ മോദി നടത്തിയ വിദേശയാത്രകളുടെ ചെലവുകൾ തിട്ടപ്പെടുത്തിവരുന്നതേയുള്ളൂവെന്നും കേന്ദ്രം നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. 2022 മേയ് മുതൽ 2024 ഡിസംബർ വരെയുള്ള 32 മാസത്തിനിടെ പ്രധാനമന്ത്രി നരേന്ദ്രമോദി നടത്തിയത് 38 വിദേശയാത്രകളാണെന്ന് കേന്ദ്രം കഴിഞ്ഞ മാർച്ചിൽ രാജ്യസഭയിൽ അറിയിച്ചിരുന്നു.

# കൂടുതൽ കാലം പ്രധാനമന്ത്രി; ഇന്ദിരയെ മറികടന്ന് മോദി രണ്ടാമത്

ന്യൂഡൽഹി: തുടർച്ചയായി ഏറ്റവും കൂടുതൽ കാലം പ്രധാനമന്ത്രി സ്ഥാനം അലങ്കരിക്കുന്ന രണ്ടാമത്തെ പ്രധാനമന്ത്രിയായി നരേന്ദ്രമോദി.

സ്വതന്ത്ര ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ഒന്നാം സ്ഥാനം അലങ്കരിക്കുന്ന റെക്കോർഡ് ബുക്കിൽ ഇന്ദിരാഗാന്ധിയെ മറികടന്നാണു മോദി രണ്ടാമതെത്തിയത്.

1964 മുതൽ 1977 വരെയുള്ള കാലയളവിൽ ഇന്ദിര 4077 ദിവസം തുടർച്ചയായി പ്രധാനമന്ത്രിസ്ഥാനം വഹിച്ചപ്പോൾ 2014 മേയ് 26-ന് ആദ്യമായി പ്രധാനമന്ത്രിയായി അധികാരമേറ്റ മോദി ആ സ്ഥാനത്ത് തുടർച്ചയായി 4078 ദിവസങ്ങൾ പൂർത്തിയാക്കി.



തുടർച്ചയായി പ്രധാനമന്ത്രി സ്ഥാനം വഹിച്ചിട്ടുള്ളവരിൽ ഒന്നാംസ്ഥാനത്തുള്ള നെഹ്റു 1947 ഓഗസ്റ്റ് 15 മുതൽ 1964 മേയ് 27 വരെയുള്ള 16 വർഷങ്ങളും 286 ദിവസവുമാണ് തുടർച്ചയായി പ്രധാനമന്ത്രിസ്ഥാനം വഹിച്ചത്.

1964 മുതൽ 1967 വരെയാണ് ഇന്ദിരയുടെ തുടർച്ചയായുള്ള കാലാവധിയെങ്കിലും 1980 ജനുവരി 14-ന് വീണ്ടും പ്രധാനമന്ത്രിയായി തെരഞ്ഞെടുക്കപ്പെട്ട ഇന്ദിര 1984 ഒക്ടോബർ മൂന്നിന് കൊല്ലപ്പെടുന്നതുവരെ പ്രധാനമന്ത്രിയായിരുന്നു.

കഴിഞ്ഞവർഷം ജൂണിൽ പ്രധാനമന്ത്രിയായി മൂന്നാമതും തെരഞ്ഞെടുക്കപ്പെട്ട മോദി ഇതിനോടകം പല റെക്കോർഡുകളും സ്വന്തം പേരിലാക്കിയിട്ടുണ്ട്.

സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം ജനിച്ച ഏക പ്രധാനമന്ത്രി, കോൺഗ്രസ് ഇതര പാർട്ടികളിൽനിന്ന് ഏറ്റവും കൂടുതൽകാലം പ്രധാനമന്ത്രിയായ വ്യക്തി, ഇന്ത്യയിലെ പ്രധാനമന്ത്രിമാരിലും മുഖ്യമന്ത്രിമാരിലുംവെച്ച് തുടർച്ചയായി ആറു തെരഞ്ഞെടുപ്പുകളിൽ വിജയിച്ച കക്ഷി നേതാവ് (ഗുജറാത്ത്-2002, 2007, 2012, ലോക്സഭ-2014, 2019, 2024) എന്നീ റെക്കോർഡുകൾ നിലവിൽ മോദിയുടെ പേരിലാണ്. ജനാധിപത്യത്തിലൂടെ തെരഞ്ഞെടുക്കപ്പെട്ട ഒരു സർക്കാരിന്റെ തലവനായി മോദി തന്റെ തുടർച്ചയായ 24-ാം വർഷത്തിലാണ് നിലവിൽ എത്തിനിൽക്കുന്നത്.

# കമൽ ഹാസൻ രാജ്യസഭാംഗമായി സത്യപ്രതിജ്ഞ ചെയ്തു



ന്യൂഡൽഹി: തെന്നിന്ത്യൻ സിനിമയിലെ സൂപ്പർ താരമായ കമൽ ഹാസൻ രാജ്യസഭാംഗമായി സത്യപ്രതിജ്ഞ ചെയ്തു. തമിഴിലായിരുന്നു സത്യപ്രതിജ്ഞ. മക്കൾ നീതി മയ്യം പാർട്ടിയുടെ അദ്ധ്യക്ഷനായ കമൽ ഹാസൻ ഡിഎംകെ പിന്തുണയോടെയാണ് ആദ്യമായി പാർലമെന്റിലെത്തുന്നത്.

2024-ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ മക്കൾ നീതി മയ്യം മത്സരിക്കാതിരുന്നതിനു പ്രത്യുപകാരമായാണ് ഡിഎംകെ തങ്ങളുടെ ഒരു രാജ്യസഭാസീറ്റ് കമൽ ഹാസന് വിട്ടുനൽകുന്നതിലൂടെ അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിനു മുന്നോടിയായി തമിഴ്നാട്ടിലെ സഖ്യം വികസിപ്പിക്കാനാണ് ഡിഎംകെ ലക്ഷ്യമിടുന്നത്.





PINNACLE MORTGAGE
MAKING YOUR DREAMS COME TRUE



George Kurian
Mortgage Specialist
NMLS ID 220917

1325 Wiley Rd Suite 160
Schaumburg, IL 60173
NMLS ID 2278494 Lic # MB.6761681
8473408708
avicote2@gmail.com
http://pinnacle.mortgage

"Licensed to originate Mortgage both in Illinois and Georgia"

# ഓർമ്മയിൽ വി.എസ്

ജോസ് കണിയാലി

വി.എസ്. ഓർമ്മയാകുമ്പോൾ അദ്ദേഹം അവശേഷിപ്പിച്ച ഒരിടം എന്നും ശൂന്യമായിത്തന്നെ കിടക്കും. ആരാലും പകരം വെയ്ക്കാനില്ലാത്ത ഒരു നേതാവ്. അദ്ദേഹത്തെക്കുറിച്ച് ഓർമ്മിക്കുമ്പോൾ മനസ്സിൽ എന്നും തങ്ങി നിൽക്കുന്ന ഒരനുഭവം മാധ്യമ പ്രവർത്തകനെന്ന നിലയിൽ വലിയ അഭിമാനം ഉണ്ടാക്കിയിട്ടുണ്ട്.

15 വർഷങ്ങൾക്കു മുൻപ്, അതായത് 2010 ഏപ്രിൽ മാസത്തിൽ കോട്ടയത്തു ദർശന ഓഡിറ്റോറിയത്തിൽ വെച്ച് കേരളാ എക്സ്പ്രസ് ഒരു സെമിനാർ സംഘടിപ്പിച്ചു. 'കേരള ടൂറിസം വികസനത്തിന് പ്രവാസി മാർഗ്ഗരേഖ' എന്നതായിരുന്നു വിഷയം. കേരളത്തിൽ അറിയപ്പെടുന്ന രാഷ്ട്രീയ, മാധ്യമ രംഗത്തെ പ്രഗത്ഭർ അതിൽ പങ്കെടുത്തു. വനംവകുപ്പു മന്ത്രി ബിനോയി വിശ്വം, കെ.എം. മാണിസാർ, തോമസ് ചാഴികാടൻ എംഎൽഎ, മോൻസ് ജോസഫ് എംഎൽഎ, റോഷി അഗസ്റ്റിൻ എംഎൽഎ, തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ, കെ.സി. ജോസഫ് എംഎൽഎ, തോമസ് ജേക്കബ് സാർ (മലയാള മനോരമ), സി.എൽ. തോമസ് (ഏഷ്യാനെറ്റ്), ശാലു മാത്യു (മംഗളം), ഉഴവൂർ കോളജ് പ്രിൻസിപ്പൽ പ്രഫ. ബാബു പൂഴിക്കുന്നേൽ എന്നിങ്ങനെ അതിഥികളുടെ ഒരു നീണ്ട നിര ആ ചർച്ചാ സമ്മേളനത്തിൽ അഭിപ്രായങ്ങൾ പങ്കുവെച്ചു.

അവിടെ പങ്കുവെക്കപ്പെട്ട അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ചുകൊണ്ട് 'ടൂറിസം വികസനത്തിന് ഒരു പ്രവാസി മാർഗ്ഗരേഖ' കേരള സർക്കാരിന് സമർപ്പിക്കുവാൻ തീരുമാനിച്ചു. വി.എസ്. അച്യുതാനന്ദനായിരുന്നു മുഖ്യമന്ത്രി. ക്ലിഫ് ഹൗസിൽ അദ്ദേഹത്തെ നേരിട്ട് കാണുവാനും സംസാരിക്കുവാനും അവസരം ലഭിച്ചു. അന്നത്തെ ഏറ്റുമാനൂർ എംഎൽഎ തോമസ് ചാഴികാടൻ, കടുത്തുരുത്തി എംഎൽഎ മോൻസ് ജോസഫ് എന്നിവരും കൂടെ ഉണ്ടായിരുന്നു. യാതൊരു ജാഡകളുമില്ലാതെ, നാടൻ ഭാഷയിൽ സംസാരിക്കുന്ന വി.എസിന്റെ സംസാരശൈലി വളരെ കൗതുകകരമായി അനുഭവപ്പെട്ടു. കേരളാ എക്സ്പ്രസ്സിന്റെ താളുകൾ മറിക്കുകയും അതിന്റെ പ്രവർത്തനങ്ങളെപ്പറ്റി ആരായുകയും ചെയ്തു. 20 മിനിട്ടു സമയം അദ്ദേഹത്തോടൊപ്പം ചെലവഴിച്ചു.

വി.എസിന്റെ ജനകീയ ശൈലിയും പാവപ്പെട്ടവരോടുള്ള സമീപനങ്ങളും പ്രസിദ്ധമാണല്ലോ. അത് അദ്ദേഹത്തിന്റെ സംസാരഭാഷയിലും പ്രകടമായിരുന്നു. ടൂറിസം സെമിനാറിനെക്കുറിച്ചും മാർഗ്ഗരേഖയെക്കുറിച്ചും വി.എസ്. താല്പര്യത്തോടുകൂടി അന്വേഷിച്ചു. അദ്ദേഹത്തോടൊപ്പം ചെലവഴിക്കാൻ ലഭിച്ച അവസരം ജീവിതത്തിൽ എക്കാലവും ഓർമ്മിക്കപ്പെടുന്ന ഒരു അനുഭവമായിരുന്നു.



അന്നത്തെ പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടി സാറിനും പുതുപ്പള്ളി ഹൗസിൽവെച്ച് ടൂറിസം മാർഗ്ഗരേഖ സമർപ്പിക്കുവാൻ സാധിച്ചു. അദ്ദേഹവും അമേരിക്കൻ മലയാളികളെക്കുറിച്ച് വളരെ താല്പര്യപൂർവ്വം അന്വേഷിച്ചു.

സെക്രട്ടേറിയറ്റിൽ വെച്ച് ടൂറിസംമന്ത്രി കോടിയേരി ബാലകൃഷ്ണനെയും നേരിട്ട് കാണുവാൻ സാധിച്ചു. അദ്ദേഹത്തോടൊപ്പം മന്ത്രിമാരായ ബിനോയി വിശ്വം, എം. വിജയകുമാർ, പ്രേമചന്ദ്രൻ എന്നിവരും ഉണ്ടായിരുന്നു. ലാളിത്യം, എളിമ, നാടൻ സംസാരശൈലി എന്നിവയിലൂടെ ജനഹൃദയങ്ങൾ കീഴടക്കിയ സഖാവ് വി.എസ്. അച്യുതാനന്ദൻ ജനമനസ്സുകളിൽ ഒരിക്കലും മരിക്കുന്നില്ല. ലാൽസലാം!














KERALA EXPRESS കേരളം

# ജയിൽ ചാടിയ കുപ്രസിദ്ധ കുറ്റവാളി ഗോവിന്ദച്ചാമി പിടിയിൽ

കണ്ണൂർ: സൗമ്യ വധക്കേസിൽ ജീവപര്യന്തം തടവിനു ശിക്ഷിക്കപ്പെട്ട ഗോവിന്ദച്ചാമി ജയിൽ ചാടിയതിനു പിന്നാലെ മണിക്കൂറുകൾക്കകം നഗരം വിടുന്നതിനു മുമ്പ് പോലീസിന്റെ പിടിയിലായി. കണ്ണൂർ സെൻട്രൽ ജയിലിൽ നിന്ന് രണ്ടര കിലോമീറ്ററും റെയിൽവേ സ്റ്റേഷനിൽനിന്ന് ഒന്നര കിലോമീറ്ററും അകലെ തളാപ്പിലെ കാടുപിടിച്ച പറമ്പിലെ കിണറ്റിൽനിന്നാണ് ഇയാളെ പിടികൂടിയത്.

ജൂലൈ 25-ന് രാവിലെ ഒമ്പതോടെ ഇതുവഴി ബൈക്കിൽ കടന്നുപോയ വിനോജ് എന്നയാൾ തന്റെ മുന്നിലൂടെ നടന്നുപോയത് ഗോവിന്ദച്ചാമിയാണോ എന്ന സംശയത്തെത്തുടർന്ന് പോലീസിനെ വിളിച്ച് അറിയിച്ചിരുന്നു. ഇതാണു പ്രതിയെ പിടികൂടാൻ സഹായിച്ചത്. തുടർന്നു നടത്തിയ അന്വേഷണത്തിലാണ് ഇയാളെ കിണറ്റിൽ ഒളിച്ചിരിക്കുന്ന നിലയിൽ കണ്ടെത്തിയത്. കിണറ്റിൽനിന്ന് അതിസാഹസികമായാണു പോലീസ് ഇയാളെ പുറത്തെത്തിച്ചത്.

പോലീസെത്തി പിടികൂടി വാഹനത്തിൽ കയറ്റാനുള്ള ശ്രമത്തിനിടെ അലറി വിളിച്ച് പോലീസുകാരെ കടിച്ചു പരുക്കേൽപ്പിക്കാനും ശ്രമിച്ചു. ജയിലിൽ പരിശോധനയ്ക്കെത്തിച്ച പോലീസ് നായ കണ്ണൂർ സെൻട്രൽ ജയി



തടവുചാടിയ ഗോവിന്ദച്ചാമിയെ പിടികൂടി കണ്ണൂർ പോലീസ് ട്രെയിനിങ് സെന്ററിൽ എത്തിച്ചപ്പോൾ.

ലിൽനിന്നും തളാപ്പ് ഭാഗത്തേക്കുതന്നെയായിരുന്നു മണം പിടിച്ച് ഓടിയെത്തിയതും. ഇതിനിടെ പോലീസ് ശേഖരിച്ച സിസിടിവി ദൃശ്യങ്ങളിൽ ദേശീയപാതയിലൂടെ പ്രതി നടന്നുപോകുന്നതിന്റെ ദൃശ്യങ്ങളും ലഭിച്ചിരുന്നു. ജയിൽ ഡിജിപി ബൽറാം കുമാർ ഉപാധ്യായ സെൻട്രൽ ജയിലിൽ സന്ദർശനം നടത്താനിരിക്കെയാണു കുപ്രസിദ്ധ തടവുകാരൻ ജയിൽ ചാടിയത്.

ജയിൽ ചാടാൻ ഗോവിന്ദച്ചാമിക്കു സഹായമായത് ജയിൽ മതിലിനു മുകളിലെ പ്രവർത്തനരഹിതമായ വൈദ്യുത വേലി. വൈദ്യുതവേലി പ്രവർത്തിക്കുന്നില്ലെന്നു കൃത്യമായി മനസിലാക്കിയാകാം ജയിൽ ചാടിയതെന്നാണു നിഗമനം.

കണ്ണൂർ സെൻട്രൽ ജയിലിൽ കൊടുംകുറ്റവാളികളെ പാർപ്പിക്കുന്ന അതീവ സുരക്ഷയുള്ള പത്താം ബ്ലോക്കിൽനിന്നാണ് ജൂലൈ 25-ന് പുലർച്ചെ ഗോവിന്ദച്ചാമി മുങ്ങിയത്. സെല്ലിന്റെ മുൻവശത്തെ ഇരുമ്പ് ഗ്രിൽസിന്റെ രണ്ടു കമ്പികൾ മുറിച്ചുമാറ്റിയാണ് സെല്ലിൽനിന്നു പുറത്തേക്കു കടന്നത്. ഗോവിന്ദച്ചാമിക്കൊപ്പം സെല്ലിൽ മറ്റൊരു തടവുകാരനുണ്ടായിരുന്നെങ്കിലും ഇയാൾപോലും രക്ഷപ്പെടൽ അറിഞ്ഞിട്ടില്ലെന്നാണു പറഞ്ഞത്.

പിടിയിലായ കുറ്റവാളി ഗോവിന്ദച്ചാമിയെ വിയ്യൂരിലെ അതീവ സുരക്ഷാ ജയിലിലേക്ക് മാറ്റി. 26-ന് രാവിലെ ഏഴോടെയാണ് കനത്ത സുരക്ഷയിൽ ഗോവിന്ദച്ചാമിയെ കണ്ണൂർ സെൻട്രൽ ജയിലിൽനിന്നു പ്രത്യേക വാഹനത്തിൽ കനത്ത സുരക്ഷയിൽ വിയ്യൂരിലേക്ക് കൊണ്ടുപോയത്. വിയ്യൂർ ജയിലിലെ ഏകാന്ത തടവിൽ ആണ് ഗോവിന്ദച്ചാമിയെ താമസിപ്പിക്കുകയെന്നാണ് വിവരം.

# ഡ്രോണിൽനിന്ന് മിസൈൽ പരീക്ഷണം നടത്തി ഇന്ത്യ

ന്യൂഡൽഹി: ഇന്ത്യൻ പ്രതിരോധ മേഖലയ്ക്ക് കരുത്തേകി ഡ്രോണിൽ നിന്ന് മിസൈൽ വിക്ഷേപിക്കാവുന്ന സംവിധാനം വിജയകരമായി പരീക്ഷിച്ച് ഡിഫൻസ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഓർഗനൈസേഷൻ (ഡിആർഡിഒ) ചരിത്രംകുറിച്ചു. ആന്ധ്രാപ്രദേശിലെ കുർണൂ



ലിലെ നാഷണൽ ഓപ്പൺ ഏരിയ റേഞ്ചിൽ നടന്ന ഈ പരീക്ഷണം രാജ്യത്തിന്റെ പ്രതിരോധ ശേഷിക്ക് വലിയ കുതിപ്പാണ് നല്കിയിരിക്കുന്നത്. പ്രതിരോധമന്ത്രി രാജ്നാഥ് സിങ്ങാണ് എക്സിലെ പോസ്റ്റിലൂടെ ഈ സുപ്രധാന നേട്ടം ലോകത്തെ അറിയിച്ചത്.

യുഎവി ലോഞ്ച്ഡ് പ്രിസിഷൻ ഗൈഡ്സ് മിസൈൽ (യുഎൽപിജിഎം) വി3 പരീക്ഷണ വിജയം ഇന്ത്യയുടെ പ്രതിരോധ മേഖലയ്ക്ക് ഒരു ഉത്തേജനമാണ്. ഡിആർഡിഒയെയും പങ്കാളികളെയും അഭിനന്ദിക്കുന്നു. നിർണായകമായ പ്രതിരോധ സാങ്കേതികവിദ്യ നിർമ്മിക്കാനും നേട്ടം കൈവരിക്കാനും ഇന്ത്യൻ വ്യവസായം സജ്ജമാണെന്ന് ഇതു തെളിയിക്കുന്നു. അദ്ദേഹം എക്സിൽ കുറിച്ചു.

ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ഏറ്റവും നൂതനമായ മിസൈൽ സംവിധാനങ്ങളിൽ ഒന്നാണ് യു.എൽ.പി.ജി.എം. വാ3. പേരു സൂചിപ്പിക്കുന്നതു പോലെ ഡ്രോണുകളിൽ നിന്ന് തൊടുത്തുവിടാൻ കഴിയുന്ന, ലക്ഷ്യത്തിൽ കൃത്യമായി പതിക്കുന്ന ഗൈഡഡ് മിസൈലാണിത്.

അതിസൂക്ഷ്മമായ ലക്ഷ്യങ്ങളിൽ പോലും കൃത്യമായി പതിക്കാൻ ഈ മിസൈലിനു കഴിയും. ശത്രുപാളയങ്ങളിലെ തന്ത്രപ്രധാനമായ കെട്ടിടങ്ങളോ വാഹനങ്ങളോ വ്യക്തികളോ പോലുള്ള ചെറിയ ലക്ഷ്യങ്ങളെപ്പോലും തകർക്കാൻ ഇതു പ്രാപ്തമാണ്. ഡ്രോണുകളിൽ നിന്ന് വിക്ഷേപിക്കാൻ കഴിയുന്നത് തന്ത്രപരമായി വലിയ നേട്ടമാണ്. ഇത് പൈലറ്റുമാരുടെ ജീവൻ അപകടത്തിലാക്കാതെ ദൂരെയുള്ള ലക്ഷ്യങ്ങളിൽ ആക്രമണം നടത്താൻ സഹായിക്കുന്നു. സാധാരണ വിമാനങ്ങൾക്ക് എത്തിച്ചേരാൻ കഴിയാത്തതോ കൂടുതൽ സമയം നിരീക്ഷിച്ച് പറക്കേണ്ടതോ ആയ സാഹചര്യങ്ങളിൽ ഡ്രോണുകൾക്ക് മിസൈലുമായി പറന്നു ലക്ഷ്യം കണ്ടെത്താനും ആക്രമിക്കാനും കഴിയും.

# ഗവർണർക്കെതിരായ ഹർജി പിൻവലിക്കാൻ സുപ്രീംകോടതിയുടെ അനുമതി

ന്യൂഡൽഹി: കേരള ഗവർണർക്കെതിരെ കേരള സർക്കാർ സമർപ്പിച്ച ഹർജി പിൻവലിക്കാൻ കേന്ദ്രത്തിന്റെ എതിർപ്പ് അവഗണിച്ച് സുപ്രീംകോടതിയുടെ അനുമതി. നിയമസഭ പാസാക്കിയ ബില്ലുകൾക്ക് അനുമതി നൽകുന്നതിലെ കാലതാമസം ചൂണ്ടിക്കാട്ടി കേരള സർക്കാർ 2023-ൽ സമർപ്പിച്ച ഹർജി പിൻവലിക്കാനുള്ള അനുമതിയാണ് ജസ്റ്റിസുമാരായ പി.എസ്. നരസിംഹ, എ.എസ്. ചന്ദൂർക്കർ എന്നിവരടങ്ങിയ ബെഞ്ച് കേരളത്തിനു നൽകിയത്. ഉപാധികളില്ലാതെ ഹർജികൾ പിൻവലിക്കുന്നതായി കേരളം കോടതിയെ അറിയിച്ചു.

ബില്ലിൽ തീരുമാനമെടുക്കാൻ ഗവർണർക്കും രാഷ്ട്രപതിക്കും സമയപരിധി നിശ്ചയിച്ച സുപ്രീംകോടതിയുടെ മുൻ ഉത്തരവ് വിശാല ബെഞ്ചിനു വിടാനുള്ള കേന്ദ്ര തന്ത്രത്തിനേറ്റ തിരിച്ചടിയാണു കോടതിയുടെ ഈ നിലപാടിനു കാരണം.

ബില്ലുകളിൽ നടപടിയെടുക്കേണ്ട സമയപരിധി സംബന്ധിച്ചു ഭരണഘടനാ ബെഞ്ചിന്റെ പരിഗണനയിലുള്ള രാഷ്ട്രപതിയുടെ പരാമർശത്തിനൊപ്പം കേരളത്തിന്റെ ഹർജി ഉൾപ്പെടുത്താമെന്ന നിർദേശം കേന്ദ്രത്തിനുവേണ്ടി ഹാജരായ സോളിസിറ്റർ ജനറൽ തുഷാർ മേത്ത മുന്നോട്ടുവെച്ചു.

എന്നാൽ, ഹർജി പിൻവലിക്കൽ രാഷ്ട്രപതി പരാമർശത്തിനൊപ്പം എങ്ങനെ പരിഗണിക്കുമെന്നു ചോദിച്ച് കേരളത്തിനുവേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ കെ.കെ. വേണുഗോപാൽ ഈ നിർദേശത്തെ എതിർത്തു.

തമിഴ്നാട് കേസിലെ വിധിന്യായത്തെയാണു കേരളം ആശ്രയിക്കുന്നതെന്നും ഇതിന്റെ അന്തിമ ഉത്തരവ് രാഷ്ട്രപതി പരാമർശവുമായി ബന്ധപ്പെട്ട് ഭരണഘടനാ ബെഞ്ചിന്റെ നിലപാടിനെ ആശ്രയിച്ചിരിക്കുമെന്നും അറ്റോർണി ജനറൽ ആർ. വെങ്കിട്ടരമണി കോടതിയിൽ പറഞ്ഞു.

എന്നാൽ, തങ്ങൾ ഒന്നിനെയും ആശ്രയിക്കുന്നില്ലെന്നു കേരളം കോടതിയിൽ മറുപടി നൽകി. തുടർന്ന് ഹർജികൾ പിൻവലിക്കുന്നതിന് ബെഞ്ച് അനുമതി നൽകുകയായിരുന്നു.

തമിഴ്നാട് ഗവർണർ കേസുമായി ബന്ധപ്പെട്ട സുപ്രീംകോടതി ഉത്തരവിനു പിന്നാലെ രണ്ടും സമാനസ്വഭാവമുള്ള ഹർജികളായതിനാൽ ആ കേസിലെ ഉത്തരവ് തങ്ങൾക്കും ബാധകമാണെന്നു ചൂണ്ടിക്കാട്ടിയാണ് ഹർജികൾ പിൻവലിക്കാൻ കേരളം കോടതിയിൽ സന്നദ്ധത അറിയിച്ചത്.






# മിഡ്‌വെസ്റ്റ് മലയാളി അസോസിയേഷൻ ഓഫ് ചിക്കാഗോയ്ക്ക് പുതുനേതൃത്വം



ബിനു കൈതക്കത്തൊട്ടിയിൽ (പ്രസിഡന്റ്)



മഹേഷ് കൃഷ്ണൻ (വൈസ് പ്രസിഡന്റ്)



റ്റാജു കണ്ടാരപ്പള്ളിൽ (ജനറൽ സെക്രട്ടറി)



നിഥിൻ എസ്. നായർ (ജോയിന്റ് സെക്രട്ടറി)



മനോജ് വഞ്ചിയിൽ (ട്രഷറർ)



റോയി നെടുംചിറ (ചെയർമാൻ)



സ്റ്റീഫൻ കിഴക്കേക്കുറ്റ് (ട്രസ്റ്റ് ബോർഡ് ചെയർമാൻ)

ചിക്കാഗോ: മിഡ്‌വെസ്റ്റ് മലയാളി അസോസിയേഷന് പുതിയ നേതൃത്വം. ചിക്കാഗോയിലെ നോർത്ത് ബ്രൂക്കിൽ ചേർന്ന വാർഷിക പൊതുയോഗത്തിൽ മിഡ്‌വെസ്റ്റ് മലയാളി അസോസിയേഷൻ ഓഫ് ചിക്കാഗോയുടെ 2025 -27 കാലയളവിലേക്കുള്ള പുതിയ ഭരണസമിതിയെ തെരഞ്ഞെടുത്തു. പ്രസിഡന്റായി ബിനു കൈതക്കത്തൊട്ടിയിൽ, വൈസ് പ്രസിഡന്റായി മഹേഷ് കൃഷ്ണൻ, ജനറൽ സെക്രട്ടറിയായി റ്റാജു കണ്ടാരപ്പള്ളിൽ, ജോയിന്റ് സെക്രട്ടറിയായി നിഥിൻ എസ്. നായർ, ട്രഷററായി മനോജ് വഞ്ചിയിൽ എന്നിവരെ ഐകകണ്ഠേന തെരഞ്ഞെടുത്തു. രണ്ടുവർഷത്തെ സേവനത്തിനുശേഷം സ്ഥാനമൊഴിയുന്ന പ്രസിഡന്റ് റോയി നെടുംചിറ പുതിയ ഭാരവാഹികൾക്ക് ആശംസകൾ നേർന്നു. മഹേഷ് കൃഷ്ണൻ പ്രവർത്തന റിപ്പോർട്ടും, സാബു തറത്തട്ടേൽ സാമ്പത്തിക റിപ്പോർട്ടും അവതരിപ്പിച്ചു. സ്ഥാപക അംഗങ്ങളായ പീറ്റർ കുളങ്ങര, സതീശ് നായർ, വർഗീസ് പാലമലയിൽ, വിജി നായർ, ജോൺ പാട്ടപ്പതി തുടങ്ങിയവരുടെ നേതൃത്വത്തിൽ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ നിയന്ത്രിച്ചു. ട്രസ്റ്റ് ബോർഡ് ചെയർമാനായി സ്റ്റീഫൻ കിഴക്കേക്കുറ്റും, ചെയർമാനായി റോയി നെടുംചിറയും നിയമിതരായി. പോൾസൺ കുളങ്ങര ഏവർക്കും നന്ദി പറഞ്ഞു. സ്നേഹവിരുന്നോടെ യോഗം അവസാനിച്ചു.

**റ്റാജു കണ്ടാരപ്പള്ളിൽ**

# ചിക്കാഗോ സെ. മേരീസ് ഇടവകദിനം അവിസ്മരണീയമായി





ചിക്കാഗോ: ചിക്കാഗോ സെ. മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയുടെ പതിനഞ്ചാം വാർഷികത്തിന്റെ ഭാഗമായി നടത്തപ്പെട്ട ഇടവകദിനം വർണ്ണോജ്ജ്വലമായ പരിപാടികളോടെ അവിസ്മരണീയമായി. ജൂലൈ 20-ന് ഞായറാഴ്ച രാവിലെ പത്ത് മണിക്ക് ചിക്കാഗോ സീറോമലബാർ രൂപതാദ്ധ്യക്ഷൻ മാർ ജോയ് ആലപ്പാട്ടിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ട ആഘോഷമായ പൊന്തിഫിക്കൽ കുർബാനയോടെയാണ് ഇടവക ദിനത്തിന് ആരംഭം കുറിച്ചത്. ദിവ്യബലിക്കുശേഷം ഇടവകയിൽ ഈ വർഷത്തിൽ പതിനഞ്ചാമത് ജന്മദിനം ആഘോഷിച്ച കുട്ടികളെയും ഇരുപത്തിയഞ്ചാമത്, അൻപതാമത് വിവാഹ വാർഷികങ്ങൾ ആഘോഷിച്ച ദമ്പതികളെയും ആദരിച്ചു അവർക്ക് ഉപഹാരങ്ങൾ നല്കി.

**അനിൽ മറ്റത്തിക്കുന്നേൽ**

തുടർന്ന് എല്ലാ പ്രായക്കാരെയും ഉൾപ്പെടുത്തിക്കൊണ്ട് രസകരമായ ഗെയിമുകൾ സജി പൂതൃക്കയിൽ, സാജു കണ്ണമ്പള്ളി എന്നിവരുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. വിഭവസമൃദ്ധമായ ഉച്ചഭക്ഷണത്തോടെ ഇടവക ദിനം സമാപിച്ചു.

പതിനഞ്ചാമത് വാർഷികത്തിന്റെ ഭാഗമായി ദൈവാലയത്തിന്റെ പൂന്തോട്ടത്തിൽ നടത്തപ്പെട്ട ഫലവൃക്ഷ നടലിന് ക്നാനായ റീജിയൻ ഡയറക്ടർ ഫാ. തോമസ് മുളവനാൽ നേതൃത്വം നല്കി. വികാരി ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലിപുത്തൻപുര, സെക്രട്ടറി സിസ്റ്റർ ഷാലോം, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ട്, സണ്ണി മേലേടം, സ്റ്റീഫൻ കിഴക്കേക്കുറ്റ്, സ്റ്റീഫൻ ചൊള്ളമ്പേൽ, ടോണി പുളിയറതുണ്ടത്തിൽ, മിനി എടകര എന്നീ പതിനഞ്ചാം വാർഷിക കമ്മിറ്റിയംഗങ്ങളും പരിപാടികൾക്ക് നേതൃത്വം നല്കി.



# മാർ മാത്യു മാക്കിൽ ക്നാനായ സമുദായത്തെ സ്വപ്നംകണ്ട വ്യക്തിത്വം: മാർ റാഫേൽ തട്ടിൽ



കോട്ടയം: ചങ്ങനാശേരി വികാരിയാത്തിന്റെയും പിന്നീട് തെക്കുഭാഗക്കാർക്കായി നല്കപ്പെട്ട കോട്ടയം വികാരിയാത്തിന്റെയും പ്രഥമ വികാരി അപ്പസ്തോലിക്കയും വിസിറ്റേഷൻ സന്യാസിനി സമൂഹത്തിന്റെ സ്ഥാപകനുമായ ദൈവദാസൻ മാർ മാത്യു മാക്കിൽ പിതാവിനെ 2025 മെയ് 22-ാം തീയതി ലെയോ 14-ാമൻ മാർപാപ്പ ധന്യൻ പദവിയിലേക്ക് ഉയർത്തിയതിന്റെ പ്രഖ്യാപനവും കോട്ടയം അതിരൂപതയുടെ തൃതീയ മെത്രാനായിരുന്ന മാർ തോമസ് തറയിലിന്റെ 50-ാം ചരമവാർഷികാചരണവും സംയുക്തമായി ക്രിസ്തുരാജ കത്തീഡ്രലിൽ നടത്തി. വിശുദ്ധ കുർബാനയ്ക്കു മുന്നോടിയായി കോട്ടയം അതിരൂപതാദ്ധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് ദീപം തെളിച്ചു. സീറോമലബാർ സഭാ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ അനുസ്മരണ സന്ദേശം നല്കി.



ക്നാനായ സമുദായത്തെ സ്വപ്നംകണ്ട് ജീവിച്ച മാർ മാക്കിൽ പിതാവ് പഴയനിയമത്തിലെ പൂർവ്വ യൗസേപ്പിന്റെ പ്രതീകമാണെന്ന് അനുസ്മരിച്ചു. ക്നാനായ സമുദായത്തെ നെഞ്ചിലേറ്റി സമുദായത്തിന്റെ ചക്രവാളങ്ങൾ മനസ്സിൽ കിനാവുകണ്ട ഒരു സ്വപ്നക്കാരനുമാണ് മാക്കിൽ പിതാവ്. അദ്ദേഹത്തിന്റെ സ്വപ്നങ്ങൾ പിന്നീടുവന്ന പിതാക്കന്മാരും വൈദികരും സമർപ്പിതരും അല്മായരും കരം ചേർത്താണ് ഇന്ന് കോട്ടയം അതിരൂപതയുടെ സുസ്ഥിതിക്ക് പ്രധാന കാരണമെന്ന് മാർ തട്ടിൽ പറഞ്ഞു. പൂർവ്വ പിതാക്കന്മാർ മനസ്സിൽ കൊണ്ടുനടന്ന വ്യതിരിക്തതയാണ് ക്നാനായ സമുദായത്തിന്റെ വ്യക്തിത്വത്തിന്റെ അടയാള നക്ഷത്രം. ക്നാനായ സമുദായം ഇന്ന് ലോകം മുഴുവൻ വ്യാപിച്ചുകിടക്കുന്ന ഒരു വലിയ വംശപരമ്പരയുടെ പ്രതീകമാണ്. ക്നാനായ സമുദായം സീറോമലബാർ സഭയുടെ വിവേകത്തിന്റെ അടയാളനക്ഷത്രമാണെന്നും മാർ തട്ടിൽ സൂചിപ്പിച്ചു. സമുദായത്തിന്റെ വിവേകവും വിശുദ്ധിയും കഠിന പരിശ്രമവും സീറോമലബാർ സഭയ്ക്ക് ഒരു ഓർമ്മപ്പെടുത്തൽ കൂടിയാണെന്ന് മാർ തട്ടിൽ പറഞ്ഞു. ധന്യനായി പ്രഖ്യാപിച്ചുകൊണ്ടുള്ള വത്തിക്കാന്റെ ഡിക്രി ചാൻസിലർ റവ.ഡോ. തോമസ് ആദോപ്പള്ളി വായിച്ചു.

വിശുദ്ധ കുർബാനയ്ക്ക് മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്ത മുഖ്യ കാർമ്മികത്വം വഹിച്ചു. സഹായമെത്രാന്മാരായ മാർ ജോസഫ് പണ്ടാരശ്ശേരിൽ, ഗീവർഗീസ് മാർ അപ്രേം, വികാരി ജനറാൾമാരായ ഫാ. തോമസ് ആനിമൂട്ടിൽ, ഫാ. മൈക്കിൾ വെട്ടിക്കാട്ട്, ഫാ. ജോസ് തറയിൽ, അതിരൂപതയിലെ വൈദികർ തുടങ്ങിയവർ സഹകാർമ്മികരായിരുന്നു. മാർ മാക്കിൽ പിതാവ് യഥാർത്ഥത്തിൽ ഒരു വിശുദ്ധനാണെന്ന് ദിവ്യബലി മദ്ധ്യേ നടത്തിയ സന്ദേശത്തിൽ മാർ മൂലക്കാട്ട് പറഞ്ഞു. അദ്ദേഹത്തെക്കുറിച്ച് കൂടുതൽ പഠിച്ചപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത് അദ്ദേഹത്തിന്റെ ജീവിതവിശുദ്ധിയായിരുന്നു. ജീവിതപാതയിൽ വിവിധങ്ങളായ ക്ലേശങ്ങൾ ഉണ്ടായപ്പോൾ സഭയോടു ചേർന്നുനിന്ന് അതെല്ലാം ദൈവത്തിന്റെ പദ്ധതിയാണെന്ന് തിരിച്ചറിയാനുള്ള കഴിവ് പിതാവിനുണ്ടായിരുന്നു. അതുപോലെ പിതാവിന്റെ ദീർഘവീക്ഷണത്തിന്റെ ഫലമായിട്ടാണ് ക്നാനായ കത്തോലിക്കർക്കായി കോട്ടയം വികാരിയാത്തും വിസിറ്റേഷൻ സമൂഹവും ഉണ്ടായതുതന്നെ. ദൈവത്തിൽ ശരണപ്പെട്ടുകൊണ്ട് സഭയോടു ചേർന്നു നിന്നാണ് അദ്ദേഹം എപ്പോഴും പ്രവർത്തിച്ചിരുന്നത്. ദൈവീകപദ്ധതികളെ തിരിച്ചറിയാനുള്ള വിശുദ്ധി പിതാവിനുണ്ടായിരുന്നു. ദൈവീക പദ്ധതികളോട് ചേർന്നുനിന്ന് ഏറെ നിശ്ചയദാർഢ്യത്തോടെ വിനയത്തിലും വിശുദ്ധിയിലും കടന്നുവന്ന് സഭയോടൊപ്പം മുന്നോട്ടുപോകാൻ കഴിഞ്ഞതാണ് ഇന്നു നാം ആയിരിക്കുന്ന അവസ്ഥയിലേക്ക് എത്തിപ്പെടാൻ ഇടയാക്കിയതെന്ന് മാർ മൂലക്കാട്ട് പറഞ്ഞു. ബി.സി.എം കോളജ് ഓഡിറ്റോറിയത്തിൽ നടന്ന മാർ തോമസ് തറയിൽ പിതാവിന്റെ മന്ത്രാ പ്രാർത്ഥനയ്ക്ക് മാർ മാത്യു മൂലക്കാട്ട്, മാർ ജോസഫ് പണ്ടാരശ്ശേരിൽ, ഗീവർഗീസ് മാർ അപ്രേം, ഫാ. തോമസ് ആനിമൂട്ടിൽ, ഫാ. ജോസ് തറയിൽ എന്നിവർ നേതൃത്വം നല്കി.



അനുസ്മരണസമ്മേളനത്തിൽ ഗീവർഗീസ് മാർ അപ്രേം സ്വാഗതം പറഞ്ഞു. വൈദികസമിതി സെക്രട്ടറി ഫാ. ഏബ്രഹാം പറമ്പേട്ട്, കെ.സി.സി അതിരൂപതാ പ്രസിഡണ്ട് ബാബു പറമ്പടത്തുമലയിൽ, വിസിറ്റേഷൻ കോൺഗ്രിഗേഷൻ സുപ്പീരിയർ ജനറൽ സിസ്റ്റർ ഇമ്മാക്കുലേറ്റ് എസ്.വി.എം, കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് ഡിറക്ട്രസ് ജനറൽ സിസ്റ്റർ ലിസി മുടക്കോലിൽ, സിസ്റ്റർ ആലീസ് വട്ടംതൊട്ടിയിൽ, വികാരി ജനറാൾ ഫാ. തോമസ് ആനിമൂട്ടിൽ എന്നിവർ പ്രസംഗിച്ചു. ഇതോടൊപ്പം ഫാ. തോമസ് ആദോപ്പള്ളി എഴുതിയ 'വിശുദ്ധിയിലേക്കുള്ള വീഥി' എന്നപുസ്തകത്തിന്റെ പ്രകാശനം മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്ത മാർ ജോസഫ് പണ്ടാരശ്ശേരിയിലിന് കോപ്പി നല്കി നിർവഹിച്ചു. സിസ്റ്റർ ആലീസ് വട്ടംതൊട്ടിയിൽ എഴുതിയ 'സ്നേഹതീർത്ഥം' രണ്ടാം ഭാഗത്തിന്റെ പ്രകാശനം മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്ത ഫാ. ജോസ് തറയിലിന് കോപ്പി നല്കിയും സിസ്റ്റർ മേഴ്സിലിറ്റ് എസ്.വി.എം എഴുതിയ 'പുണ്യചരിതനായ ധന്യൻ മാർ മാത്യു മാക്കിൽ' എന്ന പുസ്തകം മാർ മാത്യു മൂലക്കാട്ട് സിസ്റ്റർ ഇമ്മാക്കുലേറ്റ് എസ്.വി.എം-ന് നല്കിയും നിർവഹിച്ചു.

കൂടാതെ ധന്യൻ മാക്കിൽ പിതാവിനെയും മാർ തറയിൽ പിതാവിനെയുംകുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനവും നടന്നു.

ചടങ്ങിൽ ഷെവലിയർ ജോയി ജോസഫ് കൊടിയന്തറ, ജസ്റ്റിസ് സിറിയക് ജോസഫ്, തോമസ് ചാഴികാടൻ എക്സ് എംപി, സ്റ്റീഫൻ ജോർജ് എക്സ് എംഎൽഎ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ബാബു കരിശേരിക്കൽ, കെസിഡബ്ല്യുഎ അതിരൂപത പ്രസിഡണ്ട് ഷൈനി ചൊള്ളമ്പേൽ, കെസിവൈഎൽ അതിരൂപത പ്രസിഡണ്ട് ജോണീസ് പി. സ്റ്റീഫൻ, വൈദികർ, സമർപ്പിതർ, അല്മായ പ്രതിനിധികൾ തുടങ്ങിയവർ സംബന്ധിച്ചു.

**കടപ്പാട്: ക്നാനായ വോയ്സ്**



FAMILY DENTAL

GENERAL DENTISTRY
COSMETIC DENTISTRY
IMPLANT, GUM SURGERY
ORTHODONTIC TREATMENT
WISDOM TOOTH EXTRACTIONS

552 S WASHINGTON ST., SUITE # 101,
NAPERVILLE, ILLINOIS 60540
PHONE: 630 999 1976

Children Welcome
Invisalign & Braces

9709 N. MILWAUKEE AVE.
GLENVIEW, ILLINOIS 60025
PHONE: 847 581 1418
(NORTHWEST CORNER OF MILWAUKEE & GREENWOOD)





DR. SUSAN EDUKUTHARAYIL BDS, DDS
DR. SUSMITHA EDUKUTHARAYIL DMD

Appointment, Visit: MyDentistToday.com MONDAY - SATURDAY

ACHIEVE REAL ESTATE GROUP, INC.

For All Your Real Estate Needs
Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056




FULL TIME REALTOR

# മാർക്ക് സംഘടിപ്പിക്കുന്ന തുടർവിദ്യാഭ്യാസ സെമിനാർ ഓഗസ്റ്റ് 16–ന്

ജോസ് കല്ലിടിക്കിൽ

ചിക്കാഗോ: ചിക്കാഗോയിലും അമേരിക്കയിലെ ഇതര നഗരങ്ങളിലും പ്രവർത്തിക്കുന്ന സാമൂഹിക, സാംസ്കാരിക സംഘടനകൾ വിഭവസമൃദ്ധമായൊരു സദ്യയൊരുക്കി ഓണാഘോഷം മോടി പിടിപ്പിക്കുവാൻ മത്സരിക്കുമ്പോൾ സമൃദ്ധമായൊരു വിജ്ഞാന സദ്യയൊരുക്കി വ്യത്യസ്തമാവുകയാണ് മലയാളി അസോസിയേഷൻ ഓഫ് റെസ്പിരേറ്ററി കെയർ.











ഓഗസ്റ്റ് 16–ന് ശനിയാഴ്ച സ്കോക്കിയിലെ 9599 സ്കോക്കി ബുൾവാഡിൽ സ്ഥിതി ചെയ്യുന്ന ഡബിൾട്രീ ഹിൽട്ടൺ ഹോട്ടലിൽ സംഘടിപ്പിച്ചിട്ടുള്ള മാർക്ക് സെമിനാർ അത്തരത്തിലൊരു അനുഭവമാക്കി മാറ്റുവാനുള്ള ശ്രമത്തിലാണ് മാർക്ക് പ്രസിഡണ്ട് ജോർജ് മത്തായിയും അദ്ദേഹത്തിന്റെ എക്സിക്യൂട്ടീവിലെ ഇതര അംഗങ്ങളും. പ്രഗത്ഭരായ പ്രഭാഷകരെ അണിനിരത്തി സംഘടനയുടെ ആരംഭം മുതൽ തുടർച്ചയായി വിദ്യാഭ്യാസ സെമിനാറുകൾ സംഘടിപ്പിച്ച് അമേരിക്കയിലെ മലയാളി പ്രഫഷണൽ സംഘടനാരംഗത്ത് വേറിട്ടൊരു പന്ഥാവ് വെട്ടിയിട്ടുള്ളതാണ് മാർക്ക്. രജതജൂബിലി ആഘോഷങ്ങൾക്കായി ഒരുങ്ങുന്ന സംഘടനയുടെ തൊപ്പിയിൽ മറ്റൊരു മറ്റൊരു പൊൻതൂവലായി പ്രശോഭിക്കും ഓഗസ്റ്റ് 16–ലെ സെമിനാർ.

രാവിലെ കൃത്യം 8 മണിക്ക് ആരംഭിക്കുന്ന സെമിനാർ ഉച്ചയ്ക്ക് 3.30 വരെ തുടരും. റെസ്പിരേറ്ററി കെയർ പ്രഫഷണലുകളുടെ ലൈസൻസ് പുതുക്കാൻ വേണ്ടിയ 6 സിഇയു ഈ സെമിനാറിലെ സാന്നിദ്ധ്യം വഴി ലഭ്യമാകും. ഒക്ടോബർ 31–ന് മുമ്പ് ലൈസൻസ് പുതുക്കേണ്ടതിനാൽ ഈ സെമിനാർ നിരവധി റെസ്പിരേറ്ററി കെയർ പ്രഫഷണലുകൾക്ക് അനുഗ്രഹമായി ഭവിക്കും. സെമിനാറിലെ പ്രവേശനം മാർക്ക് അംഗങ്ങൾക്ക് പൂർണ്ണമായും സൗജന്യമാണ്. അംഗത്വമില്ലാത്തവർക്ക് പ്രവേശനഫീസ് 40 ഡോളർ. റെസ്പിരേറ്ററി കെയറിൽ പരിശീലനം നേടുന്ന വിദ്യാർത്ഥികൾക്ക് പ്രവേശനഫീസ് 10 ഡോളർ മാത്രം. പ്രഭാതഭക്ഷണവും ലഞ്ചും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രജിസ്ട്രേഷന് www.marcmidwest.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക. തത്സമയ രജിസ്ട്രേഷൻ സെമിനാർദിനം രാവിലെ 7.15 മുതൽ ലഭ്യമാണ്.

റെസ്പിരേറ്ററി കെയറിൽ ബിരുദാനന്തര ബിരുദവും എ.പി.ആർ.റ്റി പോലുള്ള ഉന്നത ബിരുദവും നേടിയിട്ടുള്ളവർ ഉൾപ്പെടുന്നതാണ് മാർക്ക് സെമിനാറിലെ പ്രഭാഷകർ. മിൻഡി കോൺക്ലിൻ, ആഷ്ന മോഡി, ആഷ്‌ലി ഫെയ്ഗെറി, ആഷ്‌ലി മില്ലർ, കോറി ഏലിയറ്റ് എന്നിവർ യഥാക്രമം 'ദ ഇന്നവേഷൻ ഓഫ് എ.പി.ആർ.റ്റി, ആർടിസ് ക്രിട്ടിക്കൽ റോൾ ഇൻ എ.എൽ.എസ് ട്രീറ്റ്മെന്റ്, എ.ബി. സീസ് ഓഫ് ബ്രോങ്കൈക്ടാസിസ്, അഡോപ്റ്റീവ് സപ്പോർട്ട് വെന്റിലേഷൻ, ഹിസ്റ്ററി ആൻഡ് എവലൂഷൻ ഓഫ് നെഗറ്റീവ് പ്രഷർ വെന്റിലേഷൻ' എന്നീ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസുകൾ നയിക്കും.

ഫിസിഷ്യൻ അസിസ്റ്റന്റ്, നേഴ്സ് പ്രാക്ടീഷണർ എന്നീ പ്രഫഷണലുകൾക്ക് ഏതാണ്ട് തുല്യമായി റെസ്പിരേറ്ററി രോഗബാധിതരുടെ ചികിത്സയിൽ പൾമണോളജിസ്റ്റുകളുടെ അറിവോടെ റെസ്പിരേറ്ററി കെയർ പ്രഫഷണലുകൾക്ക് വർദ്ധിച്ച പങ്കാളിത്തം നല്കുന്ന ബിരുദമാണ് അഡ്വാൻസ്ഡ് പ്രാക്ടീസ് റെസ്പിരേറ്ററി തെറാപ്പിസ്റ്റ്. ഹൈസ്കൂൾ ഡിപ്ലോമയ്ക്കൊപ്പം രണ്ട് വർഷത്തെ കോളജ് അസോസിയേറ്റ് ഡിഗ്രിയും ആർ.ആർ.റ്റി സർട്ടിഫിക്കേഷനുമുള്ള ഒരു വ്യക്തിക്ക് ഏതാണ്ട് 80000 ഡോളർ വാർഷിക വരുമാനം ലഭിക്കുന്ന റെസ്പിരേറ്ററി കെയർ പ്രഫഷനിൽ അണ്ടർ ഗ്രാജുവേറ്റ്, ഗ്രാജുവേറ്റ്, ഡോക്ടറേറ്റ് എന്നീ ബിരുദങ്ങളുടെ ആവിർഭാവം പ്രഫഷണലുകൾക്ക് അവസരങ്ങളുടെ പെരുമഴ തന്നെ സൃഷ്ടിച്ചേക്കാം. ഇത്തരം സാദ്ധ്യതകൾ കരഗതമാക്കുവാൻ മലയാളി റെസ്പിരേറ്ററി പ്രഫഷണലുകളേയും സമൂഹത്തേയും അർഹരാക്കുവാനുള്ള വലിയൊരു ദൗത്യം കൂടിയാണ് മാർക്ക് ഏറ്റെടുത്തിട്ടുള്ളത്.

എം.ജി.സി ഡയഗണോസ്റ്റിക്സ്, പെൽ വി.ഐ.പി സ്റ്റാഫിംഗ് ഏജൻസി, ഹയക്ക് മെഡിക്കൽ, വാല്യു മെഡ്, സ്മാർട്ട് വെസ്റ്റ്, വൈറ്റൽ കണക്ട് എന്നീ സ്ഥാപനങ്ങൾ സെമിനാർ സ്പോൺസർ ചെയ്യാൻ സന്മനസ്സ് പ്രകടിപ്പിച്ചു.

ഇല്ലിനോയിലെ മുഴുവൻ മലയാളി റെസ്പിരേറ്ററി കെയർ പ്രഫഷണലുകളും തങ്ങളുടെ സുഹൃത്തുക്കൾക്കും സഹപ്രവർത്തകർക്കുമൊപ്പം സെമിനാറിൽ പങ്കെടുത്ത് സംരംഭം വൻ വിജയമാക്കി മാറ്റണമെന്ന് മാർക്ക് പ്രസിഡണ്ട് ജോർജ് മത്തായി, വൈസ് പ്രസിഡണ്ട് സണ്ണി ജോർജ്, സെക്രട്ടറി ടോം ജോസ്, ജോ. സെക്രട്ടറി ഷൈനി ഹരിദാസ്, ട്രഷറർ ബെൻസി ബെനഡിക്ട്, ജോ. ട്രഷറർ സണ്ണി സ്കറിയാ, ഓർഗനൈസർ ജോർജ് വയനാടൻ, എഡ്യൂക്കേഷൻ കോ–ഓർഡിനേറ്റേഴ്സ് സനീഷ് ജോർജ്, എൽസാ വീട്ടിൽ എന്നിവർ താല്പര്യപ്പെട്ടു.

# ചിക്കാഗോ സെന്റ് മേരീസ് ക്നാനായ ഇടവകയിലെ ദർശനത്തിരുനാൾ ഓഗസ്റ്റ് മൂന്നു മുതൽ

അനിൽ മറ്റത്തിക്കുന്നേൽ

ചിക്കാഗോ: ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിലെ ഈ വർഷത്തെ പ്രധാന തിരുനാൾ ഓഗസ്റ്റ് മൂന്നു മുതൽ പതിനൊന്നു വരെ ദർശനത്തിരുനാളായി ആഘോഷിക്കുന്നു. ഇടവക മദ്ധ്യസ്ഥയായ പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളാണ് ദർശനത്തിരുനാളായി കൊണ്ടാടപ്പെടുന്നത്. ഇടവക സ്ഥാപിതമായിട്ട് പതിനഞ്ചു വർഷങ്ങൾ പൂർത്തിയാകുന്ന വേളയിൽ നടത്തപ്പെടുന്ന തിരുനാളിന് മെൻസ് മിനിസ്ട്രിയിലൂടെ ഇടവകയിലെ എല്ലാ കുടുംബങ്ങളും പ്രസുദേന്തിമാരാകുന്നു എന്ന പ്രത്യേകത കൂടിയുണ്ട്.

ഓഗസ്റ്റ് മൂന്നിന് രാവിലെ പത്തു മണിക്കുള്ള കുർബാനയ്ക്ക് ശേഷം നടത്തപ്പെടുന്ന പതാക ഉയർത്തലോടെയാണ് തിരുക്കർമ്മങ്ങൾക്ക് തുടക്കമാകുക. അന്നത്തെ വിശുദ്ധ കുർബാനയ്ക്ക് ക്നാനായ റീജിയൻ ഡയറക്ടർ മോൺ. തോമസ് മുളവനാൽ മുഖ്യകാർമ്മികത്വം വഹിക്കും. ഗുജറാത്ത് മിഷന്റെ സുപ്പീരിയർ ജനറൽ ഫാ. സ്റ്റീഫൻ ജയരാജ് സന്ദേശം നല്കും.

തുടർന്ന് തിങ്കൾ മുതൽ ബുധൻ വരെ ആഘോഷമായ ദിവ്യബലിയും മരിയൻ സന്ദേശത്തോടു കൂടിയുള്ള തിരുക്കർമ്മങ്ങളും നടത്തപ്പെടും. ഫാ. ജോസ് തറക്കൽ, ഫാ. ടോമി വട്ടുകുളം, ഫാ. ജോബി പൂച്ചുകണ്ടത്തിൽ എന്നിവർ ഈ ദിവസങ്ങളിലെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിക്കും. ഫാ. ജോബി പന്നൂറയിൽ, ഫാ. ജോബി വെള്ളൂക്കുന്നേൽ, ഫാ. ബിൻസ് ചേത്തലിൽ എന്നിവരാണ് വ്യാഴം,



വെള്ളി, ശനി ദിവസങ്ങളിലെ തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിക്കുന്നത്. പ്രധാന തിരുനാൾ ദിവസമായ ഓഗസ്റ്റ് 10–ന് ഞായറാഴ്ചത്തെ റാസ കുർബാനയ്ക്ക് ഫാ. ലിജോ കൊച്ചുപറമ്പിൽ മുഖ്യകാർമ്മികത്വം വഹിക്കും.

ഓഗസ്റ്റ് 8–ന് വെള്ളിയാഴ്ചയിലും ഓഗസ്റ്റ് 9 ശനിയാഴ്ചയിലും കൂടാരയോഗ കലാമേളയും കലാസന്ധ്യയും നടത്തപ്പെടും. ഓഗസ്റ്റ് 11–ന് തിങ്കളാഴ്ച നടത്തപ്പെടുന്ന മരിച്ചവർക്കു വേണ്ടിയുള്ള വിശുദ്ധ കുർബാനയോടും സെമിത്തേരി സന്ദർശനത്തോടെയുമാണ് തിരുക്കർമ്മങ്ങൾ അവസാനിക്കുക.

വികാരി ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലിപുത്തൻപുര, സെക്രട്ടറി സിസ്റ്റർ ഷാലോം, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ട്, സെക്രട്ടറി സണ്ണി മേലേടം, തിരുനാൾ കോ–ഓർഡിനേറ്റേഴ്സായ സിബി കൈതക്കത്തൊട്ടിയിൽ, സ്റ്റീഫൻ ചൊള്ളമ്പേൽ, (ശേഷം 34–ാം പേജിൽ)



Citywide Mortgage of America Corp.
Servicing Illinois, Florida, California, and Indiana
We can provide you a PRE-APPROVAL IN MINUTES
Purchase
Jumbo Loan
Refinance
Cashout
WWW.CITYWIDEMA.COM
Joseph Mullappallil
Mortgage Broker/Owner
joemcitywide@gmail.com
773-908-8296
Jeremy Karedan
Mortgage Broker/Owner
jeremy@citywidema.com
773-202-2600
4323 W. Irving Park Unit 1B Chicago, IL 60641 | NMLS: 255253
EQUAL HOUSING LENDER
Illinois Residential Mortgage Licensee
Mullappallil Law Group

Shijo Mullappallil
Attorney at Law
smullapp23@gmail.com
Cell: 847-650-8241
General Practice including: Real Estate Law, Wills, Trust Estate Planning, and Contracts

# ക്നാനായ റീജിയൻ ക്രിക്കറ്റ് ടൂർണമെന്റ്: ചിക്കാഗോ യുണൈറ്റഡ് ചാമ്പ്യൻ





മിഷിഗൻ: ജൂലൈ 19, 20 തീയതികളിൽ മിഷിഗണിലെ വാറെനിലുള്ള ട്രോംപ്ലി പാർക്ക് ഗ്രൗണ്ടിൽ വെച്ച് നടത്തപ്പെട്ട 2025-ലെ ക്നാനായ റീജിയൻ ക്രിക്കറ്റ് ടൂർണമെന്റ് മത്സരത്തിൽ കാനഡ സേക്രഡ് ഹാർട്ട് ടീമിനെ പരാജയപ്പെടുത്തി ചിക്കാഗോ യുണൈറ്റഡ് ടീം ചാമ്പ്യൻഷിപ്പ് നേടി. ഡിട്രോയിറ്റ് സെ. മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിലുള്ള മെൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിലാണ് ടൂർണമെന്റ് നടത്തപ്പെട്ടത്.

**ജെയിസ് കണ്ണച്ചാൻപറമ്പിൽ**

19-ന് രാവിലെ 8.30-ന് ആദ്യമത്സരം ആരംഭിച്ചു. അമേരിക്കയിലെയും കാനഡയിലെയും ക്നാനായ റീജിയനിലുള്ള വിവിധ ഇടവകകളിൽ നിന്നുള്ള ടീമുകളാണ് ടൂർണമെന്റിൽ പങ്കെടുത്തത്. വൈകുന്നേരം 8.30-ന് സംഗീത സന്ധ്യയും വിരുന്നും എല്ലാവർക്കുമായി സംഘാടകർ ഒരുക്കിയിരുന്നു. 20-ന് ക്വാർട്ടർ ഫൈനൽ, സെമിഫൈനൽ, ഫൈനൽ മത്സരങ്ങളും തുടർന്ന് സമ്മാനദാനവും നടത്തപ്പെട്ടു.

അമേരിക്കയിലെയും കാനഡയിലെയും ധാരാളം ജനങ്ങളുടെ സഹായസഹകരണം കൊണ്ടാണ് ഈ ടൂർണമെന്റ് മികവുറ്റ രീതിയിൽ സംഘടിപ്പിക്കാൻ സാധിച്ചത്.

സമ്മാനങ്ങൾ ജൂബി, ജോണി ചക്കുങ്കൽ, ജോയി നെടിയകാലായിൽ, മെൻസ് മിനിസ്ട്രി ഡിട്രോയിറ്റ്, സോണി പുത്തൻപറമ്പിൽ, ഡനീഷ് വലിയപറമ്പിൽ, ഫിലിപ്പ്, ഷിലു ചിറയിൽ മ്യാലിൽ, ബേബി മാത്യു കണ്ണച്ചാംപറമ്പിൽ, ജയിൻ കണ്ണച്ചാംപറമ്പിൽ, ജിൻസ് താനത്ത്, മനു കാരികാട്ട്, റ്റോബി മണിമാലേടത്ത്, സാബു കോട്ടൂർ, തമ്പി ചെമ്മാച്ചേൽ, ഫ്രാൻസിസ് കിഴക്കേക്കുറ്റ്, ജെറി ഞാറാത്ത്, ബെന്നി ഇടിയാഞ്ഞിലിൽ, സിറിയക് കാഞ്ഞിരത്തിങ്കൽ, ജോസ് ഉപ്പൂട്ടിൽ, മാൻസൺ ചെമ്പോല, സിറിയക് കൂവക്കാട്ടിൽ, ജെയിംസ് ഇല്ലിങ്കൽ, ജോസ്മോൻ തത്തംകുളം, ജീനു പുന്നശ്ശേരിൽ, സിബി കൈതക്കത്തൊട്ടിൽ, ബിജു പൂത്തറ, ഫിലിപ്പ് മുണ്ടപ്ലാക്കിൽ, ജോസ് കിഴക്കേകാട്ടിൽ എന്നിവർ സ്പോൺസർ ചെയ്തു.





# വി.എസ്സും നേഴ്സുമാരുടെ സമരവും

**ബ്രിജിത് വിൻസന്റ്**

നേഴ്സിംഗ് രംഗത്ത് പെൻസിൽവാനിയ ഇന്ത്യൻ അമേരിക്കൻ നേഴ്സസ് ഓർഗനൈസേഷൻ (പിയാനോ) സ്ഥാപിതമായത് 1975-ൽ ആയിരുന്നു. അന്ന് മുതൽ അമേരിക്കയിലും ഇന്ത്യയിലും നേഴ്സുമാരുടെ ന്യായമായ എല്ലാ ആ



വശ്യങ്ങളിലും പിയാനോ കൃത്യമായി ഇടപെട്ടുവരുന്നു. നേഴ്സിങ് വിദ്യാർത്ഥികളുടെ ബോണ്ട്, സർട്ടിഫിക്കറ്റ് പിടിച്ചുവെക്കൽ മുതലായ കാര്യങ്ങളിലും ഉയരം, വയസ്, വിവാഹസ്ഥിതി മുതലായവയിലും അടിമുടി വന്ന മാറ്റങ്ങളിൽ പിയാനോയുടെ സ്വാധീനം ചെറുതല്ല. ശമ്പളം വർദ്ധിപ്പിക്കുക, മൂന്ന് ഷിഫ്റ്റ് സമ്പ്രദായം നടപ്പിലാക്കുക മുതലായ ആവശ്യങ്ങൾ ഉന്നയിച്ച് 115 ദിവസം കോതമംഗലം മാർ ബസേലിയോസ് മെഡിക്കൽ മിഷൻ ആശുപത്രിയിലെ നേഴ്സുമാർ നടത്തിയ സമരം ഒത്തുതീർന്നത് പുന്നപ്ര സമരനായകൻ അന്തരിച്ച വി.എസ്. അച്യുതാനന്ദന്റെ ശക്തമായ ഇടപെടൽ മൂലമായിരുന്നു. അന്ന് മാർ ബസേലിയോസിൽ കത്തിപ്പടർന്ന സമരം പ്രതിപക്ഷ നേതാവായിരുന്ന വി.എസിന്റെ ഉറപ്പിലാണ് ഒത്തുതീർന്നത്. മൂന്നു നേഴ്സുമാർ ആത്മാഹൂതി നടത്തുവാൻ മുകളിലത്തെ നിലയിൽ എത്തുകയും അവർ ബഹുമാനപ്പെട്ട വിഎസിന്റെ ഉറപ്പിന്റെ പിൻബലത്തിൽ ആത്മഹത്യാശ്രമം ഉപേക്ഷിച്ച് താഴെ ഇറങ്ങുകയും ഉണ്ടായി. അതവരുടെ ജീവിതവിജയമായിരുന്നു. ഒപ്പം കഷ്ടപ്പെട്ടിരുന്ന ഒരുപാട് നേഴ്സുമാരുടെയും. ആലുവയിൽ ആരോഗ്യ മന്ത്രിയുടെയും തൊഴിൽ മന്ത്രിയുടെയും വി.എസിന്റെയും നേതൃത്വത്തിൽ മാനേജ്മെന്റ് നടത്തിയ ചർച്ച വിജയംകണ്ടു. ഇംഗ്ലീഷിൽ ഉണ്ടാക്കിയ ഉടമ്പടി മാനേജ്മെന്റ് തിരുത്തും എന്ന പേടിയിൽ മലയാളത്തിലും വേണം എന്നു പറഞ്ഞതും വി.എസ് ആയിരുന്നു. ഈ സമരത്തിലും പിയാനോ സ്വീകരിച്ച നിലപാടുകൾ സ്മരണീയമാണ്. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടിയുടെ ഇടപെടലുകൾ പോലും ഫലം കണ്ടിരുന്നില്ല എന്ന കാര്യത്തിലാണ് വി.എസ് നമുക്ക് പ്രിയങ്കരനാകുന്നത്.



ലേഖിക

# യുഎസ് പോസ്റ്റൽ സർവീസിന്റെ ഉന്നത ശ്രേണിയിലെ മലയാളി സാന്നിദ്ധ്യം

**അനിൽ ആറന്മുള**

ഹൂസ്റ്റൺ: യുണൈറ്റഡ് സ്റ്റേറ്റ്സ് പോസ്റ്റൽ സർവീസിന്റെ സൗത്ത് വെസ്റ്റ് ഏരിയ ലേബർ റിലേഷൻസ് മാനേജരായി ഒരു മലയാളി. ജൂലൈ പന്ത്രണ്ട് മുതൽ സ്ഥാനമേറ്റ മനോജ് മേനോൻ ആണ് ഇന്ത്യക്കാർക്ക് അഭിമാനിക്കാവുന്ന നേട്ടം കൈവരിച്ചത്. ഈ നിലയിലെത്തുന്ന ആദ്യത്തെ ഏഷ്യക്കാരനാണ് മനോജ് മേനോൻ.



1997-ൽ ക്ലർക്ക് ആയി പോസ്റ്റൽ സർവീസിൽ ജോലി തുടങ്ങിയ അദ്ദേഹം യൂണിയൻ സ്റ്റുവാർഡ് ആയിട്ടാണ് തുടക്കം. അവിടെനിന്ന് പോസ്റ്റൽ ലേബർ ലോയിൽ പ്രാവീണ്യം നേടിയ മനോജ് അനാവശ്യമായി പിരിച്ചുവിടപ്പെട്ട പല ജോലിക്കാരെയും തിരികെ എത്തിക്കുന്നതിലൂടെ മാനേജ്മെന്റിന് തലവേദന സൃഷ്ടിച്ചിരുന്നു. തുടർന്ന് അദ്ദേഹം സൂപ്പർവൈസർ, ഡിസ്ട്രിബൂഷൻ മാനേജർ എന്നീ പദവികളിലേക്ക് ഉയർത്തപ്പെട്ടു. താമസിയാതെ ആൽവിൻ സിറ്റി പോസ്റ്റ്മാസ്റ്ററായി നിയമിതനായി. അവിടെനിന്നും ഹൂസ്റ്റൺ ഡിസ്ട്രിക്ട് ലേബർ റിലേഷൻസ് മാനേജരായി എത്തുകയായിരുന്നു. ധാരാളം ഇന്ത്യക്കാർ ജോലി ചെയ്യുന്ന പോസ്റ്റൽ സർവീസിൽ കഴിഞ്ഞ 28 വർഷത്തെ ജോലിക്കിടയിൽ ധാരാളം പുരസ്കാരങ്ങളും മനോജിനെ തേടിയെത്തിയിട്ടുണ്ട്. അർക്കൻസാ, അലബാമ, മിസിസിപ്പി, ഒക്കലഹോമ, ഫ്ളോറിഡ, ജോർജിയ, സൗത്ത് കരോളിന, ടെക്സസ്, പോർട്ടോറിക്കോ, യുഎസ് വെർജിൻ അയലൻഡ്സ് എന്നീ സംസ്ഥാനങ്ങളാണ് സൗത്ത് വെസ്റ്റ് ഏരിയയ്ക്കു കീഴിൽ വരിക. ഈ സംസ്ഥാനങ്ങളുടെ ചുമതലയാണ് മനോജിനുണ്ടാകുക. പരേതനായ തൃശൂർ പള്ളിയിൽ അരവിന്ദാക്ഷ മേനോന്റെയും തിരുവിതാംകൂറിലെ ആദ്യത്തെ ലേഡി ഡോക്ടറായിരുന്ന ഡോ. കല്യാണിക്കുട്ടിയമ്മയുടെ പുത്രി രാധാമേനോന്റെയും മകനാണ് മനോജ് മേനോൻ. ചലച്ചിത്ര പിന്നണിഗായിക രഞ്ജിനി മേനോൻ സഹോദരിയാണ്. മിഷേൽ മേനോൻ ഭാര്യയാണ്. ദിയ, പൂജ എന്നിവർ മക്കളും.

# ലൈഫ് ആൻഡ് ലിംബ്: കൃത്രിമക്കാൽ വിതരണം





കോട്ടയം: വെട്ടിയാറിലുള്ള ലൈഫ് ആൻ ലിംബ് ചാരിറ്റബിൾ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ കൃത്രിമക്കാൽ വിതരണം നടക്കുന്നു. ഓഗസ്റ്റ് രണ്ടിന് ശനിയാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് കോട്ടയം കുമരകത്തുള്ള ഗോകുലം ഗ്രാൻഡ് റിസോർട്ടിൽ വെച്ച് നടത്തപ്പെടുന്ന ഫൊക്കാന കൺവൻഷനിൽ വെച്ചാണ് ലൈഫ് ആൻഡ് ലിംബിന്റെ കൃത്രിമക്കാൽ വിതരണച്ചടങ്ങ് നടക്കുന്നത്. കാലുകൾ നഷ്ടപ്പെട്ടവർക്ക് കൃത്രിമക്കാലുകൾ നല്കി, അവർക്ക് ചലനശേഷിയും സ്വാതന്ത്ര്യവും വീണ്ടെടുക്കുവാനും പുതിയൊരു ജീവിതത്തിലേക്ക് കാലെടുത്തു വെക്കുവാനും കഴിയുന്ന ഒരു മഹത്തായ പരിപാടിയാണ് ലൈഫ് ആൻഡ് ലിംബ് സംഘടിപ്പിക്കുന്നത്.

അമേരിക്കൻ മലയാളിയായ ജോൺസൺ സാമുവൽ ആണ് ഈ പ്രവർത്തനത്തിന്റെ ചുക്കാൻ പിടിക്കുന്നത്. 2011-ൽ തന്റെ സ്വന്തം സാമ്പത്തികം ഉപയോഗിച്ച് 20 പേർക്ക് കൃത്രിമക്കാലുകൾ നല്കിക്കൊണ്ട് ആരംഭിച്ച ഈ സംരംഭം പിന്നീട് സുഹൃത്തുക്കളുടെയും സഹോദരങ്ങളുടെയും സാമ്പത്തിക സഹായത്താൽ കൂടുതൽ പേർക്ക്

**ജോളി ജോൺ, ബാംഗ്ലൂർ**

എല്ലാ വർഷവും സഹായം എത്തിക്കുവാൻ കഴിയുന്നു. ഇതുവരെ 304 ആളുകളെയാണ് ഏറ്റവും മികച്ച ഓട്ടോബോക്ക് എന്ന ജർമ്മൻ കമ്പനിയുടെ കൃത്രിമക്കാൽ നല്കി സഹായിച്ചത്.

2023 നവംബറിൽ മാവേലിക്കരയിലെ വെട്ടിയാറിൽ ലൈഫ് ആൻഡ് ലിംബ് എന്ന പേരിൽ ഒരു ക്ലിനിക്കിന് തുടക്കം കുറിച്ചു. അന്നുമുതൽ കാലുകൾ നഷ്ടപ്പെട്ടവർക്ക് കൂടുതൽ മികച്ച സേവനം നല്കാൻ കഴിയുന്നു.

ഈ വർഷം (2025) രണ്ട് ഘട്ടമായി കാലുകൾ നല്കാനാണ് തീരുമാനിച്ചിരിക്കുന്നത്. അതിന്റെ ആദ്യഘട്ടം ഓഗസ്റ്റ് മാസത്തിൽ 41 പേർക്കായി 43 കാലുകളാണ് നല്കുന്നത്.



ഈ തവണ ഫൊക്കാനയുമായി സഹകരിച്ചാണ് ലൈഫ് ആൻഡ് ലിംബ് കൃത്രിമക്കാൽ വിതരണം ചെയ്യുന്ന പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. ഫൊക്കാന കൺവൻഷൻ സാധാരണയായി ഒരു വർഷം കേരളത്തിൽ, അടുത്തവർഷം അമേരിക്കയിൽ എന്ന നിലയിലാണ് നടക്കുന്നത്. ഈ വർഷത്തെ കൺവൻഷൻ കോട്ടയത്ത് വെച്ച് നടത്തപ്പെടുന്നു. വിവിധ കലാപരിപാടികൾ, സെമിനാറുകൾ, സംവാദങ്ങൾ, സാഹിത്യസമ്മേളനങ്ങൾ തുടങ്ങി വൈവിധ്യമാർന്ന നിരവധി പരിപാടികൾക്കാണ് ഈ കൺവൻഷൻ വേദിയാകുന്നത്. പ്രവാസി മലയാളികളെ ഒരുമിപ്പിക്കുന്ന അവരുടെ സംസ്കാരം സംരക്ഷിക്കുന്ന സാംസ്കാരികവും സാമൂഹികവുമായ മുന്നേറ്റങ്ങൾക്ക് നേതൃത്വം നല്കുന്ന പ്രമുഖ സംഘടനയാണ് ഫൊക്കാന.

മുൻ വർഷങ്ങളിലേതു പോലെ ഇത്തവണയും സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരുടെയും മാധ്യമപ്രവർത്തകരുടെയും സാന്നിധ്യത്തിലാണ് തെരഞ്ഞെടുക്കപ്പെട്ടവർക്ക് ലൈഫ് ആൻഡ് ലിംബ് കൃത്രിമക്കാലുകൾ നല്കുന്നത്.

ഡോ. സിറിയക് തോമസ് (മുൻ വൈസ് ചാൻസലർ), രമേശ് ചെന്നിത്തല (മുൻ പ്രതിപക്ഷ നേതാവ്), ഗോപിനാഥ് മുതുകാട് (ഡിഎസി ഫൗണ്ടർ), ഫാ. ഡേവിസ് ചിറമേൽ (കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യ സ്ഥാപകൻ), ചാണ്ടി ഉമ്മൻ എംഎൽഎ, അഡ്വ. വർഗീസ് മാമ്മൻ, രാജു എബ്രഹാം എക്സ് എംഎൽഎ, അഡ്വ. ജയഡാലി (ചെയർപേഴ്സൺ കെഎസ്ഡിഎഡബ്ല്യുസി), ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണി, ഫൊക്കാന മുൻ പ്രസിഡണ്ട് പോൾ കറുകപ്പള്ളി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കുന്നതാണ്. അടുത്ത തവണത്തേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചുകഴിഞ്ഞു. തീരെ നിർദ്ധനരായ ആളുകളും കാലുവെച്ച് നടക്കുവാൻ ആരോഗ്യമുള്ളവരുമായ അപേക്ഷകരെയാണ് പരിഗണിക്കുന്നത്. ഇത്തരത്തിലുള്ള ആവശ്യക്കാർക്ക് www.lifeandlimbs.org എന്ന വെബ്സൈറ്റ് സന്ദർശിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.

# ഫൊക്കാന ന്യൂയോർക്ക് മെട്രോ റീജിയൻ വിമൻസ് ഫോറം സ്റ്റുഡന്റ്സ് ഫൈനാൻസ് തുക കൈമാറി

ന്യൂയോർക്ക്: ഫൊക്കാന ന്യൂയോർക്ക് മെട്രോ റീജിയൻ വിമൻസ് ഫോറത്തിന്റെ നേതൃത്വത്തിൽ കേരളത്തിൽ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പു സപ്പോർട്ട് തുക കൈമാറി. റീജിയൻ വിമൻസ് ഫോറം ചെയർ മിസ്സിസ് ഉഷ ജോർജിന്റെ



നേതൃത്വത്തിൽ ട്രഷറർ ഡെയ്സി തോമസ്, നാഷണൽ വിമൻസ് ഫോറം കമ്മിറ്റി അംഗം ശോശാമ്മ ആൻഡ്രൂസ്, ഉഷ ചാക്കോ, നാഷണൽ കമ്മിറ്റി അംഗം മേരി ഫിലിപ്പ് ഇവരുടെ നേതൃത്വത്തിൽ കളക്ട് ചെയ്ത രണ്ടായിരം ഡോളർ നാഷണൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താന് കൈമാറി. ഇതിൽ ഡെയ്സി ജോസഫ് ഒരു കുട്ടിയുടെ സ്പോൺസർ തുകയും നല്കുകയുണ്ടായി.

ഓഗസ്റ്റ് 1, 2, 3 തീയതികളിൽ കുമരകം ഗോകുലം ഗ്രാൻഡ് റിസോർട്ടിൽ നടക്കുന്ന ഫൊക്കാന കേരള കൺവൻഷനോടനുബന്ധിച്ച് നടക്കുന്ന ചടങ്ങിൽ ഫൊക്കാനയുടെ നാഷണൽ വിമൻസ് ഫോറം ചെയർ രേവതി പിള്ളയുടെ നേതൃത്വത്തിലാണ് ഫൈനാൻസിയൽ സപ്പോർട്ട് ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി സ്കോളർഷിപ്പ് തുക കൈമാറുന്നത്. ഫൊക്കാന ന്യൂയോർക്ക് മെട്രോ റീജിയന്റെ നേതൃത്വത്തിലാവും വിമൻസ് ഫോറത്തിന്റെ നേതൃത്വത്തിൽ ജനോപകാരപ്രദമായ നിരവധി പ്രോഗ്രാമുകൾ നടന്നുകൊണ്ടിരിക്കുന്നു. കൂടുതൽ ചാരിറ്റി പ്രവർത്തനങ്ങളുമായി റീജിയണൽ കമ്മിറ്റി മുന്നോട്ടു പോകുന്നതായി റീജിയണൽ വൈസ് പ്രസിഡണ്ട് ലാജി തോമസ് അറിയിച്ചു. റീജിയണൽ വിമൻസ് ഫോറത്തിന്റെ നേതൃത്വത്തിൽ നടത്തിയ സ്റ്റുഡന്റ് ഫൈനാൻസിയൽ സ

**ലാജി തോമസ്**

പ്പോർട്ടിനെ റീജിയണൽ കമ്മിറ്റി അനുമോദിച്ചു. റീജിയന്റെ നേതൃത്വത്തിൽ നിരവധി പ്രോഗ്രാമുകൾ സെക്രട്ടറി ഡോൺ തോമസ്, ട്രഷറർ മാത്യു തോമസ്, ഇവന്റ് കോ-ഓർഡിനേറ്റർ ജിൻസ് തോമസ്, മറ്റ് കമ്മിറ്റി മെംബേഴ്സ് എന്നിവരുടെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. റീജിയന്റെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾക്ക് ഏവരുടെയും സഹായസഹകരണം പ്രതീക്ഷിക്കുന്നതായും അവർ അറിയിച്ചു.

# തോമാശ്ലീഹായുടെ വിശ്വാസപാരമ്പര്യം സൂക്ഷിക്കുന്ന സീറോമലബാർ സഭ അനുഗ്യഹീതം: ആർച്ച്ബിഷപ് ഗ്രോബ്

**തോമസ് ഡിക്രൂസ്**

മിൽവാക്കി: അപ്പസ്തോലനായ വിശുദ്ധ തോമാശ്ലീഹാ പകർന്നുതന്ന വിശ്വാസ പൈതൃകവും പാരമ്പര്യവും ജീവസ്സുറ്റതും അമൂല്യവുമാണെന്ന് മിൽവാക്കി ആർച്ച്ബിഷപ് ജെഫ്റി എസ്. ഗ്രോബ് പറഞ്ഞു. വിസ്കോൺസിൻ





സീറോമലബാർ മിഷനിൽ പ്രധാന തിരുനാളിനോടനുബന്ധിച്ച് നടന്ന ആഘോഷപൂർവമായ കുർബാനയ്ക്ക് കാർമ്മികത്വം വഹിച്ചു സന്ദേശം നല്കുകയായിരുന്നു അഭിവന്ദ്യ പിതാവ്. ഉത്ഥിതനായ മിശിഹായെ മറ്റുള്ളവർക്കൊപ്പം ദർശിക്കാനുള്ള ഭാഗ്യം നഷ്ടപ്പെട്ടതിൽ ശ്ലീഹായിൽ പ്രകടമായ നിരാശയും ദുഃഖവും ശാഠ്യവും ഗുരുസ്നേഹത്തിന്റെ അനന്തമായ ആഴവും വ്യാപ്തിയും പ്രതിഫലിപ്പിക്കുന്നതാണ്. തോമാശ്ലീഹായുടെ അഭിലാഷം മിശിഹാ പിന്നീട് സമൂഹമധ്യേ പൂർത്തീകരിക്കുന്നതായി സുവിശേഷത്തിൽ നാം കാണുന്നു.

വിശുദ്ധ അന്തോണീസിന്റെയും തോമാശ്ലീഹായുടെയും സംയുക്ത തിരുനാളിൽ വിശിഷ്ടാതിഥികളായി പങ്കെടുക്കാൻ എത്തിച്ചേർന്ന ആർച്ച് ബിഷപ്പിനെയും ചിക്കാഗോ രൂപതയുടെ അഭിവന്ദ്യ മെത്രാൻ മാർ ജോയ് ആലപ്പാട്ടിനെയും മിഷൻ ഡയറക്ടർ റവ. ഫാ. നവീൻ പള്ളൂരത്തിൽ, പാരിഷ് പാസ്റ്റർ റവ.ഫാ. പി.സി. തോമസ് പള്ളോട്ടൈൻ, ട്രസ്റ്റി വിൻസന്റ് സഖറിയാസ്, സിസ്റ്റർ സ്മിത പാറപ്പുറം സിഎംസി, തിരുനാൾ പ്രസുദേന്തി ബൈജു ആൻഡ് സ്മിത വയലിൽ എന്നിവരുടെ നേതൃത്വത്തിൽ വിസ്കോൺസിനിലെ സീറോമലബാർ സഭയിലെ വൈദികരും കന്യാസ്ത്രീകളും ഉൾപ്പെട്ട വിശ്വാസിസമൂഹം ഒന്നുചേർന്ന് സ്വീകരിച്ചു. തുടർന്ന് കേരളീയ തനിമയോടു കൂടി ചിക്കാഗോയിലെ മേളം ഗ്രൂപ്പ് നേതൃത്വം നല്കിയ കർണ്ണാനന്ദകരമായ ചെണ്ടമേളത്തിന്റെ അകമ്പടിയിൽ വിശിഷ്ടാതിഥികളെ ഊഷ്മളമായി സ്വീകരിച്ച് ദേവാലയത്തിലേക്ക് ആനയിച്ചു.



അഭിവന്ദ്യ പിതാക്കന്മാർക്കും വിശ്വാസിസമൂഹത്തിനും തിരുനാൾ കമ്മിറ്റി കൺവീനർ തോമസ് ഡിക്രൂസ് തറപ്പിൽ സ്വാഗതം പറഞ്ഞു. തുടർന്ന് നടന്ന ആഘോഷപൂർവമായ തിരുനാൾ കുർബാനയ്ക്ക് അഭിവന്ദ്യ മെത്രാൻ മാർ ജോയ് ആലപ്പാട്ട് മുഖ്യകാർമ്മികത്വം വഹിച്ചു. വിസ്കോൺസിനിൽ സേവനം ചെയ്യുന്ന സീറോമലബാർ വൈദികർ സഹകാർമ്മികരായി. മലയാളി, സുറിയാനി, ഇംഗ്ലീഷ് ഭാഷകളിൽ കുർബാനയിൽ ആലപിച്ച മനോഹരമായ ആരാധനാഗീതങ്ങൾ തദ്ദേശീയർ ഉൾപ്പെട്ട വിശ്വാസിസമൂഹത്തിന് പുതിയ അനുഭവമായി.

കുർബാനയ്ക്കുശേഷം നടന്ന ഭക്തിപൂർവമായ തിരുനാൾ പ്രദക്ഷിണത്തിൽ അഭിവന്ദ്യ പിതാക്കന്മാർ ലുത്തിനിയാ ഗീതത്തോടൊപ്പം ഉടനീളം പങ്കെടുത്തു. തുടർന്ന് പാരിഷ് ഓഡിറ്റോറിയത്തിൽ നടന്ന കലാപരിപാടികൾ, സ്നേഹവിരുന്ന് എന്നിവയ്ക്ക് പാരിഷ് കൗൺസിൽ അംഗങ്ങളായ സ്റ്റീഫൻ പോളി, അൽഫോൻസാ ജോൺപോൾ, ഷൈനി പി. കുര്യൻ, രേഷ്മ ജെയിംസ് എന്നിവർ നേതൃത്വം നല്കി. ചിക്കാഗോയിൽ ഒരേകാലത്ത് സഹായമെത്രാന്മാരായിരിക്കുമ്പോൾ ആർച്ച് ബിഷപ് ഗ്രോബുമായി സൂക്ഷിച്ചുപോന്ന സൗഹൃദം ബിഷപ് മാർ ജോയി ആലപ്പാട്ട് അനുസ്മരിച്ചു.

തിരുനാളിനോടനുബന്ധിച്ച് എൽറോയ് കോലഞ്ചേരി പ്രഥമ ദിവ്യകാരുണ്യ സ്വീകരണം നടത്തി. വിസ്കോൺസിൻ സീറോമലബാർ മിഷൻ ഡയറക്ടർ റവ.ഫാ. നവീൻ പള്ളൂരത്തിൽ തിരുനാളിൽ പങ്കെടുത്തവർക്ക് നന്ദി പറഞ്ഞു.

# ക്യാപ്പിറ്റൽ ഗെയിൻ ടാക്സ് ഒഴിവാക്കാൻ ട്രംപ് ശ്രമം

**ഡോ. മാത്യു ജോയിസ്**

വീടുകളുടെ മൂലധനേട്ട നികുതി (ക്യാപ്പിറ്റൽ ഗെയിൻ ടാക്സ്) നിർത്തലാക്കുന്നത് പരിഗണിക്കുന്നതായി പ്രസിഡണ്ട് ഡോണൾഡ് ട്രംപ് സ്ഥിരീകരിച്ചു. നിലവിലുള്ള നിയമം അനുസരിച്ച് പ്രാഥമിക വസതി വിൽക്കുന്ന വീട്ടുടമസ്ഥർക്ക് വ്യക്തിഗത നികുതി ഫയലർമാർക്ക് 250,000 ഡോളർ വരെയും ജോയിന്റ് ഫയലർമാർക്ക് 500,000 ഡോളർ വരെയും വീട് വില്പനയിലെ ലാഭം ആദായനികുതിയിൽ നിന്നും ഒഴിവാക്കാൻ അനുവദിക്കുന്നുണ്ട്.

ഈ മാസം ആദ്യം പ്രാഥമിക വീടുകളുടെ വില്പനയിലെ ഫെഡറൽ മൂലധന നികുതി ഇല്ലാതാക്കുന്നതിനായി നിയമനിർമ്മാണം നടത്താൻ റിപ്പബ്ലിക്കൻ പ്രതിനിധി മാർജോറി ടെയ്‌ലർ ഗ്രീൻ ഒരു ബില്ല് അവതരിപ്പിച്ചിരുന്നു.

അമേരിക്കയിലെ ഭവന വിപണി മെച്ചപ്പെടുത്തുന്നതിനായി വീടു വില്പനയിലെ ലാഭനികുതി നീക്കം ചെയ്യുന്നതിനെക്കുറിച്ച് ഭരണകൂടം ആലോചിക്കുന്നുണ്ടെന്ന് ട്രംപ് പ്രസ്താവിച്ചു. പലിശ നിരക്കുകൾ കുറച്ചുകൊണ്ട് ഫെഡറൽ റിസർവ്, റിയൽ എസ്റ്റേറ്റ് വിപണിയെ ഉത്തേജിപ്പിക്കുമെന്ന് പ്ര



ലേഖകൻ

സിഡണ്ട് കൂട്ടിച്ചേർത്തു.

യുഎസ് ഗവൺമെന്റ് വീടുകളുടെ വില്പനയ്ക്ക് മൂലധന നേട്ടനികുതി ചുമത്തുന്നുണ്ട്. ദീർഘകാല മൂലധന നേട്ടങ്ങൾക്കുള്ള നികുതി നിരക്കുകൾ ഇതുവരെ ഒരു വർഷത്തിൽ കൂടുതൽ കൈവശം വെച്ചിരിക്കുന്ന റെസിഡൻഷ്യൽ പ്രോപ്പർട്ടികൾ വരുമാനത്തെ ആശ്രയിച്ച്, പൂജ്യം ശതമാനം മുതൽ 20 ശതമാനം വരെ ഏറുന്ന സ്ലാബുകളിലായിരിക്കും. ഒരു വർഷത്തിൽ താഴെ ഉടമസ്ഥതയിലുള്ള വീടുകളുടെ മൂലധന നേട്ടങ്ങൾക്ക് സാധാരണ വരുമാനത്തിന്റെ അതേ നിരക്കിൽ നികുതി ചുമത്തുന്നു.

പതിറ്റാണ്ടുകളായി സ്വന്തം വീടുകളിൽ താമസിക്കുന്ന വീട്ടുടമസ്ഥർ, പ്രത്യേകിച്ച് മൂല്യങ്ങൾ കുതിച്ചുയർന്ന സ്ഥലങ്ങളിലെ മുതിർന്ന പൗരന്മാർക്ക് പുതിയ നിയമം വന്നാൽ വൻ നേട്ടമായിരിക്കും.

ജൂണിലെ റിയൽറ്റർ ഡോട്ട് കോം പ്രതിമാസ ഭവന റിപ്പോർട്ട് അനുസരിച്ച് തുടർച്ചയായി 20 മാസമായി വിൽക്കുവാനുള്ള വീടുകളുടെ എണ്ണം വർദ്ധിച്ചിട്ടും വിതരണം പകർച്ചവ്യാധിക്ക് മുമ്പുള്ള നിലവാരത്തേക്കാൾ ഏകദേശം 13 ശതമാനം താഴെയാണ്. ഭവന വിറ്റുവരവിലെ ഈ സ്തംഭനാവസ്ഥ മുഴുവൻ വിപണിയിലും അലയടിക്കുന്നുണ്ട്.

റെഡ്ഫിൻ ഡാറ്റ പ്രകാരം ജൂണിൽ ഒരു വീടിന്റെ ശരാശരി വില്പന വില 447,435 ഡോളർ ആയിരുന്നു. 2025 മാർച്ചിൽ യുഎസിലെ നിലവിലുള്ള ഭവനവില്പന മുൻ മാസത്തേക്കാൾ 5.6 ശതമാനം കുറഞ്ഞ നിരക്കിലെത്തി.

മൂലധന നേട്ട നികുതി നിർത്തലാക്കുന്നത് സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് കൂടുതൽ ഗുണം ചെയ്യുമെന്നതിൽ സംശയമില്ല.

**പഴയ ഒരു വാൽക്കഷണം:** 'മൂലധന നേട്ട നികുതി എങ്ങനെ ഒഴിവാക്കാം? എളുപ്പമാണ്. ഒന്നും വിൽക്കരുത്! അഥവാ വിൽക്കുകയാണെങ്കിൽ അത് നഷ്ടത്തിലാണെന്ന് ഉറപ്പാക്കുക.'

# ചിക്കാഗോ പൗരാവലി സഖാവ് വി.എസ്സിന് ആദരാഞ്ജലികൾ അർപ്പിച്ചു

റോയി മുളകുന്നം

ചിക്കാഗോ: കണ്ണേ കരളേ വി.എസ്സേ, ഞങ്ങളുടെ ചങ്കിലെ റോസ്സാ പൂവേ, ഇല്ലായില്ലാ മരിക്കില്ല ജീവിക്കുന്നു ഞങ്ങളിലൂടെ എന്ന് പ്രസ്ഥാനത്തിന് പ്രചോദനമായി ജനമനസ്സുകളിൽ ജ്വലിക്കുന്ന ഓർമ്മകൾ ബാക്കിയാക്കി കടന്നുപോയ തങ്ങളുടെ പ്രിയ സഖാവ് വി.എസ്സിന്റെ വേർപാടിൽ ആദരാഞ്ജലികൾ അർപ്പിക്കുവാൻ എൽഡിഎഫ് ചിക്കാഗോയും കേരള കൾച്ചറൽ സെന്ററും സംയുക്തമായി വിളിച്ചു ചേർത്ത അനുശോചന മീറ്റിങ്ങിൽ ഘടകകക്ഷി നേതാക്കളും വിവിധ പാർട്ടി നേതാക്കളും തങ്ങളുടെ പ്രത്യയശാസ്ത്ര വ്യത്യാസം മറന്ന് ആദരാഞ്ജലികൾ അർപ്പിച്ചു.

മുൻ കേരള മുഖ്യമന്ത്രിയും മൂന്നു തവണ കേരളത്തിന്റെ പ്രതിപക്ഷനേതാവും സിപിഐ (എം) പോളിറ്റ് ബ്യൂറോ അംഗവും ആയിരുന്ന സഖാവ് വി. എസ്. അച്യുതാനന്ദന്റെ വേർപാടിൽ അനുശോചനമർപ്പിക്കാൻ ചിക്കാഗോ സെന്റ് മേരീസ് ക്നാനായ പള്ളി ഹാളിൽ കൂടിയ യോഗത്തിൽ ചിക്കാഗോ എൽഡിഎഫ് കൺവീനർ പീറ്റർ കുളങ്ങര അദ്ധ്യക്ഷത വഹിച്ചു. റോയി മുളകുന്നം സദസ്സിന് സ്വാഗതം ആശംസിച്ച് യോഗ നടപടികൾ നിയന്ത്രിച്ചു. സെന്റ് മേരീസ് പള്ളി വികാരി റവ. ഫാ. സിജു മുടക്കോടി, ഇടതു നേതാക്കളായ ഐപ്പ് വർഗീസ്, പ്രശസ്ത സാഹിത്യകാരി രതിദേവി, പ്രവാസി കേരളാ കോൺഗ്രസ് (എം) യുഎസ്എയുടെ ചെയർമാൻ ജെയ്ബു മാത്യു കുളങ്ങര, ഇന്ത്യൻ നാഷണൽ കോൺഗ്രസ് നേതാവ് സതീശൻ നായർ, ഫൊക്കാന റീജിയണൽ പ്രസിഡണ്ട് സന്തോഷ് നായർ, ഫോമായെ പ്രതിനിധീകരിച്ച് റീജിയണൽ പ്രസിഡണ്ട് ജോൺസൺ കണ്ണൂക്കാടൻ, ചിക്കാഗോ മലയാളി അസ്സോസിയേഷനെ പ്രതിനിധീകരിച്ച് ആൽവിൻ ഷിക്കോർ, ഇല്ലിനോയി മലയാളി അസ്സോസിയേഷനെയും കേരളാ ക്ലബ്ബിനെയും പ്രതിനിധീകരിച്ച് ജോയി ഇണ്ടിക്കുഴി, മിഡ്വെസ്റ്റ് മലയാളി അസ്സോസിയേഷൻ പ്രസിഡണ്ട് ബിനു കൈതയ്ക്കതൊട്ടിയിൽ, കേരള അസ്സോസിയേഷൻ പ്രസിഡണ്ട് ആന്റോ കവലയ്ക്കൽ, ക്ലബ്ബുകളെ പ്രതിനിധീകരിച്ച് ജോസ് മണക്കാട്ട്, ചിക്കാഗോ ഗീതാമണ്ഡലം, ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക തുടങ്ങിയ സംഘടനകൾക്കുവേണ്ടി സ്കോക്കി വില്ലേജ് കമ്മീഷണർ അനിൽകുമാർ പിള്ള, കലാ സാംസ്കാരിക സംഘടനയായ അലയ്ക്കുവേണ്ടി ജോയൽ ജോയി, അമേരിക്കയിലെ മാധ്യമ പ്രവർത്തകരുടെ സംഘടനയായ ഐപിസിഎൻഎയ്ക്കുവേണ്ടി അനിൽ മറ്റത്തിക്കുന്നേൽ, കൈരളി ടിവിക്കുവേണ്ടി ഡൊമിനിക്ക് ചൊള്ളമ്പേൽ, ഏഷ്യാനെറ്റ് ന്യൂസിനുവേണ്ടി അലൻ ജോർജ്, സാഹിത്യ സാംസ്കാരിക പ്രവർത്തകരുടെ സംഘടനയായ സാഹിത്യവേദിക്കുവേണ്ടി ജോൺ ഇലയ്ക്കാട്ട്, ബിൻസി വടക്കുംചേരി, യുഎസ് കോൺഗ്രസ്സിലേക്ക് 8th ഡിസ്ട്രിക്റ്റിൽ മത്സരിക്കുന്ന റയാൻ വെട്ടിക്കാട്, ജോൺ പാട്ടപതി തുടങ്ങിയവർ ആദരാഞ്ജലികൾ അർപ്പിച്ച് തങ്ങളുടെ അനുശോചനം രേഖപ്പെടുത്തി. കിരൺ ചന്ദ്രൻ വി.എസ്സിന്റെ ജീവിതത്തെ ആസ്പദമാക്കി നിർമ്മിച്ച ഒരു ഹ്രസ്വ വീഡിയോയും അനുസ്മരണ സമ്മേളനത്തിൽ പ്രദർശിപ്പിച്ചു. ബിജോയ് കാപ്പൻ പങ്കെടുത്ത എല്ലാവർക്കും നന്ദിയും പറഞ്ഞു.















# നൈന ക്ലിനിക്കൽ എക്സലൻസ് ആൻഡ് ലീഡർഷിപ്പ് കോൺഫറൻസ് സെപ്റ്റംബറിൽ




ന്യൂയോർക്ക്: നാഷണൽ അസോസിയേഷൻ ഓഫ് ഇന്ത്യൻ നേഴ്സസ് ഓഫ് അമേരിക്ക (NAINA)യുടെ അഞ്ചാമത് ക്ലിനിക്കൽ എക്സലൻസ് ആൻഡ് ലീഡർഷിപ്പ് കോൺഫറൻസ് 2025 സെപ്തംബർ 19, 20 തീയതികളിൽ പെൻസിൽവാനിയയിൽ (Sheraton Valley Forge king of Prussia, 480 N Gulph Rd, King of Prussia, Pennsylvania 19406) നടക്കുമെന്ന് 'പിയാനോ' സ്ഥാപക പ്രസിഡന്റും നിലവിലെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റുമായ ബ്രിജിറ്റ് വിൻസെന്റ് അറിയിച്ചു. പെൻസിൽവാനിയ ഇന്ത്യൻ അമേരിക്കൻ നേഴ്സസ് അസോസിയേഷൻ ആണ് കോൺഫറൻസിന്റെ മുഖ്യ സംഘാടകർ. പ്രസിഡന്റ് ബിന്ദു ഏബ്രഹാമിന്റെ നേതൃത്വത്തിലുള്ള ടീം കോൺഫറൻസിനായുള്ള തയാറെടുപ്പുകൾ നടത്തിവരികയാണ്.

അമേരിക്കൻ ഐക്യനാടുകളിലെ ഇന്ത്യൻ നേഴ്സ് അസോസിയേഷനുകളുടെ മാതൃ സംഘടനയായ നൈന സംഘടിപ്പിക്കുന്ന കോൺഫറൻസിൽ കാലിഫോർണിയ മുതൽ ന്യൂയോർക്ക് വരെയുള്ള മുപ്പതോളം സംസ്ഥാനങ്ങളിൽ നിന്നുള്ള നൂറുകണക്കിനു നേഴ്സുമാർ പങ്കെടുക്കും.

ഇന്ത്യയിൽ നിന്ന് അമേരിക്കയിലേക്കു കുടിയേറിയതും ഇന്ത്യൻ പാരമ്പര്യമുള്ള അമേരിക്കയിൽ ജനിച്ചു വളർന്നതുമായ നേഴ്സുമാരുടെ ഉന്നമനത്തിനുവേണ്ടി വളരെ സജീവമായി പ്രവർത്തിക്കുന്ന സംഘടനയാണ് നൈന. നൈന ഒരുക്കുന്ന ക്ലിനിക്കൽ എക്സലൻസ് ആൻഡ് ലീഡർഷിപ്പ് കോൺഫറൻസിൽ നേഴ്സുമാർക്കു പുറമെ രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽനിന്നും നിരവധിപേർ പങ്കെടുക്കും. Engage, Educate, Empower എന്നതാണ് ഇത്തവണ കോൺഫറൻസ് ഉയർത്തുന്ന സന്ദേശം.

നൈന ടീം അംഗങ്ങൾ: പ്രസിഡന്റ് ഉമ എം. വേണുഗോപാൽ, സെക്രട്ടറി: മുനീറ വെൽസ്, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്: ലിഫി ചെറിയാൻ, വൈസ് പ്രസിഡന്റ്: ഡോ. താര ഷാജൻ, ട്രഷറർ: ഷീല സാജൻ, എപിആർഎൻ ചെയർ: ഡോ. ബിനു ഷാജിമോൻ, ഫണ്ട് റൈസിംഗ് ചെയർ: സാറാ ഐപ്പ്. കോൺഫറൻസിലേക്കു രജിസ്റ്റർ ചെയ്യുന്നതിനും മറ്റു വിശദവിവരങ്ങൾ അറിയുന്നതിനും നൈനയുടെ ഒഫീഷ്യൽ വെബ്സൈറ്റായ www.nainausa.org സന്ദർശിക്കാവുന്നതാണ്.

പിയാനോ ടീം അംഗങ്ങൾ: പ്രസിഡന്റ് ബിന്ദു എബ്രഹാം, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്: ബ്രിഡ്ജറ്റ് വിൻസെന്റ്, വൈസ് പ്രസിഡന്റ്: സൂസൻ സാബു, സെക്രട്ടറി: അനോഖ റോയ്, ട്രഷറർ: ലീല മാത്യു, എപിആർഎൻ ചെയർ: ലീന ജോസഫ്.

# അഹമ്മദാബാദ് വിമാനദുരന്തം: 260 മരണം സ്ഥിരീകരിച്ചു

ന്യൂഡൽഹി: അഹമ്മദാബാദ് എയർ ഇന്ത്യ വിമാന അപകടത്തിൽ മരിച്ചത് 260 പേരെന്നു കേന്ദ്രസർക്കാർ വ്യക്തമാക്കി. വിമാനത്തിലെ 241 പേരും പ്രദേശവാസികളായ 19 പേരും അപകടത്തിൽ മരിച്ചതായി സർക്കാർ ലോക്സഭയിൽ അറിയിച്ചു.

ഇതാദ്യമായാണു കേന്ദ്രം മരണസംഖ്യയുടെ കാര്യത്തിൽ വ്യക്തത വരുത്തുന്നത്. ജൂൺ 12-ന് ഉണ്ടായ അപകടത്തിലെ മരണസംഖ്യയിൽ ആശയക്കുഴപ്പം നിലനിന്നിരുന്നു.

അഹമ്മദാബാദ് ദുരന്തത്തിനുശേഷം എയർ ഇന്ത്യയിൽ പൈലറ്റുമാരുടെ അവധി അപേക്ഷകളുടെ എണ്ണത്തിൽ വർധനയുണ്ടെന്ന് വ്യോമയാന സഹമന്ത്രി ലോക്സഭയിൽ പറഞ്ഞു. ജൂൺ 16-ന് ഒറ്റദിവസം 112 പൈലറ്റുമാർ അവധിയെടുത്തെന്നും വെളിപ്പെടുത്തി.

വിമാനങ്ങളിലെ എഞ്ചിനുകളുടെ പ്രവർത്തനം സംബന്ധിച്ചും സുരക്ഷാമാനദണ്ഡങ്ങൾ സംബന്ധിച്ചും കൃത്യമായ മാർഗനിർദേശം പാലിക്കാത്ത പൈലറ്റുമാർക്കെതിരെ നടപടിക്ക് ഡിജിസിഎ നീക്കം തുടങ്ങിയെന്നും മന്ത്രി പറഞ്ഞു.

വാരാന്ത്യം

ലേഖനം



സന്ദീപ് ദാസ്

# ഒരേയൊരു വി.എസ്.



ഒരു ചാനലിൽ സംപ്രേഷണം ചെയ്ത ഒരു വീഡിയോ കാണുകയായിരുന്നു. ഒരു സാധുസ്ത്രീ നിറകണ്ണുകളോടെ പറയുന്നു:

"കർഷകത്തൊഴിലാളികൾക്കുവേണ്ടിയാണ് വി. എസ്. അച്യുതാനന്ദൻ ജീവിച്ചത്. ഞങ്ങൾക്കുവേണ്ടിയാണ് അദ്ദേഹം പൊലീസിന്റെ തല്ലുകൊണ്ടത്. ഞങ്ങളുടെ പൊന്നുനേതാവാണ് വി.എസ്..."

'പൊന്നുനേതാവ്' എന്ന വിശേഷണമാണ് ഏറ്റവും ശ്രദ്ധേയം. നിഷ്കളങ്കത നിറഞ്ഞുനിൽക്കുന്ന ഒരു പ്രയോഗം! അതിസാധാരണക്കാരിയായ ഒരു സ്ത്രീയുടെ ശബ്ദം!

വി.എസ്സിനെ അവസാനമായി ഒരു നോക്ക് കാണാൻ എത്രയെത്ര പാവപ്പെട്ട മനുഷ്യരാണ് തടിച്ചുകൂടിയത്! കർഷകരും മത്സ്യത്തൊഴിലാളികളും കയർ പിരിക്കുന്ന ജോലിയിൽ ഏർപ്പെട്ടവരും കശുവണ്ടി ത്തൊഴിലാളികളുമെല്ലാം വി.എസ്സിനു വേണ്ടി വേദനിക്കുകയാണ്.

ഞാൻ വെറുതെ ഒന്ന് ആലോചി ച്ചുനോക്കി. കോടിക്കണക്കിന് കേരളീ യരുടെ സ്നേഹത്തിന്റെ നടുവിലേയ്ക്ക് വി.എസ് സഞ്ചരിച്ചെത്തിയത് എങ്ങനെ യാണ്!? എന്തായിരുന്നു ഇതിന്റെയെല്ലാം തുടക്കം!?

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുമ്പാണ്. ചെറുകരയിലെ ഒരു കൊച്ചുകുടിലിൽ പട്ടിണിമൂലം മുണ്ട് മുറുക്കിയുടുത്ത് താമസിച്ചിരുന്ന വി.എസ്. അച്യുതാനന്ദൻ എന്ന യുവാവ് ഏഴ് തൊഴിലാളികളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു കമ്മിറ്റി രൂപീകരിച്ചു. അതായിരുന്നു തിരുവിതാംകൂർ കർഷകത്തൊഴിലാളി യൂണിയൻ!

അധികം വൈകാതെ യൂണിയന്റെ ആദ്യത്തെ വാർഷിക സമ്മേളനവും വി. എസ്. വിളിച്ചുകൂട്ടി. അത് നടന്ന സ്ഥലം ഏതായിരുന്നു എന്ന് അറിഞ്ഞാൽ നമ്മൾ ശരിക്കും ഞെട്ടും! കോട്ടയം ജില്ലയിലെ ഒരു പാടവരമ്പ് ആയിരുന്നു സമ്മേളന വേദി.

അന്നത്തെ തൊഴിലാളികളുടെ അവ സ്ഥ പരിതാപകരമായിരുന്നു. പകൽ മുഴു വനും ജോലി ചെയ്താൽ കൂലിയായി കിട്ടുന്നത് കേവലം രണ്ടിടങ്ങഴി അരിയാ യിരുന്നു. കൂലി നൽകുന്ന അളവിൽ വരെ ജന്മിമാർ കൃതൃമം കാണിക്കുമായിരുന്നു!

തകഴി ശിവശങ്കരപ്പിള്ളയുടെ 'രണ്ടിടങ്ങഴി' എന്ന നോവൽ നമ്മൾ വായിച്ചിട്ടുള്ളതാണ്. അതിൽ 'കോരൻ' എന്നൊരു കഥാപാത്രമുണ്ട്. ശവസംസ്കാരത്തിന് പണമില്ലാത്തതു കൊണ്ട് സ്വന്തം പിതാവിന്റെ മൃതദേഹം കായലിൽ താഴ്ത്തേണ്ടിവന്ന കോരൻ!

അത്രമാത്രം നരകിച്ചാണ് കുട്ടനാട്ടിലെ കർഷകർ ജീവിച്ചിരുന്നത്. പാളയിൽ കഞ്ഞി കുടിക്കാനുള്ള ബാദ്ധ്യത തങ്ങൾക്കുണ്ടെന്ന് ആ സാധുക്കൾ ധരിച്ചുവെച്ചിരുന്നു. 'തമ്പ്രാൻ' എന്ന വിളി തങ്ങളുടെ അവകാശമാണെന്ന് ജന്മി കുടുംബങ്ങളും വിചാരിച്ചുപോന്നിരുന്നു.

ആ മണ്ണിലാണ് വി. എസ്. ഒറ്റയാൾ പോരാട്ടം ആരംഭിച്ചത്. അക്ഷരാഭ്യാസം പോലും ഇല്ലാതിരുന്ന കർഷകരോടാണ് വി.എസ് അവകാശങ്ങളെക്കുറിച്ച് സംസാരിച്ചത്!

ആദ്യം അവർ അയാളെ ആട്ടിയോടിച്ചു. ജന്മിമാരെയും കർഷകരെയും തമ്മിൽ തെറ്റിക്കാൻ ശ്രമിക്കുന്ന ശത്രുവാണ് വി. എസ്. എന്ന് പലരും കരുതി!

പക്ഷേ വി. എസ്. പിൻവലിഞ്ഞില്ല. നീട്ടിയും കുറുക്കിയും ഉള്ള സംസാരശൈലിയിലൂടെ അദ്ദേഹം തൊഴിലാളികളുടെ മനസ്സ് കീഴടക്കി.

അങ്ങനെ പാടത്ത് പണിയെടുക്കുന്നവർ സംഘടിച്ചു. ന്യായമായ കൂലി കിട്ടാൻ തുടങ്ങി. അളവിലെ കൃതൃമം ഇല്ലാതായി. ഗുണ്ടകളും പൊലീസും രംഗത്തിറങ്ങി യിട്ടും തൊഴിലാളികൾ ഒരിഞ്ച് പോലും പിന്നോട്ടുപോയില്ല. അതായിരുന്നു വി. എസ്. ഇഫക്റ്റ്

പിന്നീട് ഇന്ത്യ സ്വതന്ത്രയായി. തൊഴിലാളികൾക്ക് പെൻഷൻ ലഭിച്ചുതുടങ്ങി. ജോലി സമയത്തിനും വ്യക്തത വന്നു. ഏഴ് പേരെ അണിനിരത്തി വി. എസ്. തുടങ്ങിവെച്ച അങ്കം ഒരു മഹാവിപ്ലവമായി മാറി!

കായലിൽനിന്ന് പായൽ വാരിയും നിലമൊരുക്കിയും ജീവിച്ചിരുന്നവരുടെ പിന്മുറക്കാർ അന്തസ്സോടെ തല ഉയർത്തിനിന്നു. അതിന് വഴിവെട്ടിയ നേതാവായതുകൊണ്ടാണ് വി.എസ്സിനുവേണ്ടി സാധാരണക്കാർ കണ്ണുനീരൊഴുക്കുന്നത്.

ഈ വീരഗാഥയ്ക്ക് ഒരു അനുബന്ധം കൂടിയുണ്ട്. ഞാൻ സ്ഥിരമായി പത്രം വായിച്ചുതുടങ്ങിയ സമയത്ത് കേരളത്തിൽ കർഷക ആത്മഹത്യകൾ പതിവായിരുന്നു. ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആരംഭകാലമായിരുന്നു അത്. ആയിരത്തിലേറെ കർഷകർ അക്കാലത്ത് ജീവനൊടുക്കിയിരുന്നു എന്നാണ് കണക്കുകൾ പറയുന്നത്.

പക്ഷേ, പിന്നീട് കർഷക ആത്മഹ ത്യകൾ ഇല്ലാതായി. സ്വിച്ച് ഇട്ടതു പോലുള്ള മാറ്റം! ഞാൻ അത്ഭുത പ്പെട്ടുപോയി. എന്ത് മാജിക്കാണ് ഇത്!??

അതിന്റെ കാരണം വേറൊന്നുമാ യിരുന്നില്ല. 2006-ൽ അധികാരത്തി ലെത്തിയ ഇടതുമുന്നണി സർക്കാർ കാർഷിക കടാശ്വാസ കമ്മീഷൻ രൂപീ കരിച്ചു. അങ്ങനെയാണ് കൃഷിക്കാർക്ക് സാമ്പത്തിക സുരക്ഷിതത്വമുണ്ടായത്.

ആ സർക്കാരിന് ഒരു മുഖ്യമന്ത്രി യുണ്ടായിരുന്നു. മണ്ണിനെ അറിയുന്ന, പാവപ്പെട്ടവരെ നെഞ്ചിലേറ്റിയ ഒരു പടത്ത ലവൻ! അച്യുതാനന്ദൻ വേലിയ്ക്കകത്ത് ശങ്കരൻ മകൻ അച്യുതാനന്ദൻ!

# കാക്കതൊള്ളായിരത്തിൽ നിന്നും പൂജ്യത്തിലേക്ക്

ലേഖനം



ഷിബു ഗോപാലകൃഷ്ണൻ

ബില്യനയർ എന്നൊക്കെ ആദ്യ മായി കേൾക്കുമ്പോൾ അതിനൊപ്പം ഉണ്ടായിരുന്ന പേരാണ് ബിൽ ഗേറ്റ്സ്. 1987-ൽ മുപ്പത്തിയൊന്നാമത്തെ വയസ്സിൽ യാതൊരു പാരമ്പര്യബലവും ഇല്ലാതെ ബില്യനയർ ആയ ഐടിക്കാരൻ എന്നനിലയിൽ പിന്നീടങ്ങോട്ട് അദ്ദേഹം കൊതിപ്പിച്ചത് അത്രയധികം തലമുറകളെയാണ്.

മൈക്രോസോഫ്റ്റ് മനുഷ്യന്റെ ജീവിതത്തിലേക്ക് തലങ്ങും വിലങ്ങും കടന്നുകയറാൻ തുടങ്ങിയ ആദ്യവർ ഷങ്ങൾ കൊണ്ടുതന്നെ ബിൽ ഗേറ്റ്സിന്റെ ആസ്തി പത്തിരട്ടിയായി, അങ്ങനെ 1995-ൽ 12 ബില്യനുമായി ലോകത്തിലെ ഏറ്റവും വലിയ ധനികനായി. അവിടുന്നങ്ങോട്ട് 13 വർഷങ്ങൾ ആ സ്ഥാനം അടക്കിഭരിച്ചു. ഇടക്ക് നഷ്ടപ്പെട്ടെ ങ്കിലും തിരിച്ചുപിടിച്ചു, 2017 വരെയുള്ള 24 വർഷങ്ങളിൽ 18 വർഷവും ഏറ്റവും വലിയ ധനികന്റെ കസേരയിൽ നിന്നും ബിൽ ഗേറ്റ്സ് എഴുന്നേറ്റതേയില്ല. അത്രയും കാലം മറ്റാരും ആ കസേരയിൽ ഇരുന്നിട്ടില്ല.1999-ൽ ആസ്തി നൂറു ബില്യൺ കടക്കുന്ന ഭൂമിയിലെ ആദ്യത്തെ മനുഷ്യനായി - സെന്റിബില്യനയർ.

2025 ജൂലൈയിൽ 175 ബില്യ നായിരുന്നു ആസ്തി. കഴിഞ്ഞ ഒരാഴ്ചയിൽ അത് 30% കുറഞ്ഞു, ഒറ്റയടിക്ക് 53 ബില്യൻ ഡോളറിന്റെ, നാലരലക്ഷം കോടി രൂപയുടെ കുറവ്. ഗേറ്റ്സ് ഫൗണ്ടേഷൻ വഴിയുള്ള ചാരിറ്റി അനുബന്ധ പ്രവർത്തനങ്ങൾക്കായി നീക്കിവച്ചതാണ്. വരുന്ന ഇരുപതുവർഷം കൊണ്ട്, അതായത് 2045 ഡിസംബർ 31 ആകുമ്പോഴേക്കും മുഴുവൻ പണവും ദാനം ചെയ്യുമെന്നും, കൈയിൽ യാതൊന്നുമില്ലാത്ത ഒരാളായിട്ടായിരിക്കും മരിക്കുക എന്നും, മരിക്കുമ്പോൾ എന്റെ മേൽവിലാസം ഒരു ധനികന്റേ തായിരിക്കരുതെന്നും ബിൽ ഗേറ്റ്സ് പ്രഖ്യാപിച്ചു.

പതിനെട്ടു വർഷക്കാലം ലോകത്തെ ഏറ്റവും വലിയ ധനികന്റെ കസേരയിൽ



ഇരുന്ന ഒരാൾ, ആദ്യമായി നൂറുബില്യൺ ക്ലബിൽ കയറിയ ഒരാൾ, അയാൾ ചവിട്ടിക്കയറിയ പണത്തിന്റെ പടവുകൾ ഒന്നൊന്നായി തിരിച്ചിറങ്ങുന്നു, കാക്കത്തൊള്ളായിരത്തിൽ നിന്നും പൂജ്യത്തിലേക്ക്.

കേരളാ എക്സ്പ്രസ്
വാരാന്ത്യം

പണിക്കത്തി



രാജീവ് പണിക്കർ



# ഒരു ബിരിയാണിക്കഥ

എപ്പോഴോ ഒരു റീലും കണ്ട്, ഒരു ശനിയാഴ്ച, മട്ടൻ ബിരിയാണി തപ്പി ഇറങ്ങിയതായിരുന്നു ഞങ്ങൾ...

എവിടെയൊക്കെയോ കറങ്ങിക്കറങ്ങി റീലിൽ പറഞ്ഞ പ്രകാരമുള്ള മട്ടൻ ബിരിയാണി ക്കടയിലെത്തി. നമ്മളെ വെൽക്കം ചെയ്യാൻ അവിടത്തെ ആ നെയ്യിന്റെയും മസാലക്കൂട്ടിന്റെയും അരിയുടെയും പിന്നെ ബിരിയാണിയുടെയും മണം തന്നെ ധാരാളം. മെനുവിലെ പലപല കിടുക്കാച്ചി ഐറ്റംസിൽ ഒരെണ്ണം മാത്രമായിരുന്നു മട്ടൻ ബിരിയാണി.. എങ്കിലും, ബിരിയാണിയോടുള്ള ആർത്തി കാരണം ഞങ്ങൾ ഓരോ മട്ടൻ ബിരിയാണി തന്നെ ഓർഡർ ചെയ്തു!

ബിരിയാണി വന്ന ഉടനെ, കൊണ്ടുവന്നവനെപ്പോലും അമ്പരപ്പിച്ചു കൊണ്ട് ആർത്തിയോടെ നാലഞ്ചു കവിൾ ബിരിയാണി ഞാൻ അകത്താക്കി. കൂടെ രണ്ടു പീസും സാലഡും അച്ചാറും പപ്പടവും!

വായിൽ ബിരിയാണി കുത്തി നിറച്ച രൂപത്തിൽ എന്നെ കണ്ടതും ഭാര്യ ചിരി തുടങ്ങി. അവളുടെ ചിരിയോടൊപ്പം, എന്റെ ആർത്തി ആലോചിച്ച് എനിക്കും ചിരി പൊട്ടി. ചിരിയും തമാശകളുമായി രണ്ടാളും ആസ്വദിച്ചു കഴിക്കുന്നതിനിടയിൽ കുത്തി നിറച്ച കഷണങ്ങൾക്കിടയിൽ ഒളിച്ചിരുന്ന ഒരെല്ല് എന്റെ തൊണ്ടയിൽ കുടുങ്ങി.

'ഇതിപ്പോ തന്നെ പുറത്തേക്ക് വന്നോളും' എന്ന തോന്നലായിരുന്നു ആദ്യം. രണ്ടുമൂന്ന് പ്രാവശ്യം ഞാൻ കാർക്കിച്ചു നോക്കി. പിന്നെ അല്പം ശക്തിയായിത്തന്നെ ചുമച്ചു. വാ തുറന്ന് ഛർദിക്കുന്ന രീതിയിൽ രണ്ടുമൂന്നു തവണ കാണിച്ചു നോക്കി. പിന്നെ കുറേ വെള്ളം കുടിച്ചു. പക്ഷേ, കുടുങ്ങിയ എല്ല്, അങ്ങോട്ടുമില്ല ഇങ്ങോട്ടുമില്ല എന്ന മട്ടിൽ നില്ക്കുകയാണ്. എന്റെ കണ്ണു തുറിച്ചു തുടങ്ങി.

അൽപനേരം കഴിഞ്ഞപ്പോഴേക്കും ഞാൻ പരവശനായി. വെള്ളം കുടിക്കാൻ പോലും പറ്റുന്നില്ല. പതിയെ ബിൽ പേചെയ്ത് പുറത്തേക്കിറങ്ങി. വേറെയെങ്ങും പോകാതെ വീട്ടിലേക്ക് മടങ്ങി. രാത്രിയായപ്പോഴേക്കും ഞാൻ ആകെ തളർന്നു. മിണ്ടാതെ ഒരിടത്ത് ഇരിക്കുന്നതിനിടെ എന്തൊക്കെയോ ചിന്തകൾ എന്റെ തലയിലൂടെ കയറി മറിഞ്ഞു..

കഴിഞ്ഞ മാസമാണ് എന്റെ ഓഫീസിലെ ഒരു സഹപ്രവർത്തകന്റെ തൊണ്ടയിൽ കുടുങ്ങിയ ഒരു ചിക്കൻ ബോൺ സർജറി ചെയ്ത് എടുത്തത്. രണ്ടാഴ്ച സംസാരിക്കാൻ പോലും പറ്റാതെ കക്ഷി വീട്ടിലിരിപ്പായിരുന്നു. കഷ്ടപ്പാടോർത്തപ്പോ എനിക്കാകെ സങ്കടമായി.

പ്രശ്നം പുലർച്ചയാകാറായപ്പോഴേക്കും സങ്കീർണമായി. എല്ല് എന്റെ ശ്വാസോച്ഛ്വാസത്തെപ്പോലും ബാധിക്കുന്നതായി എനിക്ക് തോന്നിത്തുടങ്ങി. രാവിലെത്തന്നെ ഏതുവിധേനയും ഡോക്ടറെ കാണാൻ ഞാൻ തീരുമാനമെടുത്തു. തൊണ്ടയുടെ പ്രശ്നമായതു കൊണ്ട് ഇ എൻ ടി ഡോക്ടറെത്തന്നെ കാണണം.

പക്ഷേ, ഞായറാഴ്ച എവിടെയെങ്കിലും ഒരു ഇഎൻടി സ്പെഷ്യലിസ്റ്റിനെ കിട്ടുമോ... അത്യാവശ്യമെങ്കിൽ ഹോസ്പിറ്റലുകാർ ഡോക്ടറെ പെട്ടെന്നു വിളിച്ചു വരുത്തുമോ?.. വന്നാൽ തന്നെ ഞായറാഴ്ച സർജറി ചെയ്യാൻ ഡോക്ടർ തയ്യാറാകുമോ... ആകെകൂടി കിട്ടുന്ന ഒരു അവധി വേണ്ടെന്നു വെയ്ക്കാൻ ഡോക്ടർ തയ്യാറാകുമോ... ഇങ്ങനെ നൂറു കൂട്ടം ചിന്തകൾ എന്നെ ആക്രമിച്ചു.

എങ്ങനെയോ രാത്രി ഞാൻ തള്ളി നീക്കി. രാവിലെയായപ്പോഴേക്കും വാ തുറക്കാൻ പറ്റുന്നില്ല. ബ്രഷ് ചെയ്യാൻ പോലും പറ്റുന്നില്ല. ആകെ നീരു വെച്ച പോലെ. തൊണ്ടയ്ക്കു ചുറ്റും വലിയ ഒരു മഫ്ളർ ചുറ്റി വെച്ച പോലെ വീർത്തിരിക്കുന്നു. വലിയ താമസമില്ലാതെ ഞാൻ മരിച്ചു പോയേക്കുമെന്ന് എനിക്കു തോന്നി. മരണം ഉറപ്പായ ഞാൻ, 'ഫിസിഷ്യനെങ്കിൽ ഫിസിഷ്യൻ – പോയിക്കണ്ടേക്കാം' എന്നു കരുതി തൊട്ടടുത്തുള്ള ഗവൺമെന്റ് ആസ്പത്രിയിലേക്ക് പാഞ്ഞു.

കാഷ്വാലിറ്റിയിൽ പതിവില്ലാതെ കണ്ട ക്യൂ വക വെയ്ക്കാതെ ഞാൻ അകത്തേക്ക് ഓടി. ഡോക്ടറുടെ മുൻപിലേക്ക് ഒരു കസേര വലിച്ചിട്ട് അതിലിരുന്ന് ഒറ്റ ശ്വാസത്തിൽ ഞാൻ മരിക്കാറായ വിവരം പറഞ്ഞു.

എന്നെ കുറച്ചു നേരം നോക്കിയിരുന്ന ഡോക്ടർക്ക് ഞാൻ അവകാശപ്പെടുന്ന പോലെ ഒരു നീര് കഴുത്തിനുചുറ്റും കാണാൻ സാധിച്ചില്ല. വാ തുറക്കാനും അടയ്ക്കാനും പ്രത്യക്ഷത്തിൽ ഒരു ബുദ്ധിമുട്ടും ഫീൽ ചെയ്തതുമില്ല.. എങ്കിലും

പുള്ളി ഒരു ടോർച്ച് എടുത്ത് വായിലേക്ക് അടിച്ചു നോക്കി. ഒന്നുമില്ല. ചുവന്നിട്ടുണ്ട്. ഡീറ്റെയിൽസ് എന്നോടു ചോദിച്ചു മനസ്സിലാക്കി. പിന്നെ പറഞ്ഞു.

"അകത്തൊന്നുമില്ല."

"ഏയ് അങ്ങനെയല്ല, എനിക്ക് അകത്ത് ഫീൽ ചെയ്യുന്നുണ്ട്."

"അത് എല്ലല്ല. എല്ലു കൊണ്ട് മുറിഞ്ഞിരിക്കും ചിലപ്പോ. അത് സെല്ലിങ്ങ് ആയിക്കാണും. പ്രശ്നമില്ല."

"എന്നാലും ഇ എൻ ടിയെയോ മറ്റോ..."

"ആരെയും കാണേണ്ട ആവശ്യമില്ല. എല്ലെടുക്കാനാണെങ്കിൽ ഇനി ഹോസ്പിറ്റലിലും വരണമെന്നില്ല."

"അപ്പോ എല്ലില്ല!"

"ഇല്ല."


അദ്ഭുതം. അപ്പോ തന്നെ വേദന പോയി. നീരും പോയി. വായും തുറക്കാൻ പറ്റി. ഒരു നിമിഷം, ഡോക്ടറുടെ തലയ്ക്ക് ചുറ്റും ഒരു ദിവ്യ വലയം വന്നതുപോലെ തോന്നി. ഞാൻ പോക്കറ്റിൽ കൈയിട്ട് ഒരു നോട്ട് പുറത്തെടുത്തു... ഡോക്ടർ എന്തു ചോദിച്ചാലും കൊടുക്കാൻ ഞാൻ തയ്യാറായിരുന്നു.

അന്നേരം വളരെ നിസ്സാരമായി ഡോക്ടർ പറഞ്ഞു...

"പോടോ...പോയി കുറച്ച് ഉപ്പുവെള്ളം വായില്കൊള്ള്. എല്ലാം ശരിയായിക്കൊള്ളും..."

ഞാൻ നന്നായി ഒന്നിളിച്ചുകാണിച്ച് പുറത്തേക്കിറങ്ങി!

പണിക്കത്തി അഥവാ പണിക്കരുടെ കത്തി!



കവിത



റോയി പുച്ചേരിൽ

# ഇരുണ്ട നിഴലും നിറമുള്ള കനവും

വിശുദ്ധ മടക്കത്തിൽ
കണ്ണുകൾ നിറഞ്ഞൊഴുകട്ടെ,
ഹൃദയ നദിക്കര കരകവിയട്ടെ,
മഴയാർത്തു പെയ്യട്ടെ....
ഇടിമിന്നലിൽ
ഉള്ളുപൊള്ളി യൊലിക്കട്ടെ...
ദ്രവിച്ച വിദ്വേഷ വേരുകൾ
മണ്ണിൽ കെട്ടടങ്ങട്ടെ ....
ഇനിയും ഉറങ്ങട്ടെ
കൊച്ചു കുഞ്ഞുകുഞ്ഞായി,
യാത്ര പോകട്ടെ..
നേരു കാണട്ടെ നഗ്ന പകലുകൾ
വിഷമിറ്റും
വാക്കുകൾ വരച്ച വിരലുകൾ
വിറച്ചു വേവട്ടെ...
അഗ്നിഹോമത്തിൽ ചില്ലയിൽ
തൂക്കിയ വിലങ്ങുകൾ
തുരുമ്പിച്ചു ഇരുട്ടിൽ അഴുകട്ടെ....
കണ്ഠമിടറി പിടയുമ്പോൾ
തനിച്ചു നിന്നു ചിരിച്ചൊരാൾ
വർഗശത്രുവെന്നാക്ഷേപം
തൊടുത്ത നെറികെട്ട
കറുത്ത സിദ്ധാന്തങ്ങൾ,
വെറുത്തു പോം ഇരുണ്ട
ചിന്തയെ മറക്കുവാൻ
പഠിപ്പിച്ച പ്രകാശമേ,
നേരിന്റെ നെറിവാക്കായ്
ജ്വലിയ്ക്കുക നക്ഷത്രങ്ങളി
ലൊന്നായി ജനിക്കുക...
ഉള്ളുലയ്ക്കുന്ന വിലാപങ്ങൾ
ആർത്തലയ്ക്കുന്ന കണ്ണുകൾ
തിരയടങ്ങാവഴിയോരങ്ങൾ
വാനിലുയരും കൈകൾക്ക്
ഊർജ്ജം പകർന്ന സത്യമേ,
നിശ്ചലമായി കിടക്കുന്നു
പകലുകൾ പാപശിലാക്ഷര
വൈര്യങ്ങൾ
വെളുത്ത ഖദറിന്റെ നേരുകൾ
നിറഞ്ഞചിരിയുടെ കനലുകൾ,
കൂട്ടുകൂടും നെഞ്ചിന്നിടനാഴിയിൽ
ഓർമ്മകൾ പെറ്റുപെരുകുന്ന
രാത്രികൾ കണ്ണീരിൽ കടവുകൾ
കടന്നെത്തും ജനത്തിലെ ഉള്ളിലേറ്റും
സ്നേഹശാഖികൾ പൂക്കും
ഹൃദയപുഷ്പാലയം തുറക്കുന്നു...
അധികാരത്തിൻ
വിഷവിത്തുമുളക്കുമീമണ്ണിൽ
ഇങ്ങനെയും ഒരാൾ ജീവിച്ചു മറയുന്നു...
ഓർക്കുക... ഓർമ്മകൾ
ഉണ്ടായിരിക്കട്ടെ...
സ്വസ്തി....സ്വസ്തി .... സ്വസ്തി.....

# അമേരിക്കൻ മലങ്കര അതിഭദ്രാസനത്തിന് പുതിയ ഭരണസാരഥികൾ

വിർജീനിയ: നോർത്ത് അമേരിക്കയിലും കാനഡയിലുമുള്ള യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ 36-ാമത് യൂത്ത് ആൻഡ് ഫാമിലി കോൺഫറൻസ് ജൂലൈ 16 മുതൽ 19 വരെ വിർജീനിയയിലുള്ള ഹിൽട്ടൺ ഡാള

**വർഗീസ് പാലമലയിൽ**

സ് എയർപോർട്ട് ഹോട്ടലിൽ വെച്ച് അതിഗംഭീരമായി നടന്നു. 'വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും' എന്നുള്ളതായിരുന്നു ഈ വർഷത്തെ കൺവൻഷന്റെ ചിന്താവിഷയം.

ഈ കൺവൻഷനോടനുബന്ധിച്ച് 2025-2027 വർഷത്തേക്കുള്ള അമേരിക്കൻ മലങ്കര അതിഭദ്രാസനത്തിന്റെ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. 600-ൽപരം പ്രതിനിധികൾ പങ്കെടുത്ത യോഗത്തിൽ നിന്നാണ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തത്.

താഴെപ്പറയുന്നവരാണ് പുതിയ ഭാരവാഹികൾ: മോർ ടൈറ്റസ് യെൽദോ ആർച്ച്ബിഷപ്പ്, പാത്രിയർക്കൽ വികാരി ആൻഡ് പ്രസിഡണ്ട്, റവ.ഫാ. പോൾ തോട്ടക്കാട്ട് സെക്രട്ടറി (ഡാളസ്, ടെക്സസ്), റവ.ഫാ. ബെൽസൺ കുര്യാക്കോസ്-ജോയിന്റ് സെക്രട്ടറി (ന്യൂയോർക്ക്), സിമി ജോസഫ്-ട്രഷറർ (ഹ്യൂസ്റ്റൺ, ടെക്സാസ്), ബോബി കുര്യാക്കോസ്-ജോയിന്റ് ട്രഷറർ (ന്യൂജേഴ്സി) എന്നിവരും കൗൺസിൽ അംഗങ്ങളായി വെരി. റവ. കോർ എപ്പിസ്കോപ്പ ജോസഫ് സി. ജോസഫ് (അറ്റ്ലാന്റ), റവ.ഫാ. കുര്യാക്കോസ് പുതുപ്പാടി (സാക്രമെന്റോ, കാലിഫോർണിയ), റവ.ഫാ. എബി മാത്യു (കാനഡ), ഷെവലിയർ ജെയ്മോൻ സ്കറിയ (ചിക്കാഗോ), ജെനു മഠത്തിൽ (കാനഡ), അലക്സ് ജോർജ് (ഡാളസ്, ടെക്സസ്), എൽദോ യോയാക്കി (കാനഡ), ജോയി ഇട്ടൻ (ന്യൂയോർക്ക്), റോയി മാത്യു (ന്യൂയോർക്ക്) ഷിറിൻ മത്തായി (ചിക്കാഗോ), സാബു സ്കറിയ (ഫിലാഡൽഫിയ) എന്നിവരെയും തെരഞ്ഞെടുത്തു.

ജൂലൈ 19-ന് വിശുദ്ധ കുർബ്ബാനാനന്തരം പുതിയ ഭാരവാഹികളുടെ സത്യപ്രതിജ്ഞയോടു കൂടി ഈ വർഷത്തെ ഫാമിലി കോൺഫറൻസ് സമാപിച്ചു.





അമേരിക്കൻ മലങ്കര അതിഭദ്രാസന മെത്രാപ്പോലീത്ത ആർച്ച്ബിഷപ് അഭിവന്ദ്യ യെൽദോ മോർ തീത്തോസ് തിരുമേനി ആയിരുന്നു ഈ വർഷത്തെ കൺവൻഷന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചത്.

കേരളത്തിൽ മൂവാറ്റുപുഴ-അങ്കമാലി മേഖലകളുടെ ചുമതലയുള്ള മെത്രാപ്പോലീത്ത അഭിവന്ദ്യ മോർ അന്തിമോസ് മാത്യൂസ് തിരുമേനിയും സിറിയയിൽ ഡമാസ്ക്കസ് ഭദ്രാസനാധിപനും പാത്രിയർക്കൽ അസിസ്റ്റന്റുമായ അഭിവന്ദ്യ ആർച്ച്ബിഷപ് മോർ ജോസഫ് ബാലി തിരുമേനിയും യുകെയിൽ നിന്നും മലങ്കര മാനേജിംഗ് കമ്മിറ്റി മെംബറും സുറിയാനി സഭാചരിത്രത്തിൽ പിഎച്ച്.ഡിയും കരസ്ഥമാക്കിയിട്ടുള്ള ഡോ. സാറ നൈറ്റ് (കീനോട്ട് സ്പീക്കർ) തദവസരത്തിൽ സന്നിഹിതരായിരുന്നു.






# മിഡ്ലാൻഡ് പാർക്ക് സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് ദേവാലയത്തിൽ മെൻസ് ഫോറം രൂപീകരിച്ചു

ന്യൂജേഴ്സി: ന്യൂജേഴ്സിയിലെ മിഡ്ലാൻഡ് പാർക്ക് സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് ദേവാലയത്തിൽ മെൻസ് ഫോറം പ്രവർത്തന സജ്ജമായി. അജോ വർഗീസിന്റെ നേതൃത്വത്തിൽ ആണ് മെൻസ് ഫോറം രൂപീകരിച്ചത്.

അംഗങ്ങൾക്കിടയിൽ സാഹോദര്യത്തിലും, സൗഹൃദത്തിലും ഊന്നിയ ശക്തമായ ബന്ധങ്ങൾ വളർത്തിയെടുക്കുക എന്നത് മെൻസ് ഫോറത്തിന്റെ പ്രധാന കർമ്മ പദ്ധതികളിൽ ഉൾപ്പെടുമെന്ന് ഭാരവാഹികൾ അറിയിച്ചു.

മെൻസ് ഫോറം ഇതിനോടകം മൂന്ന് വിജയകരമായ പരിപാടികൾ സംഘടിപ്പിച്ചു. ബാർബിക്യൂ ആയിരുന്നു തുടക്കം. ഒട്ടനവധി അംഗങ്ങളെ ഒരുമിച്ചു കൊണ്ടുവന്ന ആസ്വാദ്യകരവുമായ ഒരു സായാഹ്നമായിരുന്നു ബാർബിക്യൂ പാർട്ടി. തുടർന്ന് ഒരു ബൈബിൾ ഭാഗത്തെ ആസ്പദമാക്കി സംഘടിപ്പിച്ച ആത്മീയ ചർച്ച ഗണ്യമായ പങ്കാളിത്തത്തോടെ സജീവവുമായ ചർച്ചകൾക്ക് വഴിയൊരുക്കി.



**ജിനേഷ് തമ്പി**

എല്ലാ മാസവും മൂന്നാമത്തെ ഞായറാഴ്ച പള്ളിയിലെ ശുശ്രൂഷകൾക്ക് ശേഷം സെന്റ് സ്റ്റീഫൻസ് മെൻസ് ഫോറം പതിവായി യോഗം ചേരാൻ തീരുമാനിച്ചു.

ഈ പ്രതിമാസ ആത്മീയ ഒത്തുചേരലുകൾക്ക് പുറമേ, വർഷം മുഴുവനും വൈവിധ്യമാർന്ന സാമൂഹിക പരിപാടികളും ഫോറം സംഘടിപ്പിക്കും.

സെന്റ് സ്റ്റീഫൻസ് മലങ്കര ഓർത്തഡോക്സ് ദേവാലയത്തിന്റെ അംഗങ്ങളെ പരിപോഷിപ്പിക്കുന്നതിനും സമൂഹത്തെ ശക്തിപ്പെടുത്തുന്നതിനുമുള്ള പ്രതിബദ്ധതയുടെ വലിയ തെളിവാണ് ഈ പുതിയ സംരംഭമെന്നു ഇടവക വികാരി റവ. ഡോ. ബാബു കെ. മാത്യു അച്ചൻ അഭിപ്രായപ്പെട്ടു.

ചർച്ചകളിലൂടെയും പങ്കിട്ട പഠനത്തിലൂടെയും അംഗങ്ങളുടെ ബൈബിളിനെക്കുറിച്ചുള്ള ഗ്രാഹ്യം വർദ്ധിപ്പിക്കുകയും ആത്മീയ വികസനം പരിപോഷിപ്പിക്കുകയും ചെയ്യുക എന്നതാണ് ഫോറത്തിന്റെ പ്രധാന ലക്ഷ്യം.

# ഓർമ്മ ഇന്റർനാഷണൽ 'അമേരിക്ക 250'ന് തുടക്കം: കോൺഗ്രസ്സ്മാനും പൗരപ്രതിനിധികളും ഭദ്രദീപം കൊളുത്തി





മെർളിൻ മേരി അഗസ്റ്റിൻ

ഫിലാഡൽഫിയ: ഓർമ്മ (ഓവർസീസ് റസിഡന്റ് മലയാളീസ് അസോസിയേഷൻ) ഇന്റർനാഷണലിന്റെ കീഴിൽ, 'അമേരിക്ക 250' വാർഷികാഘോഷങ്ങൾക്കുവേണ്ടി രൂപംകൊണ്ട സെലിബ്രേഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ, ഒരു വർഷം നീണ്ടുനിൽക്കുന്ന ആഘോഷ പരിപാടികളുടെ ഉദ്ഘാടനം ജൂലൈ 19-ന് ശനിയാഴ്ച ഉച്ചകഴിഞ്ഞ് മൂന്നിന് സെന്റ് തോമസ് സീറോ മലബാർ പള്ളിയിലെ ഓഡിറ്റോറിയത്തിൽ നടന്നു. ഫിലാഡൽഫിയായിലും അയൽസംസ്ഥാനങ്ങളിൽനിന്നുമുള്ള രാഷ്ട്രീയ സാമൂഹിക സാംസ്കാരിക മേഖലകളിൽ പ്രവർത്തിക്കുന്ന നിരവധി പ്രമുഖ വ്യക്തികൾ, വിദ്യാഭ്യാസ വിദഗ്ധർ, കലാകാരന്മാർ, എഴുത്തുകാർ, അദ്ധ്യാപകർ, ഡോക്ടർമാർ, നേഴ്സുമാർ എന്നിങ്ങനെ വിവിധ രംഗങ്ങളിൽ ശോഭിക്കുന്ന മലയാളി വ്യക്തിത്വങ്ങൾ, അവരുടെ സാന്നിധ്യവും സന്ദേശവും കൊണ്ട് ഈ ഉദ്ഘാടന ചടങ്ങിനെ മോടി പിടിപ്പിച്ചു.

കോൺഗ്രസ്സ്മാൻ ബ്രയൻ ഫിറ്റ്സ് പാട്രിക്, പെൻസിൽവേനിയ സ്റ്റേറ്റ് സെനറ്റർ ജോ പിക്കോസ്സി, ഏഷ്യാനെറ്റ് നോർത്ത് അമേരിക്ക ഹെഡ് ഡോ. കൃഷ്ണകിഷോർ, ചീഫ് ഡെപ്യൂട്ടി ഡിസ്ട്രിക്റ്റ് അറ്റോർണി ജോവിൻജോസ്, ആത്മീയ ആചാര്യൻ ഫാ. എം.കെ. കുര്യാക്കോസ്, സാഹിത്യകാരൻ പ്രൊഫ. കോശി തലയ്ക്കൽ, ഇന്ത്യാ പ്രസ്സ് ക്ലബ് മുൻ നാഷണൽ സെക്രട്ടറി വിൻസന്റ് ഇമ്മാനുവേൽ, മുൻ ഫൊക്കാനാ സെക്രട്ടറിയും മുൻ ഫോമാ പ്രസിഡണ്ടുമായ ജോർജ് മാത്യു സി.പി.എ, ന്യൂ അമേരിക്കൻസ് ആൻഡ് എത്നിക് കോ-ഓർഡിനേറ്റിങ്ങ് കൗൺസിൽ ചെയർ ഡോ. ഉമർ ഫാറൂക്, മുൻ സിറ്റി കൗൺസിൽമാൻ അറ്റോർണി ഡേവിഡ് ഓ, ഓർമ്മ ഇന്റർനാഷണൽ ട്രസ്റ്റീ ബോർഡ് ചെയർമാൻ ജോസ് ആറ്റുപുറം, പ്രസിഡണ്ട് സജി സെബാസ്റ്റ്യൻ എന്നിവർ സംയുക്തമായി ഭദ്രദീപം കൊളുത്തി ഉദ്ഘാടനം നിർവഹിച്ചു.

അമേരിക്ക 250 സെലിബ്രേഷൻസ് കൗൺസിൽ ചെയർമാൻ ജോർജ് നടവയൽ, ഓർമ ഇന്റർനാഷണൽ ജനറൽ സെക്രട്ടറി ക്രിസ്റ്റി ഏബ്രഹാം, ടാലന്റ് പ്രൊമോഷൻ ഫോറം ചെയർ ജോസ് തോമസ്, പിആർഒ മെർലിൻ മേരി അഗസ്റ്റിൻ, അമേരിക്ക റീജിയൻ വൈസ് പ്രസിഡണ്ട് പിന്റോ കണ്ണമ്പള്ളി, ഫിലാഡൽഫിയ ചാപ്റ്റർ പ്രസിഡന്റ് ഷൈലാ രാജൻ, ഫിലാഡൽഫിയ പോലീസ് സർജന്റ് ബ്ലെസ്സൻ മാത്യു, അനീഷ് ജെയിംസ്, വിഷ്വൽ മീഡിയാ ചെയർ അരുൺ കോവാട്ട്, ചാപ്റ്റർ സെക്രട്ടറി ലീതു ജിതിൻ, ചാപ്റ്റർ ട്രഷറാർ മറിയാമ്മ ജോർജ്, ആലീസ് ജോസ് ആറ്റുപുറം, സെബിൻ സ്റ്റീഫൻ എന്നീ ഭാരവാഹികൾ ഏകോപനം നിർവഹിച്ചു.

സ്വാതന്ത്ര്യ ലബ്ധിയുടെ 250-ാം വർഷത്തിലേക്ക് അമേരിക്ക എന്ന മഹത് രാഷ്ട്രം കാലൂന്നുമ്പോൾ, ഇന്ത്യൻ മലയാളി സമൂഹം ഉൾപ്പെടെ നിരവധി രാജ്യങ്ങളിൽ നിന്നുമുള്ള തലമുറകളുടെ സേവനങ്ങൾ വലിയ ജനാധിപത്യ രാജ്യത്തിന്റെ ഉന്നമനത്തിനു സഹായിച്ചു എന്നത് മധുരിക്കുന്ന ഓർമ്മയാണെന്ന് പ്രസംഗകർ ചൂണ്ടിക്കാട്ടി. സ്വാതന്ത്ര്യത്തിനായി ജീവൻ ത്യജിച്ച ധീരദേശാഭിമാനികളെ അനുസ്മരിക്കുകയും അമേരിക്കയിൽ ആതുര ശാസ്ത്ര സാങ്കേതിക സാമൂഹിക മേഖലകളിൽ സേവനം അനുഷ്ഠിക്കുന്ന മലയാളികളുടെ അതുല്യമായ സംഭാവനകളെ പ്രശംസിക്കുകയും ചെയ്തു. അമേരിക്കൻ ദേശീയതയിൽ, അമേരിക്കൻ മലയാളികളുടെ ഗുണാത്മക സംഭാവനകളെ മിഴിവുറ്റതാക്കി ഉയർത്തിക്കാണിക്കുക എന്ന ദൗത്യമാണ് അമേരിക്ക 250 സെലിബ്രേഷൻസ് കൗൺസിൽ നിർവഹിക്കുക. അമേരിക്ക 250 വാർഷികാഘോഷങ്ങൾ അതിന്റെ പാരമ്യത്തിൽ എത്തുന്ന ജൂലൈ 4, 2026 വരെ കൗൺസിൽ, അണ മുറിയാതെ വിവിധ സോഷ്യൽ മീഡിയാ പ്ലാറ്റ്ഫോമുകളിലും

(ശേഷം 26-ാം പേജിൽ)





# THE PARADOX OF TIME: A REFLECTION ON LIFE'S VALUE


When contemplating the span of human life, we often measure it in years. A century-long life is deemed extraordinary, a testament to longevity and resilience. However, when we shift our perspective to quantify life in days, the narrative changes dramatically. What was once perceived as a remarkable century-long life dwindles to 36,500 days. This dichotomy raises profound questions about the value and significance we attribute to life.

### The Significance of Perspective

The way we perceive time influences our attitude toward life. When measured in years, life appears expansive, allowing us to envision a broad timeline for achieving our goals and aspirations. Conversely, when quantified in days, life's brevity becomes starkly apparent, prompting us to reevaluate our priorities and make the most of each fleeting moment. This shift in perspective can be both empowering and daunting. On one hand, it encourages us to seize every opportunity and live life to the fullest. On the other hand, it can evoke anxiety and fear about the limited time we have.

### The Value of Each Day

If 36,500 days seem inconsequential compared to 100 years, what does this imply about the value of each individual day? Does the brevity of life in days diminish its significance, or does it amplify the importance of making every moment count? Perhaps the latter is true. When we recognize the limited number of days at our disposal, we are compelled to cherish each day, to prioritize what truly matters, and to cultivate meaningful relationships and experiences. Each day becomes a precious gift, filled with opportunities to learn, grow, and connect with others.



Stephen Rajan

### The Impact of Time Perception on Our Lives

**Stephen Rajan, Vathakat**

Our perception of time profoundly impacts our daily lives. When we view our life in years, we might focus on long-term goals and plan meticulously for the future. However, when we consider life in days, we're reminded to appreciate the present moment and make the most of the time we have. This mindset shift can lead to a greater sense of urgency and purpose.

We might ask ourselves: What can I accomplish today? How can I make a positive impact on those around me? By focusing on the present, we can break free from procrastination and make meaningful progress toward our goals.

### Living in the Present

The paradox of time encourages us to live in the present. Rather than fixating on the passage of years or the finitude of days, we can focus on the here and now. By embracing the present moment, we can tap into life's richness, appreciate its beauty, and find purpose in our daily experiences. Mindfulness practices, such as meditation and deep breathing, can help us cultivate a greater awareness of the present moment. By being fully engaged in the present, we can let go of worries about the past or future and find joy in the simplicity of life.

### The Importance of Priorities

When we recognize the limited number of days we have, we're forced to reevaluate our priorities. What truly matters in life? What brings us joy, fulfillment, and a sense of purpose? By clarifying our priorities, we can allocate our time and energy more effectively. We might discover that our priorities have shifted over time or that we've been focusing on things that don't truly align with our values. By reassessing our priorities, we can create a more authentic and meaningful life.

### Conclusion

The way we perceive time shapes our understanding of life's value. Whether measured in years or days, life is a precious gift. By acknowledging the paradox of time, we can cultivate a deeper appreciation for each day and make the most of the time we have. As the ancient Greek philosopher, Heraclitus, said, "No man ever steps in the same river twice, for it's not the same river and he's not the same man." Every day is a new opportunity to live, learn, and cherish the gift of life. By embracing the present moment, clarifying our priorities, and making the most of each day, we can live a life that is rich in purpose, meaning, and fulfillment.

# കുറിയന്നൂർ തോമസ് ഏബ്രഹാം കോർ എപ്പിസ്കോപ്പ (കപ്പലാംമൂട്ടിൽ അച്ചൻ) അന്തരിച്ചു

ഫിലാഡൽഫിയ: കോട്ടയം ഭദ്രാസനത്തിലെ സീനിയർ വൈദികനും പഴയ സെമിനാരി മുൻ മാനേജരും മീനടം സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവക അംഗവും ആയിരുന്ന കുറിയന്നൂർ തോമസ് ഏബ്രഹാം കോർ എപ്പിസ്കോപ്പ (കപ്പലാംമൂട്ടിൽ അച്ചൻ -78) അമേരിക്കയിൽ വെച്ച് അന്തരിച്ചു.

ഹ്രസ്വസന്ദർശനത്തിനായി അമേരിക്കയിലെത്തിയ കോർ എപ്പിസ്കോപ്പയ്ക്ക് ബന്ധുവിന്റെ വീട്ടിൽ വെച്ച് ദേഹാസ്വാസ്ഥ്യം അനുഭവപ്പെടുകയും ഉടൻതന്നെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയുമായിരുന്നു. വെന്റിലേറ്ററിന്റെ സഹായത്തോടെ നാല് ആഴ്ചക്കാലം ആശുപത്രിയിൽ കഴിയവേയാണ് അന്ത്യം സംഭവിച്ചത്.





കോട്ടയത്തെ വിവിധ പ്രമുഖ പള്ളികളിൽ വികാരിയായി സേവനമനുഷ്ഠിച്ചിട്ടുള്ള വന്ദ്യ കോർ എപ്പിസ്കോപ്പ, മീനടം, തോട്ടക്കാട് സമീപമുള്ള ടിഎംയുപി സ്കൂളിൽ പ്രധാനാദ്ധ്യാപകനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഓർത്തഡോക്സ് സഭയിലെ കോട്ടയം ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറസ് തിരുമേനിയെ പഠിപ്പിച്ച അദ്ധ്യാപകൻ കൂടിയാണ് ഇദ്ദേഹം.

റിട്ടയർമെന്റിനുശേഷം ഏറെക്കാലം പാമ്പാടി ഇലകൊടിഞ്ഞിയിലുള്ള സ്വന്തം ഭവനത്തിൽ വിശ്രമജീവിതം നയിക്കുകയായിരുന്ന കോർ എപ്പിസ്കോപ്പയുടെ പൗരോഹിത്യ കനക ജൂബിലി ഈ വർഷമായിരുന്നു ഇടവകപ്പള്ളി ആഘോഷിച്ചത്. പരേതയായ അന്നമ്മ വർഗീസ് കൊച്ചമ്മയാണ് സഹധർമ്മിണി. മക്കൾ: ജോജി (കോൺട്രാക്ടർ), ജോബി (യുകെ), ജ്യോതി (ഷാർജ).

കോർ എപ്പിസ്കോപ്പയുടെ വിടവാങ്ങൽ ചടങ്ങും സംസ്കാര ശുശ്രൂഷയുടെ ആദ്യഘട്ടവും പൊതുദർശനവും അമേരിക്കയിൽ നടത്തിയതിനു ശേഷം മൃതദേഹം നാട്ടിൽ മീനടം പള്ളിയിൽ എത്തിച്ചു സംസ്കരിക്കുന്നതാണ്.

കോർ എപ്പിസ്കോപ്പയുടെ ആകസ്മിക വേർപാടിൽ കുടുംബത്തോടൊപ്പം ദുഃഖത്തിൽ പങ്കുചേരുകയും ഇടവകയുടെ എല്ലാവിധ അനുശോചനവും പ്രാർത്ഥനയും അർപ്പിക്കുന്നതായും ബെൻസേലം സെന്റ് ഗ്രീഗോറിയോസ് മലങ്കര ഓർത്തഡോക്സ് ഇടവക വികാരി റവ.ഫാ. ഷിബു വേണാട് മത്തായി അറിയിച്ചു.

**വാർത്ത: രാജു ശങ്കരത്തിൽ**

# സഹകരണ ബാങ്കുകൾ വിവിധോദ്ദേശ്യ സംഘങ്ങളാകും

ന്യൂഡൽഹി: പ്രാഥമിക കാർഷിക വായ്പ സംഘങ്ങളുടെ (സർവീസ് സഹകരണ ബാങ്കുകൾ) പ്രവർത്തനത്തിൽ കാതലായ മാറ്റങ്ങൾ നിർദേശിക്കുന്ന ദേശീയ സഹകരണ നയം കേന്ദ്രസർക്കാർ പ്രഖ്യാപിച്ചു.

സർക്കാർ പദ്ധതികൾ നടപ്പാക്കാനുള്ള പദ്ധതി നിർവഹണ ഏജൻസികളായി പ്രാഥമിക കാർഷിക വായ്പ സംഘങ്ങളെ മാറ്റുന്നതിനൊപ്പം സർവീസ് സഹകരണ ബാങ്കുകളെ വിവിധോദ്ദേശ്യ സഹകരണ സംഘങ്ങളാക്കാനും നയം ലക്ഷ്യമിടുന്നു.

സഹകരണ ബാങ്കുകൾക്കൊപ്പം പ്രധാനമന്ത്രി ജൻ ഔഷധി കേന്ദ്രം വെയർഹൗസുകൾ, പൊതു സേവനകേന്ദ്രം, ന്യായവില കട, എൽപിജി വിതരണം, പെട്രോൾ ഡീസൽ പമ്പ്, പ്രധാനമന്ത്രി കിസാൻ സമൃദ്ധി കേന്ദ്രം, ഗ്രാമീണ പൈപ്പ് ജലവിതരണ പദ്ധതി എന്നിവ തുടങ്ങി വിവിധ മേഖലകളിലേക്കുള്ള വിപുലീകരണം ലക്ഷ്യമിടുന്നു. എല്ലാ പഞ്ചായത്തിലും ഒരു സർവീസ് സഹകരണ ബാങ്ക്, എല്ലാ ജില്ലയിലും ഒരു ജില്ലാ സഹകരണ ബാങ്ക്, എല്ലാ നഗരങ്ങളിലും ഒരു അർബൻ സഹകരണ ബാങ്ക് എന്നിവ സ്ഥാപിക്കുകയാണ് ലക്ഷ്യമെന്ന് നയം പ്രഖ്യാപിച്ച് കേന്ദ്രമന്ത്രി അമിത്ഷാ പറഞ്ഞു.

കേരളം എതിർപ്പ് അറിയിച്ച ഏകീകൃത സോഫ്റ്റ്വെയർ നടപ്പാക്കണമെന്നും നയത്തിലുണ്ട്. കൂടാതെ ദേശീയ തലത്തിനൊപ്പം സംസ്ഥാന തലത്തിലും സഹകരണ സംഘങ്ങളുടെ ഡേറ്റബേസ് ഉണ്ടാക്കണമെന്നും ഇത് ദേശീയ ഡേറ്റാബേസുമായി ബന്ധിപ്പിക്കണമെന്നും കേന്ദ്ര സർക്കാർ അറിയിച്ചു.

കാർഷിക വായ്പകളിൽ പലിശയിളവ് ലഭ്യമാക്കുന്നത് എളുപ്പമാക്കാൻ സഹകരണ ബാങ്കുകളുടെ ഡേറ്റ കാർഷിക മന്ത്രാലയത്തിന്റെ അടക്കമുള്ള ഡേറ്റബേസുമായി സംയോജിപ്പിക്കണമെന്നും നയത്തിൽ പറയുന്നു. പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ സംഘങ്ങൾക്ക് റാങ്കിങ്. ദേശീയ തലത്തിൽ ഏപെക്സ് സഹകരണ ബാങ്ക് രൂപീകരിക്കും. സഹകരണ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രൂപീകരിക്കും. സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കാൻ സംസ്ഥാനതല പ്രത്യേക സംവിധാനം.

# ഡോ. എം. അനിരുദ്ധന് അമേരിക്കൻ മലയാളി സമൂഹത്തിന്റെ ആദരവ്

**ശ്രീകുമാർ ഉണ്ണിത്താൻ**

ചിക്കാഗോ: ഡോ. എം. അനിരുദ്ധനോടുള്ള ആദരസൂചകമായി വിവിധ സഭാ പിതാക്കന്മാരെയും അമേരിക്കയിലെ വിവിധ സംഘടനാ നേതാക്കളെയും ഒരേ വേദിയിലെത്തിച്ച് ഫൊക്കാന സംഘടിപ്പിച്ച സർവ്വമത പ്രാർത്ഥനയും അനുശോചനവും വേറിട്ടതായി. വെർചൽ പ്ലാറ്റ്ഫോമിൽ നടന്ന പ്രാർത്ഥനാ യോഗത്തിൽ ചിക്കാഗോ രൂപതാ ബിഷപ് മാർ ജോയി ആലപ്പാട്ടിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച മീറ്റിങ് അമേരിക്കയിലെ ഫൊക്കാന, ഫോമാ നേതാക്കളും മറ്റ് സാമൂഹിക നേതാക്കന്മാരും വിടപറഞ്ഞ ഡോ. എം. അനിരുദ്ധന് നിത്യശാന്തി നേർന്നു സംസാരിച്ചു. അമേരിക്കയിലെ പ്രമുഖ സംഘടനകളെ ഒരേ കുടക്കീഴിൽ കൊണ്ടുവരിക എന്ന ശ്രമകരമായ ദൗത്യം സംഘാടന മികവുകൊണ്ട് ഫൊക്കാന ഭാരവാഹികൾ ഭംഗിയായി നടപ്പാക്കിയത് ഏറെ ശ്രദ്ധിക്കപ്പെടുകയും ചെയ്തു.

റോജി എം. ജോൺ എംഎൽഎ, ഫൊക്കാനയുടെ മുൻപ്രസിഡന്റ് മന്മഥൻ നായർ, കമാൻഡർ ജോർജ് കോരുത്, പോൾ കറുകപ്പള്ളിൽ, ജി.കെ. പിള്ള, ജോൺ പി. ജോൺ, തമ്പി ചാക്കോ, മാധവൻ നായർ, ജോർജി വർഗീസ്, ഫോമയുടെ മുൻ പ്രസിഡന്റുമാരായ ശശിധരൻ നായർ, അനിയൻ ജോർജ്, ജേക്കബ് തോമസ്, റോക്‌ലാൻഡ് കൗണ്ടി ലെജിസ്ലേറ്റർ ആനി പോൾ, ഐപിസിഎൻഎ പ്രസിഡണ്ട് സുനിൽ ട്രൈസ്റ്റാർ, മുൻ സെക്രട്ടറിമാരായ മാമ്മൻ സി. ജേക്കബ്, ഫിലിപ്പോസ് ഫിലിപ്പ്, മറ്റ് മതനേതാക്കളായ സ്വാമി മുക്താനന്ദ യതി, യു.എ. നസീർ തുടങ്ങി നിരവധി വിശിഷ്ട വ്യക്തികൾ പങ്കെടുത്തു അനുശോചനം അറിയിച്ചു സംസാരിച്ചു.

ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി, സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ, എക്സി. വൈസ് പ്രസിഡണ്ട് പ്രവീൺ തോമസ്, വൈസ് പ്രസിഡണ്ട് വിപിൻ രാജ്, വിമൻസ് ഫോറം ചെയർ രേവതി പിള്ള, ട്രസ്റ്റി ബോർഡ് ചെയർ ജോജി തോമസ്, തുടങ്ങിയ ഫൊക്കാന ഭാരവാഹികളും സംസാരിച്ചു. സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ ആമുഖ പ്രസംഗം നടത്തി. പ്രസിഡണ്ട് സജിമോൻ ആന്റണി ഏവർക്കും സ്വാഗതം ആശംസിച്ചു. ഡോ. എം. അനിരുദ്ധന്റെ സന്ദേശം ഉൾക്കൊണ്ട് വിവിധ മത, രാഷ്ട്രീയ, സാമൂഹിക പ്രവർത്തകരെ ഒരേ പ്ലാറ്റ്ഫോമിൽ കൊണ്ടുവരാൻ കഴിഞ്ഞതിലുള്ള സംതൃപ്തി അദ്ദേഹം രേഖപ്പെടുത്തി. അമേരിക്കയിലെ മലയാളി സമൂഹത്തെ കോർത്തിണക്കി ഫൊക്കാന എന്ന സംഘടന ഉണ്ടാക്കിയത് ഡോ. എം. അനിരുദ്ധന്റെ പ്രവർത്തന ഫലമായാണ്. അദ്ദേഹം ഫൊക്കാനയ്ക്ക് നല്കിയ സംഭാവനകളെ നന്ദിയോടെ സ്മരിക്കുന്നു എന്നും സജിമോൻ ആന്റണി അറിയിച്ചു.


അമേരിക്കൻ മലയാളികളെ ഒരേകുടുംബം പോലെ ചേർത്തുനിർത്തി സംഘടനയെ നേരായ വഴിയിൽ നയിച്ച് ഏറ്റവും വലിയ പ്രവാസി സംഘടനയാക്കി ഫൊക്കാനയെ മാറ്റിയത് ഡോ. എം. അനിരുദ്ധന്റെ പ്രവർത്തന മികവ്കൊണ്ട് കൂടിയാണെന്ന് റോജി ജോൺ എം.എൽ.എ അഭിപ്രായപ്പെട്ടു.

താനും ഡോ. എം. അനിരുദ്ധൻ സാറുമായുള്ളത് ഗുരു ശിഷ്യ ബന്ധമാണെന്നും അദ്ദേഹത്തെ സാർ കൂട്ടി മാത്രമേ വിളിച്ചിട്ടുള്ളു എന്നും കടപ്പെട്ടിരിക്കുന്നു എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കാലത്തിന്റെ മാറ്റത്തിനനുസരിച്ച് എത്രത്തോളം പുരോഗമനപരമായ രീതിയിൽ പ്രവർത്തിക്കണം എന്ന് ഡോ. എം.അനിരുദ്ധൻ നമ്മെ പഠിപ്പിച്ചു എന്ന് കമാൻഡർ ജോർജ് കോരുത് അഭിപ്രായപ്പെട്ടു.

ഏറ്റവും നല്ല ഒരു സംഘാടകൻ ആയിരുന്നു ഡോ. എം. അനിരുദ്ധൻ എന്നും ഫൊക്കാനയുടെ വളർച്ചയ്ക്ക് വേണ്ടിയാണ് അദ്ദേഹത്തിന്റെ പ്രവർത്തന സമയം കൂടുതൽ ചെലവഴിച്ചതെന്ന് പോൾ കറുകപ്പള്ളിൽ അഭിപ്രായപ്പെട്ടു.

നോർക്ക ഡയറക്ടർ ബോർഡ് അംഗം, മാതൃഭൂമി ഡയറക്ടർ ബോർഡ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്ന അദ്ദേഹം അമേരിക്കയിലെയും കേരളത്തിലെയും അറിയപ്പെടുന്ന ബിസിനസുകാരൻ കൂടിയാണെന്ന് ജി. കെ. പിള്ള അഭിപ്രായപ്പെട്ടു.

അമേരിക്കയിൽ പല സ്ഥലത്തായി രൂപംകൊണ്ട സാംസ്കാരിക സംഘടനകളെ ഒരു നൂലിഴയിൽ കോർത്ത് മനോഹരമായ മാല തീർക്കാം എന്ന ആ




ശയം മുന്നോട്ടുവെച്ചത് ഡോ. എം. അനിരുദ്ധനാണ് എന്ന് ജോൺ പി. ജോൺ അഭിപ്രായപ്പെട്ടു.

ഫൊക്കാന കേരള പ്രവേശം 2001 -ൽ ആദ്യമായി കേരളാ കൺവൻഷൻ സംഘടിപ്പിച്ചതും അനിരുദ്ധനാണ്. അദ്ദേഹത്തിന്റെ കഴിവും പരിശ്രമവുമാണ് ഫൊക്കാനയെ ലോകത്തിലേക്കും ഏറ്റവും വലിയ പ്രവാസി സംഘടനയാക്കി മാറ്റിയെടുത്തത് എന്ന് തമ്പി ചാക്കോ അഭിപ്രായപ്പെട്ടു.

ഫൊക്കാനയുടെ തലതൊട്ടപ്പനായി നിലകൊണ്ട അദ്ദേഹത്തിന്റെ നേതൃപാടവം ഫൊക്കാനയ്ക്ക് എന്നും ഒരു മുതൽക്കൂട്ടായിരുന്നു. അനിരുദ്ധനെ നമുക്ക് ഒരിക്കലും മറക്കാൻ കഴിയില്ലെന്ന് മാധവൻ നായരും അഭിപ്രായപ്പെട്ടു.

ആദ്യമായി ഫൊക്കാന കൊച്ചിയിൽ താജ് മലബാർ ഹോട്ടലിൽ വെച്ച് മുഖ്യമന്ത്രിമാരായിരുന്ന എ.കെ. ആന്റണി, ഇ.കെ. നായനാർ, കെ. കരുണാകരൻ എന്നിവരെ ഒരേ സ്റ്റേജിൽ കൊണ്ടുവരുകയും ഫൊക്കാന എന്ന പ്രസ്ഥാനത്തിന്റെ മികവ് തെളിയിക്കുകയും ചെയ്തു. കൊച്ചിസമ്മേളനം ഡോ. അനിരുദ്ധന്റെ സർക്കാരിലുള്ള സ്വാധീനവും സംഘാടനപാടവവും നിറഞ്ഞുനിന്ന ഒന്നായിരുന്നുവെന്ന് ജോർജി വർഗീസ് അഭിപ്രായപ്പെട്ടു.

ഫോമാ മുൻ പ്രസിഡണ്ട് ശശിധരൻ നായർ, സംഘടന ഒന്നിച്ചു പ്രവർത്തിച്ചിരുന്ന കാലത്ത് അനിരുദ്ധനുമായി പ്രവർത്തിച്ച കാര്യങ്ങൾ എടുത്തുപറയുകയും നല്ലൊരു സാമൂഹിക പ്രവർത്തകനെയാണ് നഷ്ടമായിരിക്കുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഫോമാ മുൻ പ്രസിഡണ്ട് അനിയൻ ജോർജ്, ഡോ. എം. അനിരുദ്ധൻ സാമൂഹിക പ്രവർത്തനത്തിൽ തന്റെ ഗുരുവാണെന്നും സാമൂഹിക പ്രവർത്തനം എങ്ങനെയാവണം എന്ന് താൻ പഠിച്ചത് അനിരുദ്ധൻ, മന്മഥൻ നായർ തുടങ്ങിയവരെ പോലെയുള്ള നേതാക്കളിൽ നിന്നാണെന്നും അഭിപ്രായപ്പെട്ടു. ഡോ. എം. അനിരുദ്ധന്റെ ഫാമിലിയിൽ നിന്നും മക്കളായ അനൂപ്, അരുൺ എന്നിവരും പങ്കെടുത്തു. ട്രഷറർ ജോയി ചാക്കപ്പൻ പങ്കെടുത്ത ഏവർക്കും നന്ദി രേഖപ്പെടുത്തി.

# ലൂസിഫർ എന്ന ഉഭയനക്ഷത്രം

**എൽസി ബേബി**

ലൂസിഫർ എന്ന പേരിന്റെ അർത്ഥം ഉഭയനക്ഷത്രം എന്നാകുന്നു. പക്ഷേ, നാമൊക്കെ ലൂസിഫറിനെ ഒരു പിശാചായിട്ടാണല്ലോ കാണുന്നതും കരുതുന്നതും. ആരാണീ ലൂസിഫർ? തിരുവചനം പരിശോധിച്ചാൽ ദൈവത്താൽ സൃഷ്ടിക്കപ്പെട്ട ഒരു സ്വർഗ്ഗദൂതനായിരുന്നു 'ലൂസിഫർ'! ദൈവം സൃഷ്ടിച്ച കോടാനുകോടി ദൂതന്മാരിൽ 'വെളിച്ചം' കൊണ്ടുനടക്കാൻ അഥവാ വെളിച്ചദൂതനായി ദൈവത്താൽ സൃഷ്ടിക്കപ്പെട്ട ഒരു സ്വർഗ്ഗദൂതൻ! സ്വർഗ്ഗദൂതന്മാർ ദൈവികനിയോഗപ്രകാരം നിരവധി ശുശ്രൂഷകൾ ചെയ്യുന്ന സേവകാത്മാക്കളാകുന്നു. ലൂസിഫർ എന്ന വെളിച്ചദൂതന്റെ അന്തരംഗത്തിൽ എങ്ങനെയോ 'നിഗളം' കടന്നുകൂടിയതിന്റെ ഫലമായി 'ഞാൻ സ്വർഗ്ഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കുമീതെ വെക്കും; ഉത്തര ദിക്കിന്റെ അതിർത്തിയിൽ സമാഗമപർവ്വതത്തിൽ ഞാൻ ഇരുന്നരുളും. ഞാൻ മേഘോന്നതങ്ങൾക്കുമീതെ കയറും. ഞാൻ അത്യുന്നതനോടു സമനാകും' എന്നിങ്ങനെയുള്ള 'നിഗള' ഭാവം നിറഞ്ഞവനായികണ്ടു വെളിച്ചദൂതനെ ദൈവം സ്വർഗ്ഗോന്നതങ്ങളിൽനിന്നും പാതാളത്തിലേക്കു തള്ളിക്കളയുകയുണ്ടായി. അങ്ങനെ തന്റെ വെളിച്ചം നഷ്ടപ്പെട്ടവനായി, അന്ധകാര പ്രഭുവായി, ദൈവത്തിന്റെ ശത്രുവായി, ദൈവത്തോടും ദൈവസൃഷ്ടികളോടും മത്സരിച്ച് ഒരു പിശാചായിതീർന്നു. അവനോടൊപ്പം ചില ദൂതന്മാരും അവനെ അനുഗമിച്ച് പാതാളത്തിന്റെ അധിപനായി തീർന്നു. ഏതെങ്കിലും വിധത്തിൽ തന്റെ വഞ്ചനയാലും ഭോഷ്കിനാലും ചതിയാലും ദൈവമക്കളെയും ദൈവികപ്രവൃത്തികളെയും തന്റെ അധീനതയിലാക്കുവാൻ അന്നുമുതൽ ഇന്നുവരെ പ്രവൃത്തിക്കുന്നു എന്നതാണ് ചരിത്രം.

ആദിയിൽ ദൈവം തന്റെ സ്വരൂപത്തിലും രൂപസാദൃശ്യത്തിലും സൃഷ്ടിച്ച മനുഷ്യനെ 'ഏദൻ പറുദീസ' എന്ന തോട്ടത്തിലാക്കി. "നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം തിന്നരുത്; തിന്നുന്ന നാളിൽ നീ മരിക്കും" എന്നരുളിചെയ്ത മനുഷ്യനെ ഒരു സർപ്പത്തിന്റെ വേഷത്തിൽ വന്ന് ഭോഷ്കുപറഞ്ഞ് ദൈവകല്പന ലംഘിച്ച് മരണത്തിന്നധീനനാക്കിയ ഈ പിശാച് ഇന്ന് ഏതെല്ലാം വിധത്തിലാണ് ലോകമാകമാനമുള്ള മനുഷ്യരെ തന്റെ ചതിവിനാൽ പാതാളത്തിന്നവകാശികളാക്കി തീർക്കുന്നത്?

ദൈവം അമർത്യനായി സൃഷ്ടിച്ച മനുഷ്യൻ 'മർത്യത'യുള്ളവനായിതീർന്നു. ശാരീരികവും ആത്മികവുമായി മ



ലേഖിക

രണം സംഭവിക്കാനിടയായത് ഈ സാത്താന്റെ വഞ്ചനമൂലമാകുന്നു. കാരണം, പരിശുദ്ധനായ ദൈവം സൃഷ്ടിച്ച മനുഷ്യനെ തന്റെ അനുയായികളാക്കി പാതാളത്തിലേക്കയക്കുക എന്നതുതന്നെ. ഈ പിശാചിനേക്കുറിച്ച് ഈശോമിശിഹാ വെളിപ്പെടുത്തിയിരിക്കുന്നത് പിശാച് ആദിമുതൽ കൊലപാതകനായിരുന്നു. അവനിൽ സത്യം ഇല്ലായ്കയാൽ സത്യത്തിൽ നില്ക്കുന്നതുമില്ല. അവൻ ഭോഷ്കുപറയുന്നവനും അതിന്റെ അപ്പനുമാകുന്നു" എന്നത്രെ. അതുപോലെതന്നെ പിശാച് പല പേരുകളാലാണ് അറിയപ്പെടുന്നത്. അവന്റെ സ്വഭാവത്തോടനുരൂപമായ പേരുകളാണവ. ഡെവിൾ (Devil) എന്നാൽ അപവാദി എന്നർത്ഥം. രാപകൽ ദൈവമക്കളെക്കുറിച്ചുള്ള കുറ്റങ്ങൾ കണ്ടുപിടിച്ച് ദൈവത്തോട് അവരേക്കുറിച്ചുള്ള 'അപവാദങ്ങൾ' പറയുക. അതുപോലെതന്നെ മനുഷ്യരുടെ ഇടയിലും അപവാദങ്ങൾ പറഞ്ഞുപരത്തി ഭിന്നതകളും വഴക്കുകളും പിണക്കങ്ങളും ഉണ്ടാക്കുന്നത് വഞ്ചകനായ ഈ പിശാചിന്റെ തന്ത്രമാകുന്നു. അടുത്ത പേരാണ് സാത്താൻ (Satan) എന്നത്. അതായത് 'പരിരക്ഷകൻ'. ദൈവമക്കളെ തന്റെ തന്ത്രങ്ങളാൽ വശീകരിച്ചു പാപം ചെയ്യിക്കുന്നവൻ ഈശോമിശിഹായെ പരീക്ഷിക്കാൻപോലും മടികാണിക്കാതെ ശ്രമിച്ചവനാണീ സാത്താൻ. അവൻ സാധാരണ മനുഷ്യനെ വെറുതേ വിടുമോ?

അതുപോലെ കൊലപാതകൻ, ഭോഷ്കുപറയുന്നവൻ എന്നൊക്കെ പേരുള്ളവനാകുന്നു പിശാച്. അതൊന്നും വിവരിപ്പാനിടം പോരാ. ഇന്നു നമ്മുടെ ഇടയിൽ കാണുന്ന പല ദോഷങ്ങൾക്കും തിന്മകൾക്കും ക്രൂരവിനോദങ്ങൾക്കും സാമൂഹ്യവിരുദ്ധ സ്വഭാവങ്ങൾക്കും പ്രവൃത്തികൾക്കും ഉത്തരവാദി ഈ ദൈവവിരോധിയായ പിശാചാകുന്നുവെന്ന് നാം അറിഞ്ഞിരിക്കേണ്ടതാകുന്നു. സാത്താന്റെ അനുയായികളായി അനേകം ഭൂതാത്മാക്കളുണ്ട്. അവരിലൂടെയും പ്രവർത്തിക്കുവാൻ സാത്താൻ വിദഗ്ദ്ധനാകുന്നു. സാത്താൻ ബുദ്ധിശാലിയും അപാരശക്തിയും ഉള്ളവനുമാകുന്നു. പക്ഷേ, ദൈവത്തേപ്പോലെ സർവ്വശക്തനോ പരമാധികാരിയോ സർവ്വവ്യാപിയോ ആൽഫയോ ഒമേഗയോ ഒന്നുമല്ല. അതുകൊണ്ട് വഞ്ചകനും ഭൂഷകനുമായ ഈ സാത്താന്റെ ഉപകരണങ്ങളാകാതെ, ഏകസത്യ ദൈവത്തിൽ വിശ്വസിച്ചും ആശ്രയിച്ചും ജീവിക്കുന്നതുപോലെ ധന്യമായ മറ്റൊരു ജീവിതവുമില്ല. ഇന്നു നമുക്കു ചുറ്റും നാം കാണുകയും കേൾക്കുകയും ചെയ്യുന്ന എല്ലാ അകൃത്യങ്ങളും അധർമ്മങ്ങളും ലംഘനങ്ങളും ദൈവഭയമില്ലാതെ, ദൈവികശക്തിയിലാശ്രയിക്കാതെ സ്വന്തം ബുദ്ധിയിലും ശക്തിയിലും മാത്രം ആശ്രയിച്ചു ജീവിക്കുന്നതിനാലാകുന്നു. അതുകൊണ്ട് ഈശ്വരാരാധനയിലും ഈശ്വരഭക്തിയിലും കഴിയുന്നവർക്കു കഷ്ടനഷ്ടങ്ങളോ രോഗദുഃഖങ്ങളോ മരണമോ വരികയില്ല എന്നല്ല. അങ്ങനെയുള്ള സാഹചര്യങ്ങൾ വരുമ്പോൾ ഇതൊക്കെ തമ്പുരാന്റെ ഇഷ്ടമാകുന്നുവെന്നു വിശ്വസിച്ചുകൊണ്ട് അവയിൽകൂടെ കടന്നുപോകുവാനുള്ള കൃപക്കായി അപേക്ഷിച്ചാൽ മതി. കാരണം ദൈവം നമ്മെ ഓരോരുത്തരേയും സൃഷ്ടിച്ചിരിക്കുന്നത് ചില ഉദ്ദേശ്യങ്ങളോടുകൂടിയാകുന്നു. നമ്മേപോലെ വേറൊരു വ്യക്തിയെ ദൈവം സൃഷ്ടിച്ചിട്ടില്ല. സൃഷ്ടിക്കാറുമില്ല. ഓരോ മനുഷ്യനും പ്രത്യേകം പ്രത്യേകം വ്യക്തിത്വത്തോടുകൂടിയാണ് ദൈവം സൃഷ്ടിച്ചിരിക്കുന്നത്. അതുപോലെതന്നെ, ദൈവം അറിയാതെയോ അനുവദിക്കാതെയോ നമ്മുടെ ജീവിതത്തിൽ ഒന്നും സംഭവിക്കയില്ല എന്നു വിശ്വസിക്കുക. ദൈവവുമായുള്ള അടുത്ത സമ്പർക്കത്തിലും ആശ്രയത്തിലും ജീവിക്കുന്നവർക്ക് ദൈവം തന്റെ ഹിതം വെളിപ്പെടുത്താതിരിക്കയില്ല. നാം ഏതവസ്ഥയിലായിരിക്കുന്നുവോ അതു ദൈവനിശ്ചയത്താലും ദൈവഹിതപ്രകാരവും ആകുന്നുവെന്ന് വിശ്വസിക്കുക; ആശ്വസിക്കുക. സംതൃപ്തിയടയുക. അങ്ങനെ ജീവിക്കുന്നവർക്ക് ജീവിതത്തിൽ നേരിടുന്ന ചെറുതും വലുതുമായ ഏതു പ്രതിസന്ധികളേയും തരണംചെയ്യാനുള്ള ശക്തിയും കൃപയും ദൈവം നല്കും എന്നതിന്നു സംശയം വേണ്ടാ. എല്ലാ കാര്യങ്ങൾക്കും ദൈവത്തിനു മുൻഗണന കൊടുക്കുക. ദൈവത്തിൽ മാത്രം ആശ്രയിക്കുക. ദൈവഹിതത്തിനു സ്വയം സമർപ്പിക്കുക. മറ്റുള്ളവരെ നോക്കി അവരെ അനുകരിക്കാൻ ശ്രമിക്കുന്നതു അപകടങ്ങളിലെത്തിച്ചെന്നു വരും. പിന്നെ ദൈവത്തെ പഴിച്ചിട്ട് ഒരു കാര്യവുമില്ലല്ലോ!

ഇന്നത്തെ സമ്പന്നൻ നാളെ ദരിദ്രനാകുന്നതും ദരിദ്രൻ സമ്പന്നനാകുന്നതും മറ്റും നാം കണ്ടുവരുന്ന സംഭവങ്ങളാണല്ലോ? കഷ്ടപ്പാടുകൾ നേരിടുമ്പോൾ, ദാരിദ്ര്യം അനുഭവിക്കേണ്ടിവരുമ്പോൾ, മാരകരോഗത്തിന്നടിമയാകുമ്പോഴൊക്കെ നാം ചഞ്ചലപ്പെടാറുണ്ട്. ഭയപ്പെടാറുണ്ട്. സാഹചര്യങ്ങളെ മാറ്റിമറിക്കുവാൻ ആർക്കും സാദ്ധ്യമല്ല. പക്ഷേ, ദൈവം അറിയാതെയോ

(ശേഷം 28-ാം പേജിൽ)

# പെൺകുട്ടികളുടെ ജീവിതം... ഓണർഷിപ്പ് മാറുമ്പോൾ

**രേഖാ ഫിലിപ്പ്**

എല്ലാവരും ഉണ്ടായിട്ടും ആരും ഇല്ലാത്തൊരവസ്ഥ. അത് പലരും അനുഭവിച്ചിട്ടുണ്ട്. പ്രതിസന്ധിയിൽ കൂടെ നില്ക്കേണ്ടവർ മുഖം തിരിച്ചുകളയുമ്പോഴുള്ള ദുരവസ്ഥ. വീടിനും വീട്ടുകാർക്കും വേണ്ടി സഹിച്ചു ജീവിതം നഷ്ടപ്പെടുത്തുന്ന ഒരുകൂട്ടർ, മനസ്സ് തളർന്ന് മരുന്നുകളുടെ സഹായത്തോടെ മുമ്പോട്ടു നീങ്ങുന്നു. പലരും മക്കളെ ഓർത്ത് ജീവിച്ചിരിക്കുന്നവർ. ഇങ്ങനെ കുറെ ജീവിതങ്ങൾ നഷ്ടപ്പെടുന്നതുകൊണ്ട് സമൂഹത്തിന് എന്താണാവോ ഗുണം?

പെൺകുട്ടികൾ കൊല്ലപ്പെടുമ്പോഴും ആത്മഹത്യ ചെയ്യുമ്പോഴും അത് വാർത്തയാകും. ആരുടെ കുറ്റമാണിത് എന്ന് നമ്മൾക്കറിയണം. അതോടെ കഴിഞ്ഞു ചർച്ച.

സ്ത്രീധനം, ഭർത്താവിന്റെ പീഡനം അല്ലെങ്കിൽ ചെന്നുകേറുന്ന വീട്ടിലെ അമ്മയുടെയോ സഹോദരങ്ങളുടെയോ ഉപദ്രവം. ഈ മരണങ്ങളും ആത്മഹത്യകളും നടക്കുന്നത്, കല്യാണം കഴിയുന്നതോടെ ഒരു പെൺകുട്ടിക്ക് സ്വന്തം വീട്ടിൽ തിരിച്ചു ചെല്ലാനുള്ള അവകാശമില്ലാത്തതുകൊണ്ടാണ്. ജന്മം കൊടുത്ത് 18 വയസ്സു വരെ നോക്കും. അതുകഴിഞ്ഞാൽ എന്തു വ്യത്യാസമാണ് പെൺമക്കളോടുള്ള ബന്ധത്തിന് ഉണ്ടാകുന്നതെന്ന് എനിക്കു മനസ്സിലാകുന്നില്ല.

രണ്ടുപേര് വിവാഹബന്ധത്തിനു തയ്യാറെടുക്കുമ്പോൾ അതവരുടെ ജീവിതത്തിലെ ഏറ്റവും നിർണ്ണായകമായ ഒരു തീരുമാനമാണെന്ന് നമ്മൾ ഇന്നും തിരിച്ചറിയുന്നില്ല.

ഒരുക്കങ്ങളും ചടങ്ങും ബഹളങ്ങളും ഒക്കെ തീർന്നു, ജീവിതം തുടങ്ങി, പല സത്യങ്ങൾ പുറത്തുവരുമ്പോൾ, ചക്ക അല്ലല്ലോ തുളച്ചുനോക്കാൻ എന്ന് പറയുന്നത് കേട്ടിട്ടുണ്ട്. അത് ശരിയാണ്. പക്ഷേ, മുറിച്ചുനോക്കി ഈ ചക്ക കേടാണെന്ന് മനസ്സിലാക്കുമ്പോൾ എന്തു ചെയ്യണം? എത്ര ലാഘവത്തോടെ ഇതൊക്കെ പറയാൻ കഴിയുന്നു. അതുവരെ വളർത്തി, പെൺകുട്ടി ആയതുകൊണ്ട് പല സ്വാതന്ത്ര്യങ്ങളും നിഷേധിച്ച, അവളുടെ ജീവിതത്തിലെ മിക്ക തീരുമാനങ്ങളും എടുത്തു. എവിടുന്നോ കണ്ടുപിടിച്ചു ഒരാളുടെ കൂടെ പറഞ്ഞുവിട്ടതോടെ ഓണർഷിപ്പ് മാറി. ഇനി എല്ലാം അവളുടെ വിധി. വീട്ടുകാരുടെ സംരക്ഷണത്തിന് അങ്ങനെ ഒരു എക്സ്പയറി ഡേറ്റ് ഉണ്ടോ?

വിധിയുമല്ല ഭാഗ്യക്കേടുമില്ല. മാതാപിതാക്കൾ അവർക്കു പറ്റിയ പിഴവ് അംഗീകരിക്കുകയോ തിരുത്തുകയോ ചെയ്യാൻ തയ്യാറാകാതെ പെൺകുട്ടികളെ ഈ സാഹചര്യങ്ങളിൽ ഉപേക്ഷിക്കുകയാണ് ചെയ്യുന്നത്. അപ്പോൾപ്പിന്നെ പെൺകുട്ടികൾ ആരോടാണ് സഹായം ചോദിക്കേണ്ടത്? നാട്ടിൽ മാത്രമല്ല, വിദ്യാഭ്യാസം കുറഞ്ഞവരുടെ ഇടയിലുമല്ല, നമ്മുടെ ചുറ്റുമുണ്ട് ഒന്നും പറയാതെ സഹിച്ചു കഴിയുന്നവർ.



ലേഖിക

എന്തുകൊണ്ട് വീട്ടുകാരെ അറിയിച്ചില്ല, ആരോടും എന്തുകൊണ്ട് പറഞ്ഞില്ല എന്നൊക്കെ ചോദിക്കുന്നവരോട്, ഈ പെൺകുട്ടികൾക്ക് കല്യാണം കഴിച്ചു പുതിയ വീട്ടിൽ ചെന്ന് പീഡനം അനുഭവിക്കണം എന്ന് നേർച്ചയൊന്നും ഇല്ല. അച്ഛനോടോ അമ്മയോടോ ഇതിനെപ്പറ്റി പറയുമ്പോൾ അവിടെനിന്നും കിട്ടുന്ന പ്രതികരണങ്ങൾ മതി മനസ്സിലാക്കാൻ അവരുടെ നിലപാട് എന്താണെന്ന്. ഇങ്ങനെയുള്ള പീഡനത്തിൽ നിന്ന് രക്ഷപ്പെടാൻ, തിരിച്ചു ജനിച്ച വീട്ടിലേക്ക് എത്രപേർക്ക് അധികാരത്തോടെ മടങ്ങിച്ചെല്ലാൻ കഴിയും?

നല്ല വിവാഹബന്ധം എന്ന് പറയുന്നത് ഒരു ദൈവാനുഗ്രഹം ആണ്. ആരുടെയും കഴിവൊന്നുമല്ല. നല്ല ഒരു ദാമ്പത്യജീവിതം, അതിന് ആദ്യം വേണ്ടത് ചേരേണ്ടവർ തമ്മിൽ ചേരുക എന്നതാണ്. എത്ര കല്യാണങ്ങൾ അങ്ങനെ നടക്കുന്നുണ്ട്? ഒരുപാട് പൊരുത്തങ്ങൾ നമ്മൾ നോക്കും. സാമ്പത്തിക നില, വിദ്യാഭ്യാസം, മതം, ജാതി, നിറം ഇങ്ങനെ പലതും.

പയ്യന്റെ വീട്ടുകാർ മകന്റെ സ്വഭാവം നന്നാക്കാൻ, വീട്ടിലെ കടം തീർക്കാനും സ്വന്തം മകളെ കെട്ടിക്കാനുള്ള കാശിനുവേണ്ടിയും ഒക്കെ പലപ്പോഴും കല്യാണം നടത്തുന്നത്. എവിടെയോ ജനിച്ചു തങ്ങളുടെ വീട്ടിൽ വരുന്ന ഒരു പെണ്ണിന്റെ ജീവിതത്തിന്, അവളുടെ സ്വപ്നങ്ങൾക്ക് ഇതിന്റെയിടയിൽ എവിടെയാണ് സ്ഥാനം? സ്വാർത്ഥ താല്പര്യങ്ങളാണ് മിക്ക കല്യാണബന്ധങ്ങളുടെയും പിന്നിൽ. ഇതിനൊന്നും ആരും ഒരു കുഴപ്പവും കാണുന്നില്ല.

വിദ്യാഭ്യാസം ഉള്ളവരിൽ ചിലരൊക്കെ കുറച്ചു കഴിയുമ്പോൾ മനസ്സിലാക്കും, ആരും വരില്ല രക്ഷിക്കാൻ എന്ന സത്യം. ജോലിയുണ്ടെങ്കിൽ ആരെയും ബുദ്ധിമുട്ടിക്കാതെ സമാധാനത്തോടെ മുമ്പോട്ട് ജീവിക്കാം. പക്ഷേ, ആ ഒരു തിരിച്ചറിവ് പ്രായത്തിനൊപ്പമേ ഉണ്ടാകൂ. നഷ്ടപ്പെടുന്നത് എന്റെ ജീവിതം ആണെന്ന തിരിച്ചറിവ്, ധൈര്യം തരാൻ ആരും ഉണ്ടാകില്ല, തികച്ചും ഒറ്റപ്പെടുന്ന ഒരു തീരുമാനം.

സങ്കടകരമായ സത്യം എന്താണെന്നോ? ഇന്നും ഇങ്ങനെ കല്യാണങ്ങൾ നടക്കുകയും അതിൽപ്പെട്ട് പെൺകുട്ടികൾ മരണപ്പെടുകയും ചെയ്യുന്നു. ഒരു തെറ്റുപറ്റുമ്പോൾ നമ്മൾ തിരുത്തുന്നതുപോലെ, കള്ളം പറഞ്ഞും പറ്റിച്ചും നടത്തുന്ന കല്യാണങ്ങൾ എന്തുകൊണ്ട് തിരുത്തിക്കൂടാ? മകളെ ഉപദ്രവിക്കുന്ന ഭർത്താവിന്റെ അടുക്കൽ നിന്നും എന്തുകൊണ്ട് തിരിച്ചു കൊണ്ടുവന്നുകൂടാ?

നമ്മൾക്ക് ഇതൊക്കെ അറിയാം. ചുറ്റുമുള്ള വീടുകളിൽ നടക്കുന്നതും അറിയാം. പക്ഷേ, നമ്മൾ എന്തിന് ഇടപെടണം? ഒരു സ്ത്രീ വിവാഹമോചിത ആയാൽ നമ്മുടെ സമൂഹം എങ്ങനെയാണ് അവളോട് പെരുമാറുന്നത്? എന്നിട്ട് എന്തിനാണ് പെൺകുട്ടികൾ ആത്മഹത്യ ചെയ്യുന്നു എന്നറിയുമ്പോൾ അനുകമ്പ അഭിനയിക്കുന്നത്?

ഇന്നത്തെ പെൺകുട്ടികൾ കല്യാണം കഴിക്കാത്തതും ഇതുകാരണമാണ്. നമ്മുടെ ഇടയിൽ കല്യാണങ്ങൾ കൊണ്ട് മറ്റ് പല ഉദ്ദേശ്യങ്ങൾ ആണ്. അതിന് അവർ ഇനി നിന്ന് തരുന്നില്ല. മാതാപിതാക്കൾ അവർക്ക് വിദ്യാഭ്യാസം നല്കിയാൽ, അവർ സമാധാനമായി ജോലി ചെയ്ത് ജീവിച്ചോളും. ആർക്കും ഭാരമാകാതെ. പെൺമക്കൾ കല്യാണം കഴിക്കാതെ ജീവിച്ചാൽ മാനം ഇടിഞ്ഞുവീഴില്ല. അല്ലെങ്കിൽ നിങ്ങൾ അവരുടെ സന്തോഷവും സുരക്ഷയും ഉറപ്പുവരുത്തണം.

ഞാനൊരു തെറാപ്പിസ്റ്റ് അല്ല, കുറച്ച് ജീവിതാനുഭവങ്ങൾ ഉണ്ട്. ചർച്ചയ്ക്കും പുതിയ ചിന്തകൾക്കും ഒരു തുടക്കമാകട്ടെ എന്നു കരുതി ചിലപ്പോഴൊക്കെ എഴുതാറുണ്ട്. നിങ്ങളുടെ അറിവിൽ ആർക്കെങ്കിലും ഇങ്ങനെയുള്ള പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അത് കണ്ടില്ല എന്നു നടിക്കരുത്. ജീവിതത്തിൽ ആഗ്രഹിച്ച പോലെ എല്ലാം നടക്കില്ലല്ലോ. അതുപോലെയാണ് ചില വിവാഹങ്ങളും. ദയയുള്ള ഒരു സമൂഹം. അതായി മാറാൻ കഴിയണം. ഈ പെൺകുട്ടികൾക്ക് മരിക്കേണ്ടി വരില്ല, അവർ ജീവിതം തിരിച്ചുപിടിച്ചോളും.

# എസ്സൻസ് ഗ്ലോബൽ യുഎസ്എ & esSENSE Fest USA' 25 @ Chicago

**ജോബോയ് തോമസ്**

ചിക്കാഗോ: 2024 മുതൽ യുഎസിൽ ഗ്ലോബൽ esSENSE സജീവമാണ്. കഴിഞ്ഞവർഷം മെയ് 25-ന് ഡിട്രോയിറ്റിൽ തങ്ങളുടെ ആദ്യ വാർഷിക സമ്മേളനം നടത്തി. തുടർന്ന് ഹൂസ്റ്റണിൽ വെച്ച് ജൂൺ 28-ന് TexSENSE എന്ന തലക്കെട്ടിൽ മറ്റൊരു സെമിനാർ കൂടി വിജയകരമായി നടന്നു. രവിചന്ദ്രൻ സി. ഉൾപ്പെടെ നിരവധി പ്രമുഖർ ഇതിൽ പങ്കെടുത്തിരുന്നു.




ഈ വർഷം esSENSE Global USA സംഘടിപ്പിക്കുന്ന ശാസ്ത്രീയ സ്വതന്ത്രചിന്താ സെമിനാർ ആഗസ്റ്റ് 2-ന് ശനിയാഴ്ച 8.30 മുതൽ 6 വരെ ചിക്കാഗോയിൽ ക്നാനായ കമ്യൂണിറ്റി സെന്ററിൽ വെച്ച് നടക്കുന്നു. Address: 1800 E Oakton St., Des Plaines, IL 60018.

വിവിധ ശാസ്ത്ര സാമൂഹിക വിഷയങ്ങളിൽ പ്രമുഖർ പങ്കെടുക്കുന്ന ഡിബേറ്റ്, പാനൽ ചർച്ച, അവതരണങ്ങൾ എന്നിവയാണ് പ്രധാന പരിപാടികൾ, കൂടാതെ കലാപരിപാടികൾ, മെന്റലിസം ഷോ തുടങ്ങിയ വിനോദപരിപാടികളും ഉണ്ടായിരിക്കുന്നതാണ്. മാതൃഭൂമി ചാനലിലെ പ്രമുഖ മാധ്യമ പ്രവർത്തകനായ അഭിലാഷ് മോഹനൻ, എഴുത്തുകാരനും പ്രസംഗകനുമായ ടോമി സെബാസ്റ്റ്യൻ എന്നിവരാണ് വിദേശത്തു നിന്നെത്തുന്ന ഈ വർഷത്തെ പ്രധാന അതിഥികൾ.

പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് ഈ ലിങ്ക് (https//shorturl.at/EZORU) ഉപയോഗിച്ചു രജിസ്റ്റർ ചെയ്യാം. അന്വേഷണങ്ങൾക്ക് +1-248-635-2798, +1-248-837-0402 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. പ്രവേശനം സൗജന്യമാണ്.

**Small Business Accounting LLC**

**Personal and Business Tax Services**



Tino Simon Mundaplackil

Phone:630-635-3615
Email: tino@greatwaysinc.com
1001 E Chicago Ave, Suite 151,
Naperville, IL 60540

Free Electronic Filing



Pramod Zacharias, E.A.

**HOUSING PLOTS FOR SALE AT MONIPPALLY**

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**

# കണ്ടാലും കൊണ്ടാലും പഠിക്കാത്ത നമ്മൾ

**കാളിയാർ തങ്കപ്പൻ**

ഒരു കാര്യം തീർച്ചയാണ്. നമുക്ക് കാര്യമായ എന്തോ സംഭവിച്ചിട്ടുണ്ട്. വളച്ചുകെട്ടൊന്നും കൂടാതെ പറയട്ടെ, പരിഷ്കൃത ലോകത്തിനു മുമ്പിൽ തല കുനിച്ചു നില്ക്കേണ്ടിവരുന്ന ഒരു പ്രത്യേകതരം മാനസികാവസ്ഥയിൽ നാം അകപ്പെട്ടിരിക്കുന്നു. ഒഴിഞ്ഞുപോകാത്ത ഏതോ ഒരു മുജ്ജന്മശാപം പോലെ പിടിമുറുക്കിയിരിക്കുന്ന ആ പ്രതിഭാസം ഇന്ന് ഒരു ജനതയെ ആകമാനം കീഴ്പ്പെടുത്തിയിരിക്കുകയാണ്. നമ്മൾ എങ്ങനെയാണ് ഇങ്ങനെയായിത്തീർന്നത്? ആർക്ക് എവിടെയാണ് പിഴച്ചത്?

പ്രായംചെന്നവരോട് ചോദിച്ചാൽ ഒരു പഴഞ്ചൊല്ലായിരിക്കും മറുപടി. ‘അറിയാത്ത പുള്ള ചൊറിയുമ്പോളറിയും’. പുതിയ തലമുറയോടെങ്ങാൻ ചോദിച്ചുപോയാൽ പണി തീർന്നതുതന്നെ. അവർ നമ്മെ കടിച്ചു കുടഞ്ഞ് നിലത്തടിക്കും. പിന്നെ വീരവാദങ്ങളുടെ ഒരു പെരുമഴ തന്നെയായിരിക്കും. ഇത്ര പിന്തിരിപ്പന്മാരായിപ്പോയല്ലോ നിങ്ങളൊക്കെ. അമ്പതു വർഷം മുമ്പ് ജീവിച്ചതുപോലെ ഇപ്പോഴും കഴിയണമെന്നു വാശിപിടിക്കുന്നത് എന്തൊരു വിഡ്ഢിത്തമാണ്. ഇത് ഇന്റലക്ചൽ മുന്നേറ്റങ്ങളുടെ കാലമാണ്. കൊച്ചുകുട്ടികളെ നോക്കൂ. ഡ്രോണും യോറ്റോ പ്ലേയറും എഐ റോബോട്ടുമൊക്കെ വീട്ടിലിരുന്ന് തനിയെ നിർമ്മിച്ചു കളിക്കുകയാണവർ. പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾ സിനിമാ സ്ക്രിപ്റ്റ് എഴുതുന്നു. ഹൈസ്കൂൾ വിദ്യാർത്ഥികൾ സിനിമ പിടിക്കുന്നു. ശാസ്ത്ര-സാങ്കേതിക വളർച്ചയെക്കുറിച്ച് പറയാൻ തുടങ്ങിയാൽ ആയിരം നാവാണ് ന്യൂജെൻസിന്. ചന്ദ്രനിലേക്ക് പോകുമ്പോൾ എന്തു ഡ്രസ്സാണ് ധരിക്കേണ്ടത് എന്നുപോലും ചിന്തിച്ചുറച്ചവരാണ് അവരൊക്കെ. എല്ലാം അവർക്കറിയാം. ഒന്നും അങ്ങോട്ടു കയറിപ്പറഞ്ഞു കൊണ്ടുക്കേണ്ടതില്ല. അവരുടെ ആവനാഴിയിലെ അവസാനത്തെ ആയുധം ആരെയും തളർത്തിക്കളയും. ‘ഇത് കേരളമാണ്-പ്രബുദ്ധകേരളം.’

നാഴികയ്ക്കു നാല്പതുവട്ടം ഉദ്ഘോഷിക്കപ്പെടുന്ന ഈ അലങ്കാര വാക്യം കേട്ടുകേട്ടു മനസ്സ് മടുത്തവരാണ് നമ്മൾ. യഥാർത്ഥത്തിൽ ഇത്ര മാത്രം അഭിമാനിക്കുവാനും ഊറ്റംകൊള്ളുവാനുമൊക്കെ യോഗ്യരാണോ നമ്മൾ. ഇതഃപര്യന്തം നാം ആർജ്ജിച്ചെടുത്ത സകല നേട്ടങ്ങളെയും ഒറ്റയടിക്ക് നിഷ്പ്രഭമാക്കുന്ന തരത്തിലുള്ളതല്ലേ നമ്മുടെ ‘കയ്യിലിരുപ്പുകൾ’. അതൊക്കെ മറച്ചുപിടിക്കുവാനാണോ ഈ വാചാടോപങ്ങളൊക്കെ. കരിപുരണ്ട ആ കപടമുഖം ഇനിയും എത്ര കാലം ഒളിച്ചുവെക്കാൻ നമുക്കു കഴിയും? മലയാളി (നമ്മുടെ) യുടെ വെള്ള പൂശിയ ആ മുഖംമൂടി വലിച്ചെറിയുകയാണ് ഇവിടെ, ഈ എളിയ ലേഖകൻ.

‘പണം കായ്ക്കുന്ന ഒരു മരമുണ്ട്’ എന്നാരെങ്കിലും പറഞ്ഞാൽ, ‘അതിന്റെ ഒരു തൈ കിട്ടുവാനെന്താണ് മാർഗ്ഗം?’ എന്ന് ആകാംക്ഷയോടെ ചോദിക്കുന്ന ഒരു ജനസമൂഹം ഇന്നും ഭൂമുഖത്തുണ്ട്. മലയാളികളെക്കുറിച്ചുള്ള ഈ അത്യാധുനിക ഫലിതം തികച്ചും അതിശയോക്തിപരമായിത്തോന്നാം. എന്നാൽ, അതിനെയൊക്കെ വെല്ലുന്ന തരത്തിലുള്ള പമ്പര വിഡ്ഢിത്തങ്ങളിലും ഭൂലോക തട്ടിപ്പുകളിലുമാണ് നമ്മൾ നിരന്തരം അകപ്പെട്ടുകൊണ്ടിരിക്കുന്നത് എന്ന സത്യം ആർക്കാണ് നിഷേധിക്കുവാൻ കഴിയുക. കേരളത്തിലെ മാധ്യമങ്ങളിൽ ഈയടുത്തകാലത്ത് ഏറ്റവും പ്രാധാന്യത്തോടെ വന്നുകൊണ്ടിരിക്കുന്ന വാർത്തകളൊക്കെത്തന്നെ ഞെട്ടിപ്പിക്കുന്ന വിധത്തിലുള്ള തട്ടിപ്പുകൾ തുറന്നുകാട്ടുന്നവയാണ്. ഒരു മനുഷ്യനെ പരമാവധി എങ്ങനെയൊക്കെ കബളിപ്പിക്കാം, എന്തുമാത്രം ചൂഷണം ചെയ്യാമെന്നൊക്കെ ശാസ്ത്രീയമായി പഠിക്കണമെങ്കിൽ മലയാള മാധ്യമങ്ങൾ പതിവായി ശ്രദ്ധിച്ചുകൊണ്ടിരുന്നാൽ മാത്രം മതി. പകുതിവിലയ്ക്ക് സ്കൂട്ടർ മുതൽ കോടാനുകോടി രൂപയുടെ ‘ഹൈറിച്ച്’ പദ്ധതികൾ വരെ നിർബാധം നടപ്പിലായത് നമ്മുടെ കേരളം കേന്ദ്രീകരിച്ചാണ്. ഇതിലൊക്കെപ്പെട്ടു പോകുന്നത് വെറും സാധാരണക്കാരോ അക്ഷരാഭ്യാസമില്ലാത്തവരോ ഒന്നുമല്ല എന്നതാണ് ഏറ്റവും രസാവഹം. ഉന്നത വിദ്യാഭ്യാസ യോഗ്യതയുമായി ആറക്കത്തിനുമേൽ ശമ്പളം വാങ്ങുന്നവരും മറ്റുമാണ് ഈ കൊടുംചതികളിൽ വീണുപോകുന്നത് എന്നു കേൾക്കുമ്പോൾ സാധാരണക്കാർ മൂക്കത്തു വിരൽവെച്ചു പോകും.

ഈയടുത്തകാലത്ത് ‘മണിചെയിൻ’ ഇടപാടുമായി ബന്ധപ്പെട്ട് ഒരു ഉയർന്ന പോലീസ് ഓഫീസർ തന്റെ സതീർത്ഥ്യൻ കൂടിയായിരുന്ന ഒരു കോളജ് അദ്ധ്യാപകനോട് ചോദിച്ചു. “എങ്കിലും സുഹൃത്തേ, താങ്കളെപ്പോലുള്ളവരൊക്കെ ഈ കൊടുംചതിയിൽ വീണുപോയെന്നു വിശ്വസിക്കാൻ തന്നെ പ്രയാസം. ഇതെങ്ങനെ സംഭവിച്ചു?” വളരെ പതുങ്ങിയ ശബ്ദത്തിൽ തെല്ലൊരു ലജ്ജയോടെയുള്ള ആ അദ്ധ്യാപകന്റെ മറുപടി ഇതായിരുന്നു: “പറ്റിപ്പോയി. ഇനി പറഞ്ഞിട്ടു കാര്യമില്ലല്ലോ.”

ഈ ‘പറ്റിപ്പോകൽ’ ഇന്നോ ഇന്നലെയോ തുടങ്ങിയതൊന്നുമല്ല. 1970-കളിൽ ഈ കുടിലതന്ത്രം ആധുനിക കേരളത്തിൽ അരങ്ങേറിയത് കാർഷിക-ഉത്തേജക വേഷത്തിലായിരുന്നു. ആട്, കോഴി, മാഞ്ചിയം, തേക്ക് തുടങ്ങിയ ആ പദ്ധതികളിലേക്ക് ചതിയെന്തെന്നറിയാത്ത നിഷ്ക്കളങ്കരായ കർഷകർ ആകർഷിക്കപ്പെട്ടു. ആ വഞ്ചനയുടെ തിക്തഫലങ്ങൾ അനുഭവിച്ചവരിൽ പലരും ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. ചിലരൊക്കെ ആത്മഹത്യ ചെയ്തു. നിരവധി കുടുംബങ്ങൾ വഴിയാധാരമായി. ആയിരങ്ങളെ കണ്ണീരിലാഴ്ത്തിയ ആ പരിപാടി പൊളിഞ്ഞടങ്ങിയെങ്കിലും അതിന്റെ രൂപഭാവങ്ങളും പേരുകളുമൊക്കെ മാറ്റി പൂർവ്വാധികം ശക്തിയോടെ അവയൊക്കെ ഇപ്പോഴും നമ്മുടെയിടയിൽത്തന്നെ വിലസുന്നുണ്ട് എന്നുള്ളതാണ് വസ്തുത. പുതിയ വീഞ്ഞ്, പുതിയ കുപ്പി, കണ്ണഞ്ചിപ്പിക്കുന്ന പുതുപുത്തൻ ലേബലുകൾ. ‘മൾട്ടിസ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ്സ്, ധനവാരിധി, ഫാം ഫെഡ്, കുബേരഭരണി, റൊമാൻസ് ഡിപ്പോസിറ്റ്സ്’ പ്രൗഢഗംഭീരവും അർത്ഥസമ്പുഷ്ടവുമായ ഈ പേരുകൾ അവയിൽ ചിലതുമാത്രം. രൂപരേഖകളും അവതരണരീതികളുമെല്ലാം വ്യത്യസ്തമായിരിക്കുമെങ്കിലും ‘ഫ്രോഡ്’കൾക്കെല്ലാം ഒരു പൊതുസ്വഭാവമുണ്ട്. എല്ലാവരുടെയും തുടക്കം ഏതാണ്ട് ഇങ്ങനെയൊക്കയായിരിക്കും.


ലേഖകൻ

വിലയേറിയ സൺഗ്ലാസും കസ്റ്റമൈസ്ഡ് ത്രീപീസും ധരിച്ച് സുമുഖനായ ഒരാൾ ഒരു വലിയ ആഡംബര ക്കാറിന്റെ പിൻസീറ്റിൽ നിന്നും സുസ്മേരവദനനായി മെല്ലെ പുറത്തിറങ്ങുന്നു. അനന്തരം ഒരു ജാലവിദ്യക്കാരന്റെ കയ്യടക്കത്തോടെ തന്റെ മികവുറ്റ വാചാലതയുടെ വിശാലമായ വാതായനങ്ങൾ തുറക്കുകയായി. പ്രഥമ വീക്ഷണത്തിൽത്തന്നെ സാധാരണക്കാരെ പിടിച്ചു നിർത്താൻ ഇതൊക്കെ ധാരാളം മതി. അല്പം ഇംഗ്ലീഷിന്റെ മേമ്പൊടി കൂടിയുണ്ടെങ്കിൽ പറയാനുമില്ല. വിദ്യാസമ്പന്നരെന്നഭിമാനിക്കുന്നവരെപ്പോലും നിമിഷനേരം കൊണ്ട് ആരാധകരാക്കി മാറ്റുന്ന ആ ‘രസതന്ത്രം’ വിജയിച്ചുകഴിഞ്ഞാൽ പിന്നെ കാര്യങ്ങളെല്ലാം എളുപ്പമായി. പറയുന്നതൊക്കെ വേദവാക്യങ്ങൾ. ഇനിയാണ് അതിനിർണ്ണായകമായ നീക്കങ്ങൾ. ‘ലോകപ്രസിദ്ധ’മായ തന്റെ ബിസിനസ് സാമ്രാജ്യത്തിന്റെ പൂർണ്ണ വിവരങ്ങളടങ്ങിയ ‘ബ്രോഷർ’ പതുക്കെ പുറത്തെടുക്കുന്നു. സുപ്പീരിയർ ക്വാളിറ്റിയിലുള്ള വിലയേറിയ പ്രിന്റിങ് പേപ്പറിലെ മിന്നിത്തിളങ്ങുന്ന ചിത്രങ്ങളിൽ ബോയിങ് വിമാനത്തിന്റെ പാർട്സുകൾ മുതൽ സർജിക്കൽ ഗ്ലൂ വരെയുണ്ടാകും. അടുത്ത പേജുകൾ മറിക്കുമ്പോഴാണ് ആരാധകർ അത്ഭുതാദരവുകളോടെ വായ് പിളർന്നു നിന്നുപോകുന്നത്. ഉന്നതരായ പോലീസ് ഓഫീസർമാരും സിനിമാ-സെലിബ്രിറ്റികളും മുതൽ മന്ത്രിമാർ വരെ പങ്കെടുക്കുന്ന ഷോറൂം ഉദ്ഘാടനങ്ങൾ, സിമ്പോസിയങ്ങൾ, ഡിന്നർ പാർട്ടികൾ അങ്ങനെ ഒരു ചലച്ചിത്രത്തിലെന്നതുപോലെ മിന്നിമറയുന്ന സ്നാപ്പുകൾ. ഇതിനെല്ലാം പുറമെ ഐഎഎസ്, ഐപിഎസ് ഓഫീസർമാർ ബ്രാൻഡ് അംബാസഡർമാരും പഞ്ചായത്ത് പ്രസിഡണ്ടുമാർ രക്ഷാധികാരികളും കൂടിയാകുമ്പോൾ ജനവിശ്വാസം അതിന്റെ പാരമ്യത്തിലെത്തുവാൻ ഇനി മറ്റെന്താണ് വേണ്ടത്? വിശ്വാസം, അതല്ലേ എല്ലാം. ടിപ്പുസുൽത്താന്റെ വാളും, അശോകന്റെ സിംഹാസനവും ദുഷ്യന്തൻ ശകുന്തളയ്ക്കു കൊടുത്ത മോതിരവുമെല്ലാം ഒരുനോക്കു കാണുവാനും എത്ര പണം മുടക്കിയിട്ടായാലും മഹത്തായ ആ ബിസിനസ്സിൽ ഒന്നു പങ്കുചേരുവാനും ആളുകൾ ഓടിക്കൂടുന്നതിന്റെ രഹസ്യവും മറ്റൊന്നല്ല; കറതീർന്ന വിശ്വാസം അതൊന്നുമാത്രമാണ്.

ഇത്രയുമെല്ലാം പറഞ്ഞുപോയതുകൊണ്ട് മലയാളികളൊക്കെ വെറും വിഡ്ഢികളാണ് എന്നൊന്നും അർത്ഥമാക്കേണ്ടതില്ല. നേരിട്ടുകണ്ട് ബോദ്ധ്യപ്പെടാതെ ഒന്നും വിശ്വസിക്കില്ലെന്നു ദൃഢവ്രതമെടുത്തിട്ടുള്ള നമ്മൾ കൂർമ്മബുദ്ധിക്കും പേരുകേട്ടവരാണ്. പ്രമാദമായ കേസുകളിലെ എത്ര സങ്കീർണ്ണമായ നിയമക്കുരുക്കുകളിൽ നിന്നുപോലും സൂത്രപ്പഴുതുകളി (ലൂപ്പ്ഹോൾ) ലൂടെ രക്ഷപ്പെടുവാനുള്ള അസാമാന്യ പാടവമുള്ളവരാണ്. ഏതൊരു വിളഞ്ഞ വ്യാജനെയും എത്ര വലിയ ആൾക്കൂട്ടത്തിനിടയിൽ നിന്നുപോലും നിഷ്പ്രയാസം തിരിച്ചറിയാൻ കഴിവുള്ള മലയാളികളുണ്ട്. ഇതിനെല്ലാം പുറമെ, ലക്ഷണശാസ്ത്രം, മുഖലക്ഷണം, ഭൂതലക്ഷണം തുടങ്ങി മനുഷ്യമനസ്സിന്റെ നിഗൂഢതകളിലേക്ക് അനായാസം ഇറങ്ങിച്ചെല്ലുവാനുള്ള പ്രാവീണ്യം നേടിയവരാണ് നമ്മൾ.പക്ഷേ, മേൽപ്പറഞ്ഞ പാണ്ഡിത്യവും യുക്തിബോധവുമൊക്കെയുള്ള മലയാളി സകലതും മറന്ന് സാഷ്ടാംഗം വീണുപോകുന്ന ഒരു രംഗമുണ്ട്. ‘ഒന്നുവെച്ചാൽ രണ്ട് കിട്ടും. വരൂ... വരൂ..’ എന്ന ഒരൊറ്റ വിളികേട്ടാൽ പിന്നെ ഒരു സംശയവുമില്ല. ഉണ്ണാനുരുട്ടിയ ചോറ് പാത്രത്തോടെ മാറ്റിവെച്ച് മലയാളി പാഞ്ഞെത്തും. ലജ്ജാകരമായ നമ്മുടെ ഈ ദൗർബല്യമാണ് സകലവിധ ‘തരികിട’കൾക്കും വളക്കൂറുള്ള മണ്ണായി ഈ നാട് പരിണമിക്കുവാനുള്ള ഒരേയൊരു കാരണം.

വേട്ടക്കാരനും ഇരയും തമ്മിലുള്ള ഒരു പ്രത്യേകതരം മാനസികപ്പൊരുത്തമാണ് ഇവിടെയെല്ലാം നാം കാണുന്നത്. മാടപ്രാവിന്റെ ഹൃദയനൈർമല്യമഭിനയിച്ച് പരമാവധി ആകർഷണീയതയോടെയായിരിക്കും ഏതൊരു ‘കറക്കുകമ്പനി’ക്കാരനും പ്രത്യക്ഷപ്പെടുക.

(ശേഷം 28-ാം പേജിൽ)


## കേരളാ എക്സ്പ്രസ് വാരാന്ത്യം

കഴിഞ്ഞ 32 വർഷങ്ങളായി അമേരിക്കൻ മലയാളികളുടെ വാർത്തകളുടേയും ചിന്തകളുടേയും നേർപതിപ്പായ കേരളാ എക്സ്പ്രസ്സ് ഈ മാസം മുതൽ സാഹിത്യം, സിനിമ, യാത്രാക്കുറിപ്പുകൾ, സോഷ്യൽ മീഡിയ കുറിപ്പുകൾ എന്നിവയ്ക്കായി രണ്ട് പേജുകൾ നീക്കിവെയ്ക്കുന്നു.

കാച്ചിക്കുറുക്കിയ രചനകളാണ് കൂടുതലായും പരിഗണിക്കുക. മതപരമായ വിഷയങ്ങൾ ഒഴിവാക്കേണ്ടതാണ്. തിരക്കുകളുടെ ലോകത്ത് സജീവമായ മനുഷ്യന് ചുരുങ്ങിയ വാക്കുകളിൽ എല്ലാം കാണാനും കേൾക്കാനുമാണ് താല്പര്യം. എഴുതുന്നവർക്കും, എഴുതി തുടങ്ങുന്നവർക്കും കേരളാ എക്സ്പ്രസ്സിന്റെ ഈ പംക്തിയിലേക്ക് സ്വാഗതം.

രചനകൾ അയക്കുന്നവരുടെ പൂർണ്ണമായ മേൽവിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കേണ്ടതാണ്. യൂണിക്കോഡ് ഫോർമാറ്റിലാണ് രചനകൾ അയക്കേണ്ടത്. രചയിതാവിന്റെ ഫോട്ടോയും രചനകൾക്കൊപ്പം അയക്കേണ്ടതാണ്. ദീർഘമായ രചനകൾ അയയ്ക്കേണ്ടതില്ല. രചനകൾ പ്രസിദ്ധീകരിക്കുവാനുള്ള തീരുമാനം പൂർണ്ണമായും എഡിറ്റോറിയൽ ബോർഡിനായിരിക്കും.

രചനകൾ അയയ്ക്കേണ്ട വിലാസം:
news@keralaexpress.com

## വഴിത്താരകൾ

കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago

കേരളാ എക്സ്പ്രസ്സിലെ ശ്രദ്ധേയമായ പംക്തി

നിങ്ങളുടെ ജീവിതം ഞങ്ങളോട് പറയാൻ താല്പര്യമുണ്ടോ?
വെറും ജീവിതമല്ല കേട്ടോ,
മറ്റുള്ളവർക്ക് വേണ്ടി മാറ്റിവെച്ച ജീവിതം,
മാതൃകയാക്കാവുന്ന ജീവിതം,
ഉണ്ടെങ്കിൽ മുഖത്ത് നോക്കി നിങ്ങളുടെ കഥ പറയാം

ഇതാ ഒരു സുവർണ്ണാവസരം..!
കേരളാ എക്സ്പ്രസിന്റെ 'വഴിത്താരകൾ' എന്ന പംക്തിയിലൂടെ

ഇനി ലോകം നിങ്ങളെ അറിയട്ടെ

വിശദവിവരങ്ങൾക്കായി കേരള എക്സ്പ്രസ്സ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുമായി (630)728-7956 ബന്ധപെടുക.

# മഴത്തുള്ളിയിലെ മയൂര നടനം

അനീറ്റ മാത്യു മേലാണ്ടശ്ശേരിൽ

മനുഷ്യ ജീവിതത്തിൽ നൃത്തമെന്ന കലാരൂപത്തിന് വളരെയധികം പ്രാധാന്യമുണ്ട്. ശരീരത്തിന്റെ ചലനത്തിന് അപ്പുറത്ത് ആത്മാവിന്റെ ഭാഷയാണ് നൃത്തം. സംസ്കാരത്തെയും പാരമ്പര്യത്തെയും പ്രതിനിധീകരിക്കുന്ന ശാസ്ത്രീയ നൃത്തത്തിൽ ആത്മീയതയും ഭക്തിയും നിറഞ്ഞിരിക്കുന്നു. സാമൂഹിക ബന്ധം വളർത്തുവാനും ആഘോഷങ്ങൾക്ക് കൂടുതൽ നിറം നൽകുവാനും ഇതുവഴി സാധിക്കുന്നു.




മഴത്തുള്ളി മീഡിയയുടെ നേതൃത്വത്തിൽ എഡ്മണ്ടനിൽ വെച്ചു നടത്തപ്പെട്ട മയൂര 2025 എന്ന മനോഹരമായ നൃത്ത മത്സരം കണ്ണിനും കാതിനും ഒരുപോലെ കുളിർമ്മയേകുന്നതായിരുന്നു. കലയുടെ മികവിനേയും സാഹോദര്യ ബോധത്തേയും ഒരുപോലെ ആഘോഷിച്ച ഉത്സവം എന്നുവേണം എനിക്കിതിനെക്കുറിച്ച് വർണ്ണിക്കാൻ. നൃത്തത്തിലൂടെ സംഗീതം, സംസ്കാരം, ശീലങ്ങൾ എന്നിവയെ ഒരുമിപ്പിച്ച ഈ വേദി ഒരുപാട് കുഞ്ഞുങ്ങൾക്കും യുവത്വങ്ങൾക്കും ആത്മവിശ്വാസവും പ്രോചദനവും നൽകുന്ന ഒന്നായി മാറി. ഇത്രയേറെ മനോഹരമായ നൃത്ത മത്സരം അത്യന്തം ഭംഗിയായി സംഘടിപ്പിച്ച മഴത്തുള്ളി മീഡിയയുടെ CEO and Founder ജോർജ്ജ് പുലിക്കോടന്റെ സംഘടനാ ക്ഷമതയും കലാ സ്നേഹവും പ്രശംസനീയമാണ്.

നമ്മുടെ സാംസ്കാരിക പാരമ്പര്യത്തെയും യുവത്വത്തിന്റെ ഭാവിയെയും ഒരുപോലെ ഉജ്ജ്വലമാക്കിയ ഈ വേദി എല്ലാ കലാസ്നേഹികൾക്കും പ്രത്യേകിച്ച് ഇതിൽ പങ്കെടുത്ത എല്ലാവർക്കും നിറഞ്ഞ ഓർമ്മകളും നഷ്ടപ്പെടാത്ത അനുഭവവുമായിരിക്കും.

# സുവിശേഷീകരണത്തിനായി നവ മാധ്യമങ്ങളെ ഉപയോഗപ്പെടുത്തണം: ഐപിസി ഗ്ലോബൽ മീഡിയ സെമിനാർ

രാജു പൊന്നോലിൽ

കാനഡ: ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭയിലെ മാധ്യമ പ്രവർത്തകരുടെ ദേശീയ സംഘടനയായ ഐപിസി ഗ്ലോബൽ മീഡിയ അസോസിയേഷൻ നോർത്ത് അമേരിക്കൻ ചാപ്റ്ററിന്റെ നേതൃത്വത്തിൽ മാധ്യമ സെമിനാർ നടത്തി. 20-ാമത് ഐപിസി ഫാമിലി കോൺഫറൻസിനോടനുബന്ധിച്ച് നടത്തപ്പെട്ട സെമിനാറിൽ പാസ്റ്റർ മാത്യു വർഗീസ് ഒക്കലഹോമ മുഖ്യ പ്രഭാഷണം നടത്തി.


പാസ്റ്റർ മാത്യു വർഗീസ്


പാസ്റ്റർ റോയി വാകത്താനം


രാജൻ ആര്യപ്പള്ളിൽ


നിബു വെള്ളവന്താനം


പാസ്റ്റർ അച്ചൻകുഞ്ഞ് ഇലന്തൂർ

അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഒരു സമൂഹത്തിൽ ദൈവരാജ്യത്തിന്റെ വ്യാപ്തിക്കു വേണ്ടി പുതിയ തലമുറകളോട് സംവദിക്കുവാൻ നവമാധ്യമങ്ങളെ കൃത്യതയോടും വേഗതയോടും കൂടി നാം ഉപയോഗിക്കണമെന്ന് അദ്ദേഹം പ്രസ്താവിച്ചു.

നോട്ടിഫിക്കേഷനുകളും റിങ്ടോണുകളും കേട്ടുണരുന്ന ഒരു സമൂഹം ആർട്ടിഫിഷ്യൽ ഇന്റലിജൻസ് യുഗത്തിലേക്ക് മാറിക്കൊണ്ടിരിക്കുമ്പോൾ നവ മാധ്യമങ്ങൾ വഴി സുവിശേഷം ജനങ്ങളിൽ എത്തപ്പെടാൻ ഇടയാക്കണമെന്നും അദ്ദേഹം മാധ്യമ പ്രവർത്തകരെ ഉത്ബോധിപ്പിച്ചു. പാസ്റ്റർ ജേക്കബ് മാത്യുവിന്റെ പ്രാർത്ഥനയോടുകൂടി ആരംഭിച്ച സമ്മേളനത്തിൽ പ്രസിഡണ്ട് പാസ്റ്റർ റോയി വാകത്താനം അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി നിബു വെള്ളവന്താനം സ്വാഗതവും വൈസ് പ്രസിഡണ്ട് രാജൻ ആര്യപ്പള്ളിൽ നന്ദിയും പ്രകാശിപ്പിച്ചു.

ഗ്ലോബൽ മീഡിയ ദേശീയ ഭാരവാഹികളായ പാസ്റ്റർ അച്ചൻകുഞ്ഞ് ഇലന്തൂർ, പാസ്റ്റർ സി.പി. മോനായി, പാസ്റ്റർ ഉമ്മൻ എബനേസർ (ചാപ്റ്റർ ട്രഷറർ), രാജു പൊന്നോലിൽ (പബ്ലിസിറ്റി കൺവീനർ), പാസ്റ്റർമാരായ ജോസഫ് വില്യംസ്, ഇട്ടി ഏബ്രഹാം, പ്രൊഫ. ജോർജ് മാത്യു, തോമസ് കിടങ്ങാലിൽ, തോമസ് കുര്യൻ, ടൈറ്റസ് ഈപ്പൻ, എബി കെ. ബെൻ, ജോസഫ് കുര്യൻ, ഫിന്നി മാത്യു (ഗുഡ്ന്യൂസ്), ടോം വർഗീസ്, വെസ്ലി മാത്യു, പിസിഎൻഎകെ സെക്രട്ടറി സാം മാത്യു, അലക്സാണ്ടർ ജോർജ്, ടിജോ തോമസ് തുടങ്ങിയവർ ആശംസകൾ അറിയിച്ചു.

## ഓർമ്മ ഇന്റർനാഷണൽ 'അമേരിക്ക 250'

(21-ാം പേജിൽനിന്നും)

അരങ്ങുകളിലും അമേരിക്കൻ മലയാളികളുടെ അതുല്യമായ സംഭാവനകളെ ഹൈലൈറ്റ് ചെയ്യും. ഫിനാലെയിൽ കലാസന്ധ്യയും അവാർഡ് നിശയും സംഘടിപ്പിക്കും. മൂന്നു തലമുറകളിൽ നിന്നുള്ള അമേരിക്കൻ മലയാളികളിലെ പ്രഗത്ഭരുടെ പ്രഭാവത്തെ ദീപ്തമാക്കും.

അമേരിക്ക 250 സെലിബ്രേഷൻസ് കൗൺസിൽ ചെയർമാൻ ജോർജ് നടവയലിന്റെ മുഖ്യ നേതൃത്വത്തിൽ നടന്ന ചടങ്ങിൽ, ഓർമ്മ ഇന്റർനാഷണൽ ജനറൽ സെക്രട്ടറി ക്രിസ്റ്റി ഏബ്രഹാം മുഖ്യ അവതാരകയായി. ഓർമ്മ ഇന്റർനാഷണൽ പ്രസിഡണ്ട് സജി സെബാസ്റ്റ്യൻ അദ്ധ്യക്ഷ പ്രസംഗവും ട്രസ്റ്റീ ബോർഡ് ചെയർമാൻ ജോസ് ആറ്റുപുറം ആമുഖ പ്രസംഗവും നടത്തി. ഏഷ്യാനെറ്റ് വൈസ് പ്രസിഡണ്ട് അനിൽ അടൂർ, പെൻസിൽവേനിയ നേഴ്സസ് ഓർഗനൈസേഷൻ (പിയാനോ) പ്രസിഡണ്ട് ബിന്ദു ഏബ്രഹാം എന്നിവർ ആശംസകൾ നേർന്നു. സെലിബ്രേഷൻസ് കൗൺസിൽ ചെയർമാൻ ജോർജ് നടവയൽ, അമേരിക്ക റീജിയൻ വൈസ് പ്രസിഡണ്ട് പിന്റോ കണ്ണമ്പള്ളി, ടാലന്റ് പ്രൊമോഷൻ ഫോറം ചെയർ ജോസ് തോമസ് എന്നിവർ മുഖ്യാതിഥികളെ സദസ്സിനു പരിചയപ്പെടുത്തി.

ഏഷ്യൻ അമേരിക്കൻ ബിസിനസ് അലയൻസ് ഓഫ് ഗ്രേറ്റർ ഫിലാഡൽഫിയാ ഗവേണൻസ് കമ്മിറ്റി ചെയർ ജേസൺ പയോൺ, കംപ്ലയന്റ്സ് കമ്മിറ്റി ചെയർ മാത്യു തരകൻ, പമ്പാ പ്രസിഡണ്ട് ജോൺ പണിക്കർ, ഫിലാഡൽഫിയാ പ്രസ് ക്ലബ്ബ് സെക്രട്ടറി സുമോദ് നെല്ലിക്കാലാ, വേൾഡ് മലയാളി കൗൺസിൽ പെൻസിൽവേനിയ പ്രസിഡണ്ട് നൈനാൻ മത്തായി, ട്രൈസ്റ്റേറ്റ് കേരളാ ഫോറം എക്സിക്യൂട്ടീവ് വൈസ്ചെയർമാൻമാരായ ഫിലിപ്പോസ് ചെറിയാൻ, തോമസ് പോൾ, പ്രൊമോട്ടർ ലോറൻസ് തോമസ്, കലാ സെക്രട്ടറി സ്വപ്നാ സജി, പ്രൊമോട്ടർ സ്റ്റാൻലി ഏബ്രഹാം എന്നീ സാമൂഹ്യ നേതാക്കൾ പതാകാ വന്ദനം നിർവഹിച്ചു. കുമാരി നൈനാ ദാസ് അമേരിക്കൻ ദേശീയ ഗാനവും മെർളിൻ മേരി അഗസ്റ്റിൻ, ഷൈലാ രാജൻ എന്നിവർ ഇന്ത്യൻ ദേശീയഗാനവും ആലപിച്ചു. യുവപ്രതിഭ ജോൺ നിഖിലിന്റെ വയലിൻ സോളോ, ഡോ. ആനി എബ്രഹാമിന്റെ ഭാവനിർഭരമായ മോഹിനിയാട്ടം, കുമാരി ജെനി ജിതിൻ സ്റ്റാച്യൂ ഓഫ് ലിബർട്ടി ടാബ്ലോ എന്നിവ ചടങ്ങിനു മാറ്റുകൂട്ടി. ഓർമ ഇന്റർനാഷണൽ ട്രഷറർ റോഷിൻ പ്ലാമൂട്ടിൽ അനുമോദന സന്ദേശം അറിയിച്ചു. ആലീസ് ജോസ് റിസപ്ഷൻ ക്രമീകരിച്ചു. പിആർഒ മെർളിൻ മേരി അഗസ്റ്റിൻ കൃതജ്ഞതയർപ്പിച്ചു.

സെബിൻ സ്റ്റീഫൻ, അരുൺ കോവാട്ട്, അലക്സ് ബാബു, അമേയ എന്നിവർ ഛായാഗ്രഹണവും ഡെനി കുരുവിള ശബ്ദക്രമീകരണവും സോഫി നടവയൽ രംഗസംവിധാനവും നിർവഹിച്ചു. മയൂര റസ്റ്റോറന്റ് ലഘു വിരുന്നൊരുക്കി.

കോഴിക്കോട് കളർ പ്ലസ് സുനോജ്, ന്യൂയോർക്ക് എംജിഎം ഗ്രാഫിക്സ് റെജി ടോം എന്നിവർ രംഗപടമൊരുക്കി. മെഡിക്കൽ പ്രൊവൈഡർമാരായ ബ്രിജിറ്റ് പാറപ്പുറത്തും ഷീബാ ലെയോയും നേതൃത്വം നൽകുന്ന ട്രിനിറ്റി കെയർ മെഡിക്കൽ ക്ലിനിക്ക് സ്പോൺസറായി.

# ട്രൈസ്റ്റേറ്റ് കേരളാ ഫോറം കർഷക രത്ന അവാർഡിന് അപേക്ഷിക്കാം

അഭിലാഷ് ജോൺ


ഫിലാഡൽഫിയ: ട്രൈസ്റ്റേറ്റ് കേരളാ ഫോറം മികച്ച കർഷകനായി എല്ലാ വർഷവും നൽകിവരുന്ന കർഷക രത്ന അവാർഡിനായി ഇപ്പോൾ അപേക്ഷ സമർപ്പിക്കാവുന്നതാണ്. 2025 ഓഗസ്റ്റ് മാസം ഇരുപത്തിമൂന്നാം തീയതി ഫിലാഡൽഫിയ സെന്റ് തോമസ് സീറോ മലബാർ ചർച്ച് ഓഡിറ്റോറിയത്തിൽ വച്ച് നടക്കുന്ന ഓണാഘോഷ പരിപാടിയിൽ വെച്ചാണ് അവാർഡ് വിതരണം ചെയ്യുന്നത്. ഓണം വിളവെടുപ്പിന്റെ കൂടി ഉത്സവമാണ് എന്നതിനാലാണ് അവാർഡ് ദാനം ടി.കെ.എഫ് ഓണാഘോഷത്തോടനുബന്ധിച്ചു ക്രമീകരിച്ചിരിക്കുന്നത്. വളരെ ചുരുങ്ങിയ സൗകര്യത്തിലും വളരെ മികച്ച രീതിയിൽ അടുക്കളത്തോട്ട കൃഷി ചെയ്യുന്നവരാണ് ഫിലാഡൽഫിയയിലേയും സമീപപ്രദേശങ്ങളിലേയും മലയാളി സമൂഹം. അവർക്ക് പരമാവധി പ്രോത്സാഹനം നൽകുക എന്ന ഉദ്ദേശത്തോടെയാണ് ടി.കെ.എഫ് എല്ലാ വർഷവും കർഷക രത്ന അവാർഡുകൾ വിതരണം ചെയ്യുന്നത്. അവാർഡ് വിതരണ കമ്മിറ്റിക്കു മുമ്പാകെ ലഭിക്കുന്ന അപേക്ഷയിൽ നിന്നും മികച്ചത് തെരഞ്ഞെടുത്തു സ്ഥലം സന്ദർശനം നടത്തി വിത്തിടീൽ മുതൽ വിളവെടുപ്പ് വരെയുള്ള കാര്യങ്ങൾ വിശദമായി പരിശോധിച്ച ശേഷമാണു വിജയിയെ പ്രഖ്യാപിക്കുക. ജൈവകൃഷി ചെയ്യുന്നവർക്കും, പരമ്പരാഗത കേരളാ കാർഷിക ഉത്പന്നങ്ങൾ കൃഷി ചെയ്യുന്നവർക്കുമാണ് മുൻഗണന നൽകുന്നത്. ഒന്നാം സ്ഥാനം ലഭിക്കുന്നവർക്ക് ടി.കെ.എഫ് എവർറോളിങ് ട്രോഫിയും, പ്രശസ്തി പത്രവും ക്യാഷ് അവാർഡും രണ്ടും മൂന്നും സ്ഥാനക്കാർക്ക് പ്രശസ്തി പത്രവും ക്യാഷ് അവാർഡുമാണ് വിതരണം ചെയ്യുന്നത്. കൂടുതൽ വിവരങ്ങൾക്ക് അവാർഡ് കമ്മിറ്റി അംഗങ്ങളായ ജോൺ പണിക്കർ, ജോർജുകുട്ടി ലൂക്കോസ്,അലക്സ് തോമസ്, ഫിലിപ്പോസ് ചെറിയാൻ എന്നിവരെ ബന്ധപ്പെടാവുന്നതാണ്.




ആർപ്പോ ഇർറോ എന്ന് പേരിട്ടിരിക്കുന്ന ട്രൈസ്റ്റേറ്റ് കേരളാഫോറം ഓണാഘോഷത്തിന് വിപുലമായ ഒരുക്കങ്ങളാണ് സംഘടിപ്പിച്ചിരിക്കുന്നത്. 2025 ഓഗസ്റ്റ് മാസം ഇരുപത്തിമൂന്നാം തീയതി ഉച്ചയ്ക്ക് രണ്ടുമണിക്ക് പഞ്ചാരിമേളത്തിന്റെ അകമ്പടിയോടെ കൊടിയേറുന്ന ഓണാഘോഷത്തിനു വിഭവസമൃദ്ധമായ ഓണസദ്യ, ഘോഷയാത്ര, തിരുവാതിര, അത്തപ്പൂക്കളം, എന്നിവയ്ക്ക് പുറമെ കേരളത്തിന്റെ പ്രിയപ്പെട്ട പിന്നണി ഗായകൻ അഫ്സലും സംഘവും അവതരിപ്പിക്കുന്ന സ്റ്റേജ് ഷോയും ഉണ്ടായിരിക്കുന്നതാണ്. ഫിലാഡൽഫിയയിലെ എല്ലാ മലയാളികളുടെയും മനസ്സിൽ എന്നെന്നും സൂക്ഷിക്കാൻ കഴിയുമാറാകുന്ന രീതിയിൽ ഒരു മികച്ച ഓണാഘോഷം സംഘടിപ്പിക്കാൻ ടി.കെ.എഫ് സംഘാടക സമിതിയുടെ നേതൃത്വത്തിൽ വളരെ വിപുലമായ പ്രവർത്തനങ്ങൾ ആരംഭിച്ചതായി ഭാരവാഹികൾ അറിയിച്ചു.

# ചുവന്ന തട്ടമിട്ട പെൺകുട്ടി

മനോഹർ തോമസ്



ചിക്കാഗോ: ആദ്യമായാണ് സർഗ്ഗവേദിയിൽ ഒരു ഇംഗ്ലീഷ് പുസ്തകത്തിന്റെ പ്രകാശനം നടക്കുന്നത്. 'The girl in Scarlet Hijab' സുരേഷ് കുമാർ എഴുതിയ അതീവ ഹൃദ്യമായ ഇംഗ്ലീഷ് നോവലാണിത്. സത്യത്തിൽ ഇതിനെ ഒരു നോവലിന് അതീതമായി ചരിത്രാഖ്യായിക ആയി അവലോകനം ചെയ്യുന്നതായിരിക്കും ഉചിതം. ചരിത്രം ഈ നോവലിൽ ഊടും പാവും പോലെ ഇഴപിരിഞ്ഞു കിടക്കുന്നു.

ജയപ്രകാശ് നാരായൺ ഈ നോവലിലെ ഒരു ശില്പം പോലെ പ്രധാനപ്പെട്ട കഥാപാത്രമാണ്. ഗാന്ധിജി, ഇ.എം.എസ്, എ.കെ. ഗോപാലൻ, സുഭാഷ് ചന്ദ്രബോസ്, ആർ. ശങ്കർ ഇവരെല്ലാവരും പലപ്പോഴായി നോവലിൽ പ്രത്യക്ഷപ്പെടുന്നു. വൈക്കത്ത് ജനിച്ച്, ഐഎംഎയിൽ പ്രവർത്തിച്ച് ഗാന്ധിജിയുടെ അനുയായി ആയി ഇംഗ്ലീഷുകാർക്ക് എതിരായി പ്രവർത്തിച്ചു. സംഹിതകളിൽ അടിയുറച്ചു നിന്ന് മുന്നോട്ടു നീങ്ങിയ നേതാവാണ് കർണ്ണൻ. അദ്ദേഹത്തെ ചുറ്റിപ്പറ്റിയാണ് കഥ മുന്നോട്ടു പോകുന്നത്.

മലയാള ഭാഷയ്ക്കും സാഹിത്യത്തിനും വേണ്ടി കാലാകാലമായി പ്രവർത്തിക്കുന്ന ഒരു സംഘടന എന്തുകൊണ്ട് ചുവടുമാറി പ്രവർത്തിക്കുന്നു എന്നത് ന്യായമായി ഉയർന്നുവരാവുന്ന ചോദ്യമാണ്. പുതുതലമുറ മലയാള ഭാഷയിൽ നിന്നും കുറച്ചൊക്കെ അകലുകയും കുടിയേറി വരുന്നവരിൽ ഭൂരിഭാഗവും ഇംഗ്ലീഷിൽ പ്രാവീണ്യം ഉള്ളവരും ആകുമ്പോൾ ഇംഗ്ലീഷ് ഭാഷയിലുള്ള സൃഷ്ടികൾ വരാനുള്ള സാദ്ധ്യത കൂടുതലാണ്. അതിന് ആദ്യപടിയായി ആണ് സുരേഷ് കുമാറിന്റെ പുസ്തകം പ്രസാധനം ചെയ്യുകയും വിലയിരുത്തുകയും ചെയ്തത്.

ഇന്ത്യൻ ഇൻഡിപെൻഡൻസിനു മുമ്പുള്ള കാലം. പിന്നെ ആയിരത്തി എൺപത്തൊന്നു കാലം. ഈ രണ്ട് കാലങ്ങളിലായി കഥ നടക്കുന്നു. ചുവന്ന തട്ടം ധരിച്ച ഒരു മുസ്ലിം പെൺകുട്ടി അബുദാബിയിൽ നിന്ന് പഠിക്കാനായി കേരളത്തിൽ എത്തുമ്പോൾ അവൾ ഹിന്ദു വിഭാഗത്തിൽപ്പെട്ട ഒരാളുമായി പ്രണയത്തിലാകുമ്പോൾ കഥ കുറച്ചുകൂടി ജാതി വിഭാഗീയത്തിലേക്ക് കടക്കുന്നു. രാഷ്ട്രീയവും ജാതിയും കുടുംബബന്ധങ്ങളും കൂടിക്കുഴഞ്ഞ ഒരു വലിയ നോവലിന്റെ ക്യാൻവാസിലേക്ക് ചാലിച്ചു ചേർക്കുമ്പോൾ ഹൃദ്യമായ നോവൽ പിറക്കുന്നു.

ജൂലൈ ഇരുപതാം തീയതി വൈകുന്നേരം കേരള സെന്ററിൽ വെച്ച് നടന്ന ചടങ്ങിൽ പല പ്രമുഖരും പുസ്തകത്തെ വിലയിരുത്തി സംസാരിക്കുകയുണ്ടായി. സർഗ്ഗവേദിയെ പ്രതിനിധീകരിച്ച് മനോഹർ തോമസ് പുസ്തകത്തെപ്പറ്റിയും അതിന്റെ ഭാഷയെപ്പറ്റിയും രചനാരീതിയെ വിലയിരുത്തിയും സംസാരിച്ചു.

പുസ്തകത്തെപ്പറ്റിയുള്ള സമഗ്രമായ പഠനമാണ് രാജു തോമസ് കാഴ്ചവെച്ചത്. ഡോ. തോമസ് ഏബ്രഹാം, പ്രഫ. അമ്മിണി, സ്റ്റീഫൻ, അലക്സ് എസ്തപ്പാൻ, ജോസ് ചെരുപുറം, എൽസി യോഹന്നാൻ ശങ്കരത്തിൽ, ശ്രീ ആലത്തൂർ, ഡോ. സയ്യദ് അഹമ്മദ് എന്നിവർ പുസ്തകത്തെ ആസ്പദമാക്കി പ്രസംഗിക്കുകയുണ്ടായി.

മറുപടിയായി ഇങ്ങനെ ഒരു പുസ്തകം എഴുതുവാനുണ്ടായ സാഹചര്യത്തെപ്പറ്റിയും എഡിറ്റിംഗിന്റെ കാര്യത്തിൽ ഉണ്ടായ ശ്രദ്ധയെപ്പറ്റിയും തന്റെ ജീവിതം നോവലിന്റെ ഇടവഴികളിൽ എത്രമാത്രം താദാത്മ്യം പ്രാപിച്ചുകിടക്കുന്നുണ്ട് എന്നതിനെപ്പറ്റിയും ഹൃദ്യമായ ഭാഷയിൽ സുരേഷ് കുമാർ മറുപടിപ്രസംഗം നടത്തി. മാത്രമല്ല അദ്ദേഹത്തിന്റെ സർഗ്ഗചേതനയിൽ നിന്നും ഇനിയും പല സൃഷ്ടികളും വരാനുണ്ടെന്നും താൻ അതിന്റെ പണിപ്പുരയിലാണെന്നും അദ്ദേഹം പറഞ്ഞു.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 86.53 |
| യൂറോ | 101.62 |
| സ്റ്റെർലിംഗ്പൗണ്ട് | 116.21 |
| സ്വിസ് ഫ്രാങ്ക് | 108.73 |
| സിംഗപ്പൂർ ഡോളർ | 67.56 |
| കനേഡിയൻ ഡോളർ | 63.17 |
| ഒമാൻ റിയാൽ | 225.04 |
| ബഹ്റൈൻ ദിനാർ | 229.57 |
| സൗദി റിയാൽ | 23.06 |
| യു.എ.ഇ. ദിർഹം | 23.56 |
| കുവൈത്ത് ദിനാർ | 283.60 |

# സിഎസ്ഐ സഭയെ ഇനി ഡോ. കെ. റൂബൻ മാർക്ക് നയിക്കും

പി.പി. ചെറിയാൻ

ചെന്നൈ: ചർച്ച് ഓഫ് സൗത്ത് ഇന്ത്യ(സിഎസ്ഐ)സഭയുടെ പുതിയ മോഡറേറ്ററായി ഡോ. കെ. റൂബൻ മാർക്കിനെ തെരഞ്ഞെടുത്തു. 2025 ജൂലൈ 21-ന് സിഎസ്ഐ മദ്രാസ് ഭദ്രാസനത്തിലെ ലൈറ്റ് ക്യാമ്പസിൽ നടന്ന സിനഡ് പ്രത്യേക സമ്മേളനത്തിലാണ് ഔദ്യോഗിക പ്രഖ്യാപനം നടന്നത്.

തെരഞ്ഞെടുപ്പ് ഓഫീസറായ ജസ്റ്റിസ് വി. ഭാരതിദാസനാണ് ഫലം പ്രഖ്യാപിച്ചത്. സിഎസ്ഐ ജനറൽ സെക്രട്ടറി അഡ്വ. സി. ഫെർണാണ്ടസ് രതിനരാജ, ഖജാൻജി പ്രഫ. ഡോ. വി. ബിമൽ സുഗുമാർ, സിനഡ് കൗൺസിൽ പ്രതിനിധികൾ, സഭാ വിശ്വാസികൾ തുടങ്ങിയവർ പുതിയ മോഡറേറ്റർക്ക് ആശംസകൾ നേർന്നു.

വർഷങ്ങളായുള്ള അനിശ്ചിതത്വങ്ങൾക്ക് വിരാമമിട്ട ഈ നേതൃമാറ്റം സഭയുടെ വളർച്ചയ്ക്കും ഉന്നമനത്തിനും സഹായിക്കുമെന്ന് കരുതുന്നു. പുതിയതായി ചുമതലയേറ്റ എല്ലാ സിനഡ് ഭാരവാഹികൾക്കും പ്രത്യേകിച്ച് മോഡറേറ്റർ ഡോ. റൂബൻ മാർക്കിനും മധ്യ കേരള മഹായിടവക ആശംസകൾ അറിയിച്ചു.










OVER 20 YEARS OF EXPERIENCE
SERVING ILLINOIS & INDIANA

Mathew Kunjappy
Managing Broker
Emsons Realty LTD.
Phone: 1(630) 935-4333
Email: MK@EmsonsRealty.com
EMSONS REALTY
240 E. LAKE STREET, SUITE 109B, ADDISON, IL 60101
BEST TIME
TO BUY!!!
SHOPPING CENTERS
GROCERY STORES
GAS STATIONS
APARTMENTS

# 31 തവണ എവറസ്റ്റ് കീഴടക്കി കാമി; എന്നിട്ടും മതിവരാതെ…

നമ്മുടെ ജീവിതത്തിലെ പരാജയങ്ങൾ, മറ്റുള്ളവരുടെ വിജയഗാഥകൾ കേട്ടുകൊണ്ട് പരിഹരിക്കാനായെന്നുവരില്ല. പ്രത്യേകിച്ചും ആത്മഹത്യയെക്കുറിച്ചുപോലും ചിന്തിച്ചുപോകുന്ന വേദനയുടെ നിമിഷങ്ങളിൽ. പക്ഷേ, ചിലരുടെ കഥ കേൾക്കുമ്പോൾ ഒന്നു മനസ്സിലാകും, അവർ പൊരുതിയതിന്റെ പകുതിപോലും ഞാൻ പൊരുതിയിട്ടില്ല...! അത്തരമൊരു കഥാനായകനാണ് കാമി റിത. 31 തവണ എവറസ്റ്റ് കൊടുമുടി കീഴടക്കി. വയസ് 55. ഇനിയും കയറും. 32-ാമത്തെ എവറസ്റ്റാരോഹണം ബാക്കിയുണ്ട് എന്ന ചിന്തയല്ലേ കാമിയുടെ ജീവിതത്തെ മുന്നോട്ടു കൊണ്ടുപോകുന്നത്. എവറസ്റ്റ് പോലെ കഠിനമെന്നു നിങ്ങൾക്കു തോന്നുന്ന ഒന്നിനെ തലയിൽ കയറ്റിവെക്കൂ. വിഷാദവും ആത്മഹത്യാ ചിന്തകളും ഇല്ലാതാകുമെന്നല്ല, നിങ്ങൾക്ക് അതിനൊന്നും സമയമുണ്ടാകില്ല.

നേപ്പാളിലാണ് കാമിയുടെ വീട്. നേപ്പാളിലെ സോളുഖുംബു ജില്ലയിലെ മഞ്ഞുമൂടിക്കിടക്കുന്ന തെയിം എന്ന കൊച്ചുഗ്രാമത്തിൽ നിന്നാൽ വെയിൽ തെളിയുമ്പോൾ എവറസ്റ്റ് കാണാം. കാമി റിതയുടെ വീട് അവിടെയാണ്. അതിനടുത്താണ് എഡ്മണ്ട് ഹിലാരിക്കൊപ്പം ആദ്യമായി എവറസ്റ്റ് കീഴടക്കിയ ടെൻസിങ് നോർഗെ എന്ന ഷെർപയുടെ ബാല്യകാല വസതി. തെയിമിലെ കാമിയുടെ ചെറിയ ഒറ്റമുറി വീട്ടിൽ മാതാപിതാക്കളും മക്കളുമായി 10 പേരുണ്ടായിരുന്നു. സ്കൂളിലെത്തണമെങ്കിൽ നാലു മണിക്കൂറിലേറെ നടക്കണം. വൈകുന്നേരം ഹിമാലയത്തിന്റെ മലയിടുക്കുകൾ കയറിയിറങ്ങി വേണം വീട്ടിലെത്താൻ. പത്ത് വയസ്സായപ്പോൾ പഠനം നിർത്തി. പിന്നെ ഗ്രാമത്തിലെ മറ്റ് ഷെർപ്പകൾക്കൊപ്പം മലകയറ്റം തുടങ്ങി. യഥാർത്ഥ ലക്ഷ്യം ബുദ്ധസന്യാസി ആകണമെന്നായിരുന്നു. തെയിമിൽ തന്നെയുള്ള ആശ്രമത്തിൽ ചേർന്നെങ്കിലും അതും ഉപേക്ഷിച്ചു. അപ്പോഴേയ്ക്കും ഒറ്റമുറി വീട്ടിലെ താമസക്കാർക്കൊപ്പം തണുപ്പിന്റെ കൂടെ പട്ടിണിയും സ്ഥിരതാമസമാക്കിയിരുന്നു. മറ്റു വഴികളൊന്നുമില്ല, വരുമാനത്തിനായി പിതാവിനൊപ്പം പർവതാരോഹകരുടെ ഗൈഡായി പണിയെടുത്തു. രോഗിയായ പിതാവിന് ജോലിക്കു പോകാനാകാതെ വന്നതോടെ കാമി എവറസ്റ്റിന്റെ ബേസ് ക്യാമ്പിലേക്കു പോകുന്ന യാത്രക്കാരുടെ ചുമട്ടുകാരനായി. 22 വയസിൽ ബേസ് ക്യാമ്പിൽ പാചകക്കാരൻ. പിന്നീട് കൊടുമുടി കയറാൻ വലിയ താമസമുണ്ടായില്ല.

1994-ൽ ആദ്യമായി കാമി റിത എവറസ്റ്റ് കീഴടക്കി. 2017-ൽ 21-ാമത് തവണ എവറസ്റ്റ് കീഴടക്കിയപ്പോൾ ആ സ്ഥാനത്ത് മറ്റ് രണ്ടുപേർ കൂടി ഉണ്ടായിരുന്നു. അപ്പ ഷെർപ, ഫൂർബ താഷി ഷെർപ. 2018 മേയിൽ 22 തവണ എവറസ്റ്റ് കയറിയ ആദ്യത്തെയാളായി കാമി റിക്കാർഡിട്ടു. പക്ഷേ, 2019-ലാണ് വിശ്വരൂപം പുറത്തെടുത്തത്. അക്കൊല്ലം മേയ് 15-ന് 23-ാം തവണ എവറസ്റ്റ് കയറിയ കാമി സ്വന്തം റിക്കാർഡ് തിരുത്തി. പക്ഷേ, കാര്യമായിട്ടൊന്നു വിശ്രമിക്കാൻ പോലും നില്ക്കാതെ കാമി വീണ്ടും ഒരു പോക്ക്. എവറസ്റ്റിലേക്ക്. മെയ് 21-ന് പുലർച്ചെ എവറസ്റ്റിനു മുകളിലെത്തി. ലോകമാധ്യമങ്ങളിൽ മുഴുവൻ വാർത്തയായി. പക്ഷേ, കാമി ശാന്തനായിരുന്നു. "എനിക്ക് എവറസ്റ്റിനെ നന്നായിട്ടറിയാം. തിരികെയെത്തുമെന്ന് ഒരുറപ്പുമില്ല. ഭാര്യയോടും മക്കളോടും വിടപറഞ്ഞ് യുദ്ധമുന്നണിയിലേക്ക് പോകുന്ന സൈനികനെപ്പോലെയാണ് ഞാൻ ഓരോ തവണയും പുറപ്പെടുന്നത്." പക്ഷേ, കാമി എല്ലാ വർഷവും തീർത്ഥാടനത്തിനെന്നപോലെ എവറസ്റ്റിലെത്തും. അപകടകരമായ ഈ പണി നിർത്തി മറ്റെന്തെങ്കിലും ജോലി നോക്കാമെന്ന് പല തവണ പറഞ്ഞതാണെങ്കിലും ആരു കേൾക്കാൻ -കാമിയുടെ ഭാര്യ ലാക്പ ജാങ്മു കാഠ്മണ്ഡുവിലെ വീട്ടിലിരുന്നു പറയും. കാമി പറയുന്നത് ജീവിക്കാൻ മറ്റു മാർഗ്ഗമില്ലാതെയാണ് ഈ പണി തുടങ്ങിയതെന്നും ആരോഗ്യമുള്ളിടത്തോളം കാലം എവറസ്റ്റ് കയറിയിരിക്കുമെന്നുമാണ്, 'സെവൻ സമ്മിറ്റ് ട്രെക്സ്' എന്ന കമ്പനിയിൽ ഉയർന്ന ശമ്പളത്തിൽ പർവതാരോഹകരുടെ ഗൈഡാണ് കാമിയിപ്പോൾ.



നേപ്പാളിൽ സാഗർമാത എന്നും ടിബറ്റിൽ ചോമോലുങ്മ എന്നും അറിയപ്പെടുന്ന എവറസ്റ്റിന്റെ ഉയരം 29,029 അടിയാണ്. മഞ്ഞിന്റെ ഉയരമനുസരിച്ച് ചെറിയ മാറ്റങ്ങളുണ്ടാകും. 26,247 അടി കഴിഞ്ഞാൽ ഓക്സിജൻ തീരെയില്ലാത്ത മരണമേഖലയാണ്. പിന്നെ അപ്രതീക്ഷിതമായെത്തുന്ന ഹിമക്കാറ്റും ഹിമപാതവും പർവതാരോഹകരുടെ ജീവനെടുക്കും. തണുപ്പാണ് യഥാർത്ഥ വില്ലൻ. മൈനസ് 160 ഡിഗ്രി വരെ അതു താണുപോകാം. എവറസ്റ്റിലേക്കു പോയ 340 പേർ തിരികെ വന്നിട്ടില്ല. മൃതദേഹം കൊണ്ടുവരാൻ ബുദ്ധിമുട്ടായതുകൊണ്ട്, തണുപ്പിൽ കേടാകാത്ത മൃതദേഹങ്ങൾ മറികടന്നാണ് പർവതാരോഹകർ പോകുന്നത്. ആ മൃതദേഹങ്ങൾ പരാജിതരുടേതല്ല; കഠിനപരിശ്രമങ്ങളാൽ വിജയം അടയാളപ്പെടുത്തിയവരുടേതാണ്. അതേ, വിജയം മാത്രമല്ല, വിജയിക്കാനുള്ള പരിശ്രമവും വിജയതുല്യമാണ്.

കാമി റിത ആദ്യം കയറിയത് എവറസ്റ്റിലല്ല. വീട്ടുപരിസരത്തെ ചെറിയ മലകളും പിന്നീട് ഹിമാലയത്തിലെ ഉയർന്ന മലകളും കാലക്രമേണ കെ2, മൗണ്ട് ലോട്സെ, ചോ ഒയു തുടങ്ങിയവയുമൊക്കെ പലതവണ കയറിയാണ് ഒടുവിൽ മൗണ്ട് എവറസ്റ്റിലെത്തിയത്. എവറസ്റ്റിൽ പോലും ആദ്യം കയറിയതുപോലെയല്ല 31-ാമത് തവണ കയറിയത്. ചെറിയ പ്രതിസന്ധികളെ അതിജീവിച്ചു തുടക്കമിടാനാണ് കാമിയുടെ ജീവിതവും ഓർമ്മിപ്പിക്കുന്നത്. ഇന്നു നാം തോല്പിക്കുന്ന ക്ലേശങ്ങൾക്കൊന്നും നാളെ നമ്മെ ഭയപ്പെടുത്താനാവില്ല. ഇന്നു തോൽക്കരുത്.

## കണ്ടാലും കൊണ്ടാലും പഠിക്കാത്ത നമ്മൾ

(25-ാം പേജിൽനിന്നും)

ഇരയ്ക്ക് വേണമെങ്കിൽ അവരെ അവഗണിക്കുകയോ വഴിമാറിപ്പോവുകയോ ചെയ്യാം. പക്ഷേ, അതിനൊന്നും തുനിയാതെ വികാരവതിയായ ഒരു നവോഢയെപ്പോലെ കൊഞ്ചിക്കൊണ്ട് 'പ്ലീസ് എന്നെയൊന്നു പറ്റിക്കൂ' എന്നപേക്ഷിച്ചുകൊണ്ട് വേട്ടക്കാരന്റെ മുമ്പിൽ നിന്നുകൊടുക്കുന്നു. അതാണ് മലയാളി. ആർക്കു കഴിയും അവനെ രക്ഷിക്കുവാൻ.

പറ്റിയതൊക്കെപ്പറ്റി. ഇനി ജീവിതത്തിലൊരിക്കലും ഇത്തരം അബദ്ധങ്ങളിൽ ചെന്നു വീഴുകയില്ലെന്നു ശപഥം ചെയ്തിരിക്കുമ്പോഴാണ് അടുത്ത പരസ്യം ഹെലിക്കോപ്റ്റർ വഴി വരുന്നത്. "ഒറ്റവർഷം കൊണ്ട് നിക്ഷേപം ഇരട്ടിയാകും. നറുക്കെടുപ്പിലൂടെ എല്ലാ മാസവും ഒരാൾക്ക് ഒരു ഫ്ളാറ്റ്. ഫ്ളാറ്റ് വേണ്ടാത്തവർക്ക് ആഡംബരക്കാർ." (ഫ്ളാറ്റിന്റെയും കാറിന്റെയും ചിത്രങ്ങൾ ബ്രോഷറിലുണ്ട്). ഒന്നു പരീക്ഷിക്കാൻ ആർക്കും തോന്നിപ്പോകും. പക്ഷേ, കരിഞ്ചന്തക്കാരനോ കള്ളപ്പണക്കാരനോ ഒന്നുമല്ല, ഇത്തരം ചതിക്കുഴികളിൽ വീണുപോകുന്നത് എന്നതാണ് ഖേദകരമായ സത്യം. ഒരുതുള്ളി വെള്ളം പോലും ചേർക്കാതെ, വർഷങ്ങളോളം പാലുവിറ്റ് സ്വരുക്കൂട്ടിയ സമ്പാദ്യവും വസ്തുവിറ്റുകിട്ടിയ പണവും പെൻഷൻപറ്റി പിരിഞ്ഞപ്പോൾ കിട്ടിയ ആജീവനാന്ത സ്വപ്നങ്ങളും മറ്റുമാണ് ഈ തീവെട്ടിക്കൊള്ളയിൽപ്പെട്ട് ആവിയായിപ്പോകുന്നത്.

പതിറ്റാണ്ടുകളായി നിരവധി തട്ടിപ്പുകേസുകൾ പുറത്തുവന്നിട്ടും പ്രതികൾ തെളിവുസഹിതം പിടിക്കപ്പെട്ടിട്ടും ഇന്നും വ്യാപകമായ തോതിൽത്തന്നെ വാണരുളുവാൻ ഈ 'ഫ്രോഡു'കൾക്ക് എങ്ങനെ കഴിയുന്നു എന്നല്ലേ? പ്രധാനമായും മൂന്നു കാരണങ്ങളാണ് അതിന് ചൂണ്ടിക്കാണിക്കപ്പെടുന്നത്. (1) ഏതെങ്കിലും ഉന്നതരായ രാഷ്ട്രീയ നേതാക്കളുടെ നിറസാന്നിദ്ധ്യം. (2) കബളിപ്പിക്കപ്പെട്ടുപോയ ബഹുഭൂരിപക്ഷവും ദുരഭിമാനം മൂലം പുറത്തു പറയാറില്ല എന്ന സത്യം. (3) സാമ്പത്തിക തട്ടിപ്പുകളിൽ ഇന്ത്യൻ ശിക്ഷാനിയമങ്ങളുടെ അപര്യാപ്തത.

ആധുനിക ലോകത്തിനു മുമ്പിൽ നമ്മുടെ ശിരസ്സ് ഭൂമിയോളം താഴ്ത്തിക്കളയുന്ന ഈ ദുരവസ്ഥയുടെ പിന്നിലെ യഥാർത്ഥ ചേതോവികാരം എന്തായിരിക്കും? അതു കണ്ടുപിടിക്കാൻ അത്ര വലിയ മനഃശാസ്ത്ര ഗവേഷണമൊന്നും ആവശ്യമില്ല. വെറും സാമാന്യബുദ്ധിയും അല്പം ധാർമ്മിക ബോധവുമുള്ള ആർക്കും മനസ്സിലാക്കാവുന്നതേയുള്ളൂ. വിനാശകാരിയായ ആ വികാരത്തിന്റെ പേരാണ് 'അത്യാഗ്രഹം.' അതെ. അടങ്ങാത്ത ആർത്തിയും ഒടുങ്ങാത്ത ആക്രാന്തവുമാണ് നമ്മെ ഇങ്ങനെയാക്കിത്തീർത്തത്.

ബോധവത്കരണം കൊണ്ടോ ഉപദേശംകൊണ്ടോ മാറ്റിയെടുക്കാൻ കഴിയാത്ത ഈ ദുഷിച്ച പ്രവണതയ്ക്ക് ഉത്തമമായ ഒരേയൊരു പ്രതിവിധി വിശുദ്ധ ബൈബിളിലുണ്ട്: "മനുഷ്യൻ അപ്പംകൊണ്ട് മാത്രമല്ല; ദൈവത്തിന്റെ വായിൽക്കൂടി വരുന്ന സകലവചനം കൊണ്ടും ജീവിക്കുന്നു." (മത്തായി 4:4).

## മാലിന്യ സംസ്കരണത്തിന് സ്വകാര്യ പങ്കാളിത്തം

തിരുവനന്തപുരം: വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ജൈവ, മലിനജല, ശുചിമുറി മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കാനുള്ള പദ്ധതികൾ സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കാനുള്ള മാർഗരേഖ കേരള സർക്കാർ അംഗീകരിച്ചു.

ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കാനാകാത്ത സാഹചര്യമുണ്ടെന്ന് അംഗീകരിക്കുന്നതും പൊതു സംസ്കരണശാലകൾ പ്രവർത്തിപ്പിക്കാനുള്ള മാർഗരേഖ എൽഡിഎഫ് സർക്കാർ മുന്നോട്ടുവെക്കുന്നതും ആദ്യമാണ്.

സർക്കാർ, തദ്ദേശസ്ഥാപനം എന്നിവയുടെ ഉടമസ്ഥതയിലോ സംരംഭകരുടെയോ പാട്ടത്തിനെടുത്തതോ ആയ ഭൂമിയിൽ സ്വകാര്യ സംരംഭകർക്കു മാലിന്യസംസ്കരണ പ്ലാന്റുകൾ പ്രവർത്തിപ്പിക്കാൻ മാർഗരേഖ പ്രകാരം അനുവാദമുണ്ട്. തദ്ദേശസ്ഥാപനങ്ങൾക്കു സാമ്പത്തിക സഹായവും നൽകാം.

തദ്ദേശസ്ഥാപനങ്ങളുടെ കൈവശം നിലവിലുള്ള പ്ലാന്റുകൾ സ്വകാര്യ സംരംഭകർക്കു കൈമാറുകയുമാകാം. സംസ്ഥാന ശുചിത്വ മിഷൻ തയാറാക്കിയ മാർഗരേഖയാണ് അംഗീകരിച്ചത്.

സ്വകാര്യ സംരംഭകരെ കണ്ടെത്തുന്നതു മൂലധന നിക്ഷേപത്തിന്റെയും പ്രതിമാസ ആവർത്തനച്ചെലവിന്റെയും സാധ്യതാ പഠനത്തിന്റെയും അടിസ്ഥാനത്തിൽ വിദഗ്ധ സമിതികളാകും.

ഒരു കോടി രൂപ വരെ നിക്ഷേപമുള്ള പദ്ധതികൾക്കു തദ്ദേശസ്ഥാപനതല വിദഗ്ധസമിതിയും ഒരു കോടി മുതൽ അഞ്ച് കോടി വരെയുള്ള പദ്ധതികൾ ജില്ലാതലത്തിലെയും അതിൽ കൂടുതൽ നിക്ഷേപമുള്ളവയ്ക്കു സംസ്ഥാനതലത്തിലെയും വിദഗ്ധ സമിതികൾ അംഗീകരിക്കണം. സ്വകാര്യ പങ്കാളിത്തം ഹരിതകർമസേനയുടെ പ്രവർത്തനത്തെ ബാധിക്കരുതെന്നും പദ്ധതികളിൽ സേനയുടെ സേവനം പ്രയോജനപ്പെടുത്തണമെന്നും മാർഗരേഖയിലുണ്ട്.

## ലൂസിഫർ എന്ന ഉഭയനക്ഷത്രം

(23-ാം പേജിൽനിന്നും)

അനുവദിക്കാതെയോ നമ്മുടെ ജീവിതത്തിൽ ഒന്നും സംഭവിക്കയില്ല എന്നു വിശ്വസിച്ചുകൊണ്ട് പ്രതിസന്ധികളെ തരണംചെയ്യാനുള്ള ദൈവകൃപക്കായി പ്രാർത്ഥിക്കുക. ദൈവം സഹായിക്കാതിരിക്കയില്ല. എന്നാൽ ഈ അവസരങ്ങളിലായിരിക്കും പിശാച് ദുഷ്ചിന്തകളുമായി, സംശയങ്ങളുമായി, നിരാശയുമായി നമ്മെ സമീപിക്കുന്നത്. ബലഹീന മനുഷ്യരെ അവിശ്വാസത്തിലേക്കും ആത്മഹത്യയിലേക്കും മറ്റും തള്ളിയിട്ടു സന്തോഷിക്കുന്ന പിശാചിനോടെതിർത്ത് 'വിശ്വാസം' എന്ന പരിച കയ്യിലുണ്ടായിരിക്കട്ടെ! ഈയിടെ ഒരു പുരോഹിതൻ തനിക്കു മാരകരോഗം പിടിപെട്ടു എന്നറിഞ്ഞപ്പോൾ തന്റെ വിശ്വാസത്തിന്റെ ചെങ്കോൽ നീട്ടി അതിനെ എതിരിട്ട സാക്ഷ്യം കേൾപ്പാനിടയായി. അദ്ദേഹം പാടിയ പാട്ട് ഇന്നു പലരും പാടി ആശ്വസിക്കുന്നു. അതിപ്രകാരം

"ഒരു മഴയും തോരതിരുന്നിട്ടില്ല: ഒരു കാറ്റും അടങ്ങാതിരുന്നിട്ടില്ല

ഒരു രാവും പുലരാതിരുന്നിട്ടില്ല: ഒരു നോവും കുറയാതിരുന്നിട്ടില്ല

തിരമാലയിൽ ഈ ചെറുതോണിയിൽ... അമരത്തെന്നരികിൽ അവനുള്ള

ദൈവം കൂടെയുണ്ടെങ്കിൽ ഭയപ്പെടേണ്ടതില്ല.

'താൻ' എന്നൊരു വിശ്വാസം! എത്ര വലിയ ആശ്വാസം! എത്ര വലിയ ആനന്ദം! ഒരു യഥാർത്ഥ ദൈവവിശ്വാസിയുടെ ദൈവത്തിലുള്ള ആഴമേറിയ വിശ്വാസത്തിൽനിന്നും ദൈവാശ്രയത്തിൽനിന്നും തന്റെ ഹൃദയത്തിൽനിന്നും ഉയർന്ന ഈ ഗാനം കേട്ട് പിശാച് ലജ്ജിച്ചു. തന്റെ പുച്ഛം മടക്കി ഓടിക്കാണും. ഈശ്വരനിൽ വിശ്വസിച്ചാശ്രയിക്കുന്ന ഏതു ഭക്തനും തങ്ങൾക്കു നേരിടുന്ന ഉയർച്ചയിലും താഴ്ചയിലും സമ്പത്തിലും ദാരിദ്ര്യത്തിലും രോഗങ്ങളിലും സൗഖ്യത്തിലും ആരോഗ്യത്തിലും ക്ഷീണാവസ്ഥയിലും നിരാശപ്പെട്ടുപോകാതെ, നിഗളിച്ചുപോകാതെ എല്ലാം സഹിച്ചും ക്ഷമിച്ചും ദൈവത്തോടു പ്രാർത്ഥിച്ചും എല്ലാറ്റിനും ദൈവത്തോടു നന്ദിപാടിക്കൊണ്ട് തങ്ങളുടെ ജീവിതയാത്ര വിജയകരമായി ജീവിച്ചവസാനിപ്പിക്കും. തങ്ങളുടെ ജീവിതത്തിൽ പിശാചിന്നിടം കൊടുക്കാതെ ഈശ്വരഭക്തിയോടും ദൈവാശ്രയത്തോടുംകൂടെ ജീവിച്ചു മാതൃക കാണിക്കുവാൻ ഈ എളിയ ചിന്തകൾ സഹായമായിതീരട്ടെ എന്ന് ആഗ്രഹിക്കുകയും ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദൈവം അതിന് എന്റെ പ്രിയ വായനക്കാരെ സഹായിക്കട്ടെ! അനുഗ്രഹിക്കട്ടെ!

# SEEKING BRIDEGROOM

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

*Pentecostal parents from Kerala seek a suitable alliance for their 27-year-old daughter (5'1, fair complexion), a Master's degree holder in Physical Therapy (Orthopedics), currently working in Kerala. We invite proposals from professionally qualified Pentecostal individuals in the US, Canada, UK, Australia, Switzerland, or the Middle East, preferably those interested in ministry alongside their profession. For details, contact **423-637-4717 / 423-847-7483 or email Thresiamma.chacko@gmail.com** with recent photos and information.

*The Pentecostal family settled in Texas invites a proposal for their daughter, who has completed MD and is doing her 1st year of residency -Pediatric in Los Angeles, CA. Age 26 (November 4, 1998), 5'4", God-fearing, baptized & US citizen from parents of a Pentecostal boy, preferably from California, with a professional career and from the US. Please email complete details and pictures to **shepherdusa1@gmail.com**

*Pentecostal parents invite proposals for their daughter (29 yrs, 5'4") with a Masters of Engineering degree and working as a licensed professional engineer in New York City. She was born and brought up in the US. She attends a non-denominational Christian church in NYC and is very active in fitness and sports. We are seeking suitable alliances from similarly qualified professionals. If interested, please send recent photo and details to **mathew.eng12@gmail.com.**

*Pentecostal Girl in Dallas, TX, USA: MBA/Seeking Groom Pentecostal parents looking for suitable proposals for their daughter, 25 years old and 5ft 2in, MBA and working as manager for insurance agency. Seeking proposals from professional and qualified Pentecostal boys, preferably from USA. Contact: **469-233-4309** Please leave a message if your call is now answered.

*Malayalaee Christian business man settled in Kuwait, inviting proposal for their daughter. Born again Christian, 27 years old, 5'5" with fair complexion, born and raised in Kuwait. MBBS doctor with Master's Degree in Public Health from Boston, Massachusetts. Currently preparing for USMLE. Interested parties in US or Canada please contact us at **630-808–6165** or **rajanthomas125@gmail.com**

*Single marthomite girl (40yrs, 55kg 5.5ft) MSc. Big Data Analytics (UK) currently working in the UK, seeking Christian professional groom from USA/UK/CA/Euro. Interests to contact: **+91 9745678243, +44 7767957273**

Parents invite proposal for their daughter (24 years, raised in USA, baptized Christian who attends a local community church that follow Pentecostal beliefs, 5.1', did B.S in engineering) from one with similar background & professional qualifications. If interested, please respond to email: **Helistens@outlook.com** with picture & details.

*Knanaya Catholic woman 50 years old, widow, well settled in USA seeking proposals from widower age between 50-60, who is honest in nature, responsible, willing to make compromise. Intrested parties. please respond to **813-816 5339**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite mar-

# SEEKING BRIDE

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

*Pentecostal family settled in US prayerfully seeking proposal for son (March 1996 -5'7") born again baptized US citizen, working as an Engineer in a reputed space exploration firm in Texas. He has master's in mechanical engineering and Bachelors in Petroleum Engineering. Seeking suitable alliance from the parents of God fearing professionally qualified girls from US. Please respond with details via **joybe764@gmail.com** or reach out to **972.900.2524**

*Immigrant Orthodox Parents invite marriage Proposal for their son in India (Madhya Pradesh) B.E. Biomedical Engineer, from parents of Christian girls in the United States (He is 32 years old and Height is 5'4" with 68kg.) please contact at email: **geappen@gmail.com }**

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to: **inhistime2025@yahoo.com.**

*Born again Christian man, 36 years old, 5'8" Ht, settled in Chicago area invites proposal from parents of any Christian denomination settled in U.S. Innocent divorcees are also welcome. Interested parties please contact **1-872-236-8692** or email: **lijosandras386@gmail.com**.

*Aunt seeking alliance for nephew, 27 years old (April 2nd 1997), born and raised in Mumbai, India. He is currently completing grad school at Columbia University, majoring in Management Science and Engineering. Before pursuing his Masters, he worked as Senior Consultant at Ernst & Young - Parthenon. Seeking wife who is settled in the US, with medical or software based job, Pentecostal denomination. Please call **678 431 8651** Preela Varghese.

*Pentecostal parents from Kerala, now settled in the US, are seeking marriage proposals for their 26-year-old son, who was born and raised in the US. He is baptized, has strong family values, and attends church regularly. He is 5.8", works as a computer engineer, and is currently pursuing graduate studies. Seeking God-fearing Pentecostal girls born or raised in the US, are professionals under 26 yrs., and 5.4" or taller.
Please respond with a photo to
**dm1235@gmail.com**

## SEEKING BRIDEGROOM CONTD.....

riage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/PhD program in a reputable university in the USA from physicians or similarly educated men raised in the USA. Very caring and family oriented.
If interested, please email:
**medqis@gmail.com** or contact **(908) 764-0342.**

**Visit Our Website:**
**www.keralaexpress.com for Matrimonial**

## കെ.ജെ. ജോർജ്

**ചെറുവാണ്ടൂർ:** നന്തിയാട്ട് കെ.ജെ. ജോർജ് (71) അന്തരിച്ചു. കുമാരനല്ലൂർ കാഞ്ഞിരംകാലായിൽ കുടുംബാംഗമാണ്. ഭാര്യ നന്തിയാട്ട് ലീലാമ്മ. മക്കൾ: സുമി ജോർജ് (ബഹറിൻ), സോണി ജോർജ് (യുഎസ്). മരുമക്കൾ: അബിഷ് മാത്യു മ്ളാവിൽ കുറുമുള്ളൂർ (ബഹറിൻ), ബിനു ജോർജ് കാച്ചപ്പിള്ളി അവിണിശ്ശേരി (ഒല്ലൂർ).

**തിരുവനന്തപുരം:** വഞ്ചിയൂർ മള്ളൂർ റോഡിൽ പെരിയമന ഇല്ലത്ത് എസ്ബിഐ റിട്ട. ഉദ്യോഗസ്ഥ രൂപ സാവിത്രി (60) അന്തരിച്ചു.

## ശോശാമ്മ വർഗീസ്

**പാമ്പാടി:** വാകത്താനം എണ്ണശ്ശേരിൽ പുത്തൻപുരയ്ക്കൽ പരേതനായ പി.വി. വർഗീസിന്റെ ഭാര്യ റിട്ട. ഹെൽത്ത് ഇൻസ്പെക്ടർ ശോശാമ്മ വർഗീസ് (കുഞ്ഞുമോൾ-88) അന്തരിച്ചു. മക്കൾ: ഷാജൻ, ബീന (ഇരുവരും യുഎസ്). മരുമക്കൾ: ഷൈനി ചാലുങ്കൽ (പുതുപ്പള്ളി), സാജൻ പാറയ്ക്കൽ (മാടപ്പള്ളി).

**ചെറുവള്ളി:** ബിഎസ്എൻഎൽ റിട്ട. ഉദ്യോഗസ്ഥ തെക്കുംമൂട് ഏറത്തുവീട്ടിൽ ജി. സരസ്വതീഭായ് (85) അന്തരിച്ചു.

**കൈപ്പുഴ:** യുഎസ് ടെക്സസ് ലബക് രൂപതാംഗമായ ഫാ. ചാക്കോ തടത്തിൽ (ബാബു -60) അന്തരിച്ചു.

## ലീലാമ്മ ചാക്കോ

**പാത്താമുട്ടം:** പാമ്പൂരാംപാറ കാഞ്ഞിരത്തിൻമൂട്ടിലായ മണ്ണാംപറമ്പിൽ പരേതനായ പി.കെ. ചാക്കോയുടെ ഭാര്യ ലീലാമ്മ ചാക്കോ (74) അന്തരിച്ചു. ചെങ്ങരൂർ കിണറ്റുകര പുത്തൻപുരയിൽ കുടുംബാംഗമാണ്. മക്കൾ: ആൻസി (യുഎസ്), അനിൽ കുര്യൻ. മരുമകൻ. വിനോയ് വർഗീസ് വണ്ടാനത്തുവയലിൽ കങ്ങഴ (യുഎസ്).

**മാന്തുരുത്തി:** നെടുങ്കുന്നം ഇടയാടിൽ പരേതനായ ഇ.സി. ജോസഫിന്റെ ഭാര്യ മേരിക്കുട്ടി ജോസഫ് (76) അന്തരിച്ചു.

**കൊച്ചി:** സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി കോഴിക്കോട് പ്രോവിൻസ് അംഗം സിസ്റ്റർ ക്ലെയോഫമനയാനിക്കൽ (88) അന്തരിച്ചു.

## ശ്രീദേവി രാധാകൃഷ്ണൻ

**തൊടുപുഴ:** തയ്യക്കോടത്ത് ശ്രീദേവി രാധാകൃഷ്ണൻ (69) അന്തരിച്ചു. ഭർത്താവ് പരേതനായ ടി.ജി. രാധാകൃഷ്ണപിള്ള. മക്കൾ: വിവേക് (റവന്യൂ ഇൻസ്പെക്ടർ, മഞ്ചേരി), ശിവകൃഷ്ണൻ (യുഎസ്). മരുമക്കൾ: ആതിര വിവേക്, പ്രിയ ബാബു.

## ലില്ലിക്കുട്ടി ജോർജ്

**തെള്ളകം:** യുഎൻ മുൻ ഉദ്യോഗസ്ഥൻ കോട്ടങ്ങൽ തിരുനല്ലൂർ ജോർജ് തോമസിന്റെ ഭാര്യ ഐസിഐസിഐ ബാങ്ക് റിട്ട. മാനേജർ ലില്ലിക്കുട്ടി ജോർജ് (86) അന്തരിച്ചു. മാമ്മൂട് ഇയ്യാലിൽ തൃക്കോയ്ക്കൽ കുടുംബാംഗമാണ്. മക്കൾ: അലൻ ജോർജ് (യുഎസ്), ഡെന്നി ജോർജ് (ഡൽഹി). മരുമകൾ: റെയ്ന തോമസ് തുളുമ്പൻമാക്കൽ എറണാകുളം (യുഎസ്).

**കൊരുമ്പിശേരി:** ചങ്ങനാശേരി നാഷണൽ ടെക്സ്റ്റൈൽസ് കോർപ്പറേഷൻ റിട്ട. ഉദ്യോഗസ്ഥൻ പാറേക്കാട്ട് വിശ്വനാഥൻ നായർ (70) അന്തരിച്ചു.

**തിരുവല്ല:** സെൻട്രൽ ബാങ്ക് റിട്ട. ഉദ്യോഗസ്ഥൻ പാലിയേക്കര കളപ്പുരയ്ക്കൽ തോമസ് കെ. ജേക്കബ് (ബാബു-82) അന്തരിച്ചു.

## ബേസിൽ ആന്റണി


**ചങ്ങനാശേരി:** യുഎസിൽ ചാർട്ടേഡ് അക്കൗണ്ടന്റായ ചീരംചിറ പടനിലം ബേസിൽ ആന്റണി (65) യുഎസിൽ അന്തരിച്ചു. ഭാര്യ കൈനകരി ചക്കനാട്ട് ആൻ ബേസിൽ. മക്കൾ: ടോം ബേസിൽ, ഡോ. ജോൺ ബേസിൽ. മരുമക്കൾ: ശിവാനി ടോം, സിഡ്നി ജോൺ.

## കുഞ്ഞുബേബി

**തോട്ടയ്ക്കാട്:** കൊടുവേലിൽ കുഞ്ഞുബേബി (80) കാനഡയിൽ അന്തരിച്ചു. ഭാര്യ കുഞ്ഞമ്മ ബേബി. മക്കൾ: ജൂലി (യുഎസ്), ജൂബി, ജോബി (ഇരുവരും കാനഡ). മരുമക്കൾ: റോയ് (യുഎസ്), ദിവ്യ, അനിമോൾ (ഇരുവരും കാനഡ).

**കൈപ്പുഴ:** വിമുക്തഭടനും റിട്ട. സിഐഎസ്എഫ് ഉദ്യോഗസ്ഥനുമായ കരോട്ട് കെ.എൻ. പുരുഷോത്തമൻ (84) അന്തരിച്ചു.

## ജോയ് മണ്ണാലക്കുടി സ്കറിയ അന്തരിച്ചു



**ഡാളസ്:** ജോയ് മണ്ണാലക്കുടി സ്കറിയ (പയ്യമ്പള്ളി മണ്ണാലക്കുടി ജോയി-61) ഡാളസിൽ അന്തരിച്ചു. ഹ്രസ്വസന്ദർശനത്തിനായി മകൻ മിജോയുടെ അടുത്തെത്തിയ ജോയിയെ നെഞ്ചുവേദനയെത്തുടർന്ന് ഡാളസിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ഭാര്യ സാലി ജോയ് കാട്ടിമൂല ഇലക്കാട്ട് കുടുംബാംഗം. മിഥു (ഖത്തർ) മറ്റൊരു മകനാണ്, മരുമക്കൾ: ഷിബിൻ (ഖത്തർ), ടെസീന (യുഎസ്).

വാർത്ത: അനശ്വരം മാമ്പിള്ളി

## പാസ്റ്റർ എം.എ. മാത്യു

**മീനടം:** മണ്ണിൽ (താബോർ) പാസ്റ്റർ എം.എ. മാത്യു (തങ്കച്ചൻ-80) അന്തരിച്ചു. ഭാര്യ കിഴക്കേടത്ത് പരേതയായ ഏലിയാമ്മ മാത്യു. മക്കൾ: ജിഷ, ജിൻസി, ജിനി, ജോൺസി. മരുമക്കൾ: സജി, ജോർജ് (ഇരുവരും ദുബായ്), ജോസ് (മാന്നാർ), ബിജു (യുഎസ്).

**ഗാന്ധിനഗർ:** ഐപിസി ഗില്‍ഗാൽ (ഗാന്ധിനഗർ) പാസ്റ്റർ പി.ടി. അലക്സാണ്ടറിന്റെ (പത്തിശേരിൽ കൂടൽ) ഭാര്യ എൽസമ്മ അലക്സാണ്ടർ (86) അന്തരിച്ചു.

**തൊടുപുഴ:** മാണിക്കമംഗലം എൻ.എസ്.എസ്. എൽപി എസ് റിട്ട. പ്രധാനാദ്ധ്യാപകൻ ഒളമറ്റം ചന്ദ്രഭവനത്തിൽ കെ.ജി. പരമേശ്വരൻ നായർ (82) അന്തരിച്ചു.

## മറിയാമ്മ യോഹന്നാൻ



**ന്യൂയോർക്ക്:** റോക്ക്ലാൻഡ് ഐപിസി സഭാംഗം യോഹന്നാൻ യോഹന്നാന്റെ (കുഞ്ഞുമോൻ) ഭാര്യ മറിയാമ്മ യോഹന്നാൻ (അമ്മുക്കുട്ടി-76) ന്യൂയോർക്കിൽ അന്തരിച്ചു. മക്കൾ: എബി, ഡെബി. മരുമക്കൾ: സാന്ദ്ര, എബി.

**മണർകാട്:** കല്ലക്കടമ്പിൽ പായിക്കാട്ട് ഏബ്രഹാമിന്റെയും അമ്മാളുകുട്ടിയുടെയും മകൻ എറണാകുളം യൂക്കോ ബാങ്ക് സീനിയർ മാനേജർ അനീഷ് ഏബ്രഹാം (38) അന്തരിച്ചു.

## ഡോ. ബി.എസ്. റാവു

**കാസർകോട്:** കാളിഫൈഡ് പ്രൈവറ്റ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് അസോസിയേഷൻ മുൻ സംസ്ഥാന പ്രസിഡണ്ടും വടക്കൻ കേരളത്തിലെ ആദ്യകാല ഡോക്ടറുമായ നായക്സ് റോഡ് ശിവകൃപയിൽ ബായാർ ശങ്കരനാരായണ റാവു (ഡോ. ബി.എസ്. റാവു-84) അന്തരിച്ചു. ഭാര്യ പത്മാവതി എസ്. റാവു. മക്കൾ: ഡോ. രേഖ നായർ, രൂപ വയലായ (യുഎസ്), ഡോ. ശിവപ്രസാദ് (മംഗ്ളൂരു) മരുമക്കൾ: ഡോ. ഗണേഷ് മയ്യ, ആദിത്യ വയലായ (യുഎസ്), ഡോ. സീമ (മംഗ്ളൂരു).

**തൊടുപുഴ:** തൊടുപുഴ ഗവ. ഗേൾസ് സ്കൂൾ റിട്ട. അദ്ധ്യാപിക ആനക്കൂട് ഗീതാ നിവാസിൽ കെ.ആർ. രതി (87) അന്തരിച്ചു.

**കുഴിമതിക്കാട്:** റിട്ട. ഓണററി ക്യാപ്റ്റൻ വിളയിലഴികത്ത് വീട്ടിൽ വി.സി. ഉമ്മൻ പണിക്കർ (രാജു-76) അന്തരിച്ചു.

## വർഗീസ് ജോർജ് കണ്ണന്താനം



**കൊച്ചി:** പരേതനായ അഡ്വ. ജോർജ് വർഗീസ് കണ്ണന്താനത്തിന്റെ മൂത്തമകൻ വർഗീസ് ജോർജ് കണ്ണന്താനം (ബാബു -75) അന്തരിച്ചു. ഭാര്യ: ആനി വർഗീസ് കണ്ണന്താനം (കണ്ണന്താനം സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ്, കൊച്ചി). മാതാവ്: പരേതയായ മോളി. സഹോദരങ്ങൾ: മാത്യു ജോർജ് (സോമൻ, യുഎസ്എ), അഡ്വ. കുര്യൻ ജോർജ് (ജോസ് കണ്ണന്താനം), ആനി (വിമല, കാനഡ), പരേതനായ മാമൻ (ഭാനു യുഎസ്എ), അഡ്വ. ടോണി, ഫാ. സെബാസ്റ്റ്യൻ (മേജർ അതിരൂപത, തിരുവനന്തപുരം), ലീല സന്തോഷ്, റാണി സുഭാഷ്, റോസി ജോസഫ്, ബിന്ദു സിബി.

**ഇലഞ്ഞി:** മേടമന നെല്ലിക്കുന്നേൽ (ഉറുമ്പിൽ) പരേതനായ യു.കെ. ജോണിന്റെ (റിട്ട. ജോ. ആർടിഒ) ഭാര്യ പെരുവ ഗേൾസ് ഹൈസ്കൂൾ റിട്ട. അദ്ധ്യാപിക അന്നമ്മ ജോൺ (73) അന്തരിച്ചു.

## ഏലിയാമ്മ തോമസ്

**കുമ്പനാട്:** പകലോമറ്റം വടക്കുംതല പീസ് കോട്ടേജിൽ ഏലിയാമ്മ തോമസ് (കുഞ്ഞുമോൾ-78) അന്തരിച്ചു. ഭർത്താവ് ദുബായ് അറബ് ബാങ്ക് ഉദ്യോഗസ്ഥനായിരുന്ന പരേതനായ വി.സി. തോമസ്. മക്കൾ: ബിനു വി. തോമസ് (മസ്കറ്റ്), ബിന്ദു അരുൺ (യുഎസ്), ബിനി സിനു. മരുമക്കൾ: കാനം പതിയിൽ സുജ ബിനു (മസ്കറ്റ്), തിരുവല്ല കോടിയാട്ട് അരുൺ ജോസഫ് (യുഎസ്), കുഴിയത്ത് സിനു സാമുവൽ.

## ജോർജ് തോമസ്

**വൈക്കം:** വൈക്കം ടൗണിലെ വ്യാപാരിയും അറയ്ക്കൽ വെസൽസ് ഉടമയുമായ അറയ്ക്കത്താഴത്ത് ജോർജ് തോമസ് (83) അന്തരിച്ചു. ഭാര്യ ചമ്പക്കര പുതുശ്ശേരി എൽസ ജോർജ്. മക്കൾ: മിനി തോമസ്, പരേതനായ ബിജു ജോർജ്, സോജു ജോർജ് (യുഎസ്). മരുമക്കൾ: പരേതനായ കെ.ടി. തോമസ് കളരിക്കൽ പാലാ, ഷൈനി ആലപ്പാട്ട് തൃശൂർ, ലീന വെട്ടിക്കത്തടത്തിൽ കാഞ്ഞിരത്താനം, ലസ്ലി വട്ടമറ്റത്തിൽ (യുഎസ്).

**അതിരമ്പുഴ:** മറ്റം കവലയിൽ മന്നാകുളം വീട്ടിൽ നാസർ ജമാൽ (56) അന്തരിച്ചു.

**കിഴപറയാർ:** റിട്ട. എഇ പാലാ കുന്നുംപുറത്ത് കെ.ടി. തോമസ് (80) അന്തരിച്ചു.

## ഏലിയാമ്മ ജോൺ

**കിടങ്ങൂർ:** തെക്കേടത്ത് പരേതനായ ടി.ജെ. ജോണിന്റെ (റിട്ട. കെഎസ്ഇബി) ഭാര്യ ഏലിയാമ്മ ജോൺ (82) അന്തരിച്ചു. കരിങ്കുന്നം അയിലേടത്ത് കുടുംബാംഗമാണ്. മക്കൾ: പരേതനായ സെൻസ് ടി. ജോൺ. റിമി ടി. ജോൺ (ഓസ്ട്രേലിയ), ബിജു ടി. ജോൺ (യുഎസ്). മരുമക്കൾ: ജോളി സെൻസ് കിഴക്കേപ്പുറത്ത് ചക്കാമ്പുഴ (ഇസ്രയേൽ), ആനിയമ്മ റെമി തറയിൽ കല്ലറ (ഓസ്ട്രേലിയ), സോണി ബിജു പുത്തൻപുരയിൽ തടിയമ്പാട് (യുഎസ്).

## സിസ്റ്റർ കൊളറ്റ്

**ചങ്ങനാശേരി:** ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ ചങ്ങനാശേരി ദേവമാതാ പ്രോവിൻസ് ചെത്തിപ്പുഴ വെരൂർചിറ ശാന്തിസദൻ ക്ലാരമഠം ഭവനാംഗം സിസ്റ്റർ കൊളറ്റ് (91) അന്തരിച്ചു. സഹോദരങ്ങൾ: സിസ്റ്റർ സിസിലി ജോർജ്, പരേതനായ ഡൊമിനിക്, മോളി (യുഎസ്).

**തൃശൂർ:** സെന്റ് തോമസ് കോളജ് കൊമേഴ്സ് റിട്ട. പ്രഫസറും ജില്ലാ ടൂറിസം ഡെവലപ്മെന്റ് സൊസൈറ്റി മുൻ സെക്രട്ടറിയുമായിരുന്ന കാളാശേരി കെ.സി. ജെയിംസ് (70) അന്തരിച്ചു.

## മറിയാമ്മ ലൂക്കാ

**കൈപ്പുഴ:** മാച്ചാത്തിൽ (പൗവ്വത്തേൽ) മറിയാമ്മ ലൂക്കാ (93) അന്തരിച്ചു. നീണ്ടൂർ അത്തിമറ്റത്തിൽ കുടുംബാംഗം. ഭർത്താവ് പരേതനായ ലൂക്കാ ജോസഫ്. മക്കൾ: ആൻസി തോമസ്, ബീനാ ജോർജ് (കാനഡ), മിനി ബിജു (യുഎസ്), ലിൻസി ജോമോൻ (ഓസ്ട്രേലിയ), പരേതരായ ജോയി, ലൂക്കാച്ചൻ. മരുമക്കൾ: ക്ലാരമ്മ വലിയപറമ്പ്മുകളേൽ (കൈപ്പുഴ), ജെസി അറക്കൽ (നീണ്ടൂർ), പരേതനായ പി.എം. തോമസ് പുല്ലാട്ടുകാലായിൽ, ജോർജ് മുഴൂർ (കാനഡ), ബിജു ലൂക്കോസ് കളപ്പുരകുന്നുംപുറം (യുഎസ്), ജോമോൻ പുന്നച്ചൻ കൊല്ലപ്പള്ളി (ഓസ്ട്രേലിയ).

**മുഴൂർ:** പനയ്ക്കത്തോട്ടത്തിൽ പരേതനായ മാത്തുക്കുട്ടിയുടെ ഭാര്യ ഏത്സമ്മമാത്തുക്കുട്ടി (85) അന്തരിച്ചു.

## സാറാമ്മ പുന്നൂസ്

**വാകത്താനം:** നാലുന്നാക്കൽ കാരിക്കോട്ടുചിറ പരേതനായ പുന്നൂസ് കുര്യന്റെ ഭാര്യ സാറാമ്മ പുന്നൂസ് (84) അന്തരിച്ചു. പായിപ്പാട് ഇളയിടത്ത് കോലത്ത് കുടുംബാംഗമാണ്. മക്കൾ: ജിജു കുര്യൻ പുന്നൂസ് (യുഎസ്), ജെസി ജെയ്സൺ (കാനഡ). മരുമക്കൾ: ഷെറോൺ കുര്യൻ കാക്കനാട്ടുപറമ്പിൽ പെരുമ്പാവൂർ, ജെയ്സൺ തോമസ് മുഴിപറമ്പിൽ ചിങ്ങവനം.

**പാലാ:** പാലാ രൂപതാംഗവും മുൻ വികാരി ജനറാളുമായ ഫാ. ജോർജ് ചൂരക്കാട്ട് (81) അന്തരിച്ചു.

## സിസ്റ്റർ ലിറ്റിൽ തെരേസ് മാത്തിക്കുന്നേൽ

**പാലാ:** എസ്എബിഎസ് പ്രൊവിൻഷ്യൽ ഹൗസ് ക്രെസ്റ്റ്ഹാൾ മഠാംഗമായ സിസ്റ്റർ ലിറ്റിൽ തെരേസ് മാത്തിക്കുന്നേൽ (88) അന്തരിച്ചു. കാപ്പുന്തല ഫാത്തിമാപുരം മാത്തിക്കുന്നേൽ കുടുംബാംഗമാണ്. സഹോദരങ്ങൾ: ഏലിയാമ്മ ജെയിംസ് (കാനഡ), പരേതനായ ഫാ. മാത്യു മാത്തിക്കുന്നേൽ, തോമസ് (കാപ്പുന്തല), അന്നമ്മ ജോൺ തുർമ്മത്തിൽ (തലയോലപ്പറമ്പ്), ഫാ. പോൾ മാത്തിക്കുന്നേൽ (മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്തമറിയംപള്ളി), ഡോ. സിറിയക് (യുഎസ്), മറിയാമ്മ ഏബ്രഹാം (കാനഡ), ഫില്ലമ്മ ജോസ് വലിയപറമ്പിൽ (യുഎസ്).

## ചാച്ചിയമ്മ കുര്യാക്കോസ്

**ചിങ്ങവനം:** പെരുമാച്ചേരിയിലായ വല്യത്തിൽ ചാച്ചിയമ്മ കുര്യാക്കോസ് (കുഞ്ഞമ്മ-80) യുഎസിൽ അന്തരിച്ചു. വെളിയനാട് മുട്ടത്ത് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ പി.എ. കുര്യാക്കോസ്. മക്കൾ: ബിജു കുര്യാക്കോസ്, ബിനോ ഷാജി, ജുബിൻ എബി, ബിന്ദു സാബു (എല്ലാവരും യുഎസ്). മരുമക്കൾ: ജെസി ബിജു, ഷാജി തൈത്തറ, സാബു മല്ലപ്പള്ളി, ഫാ. എബി ഏബ്രഹാം എഴുമായിൽ (എല്ലാവരും യുഎസ്).

## ഏലിയാമ്മ ഉമ്മൻ

**ചങ്ങനാശേരി:** വെട്ടിത്തുരുത്ത് കരയിടത്തുമണക്ക് പരേതനായ കുര്യൻ ഉമ്മന്റെ ഭാര്യ ഏലിയാമ്മ ഉമ്മൻ (80) അന്തരിച്ചു. മണിപ്പുഴ ഐരാരത്ത് കണ്ടത്തിൽ കുടുംബാംഗമാണ്. മക്കൾ: സില്ലാമ്മ (തുരുത്തിക്കാട്), ലുദിയാമ്മ (ഡൽഹി), സൂസമ്മ (കോട്ടമുറി), ഉമ്മൻ കുര്യൻ (കരയിടത്ത് ഓട്ടോടെക് തെങ്ങണ), അനിയൻകുഞ്ഞ് (കേരള കോൺഗ്രസ് ചങ്ങനാശേരി നിയോജകമണ്ഡലം ട്രഷറർ), മിനി (മാന്താനം), ക്രിസ്റ്റി (ചാഞ്ഞോലി), ജസ്റ്റിൻ (യുഎസ്). മരുമക്കൾ: പരേതനായ സാജൻ തേക്കനാൽ (തുരുത്തിക്കാട്), ഏബ്രഹാം വർക്കി കണ്ണമ്മാലിൽ (ഡൽഹി), റജി പുതുപറമ്പിൽ (കോട്ടമുറി), ടിറ്റി നടുവിലേപറമ്പിൽ (വാകത്താനം), ബിനു മുഴുവങ്കൽ (കുത്രപ്പള്ളി), സൈമൺ കുര്യൻ തുണ്ടിപ്പറമ്പിൽ (മാന്താനം), ടിൻസി കുരിശിങ്കൽ (ആഞ്ഞിലിത്താനം), ഡോ. റീനു (റേബാ ഡെന്റൽ ക്ലിനിക് പനമ്പാലം കോട്ടയം).

**വേളൂർ:** ഇല്ലിക്കൽ പെരിഞ്ഞെക്കേരിൽ സിന്ധ്യ മോഹൻ ജേക്കബ് (57) അന്തരിച്ചു.

**കുഴിമറ്റം:** മാമ്മൂട്ടിൽ പാസ്റ്റർ തോമസ് ഏബ്രഹാം (രാജു -62) അന്തരിച്ചു.

**തലയോലപ്പറമ്പ്:** പന്തലാങ്കൽ പരേതനായ ആന്റണിയുടെ ഭാര്യ മറിയക്കുട്ടി ആന്റണി (92) അന്തരിച്ചു.

# Holiday Let

## Penthouse in Kochi

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi.
Close to shops/Restaurants/ shopping centres.
Beautiful view of Kochi City.
Location- Vennala near Holiday Inn Hotel.

**Contact NG Jerome**

**Mob: +91 9446211630**

## LIVE-IN CAREGIVER OPPORTUNITY (ELMHURST, IL)

We are seeking a dependable and compassionate live-in caregiver to support our elderly parents in their home. They are moderately independent and require some assistance with daily living activities, along with light housekeeping duties and meal preparation.

The position includes a private bedroom and meals. Ideal candidates will be respectful, patient, and attentive to the needs of older adults.

Details of compensation can be discussed during the interview process.

**For inquiries or to express interest, please contact**

**Gisha Abraham at (847)477-1202 or gmabraham2628@gmail.com**




## ചിക്കാഗോയിൽ ബേബിസിറ്ററെ ആവശ്യമുണ്ട്

ചിക്കാഗോയിലുള്ള കുടുംബത്തിന് നവജാത ശിശുവിനായി മലയാളം സംസാരിക്കുന്ന Baby Sitter-നെ ആവശ്യമുണ്ട്. അനുഭവമുള്ള, വിശ്വാസമർഹിക്കുന്ന വനിതകൾക്ക് അപേക്ഷിക്കാവുന്നതാണ്.

**വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക:**

**Rose Vadakara 708-662-0774**

## CAREGIVER HELP NEEDED IN NEW YORK

An able bodied female or male needed for helping a 90 year old elderly man, for 6 hrs a day from 3 pm to 9 pm, Monday. Candidates in an around Rockland (NY) county or Westchester (NY) preferred. No need for overnight stay.

**Please call**

**845 480 4721** or

**email drmathai123@gmail.com**

*Favors Received*



*Inserted by: Firm Believer, New York*

*Favors Received*




*Inserted by: Firm Believer, New York*

Visit Our Website: www.keralaexpress.com for Classified Advt.




# ഡിറ്റക്ടീവ് ഉജ്ജ്വലനിൽ വില്ലനായി മാത്യു ബേബി പുതുക്കാടൻ

**കാ**ത്തിരുന്നു കിട്ടിയ സുവർണാവസരം! ‘മിന്നൽ മുരളി’ നിർമിച്ച സോഫിയ പോളിന്റെ പുത്തൻ പടം ‘ഡിറ്റക്ടീവ് ഉജ്ജ്വലനി’ലെ ഇരട്ട വില്ലൻവേഷം. ക്ലൈമാക്സ് വരെയും മുഖം മൂടിയണിഞ്ഞ വില്ലൻ. സിനിമ റിലീസായിട്ടും ഉജ്ജ്വലനിലെ ബഗ്രിമാൻ താനാണെന്നു നാലാളോടു പറയാൻ പറ്റാത്ത അവസ്ഥ! സിനിമയുടെ സസ്പെൻസ് നിലനിർത്താൻ, വില്ലൻവേഷം ചെയ്ത പുതുമുഖം ‘മുഖംമൂടി’യിൽ തുടർന്നു. ഒടുവിൽ ഒടിടി റിലീസിനുശേഷം നെറ്റ്ഫ്ളിക്സ് കാരക്ടർ പോസ്റ്ററിലൂടെ സസ്പെൻസിനു വിരാമമായി. തൃശൂർ കൊരട്ടി സ്വദേശി മാത്യു ബേബി പുതുക്കാടനെ നാടറിഞ്ഞു.



“ഞാനാണു വില്ലനെന്നു വെളിപ്പെട്ട നിമിഷം സുഹൃത്തുക്കളും ബന്ധുക്കളുമൊക്കെ തിയറ്ററിൽ ഞെട്ടി. ആ ഷോക്ക് ഫാക്ടർ ആയിരുന്നു എന്റെ സന്തോഷം. പെർഫോമൻസ് ഇഷ്ടമായെന്നു കൂടിയറിയുമ്പോൾ ഇരട്ടിമധുരം. ഒരു ഭാഷയിൽ മാത്രം റിലീസായ സിനിമ നെറ്റ്ഫ്ളിക്സ് ഇന്ത്യ ട്രെൻഡിംഗ് ടോപ്പ് 5-ൽ എത്തിയതു വലിയ കാര്യം തന്നെയാണ്” - ബേബി മാത്യു പുതുക്കാടൻ പറഞ്ഞു.

പന്ത്രണ്ടാം ക്ലാസ് വരെ ഞാൻ പഠിച്ചതും വളർന്നതുമെല്ലാം ദുബായിലാണ്. അച്ഛൻ ബേബി അവിടെ ഒരു കമ്പനിയിൽ സെയിൽസ് മാനേജരാണ്. അമ്മ മിനി വീട്ടമ്മയും. സഹോദരൻ കോഴിക്കോട് ഗവ. മെഡിക്കൽ കോളജിൽ ഡോക്ടറാണ്. സിനിമാപ്രേമിയായ അപ്പൻ, വീക്കെൻഡുകളിൽ കൊണ്ടുവന്ന വീഡിയോ കാസറ്റുകളിലെ സിനിമകൾ കണ്ടു വളർന്ന കുട്ടിക്കാലം. പന്ത്രണ്ടിലെത്തിയപ്പോൾ ഞാനും സുഹൃത്ത് ഇജാസും സംവിധാനം ചെയ്ത ഹ്രസ്വചിത്രത്തിലെ ഒരു ഷോട്ടിൽ ഞാൻ അഭിനയിച്ചു. അഭിനയത്തോട് ഒരിഷ്ടം തോന്നിയെങ്കിലും ഡിഗ്രിക്കുശേഷം മതി സിനിമയെന്നു വീട്ടുകാർ. അങ്ങനെ 2014-ൽ നാട്ടിലെത്തി. കൊല്ലം ടികെഎമ്മിൽ ബിടെക്കിനു ചേർന്നു.

അക്കാലത്തു സൂര്യയുടെ 24, വാരണം ആയിരം ഉൾപ്പെടെയുള്ള സിനിമകളിലെ സീനുകൾ പുനഃസൃഷ്ടിച്ച് ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്തുതുടങ്ങി. സുഹൃത്ത് അരവിന്ദായിരുന്നു എഡിറ്റർ. കുറേപ്പേർക്ക് അത് ഇഷ്ടമായി. അതെനിക്കു കിക്കായി. കഥാപാത്രത്തിനനുസരിച്ചു മുടിയും താടിയും വളർത്തിയും മൊട്ടയടിച്ചുമൊക്കെ പിന്നെയും വീഡിയോകൾ ചെയ്തു. അഭിനയത്തോട് അഭിനിവേശമായി.

മാസ്റ്റർപീസിന്റെ ഷൂട്ടിംഗ് ഫാത്തിമ കോളജിൽ നടക്കുമ്പോൾ ക്ലാസ് കട്ട് ചെയ്ത് ഞാനും സുഹൃത്തും അവിടെ ഓഡിഷനു പോയെങ്കിലും ഫലമുണ്ടായില്ല. ബിടെക്കിനുശേഷം മുംബൈയിൽ സുഭാഷ് ഘായിയുടെ വിസിലിംഗ് വുഡ്സ് ഫിലിം സ്കൂളിൽ ചേർന്നു. ഒന്നര വർഷം തിയറ്ററും ഷോർട്ട് ഫിലിംസുമായി അഭിനയം അടുത്തറിഞ്ഞു. പരസ്യ ചിത്രങ്ങളിൽ അവസരങ്ങളും പ്രതിഫലവും വന്നുതുടങ്ങിയതോടെ വീട്ടുകാർ സപ്പോർട്ടായി. വാശിയോടെ ഹിന്ദി വശമാക്കി ആമസോൺ വെബ് സീരീസിലും ഹിന്ദി സിനിമയിലും വേഷമിട്ടു.

ഫെഫ്ക ഷോർട്ട് ഫിലിം ഫെസ്റ്റിവലിൽ ഞാൻ അഭിനയിച്ച പതക്കമെന്ന ഷോർട്ട് ഫിലിം ഫൈനൽ വരെയെത്തി. പതക്കം കണ്ടാണ് ഫിലിം സ്കൂളിൽ എന്റെ സഹപാഠി ആയിരുന്ന ഇന്ദ്രനീൽ ഗോപീകൃഷ്ണനും അവിടെ സീനിയർ ആയിരുന്ന രാഹുലും എന്നെ ഡിറ്റക്ടീവ് ഉജ്ജ്വലന്റെ ഓഡിഷനു വിളിച്ചത്. അതിലെ വില്ലൻ കഥാപാത്രത്തിന്റെ സസ്പെൻസ് നിലനിർത്താൻ അവർക്കു പുതുമുഖത്തെ തന്നെ വേണമായിരുന്നു. രണ്ടാംഘട്ടം ഓഡിഷന് അഞ്ചു ദിവസങ്ങൾക്കുശേഷം ‘നീയാണു പടത്തിലെ വില്ലൻ, നീയാണു ബൂഗിമാൻ’ എന്ന് ഇന്ദ്രനീൽ പറഞ്ഞു. ജോമോൻ എന്ന ബൂഗിമാൻ, അയാളുടെ ഇരട്ട സഹോദരൻ. അങ്ങനെ ഇരട്ടവേഷം. 2024 നവംബറിൽ ഷൂട്ടിംഗ് തുടങ്ങി.

എന്റെ സീനുകളിലേറെയും ജഗദീഷ്, സിജു വിൽസൺ, ധ്യാൻ എന്നിവർക്കൊപ്പമാണ്. ആദ്യ സീനുകളിൽ ഞാൻ ആൾക്കൂട്ടത്തിലാണ്. പക്ഷേ, കാമറ ഫോക്കസ് എന്നിലല്ല. ഞാനാണു വില്ലനെന്നു സെറ്റിൽ മിക്കവർക്കും അറിയില്ലായിരുന്നു. ആരോടും അധികം സംസാരിക്കേണ്ടെന്നും കഥാപാത്രമായിത്തന്നെ നിന്നാൽ മതിയെന്നും ഇന്ദ്രനീൽ പ്രത്യേകം പറഞ്ഞിരുന്നു. രണ്ടു രാത്രികളിലായിരുന്നു സിജുച്ചേട്ടനുമായി ക്ലൈമാക്സ് ഫൈറ്റ് ഷൂട്ടിംഗ്. ആ സീക്വൻസുകളിൽ ഞങ്ങൾ രണ്ടുപേർ മാത്രം. കൂടുതൽ സംസാരിക്കാൻ അവസരമുണ്ടായി. ധ്യാൻചേട്ടനുമായി സ്റ്റേഷനിലെ ചോദ്യംചെയ്യൽ സീൻ മാത്രം. അതിനാൽ വളരെ കുറച്ചുമാത്രമേ അടുത്തു സംസാരിച്ചിട്ടുള്ളൂ. മാത്രമല്ല, എല്ലാവരും അവരവരുടെ വർക്കിൽ ഫോക്കസ്ഡ് ആയിരുന്നു. സെറ്റിൽ കോമഡിയൊക്കെ പറഞ്ഞിരുന്നെങ്കിലും ഒരിക്കലും അതൊന്നും മറ്റൊരാളിന്റെ പെർഫോമൻസിനെ ബാധിക്കുന്ന തരത്തിൽ ആയിരുന്നില്ല.

2025 മാർച്ചിൽ എന്റെ കഥാപാത്രത്തിന്റെ ഫ്ളാഷ്ബാക്ക് ഷൂട്ട് ചെയ്തു. അതിനുവേണ്ടി പിന്നെയും മെലിഞ്ഞു. ആ ഷെഡ്യൂളിലാണ് ജഗദീഷേട്ടൻ വന്നത്. കുറച്ചു മണിക്കൂറുകൾ മാത്രമാണ് അദ്ദേഹം സെറ്റിലുണ്ടായിരുന്നത്. അദ്ദേഹത്തോടു സംസാരിക്കാൻ എനിക്കു ചെറിയ പേടിയായിരുന്നു. കാരണം, എന്താണു സംസാരിക്കേണ്ടതെന്ന് എനിക്കറിയില്ല! മാത്രമല്ല, പ്രഫഷണലിസത്തോടു വിട്ടുവീഴ്ചയില്ലാത്ത പ്രകൃതം. ജഗദീഷേട്ടൻ സെറ്റിൽ കഥാപാത്രമായിത്തന്നെ ഇരിക്കുകയായിരുന്നു. അദ്ദേഹം പെർഫോം ചെയ്തു കണ്ടപ്പോൾ ശരിക്കും രോമാഞ്ചമുണ്ടായി. എത്രയോ വർഷങ്ങളായി കണ്ടുകൊണ്ടിരിക്കുന്ന ലെജൻഡിനൊപ്പം അഭിനയിക്കുന്നു. എന്റെ ബെസ്റ്റ് കൊടുക്കാൻ ആഗ്രഹിച്ചു. ഞാൻ കാരണം അദ്ദേഹം റീടേക്ക് പോകാൻ പാടില്ലല്ലോ!

സിനിമ മൊത്തത്തിൽ എനിക്കു ചലഞ്ചിംഗായിരുന്നു. ആദ്യത്തെ പടമല്ലേ, മോശമാകാൻ പാടില്ലല്ലോ എന്ന പേടി വളർന്നുകൊണ്ടേയിരുന്നു. ഷൂട്ടിംഗിനുമുന്നേ മൂന്നു മാസത്തോളം ഇന്ദ്രനീലുമായി നിരന്തരം സംസാരിക്കാൻ അവസരമുണ്ടായി. കഥാപാത്രങ്ങളെ അടുത്തറിഞ്ഞു. അങ്ങനെ അഭിനയം അനായാസമായി. എന്റെ കഥാപാത്രത്തിന് ഒരു ശരീരഭാഷയുണ്ട്. ആദ്യാവസാനം അതു നിലനിർത്തുക എന്നതും പ്രധാനമായിരുന്നു. ഏറെ ചലഞ്ചിംഗ് ആയിരുന്നു ഫൈറ്റ് സീക്വൻസ്. ഡ്യൂപ്പില്ലായിരുന്നു. സിജു ചേട്ടനുമായുള്ള ഫൈറ്റിനിടെ ശരിക്കും ഇടി കിട്ടി.

അച്ഛനും അമ്മയ്ക്കുമൊഴികെ അടുത്ത സുഹൃത്തുക്കൾക്കുപോലും ഞാനാണു വില്ലനെന്ന് അറിയില്ലായിരുന്നു. പ്രമോഷനുകളിലും പങ്കെടുത്തിരുന്നില്ല. മാസ്ക് ധരിച്ചു വേണം തിയറ്ററിൽ പോകേണ്ടതെന്ന് ഇന്ദ്രനീൽ നേരത്തേ പറഞ്ഞിരുന്നു. പ്രീമിയറിനു മാസ്ക് ഇല്ലാതെയാണു പോയതെങ്കിലും മാസ്ക് ധരിച്ചായിരുന്നു മടക്കം!

ഇനി നല്ല കാരക്ടർ വേഷങ്ങൾ ചെയ്യണം. എന്റെ കംഫർട്ട് സോണിൽ അല്ലാത്ത കഥാപാത്രങ്ങൾ ചെയ്ത് അഭിനയം മിനുക്കണം. നടനെന്ന രീതിയിൽ വളരണം. കുറെ നല്ല സംവിധായകർക്കൊപ്പം ചെയ്യണം. പുതിയ അവസരങ്ങൾ വരുമെന്നാണു പ്രതീക്ഷ.

# ഓടും കുതിര ചാടും കുതിര ഓഗസ്റ്റ് 29-ന് പ്രദർശനത്തിനെത്തും

**ഫ**ഹദ് ഫാസിൽ നായകനായി അൽത്താഫ് സലിം സംവിധാനം ചെയ്യുന്ന ഓടും കുതിര ചാടും കുതിരയുടെ സെക്കന്റ് ലുക്ക് പോസ്റ്റർ റിലീസായി. ഫഹദ് ഫാസിൽ, കല്യാണി പ്രിയദർശൻ, രേവതി പിള്ള എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി അൽത്താഫ് സലീം തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ഓടും കുതിര ചാടും കുതിര ഓഗസ്റ്റ് 29-നു പ്രദർശനത്തിനെത്തും.




ധ്യാൻ ശ്രീനിവാസൻ, വിനയ് ഫോർട്ട്, ലാൽ, രഞ്ജി പണിക്കർ, റാഫി, ജോണി ആന്റണി, സുരേഷ് കൃഷ്ണ, നന്ദു, അനുരാജ്, ഇടവേള ബാബു, ബാബു ആന്റണി, നന്ദു, അനുരാജ്, വിനീത് ചാക്യാർ, ശ്രീകാന്ത് വെട്ടിയാർ, സാഫ് ബോയ്, ലക്ഷ്മി ഗോപാലസ്വാമി, ആതിര നിരഞ്ജന തുടങ്ങിയവരാണു മറ്റു പ്രമുഖ താരങ്ങൾ.

ആഷിഖ് ഉസ്മാൻ പ്രൊഡക്ഷൻസിന്റെ ബാനറിൽ ആഷിഖ് ഉസ്മാൻ നിർമിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ജിന്റോ ജോർജ് നിർവഹിക്കുന്നു.

സുഹൈൽ കോയ എഴുതിയ വരികൾക്കു ജസ്റ്റിൻ വർഗീസ് സംഗീതം പകരുന്നു. എഡിറ്റിംഗ്-അഭിനവ് സുന്ദർ നായിക്, കലാസംവിധാനം-ഔസേഫ് ജോൺ, പ്രൊഡക്ഷൻ കൺട്രോളർ-സുധർമൻ വള്ളിക്കുന്ന്, പ്രൊഡക്ഷൻ ഡിസൈനർ-അശ്വനി കലേ, മേക്കപ്പ്-റോണക്സ് സേവ്യർ, വസ്ത്രാലങ്കാരം-മഷർ ഹംസ, സൗണ്ട്-നിക്സൺ ജോർജ്, ചീഫ് അസോസിയേറ്റ് ഡയറക്ടർ-ശ്യാം പ്രേം. വിതരണം-സെൻട്രൽ പിക്ചേഴ്സ് റിലീസ്.

# പുഷ്പ ഫെയിം ഗായിക മലയാളത്തിൽ

**പാ**ൻ ഇന്ത്യൻ ചിത്രം പുഷ്പയിലെ സൂപ്പർഹിറ്റ് ഗാനത്തിലൂടെ ശ്രദ്ധേയയായ ഗായിക ഇന്ദ്രവതി ചൗഹാൻ മലയാളത്തിൽ. ട്രിയാനി പ്രൊകഡക്ഷൻസിന്റെ ബാനറിൽ ജി. അനിൽകുമാർ നിർമിച്ച് സുജിത് എസ്. നായർ രചനയും സംവിധാനവും നിർവഹിക്കുന്ന ‘അങ്കം അട്ടഹാസം’ എന്ന ആക്ഷൻ ത്രില്ലർ ചിത്രത്തിനു വേണ്ടിയാണ് ഇന്ദ്രവതി പാടുന്നത്. മാധവ് സുരേഷ്, ഷൈൻ ടോം ചാക്കോ, സൈജു കുറുപ്പ് എന്നിവർ കേന്ദ്ര കഥാപാത്രങ്ങളാകുന്ന ചിത്രം തിരുവനന്തപുരം പശ്ചാത്തലമാക്കി അവതരിപ്പിക്കുന്നു. ഫിനിക്സ് പ്രഭു ഉൾപ്പെടെ മികച്ച ആക്ഷൻ കോറിയോഗ്രാഫർമാർ ചിത്രത്തിന്റെ ഭാഗമാകുന്നു. സംഗീതം: ശ്രീകുമാർ വാസുദേവ്. ഗാനരചന: ഡസ്റ്റൺ അൽഫോൺസ്, കാമറ: ശിവൻ എസ്. സംഗീത്.






# അരുൺകുമാർ നായകനായി 'ലവ് യു ബേബി'

കാമ്പസ് പശ്ചാത്തലത്തിൽ പ്രണയവും നർമവും ചേർത്തൊരുക്കിയ മ്യൂസിക്കൽ ഷോർട്ട് ഫിലിം ലവ് യു ബേബി യൂട്യൂബിൽ തരംഗമാകുന്നു. ബഡ്ജെറ്റ് ലാബ് ഷോർട്ട്സ് യൂ ട്യൂബിലൂടെയാണു റിലീസ് ചെയ്തത്.

ഒളിമ്പ്യൻ അന്തോണി ആദം എന്ന മോഹൻലാൽ ചിത്രത്തിലൂടെ ബാലനടനായി അരങ്ങേറ്റം കുറിച്ച അരുൺകുമാറാണു നായകൻ. നായിക ജിനു സെലിൻ.

വരാഹ ഫിലിംസിന്റെ ബാനറിൽ ജിനു സെലിൻ നിർമിച്ച് എസ്.എസ്. ജിഷ്ണുദേവ് തിരക്കഥ, ഛായാഗ്രഹണം, എഡിറ്റിംഗ് എന്നിവ നിർവഹിച്ച് സംവിധാനം ചെയ്ത ചിത്രം.

പോണ്ടിച്ചേരിയിലെ മനോഹര ലൊക്കേഷനിൽ ചിത്രീകരിച്ച ലവ് യു ബേബിയിൽ ടി. സുനിൽ പുന്നക്കാട്, അഭിഷേക് ശ്രീകുമാർ, അരുൺ കാട്ടാക്കട, അഡ്വ. ആന്റോ എൽ. രാജ്, സിനു സെലിൻ, ധന്യ എൻ.ജെ, ജലത ഭാസ്കർ, ബേബി എലോറ എന്നിവരും കഥാപാത്രങ്ങളാകുന്നു.

മന്ദാരമേ... എന്നു തുടങ്ങുന്ന ഗാനം ഈണം നൽകിയതു ദേവ് സംഗീത്. ഓർക്കസ്ട്രേഷൻ എബിൻ എസ് വിൻസെന്റ്. ലൈവ് സ്റ്റേജ് ഷോകളിലെ സ്ഥിരം സാന്നിധ്യമായ സാംസൺ സിൽവയാണ് ഗാനാലാപനം.

റീറെക്കോർഡിംഗ്, സോംഗ് റെക്കോർഡിംഗ്, മിക്സിംഗ് ആൻഡ് മാസ്റ്ററിംഗ് എന്നിവ എബിൻ എസ്. വിൻസന്റിന്റെ ബ്രോഡ് ലാന്റ് അറ്റ്മോസ് സ്റ്റുഡിയോയിലാണ് പൂർത്തീകരിച്ചത്. ഡാൻസ് കോറിയോഗ്രാഫി ബിപിൻ എ ജിഡിസി, ദേവിക എന്നിവർ ചേർന്ന് നിർവഹിച്ചിരിക്കുന്നു.

ചമയം-അവിഷ കർക്കി, വസ്ത്രാലങ്കാരം-ഷീജ ഹരികുമാർ, കോസ്റ്റ്യൂംസ്-എസ് ബി ഫോർ മെൻസ് കഴക്കൂട്ടം, മാർക്കറ്റിംഗ്-ഇൻഡിപെൻഡന്റ് സിനിമ ബോക്സ് ആന്റ് ദി ഫിലിം ക്ലബ്, പബ്ലിസിറ്റി ഡിസൈൻ-പ്രജിൻ ഡിസൈൻസ്.




## വേറെ ഒരു കേസ്




ഷെബി ചൗഘട്ട് സംവിധാനം ചെയ്യുന്ന ചിത്രമാണ് 'വേറെ ഒരു കേസ്'. സാമൂഹിക പ്രസക്തി ഉള്ള പ്രമേയം വിഷയമാകുന്ന ചിത്രം സമൂഹത്തിൽ നിലനിൽക്കുന്ന നീതി നിഷേധങ്ങൾക്കെതിരെ വിരൽ ചൂണ്ടുന്നു. വിജയ് നെല്ലിസ്, അലൻസിയർ, ബിന്നി സെബാസ്റ്റ്യൻ എന്നിവർ പ്രധാന വേഷങ്ങളിൽ എത്തുന്ന ചിത്രത്തിൽ ബിനോജ് കുളത്തൂർ, അംബി പ്രദീപ്, അനുജിത്ത് കണ്ണൻ, സുജ റോസ്, കാർത്തി ശ്രീകുമാർ, ബിനുദേവ്, യാസിർ തുടങ്ങിയവരും അഭിനയിക്കുന്നു. നിർമാണം: ഫുവാദ് പനങ്ങായ്. ഷെബി ചൗഘട്ടിന്റെ തന്നെയാണ് കഥ. തിരക്കഥ, സംഭാഷണം: വി.എസ്. ഹരീഷ്. ഛായാഗ്രഹണം: രജീഷ് രാമൻ.

# ഹായ് ഗയ്സ് പൂജാകർമം നടത്തി

പ്രിയ നടൻ ഇന്നസെന്റിന്റെ കൊച്ചുമകൻ ഇന്നസെന്റ് സോണെറ്റ്, നടൻ ടിനി ടോമിന്റെ മകൻ ആദം ഷെം ടോം, നിർമാതാവും നടനുമായ ബാദുഷയുടെ മകൻ സാഹിർ ബാദുഷ, അക്വാ ടോണി എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ഐ.എം. എലിയാസ് തിരക്കഥയെഴുതി സംവിധാനം നിർവഹിക്കുന്ന ഹായ് ഗയ്സ് എന്ന സിനിമയുടെ പൂജാകർമം തൃശൂർ പുതുക്കാട് ഹോളിഡേ പാർക്കിൽ നടത്തി. പുതുക്കാട് നിയോജകമണ്ഡലം എംഎൽഎ കെ.കെ. രാമചന്ദ്രൻ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ റവ. ഫാദർ പോൾ തേക്കാനത്ത് ആദ്യ തിരി തെളിച്ചു.

രാഷ്ട്രീയ-സാമൂഹിക-ചലച്ചിത്ര രംഗത്തെ പ്രമുഖർ ചടങ്ങിൽ സന്നിഹിതരായിരുന്നു. ടിനി ടോം, ബിജു കുട്ടൻ, സുനിൽ സുഖദ, കലാഭവൻ നിയാസ്, നിർമൽ പാലാഴി, ബെന്നി കലാഭവൻ, ഡയാന ഹമീദ്, സ്മിനു തുടങ്ങിയ പ്രമുഖ താരങ്ങൾക്കൊപ്പം നിരവധി പുതുമുഖങ്ങളും ഈ ചിത്രത്തിൽ അഭിനയിക്കുന്നു.

തൃക്കുക്കാരൻ ഫിലിംസിന്റെ ബാനറിൽ ജോസഫ് തൃക്കുക്കാരൻ നിർമിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ജെയിംസ് ക്രിസ് നിർവഹിക്കുന്നു. സുഭാഷ് പോണോളി എഴുതിയ വരികൾക്ക് ആർഎൽവി പ്രമോദ് ചെറുവത്തൂർ സംഗീതം പകരുന്നു.

പ്രൊഡക്ഷൻ കൺട്രോളർ-മുകേഷ് തൃപ്പൂണിത്തുറ, കല-ഷിജു കോഴിക്കോട്, മേക്കപ്പ്-സുധീഷ് നാരായണൻ, കോസ്റ്റ്യൂംസ്-സുകേഷ് താനൂർ, ചീഫ് അസോസിയേറ്റ് ഡയറക്ടർ-ഹരിശ്രീ ബാബുരാജ്, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്-ഗൗതം കൃഷ്ണ.



## പള്ളിച്ചട്ടമ്പി

1957-58 കാലത്തെ മലയോര കുടിയേറ്റ കർഷകരുടെ ജീവിതം പശ്ചാത്തലമാക്കി അവതരിപ്പിക്കുന്ന ചിത്രമാണ് പള്ളിച്ചട്ടമ്പി. ഡിജോ ജോസ് ആന്റണിയാണ് സംവിധാനം. വേൾഡ് വൈഡ് ഫിലിംസ് ഇന്ത്യയുടെ ബാനറിൽ നൗഫൽ, ബ്രജേഷ് എന്നിവർ നിർമിക്കുന്നു. ടൊവിനോ തോമസ് നായകനാകുന്ന ചിത്രത്തിൽ, തെന്നിന്ത്യൻ താരം കയാഡുലോഹർ നായികയാകുന്നു.

പ്രശസ്ത കലാസംവിധായകനായ ദിലീപ് നാഥനാണ് ഈ ചിത്രത്തിനായി കലാസംവിധാനം നിർവഹിക്കുന്നത്. വിജയരാഘവൻ, തെലുങ്കു നടൻ ശിവകുമാർ, സുധീർ കരമന, ജോണി ആന്റണി, ടി.ജി. രവി, ശ്രീജിത്ത് രവി, പ്രശാന്ത് അലക്സാണ്ടർ, ജയകൃഷ്ണൻ, വിനോദ് കെടാമംഗലം, ജോസൂട്ടി തുടങ്ങിയവരും നിരവധി പുതുമുഖങ്ങളും ഈ ചിത്രത്തിൽ അണിനിരക്കുന്നു. തിരക്കഥ: സുരേഷ് ബാബു. സംഗീതം: ജെയ്ക് ബിജോയ്. ഛായാഗ്രഹണം: ടിജോ ടോമി. എഡിറ്റിംഗ്: ശ്രീജിത്ത് സാരംഗ്. മേക്കപ്പ്: റഷീദ് അഹമ്മദ്. കാഞ്ഞാർ, പൈനാവ്, മൂലമറ്റം തുടങ്ങിയ പ്രദേശങ്ങളിലാണ് ചിത്രീകരണം.

# പാട്ടായ കഥ തിയറ്ററുകളിലെത്തി

പാട്ടായ കഥ എന്ന ചിത്രം തിയറ്ററുകളിലെത്തി. രചന, സംവിധാനം എജിഎസ്. മൂൺലൈറ്റ് ക്രിയേഷൻസ് ആൻഡ് അമേസിംഗ് സിനിമാസ് എന്നീ ബാനറിൽ ബൈജു പി. ജോൺ ആണ് ചിത്രം നിർമിച്ചത്. ഗാനം മ്യൂസിക് സോണിലൂടെയാണ് ഇറങ്ങിയത്.

അജ്ഞാതനായ ഒരു അന്യസംസ്ഥാനക്കാരൻ സോഷ്യൽ മീഡിയയിലൂടെ കേരളത്തിൽ പാലക്കാടുള്ള കൊടുമ്പ് എന്ന ഗ്രാമത്തിൽ പ്രത്യക്ഷപ്പെടുകയും ലോകമെമ്പാടുമുള്ള കുടുംബ ബന്ധങ്ങളിൽ ആഴത്തിൽ പതിയുകയും ചെയ്യുന്നു. ഇതാണ് ചിത്രത്തിന്റെ കഥാതന്തു. കൗതുകവും ആസ്വാദനവും ചിന്തയും ഉണർത്തുന്ന ചിത്രമാണ് പാട്ടായ കഥ.



വടിവേൽ ചിത്തരംഗൻ, മനു കുമ്പാരി, ക്രിസ്റ്റി ബെന്നറ്റ്, അനുഗ്രഹ സജിത്ത് എന്നീ പുതുമുഖങ്ങൾ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. കൂടാതെ പാലക്കാട് ഉള്ള സോഷ്യൽ മീഡിയ ഇൻഫ്ളുവെൻസേർസ് മറ്റു കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.

ഡിഒപി-മിഥുൻ ബാലകൃഷ്ണൻ, വിജേഷ് വാസുദേവ്. എഡിറ്റിംഗ്-സ്റ്റീഫൻ ഗ്രാൻഡ്, ഗാന രചന-എജിഎസ്, അരവിന്ദരാജ് പി.ആർ, വടിവേൽ ചിത്തരംഗൻ.

സംഗീതം, ആലാപനം-അരവിന്ദ് രാജ് പിആർ, ശ്രുതി ശിവദാസ്. ശബ്ദമിശ്രണം-ആശിഷ് ഇല്ലിക്കൽ, പ്രൊഡക്ഷൻ ഡിസൈനർ-ഉദയഭാനു തേവലക്കര, ഷുഹൂദ് വി, ചമയം-ജയമോഹൻ.

കലാസംവിധാനം-താഹ കണ്ണൂർ, കൊടുമ്പ് കെകെടി. പ്രൊഡക്ഷൻ മാനേജർ-ജോബി ആന്റണി, നെൽസൺ. സ്റ്റുഡിയോ-സൗത്ത് സ്റ്റുഡിയോ. ഡിഐ-ജോജി പാറയ്ക്കൽ, ഡിഐ എഡിറ്റർ-ഹിഷാം യൂസഫ്, സ്റ്റിൽസ്-ജിഷ്ണു നടുവത്ത്. ഡിസൈനർ-സുജിബാൽ. വിതരണം-മൂവി മാർക്ക്.

KERALA EXPRESS | കേരളം

# കേരളത്തിലെ 35 ശതമാനം ശിശുക്കളും വളർച്ചാ മുരടിപ്പ് നേരിടുന്നുവെന്ന്

ന്യൂഡൽഹി: കേരളത്തിലെ 35 ശതമാനത്തിലേറെ ശിശുക്കളും പോഷകാഹാരക്കുറവു മൂലമുള്ള വളർച്ചാ മുരടിപ്പ് നേരിടുന്നുവെന്ന് കേന്ദ്ര സർക്കാരിന്റെ കണക്ക്. അഞ്ചു വയസ് വരെയുള്ള ശിശുക്കളിലെ വളർച്ചാ മുരടിപ്പ് രാജ്യത്തു 37.07 ശതമാനമാണെന്നും കേന്ദ്ര ശിശുക്ഷേമ മന്ത്രാലയം രാജ്യസഭയിൽ സമർപ്പിച്ച റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

പോഷകാഹാരക്കുറവിനെ പ്രതിരോധിക്കാൻ കേന്ദ്രസർക്കാർ വികസിപ്പിച്ച പോഷൻ ട്രാക്കറിന്റെ ജൂൺ മാസത്തെ കണക്കുകളാണ് കേന്ദ്രം പങ്കുവെച്ചത്.

കേരളത്തിലെ 12,78,382 ശിശുക്കളിൽ നിന്നാണ് പോഷൻ ട്രാക്കർ പോഷകാഹാരക്കുറവിലെ കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്. കണക്കുകൾ പ്രകാരം കേരളത്തിലെ 3.20 ശതമാനം ശിശുക്കൾക്ക് പൊക്കത്തിന് അനുസരിച്ചുള്ള ഭാരമില്ലെന്നും 10.18 ശതമാനം ശിശുക്കൾ ഭാരക്കുറവ് നേരിടുന്നുവെന്നും റിപ്പോർട്ടിലുണ്ട്. ഇതേവിഭാഗങ്ങളിൽ യഥാക്രമം 5.46 ശതമാനവും 15.93 ശതമാനവുമാണ് ദേശീയ ശരാശരി.

പോഷകാഹാരക്കുറവിനെ പ്രതിരോധിക്കുന്ന കാര്യത്തിൽ കേരളത്തിന്റെ പ്രകടനം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ശരാശരി മാത്രമാണെങ്കിലും സംസ്ഥാനത്ത് നവജാതശിശു മരണനിരക്കും ശിശുമരണനിരക്കും കുറവാണെന്ന് കേന്ദ്രം സഭയിൽ സമർപ്പിച്ച റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

ഇന്ത്യയിൽ ജനിക്കുന്ന ആയിരത്തിൽ പത്തൊൻപത് ശിശുക്കളും ഇരുപത്തെട്ടു ദിവസത്തിനുള്ളിൽ മരിക്കുന്നുവെന്നാണ് ആരോഗ്യമന്ത്രാലയത്തിനു കീഴിലുള്ള സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റത്തിന്റെ 2022-ലെ റിപ്പോർട്ടിനെ ഉദ്ധരിച്ചുള്ള കേന്ദ്രത്തിന്റെ കണക്ക്. എന്നാൽ, കേരളത്തിൽ നവജാതശിശു മരണനിരക്ക് ആയിരത്തിൽ അഞ്ചു മാത്രമാണ്.

അതേസമയം രാജ്യത്തെ ആയിരത്തിൽ മുപ്പതു ശിശുക്കൾ അഞ്ചു വയസ്സിൽ താഴെ മരിക്കുമ്പോൾ കേരളത്തിൽ ഇത് ഒമ്പതു മാത്രമാണ്.

നവജാതശിശു മരണനിരക്കും ശിശുമരണ നിരക്കും ഇന്ത്യയിൽ ഏറ്റവും കുറവുള്ള സംസ്ഥാനം കേരളവും ഏറ്റവും കൂടുതലുള്ള സംസ്ഥാനം മധ്യപ്രദേശുമാണ്, മധ്യപ്രദേശിൽ ജനിക്കുന്ന ആയിരത്തിൽ ഇരുപത്തൊമ്പത് ശിശുക്കളും ജനിച്ച് ഇരുപത്തിയെട്ടു ദിവസത്തിനുള്ളിൽ മരിക്കുന്നു.

മധ്യപ്രദേശിലെ ശിശുമരണ നിരക്കാകട്ടെ 47 ആണെന്നും കേന്ദ്രത്തിന്റെ കണക്കുകളിൽ ചൂണ്ടിക്കാട്ടുന്നു.

## ഹൂസ്റ്റൺ പെന്തെക്കോസ്ത് ഫെലോഷിപ്പ് സമ്മേളനം ഓഗസ്റ്റ് 9-ന്

ഫിന്നി രാജു, ഹൂസ്റ്റൺ


ഹൂസ്റ്റൺ: ഹൂസ്റ്റൺ പെന്തെക്കോസ്ത് ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 9-ന് ശനിയാഴ്ച വൈകിട്ട് 6.30 മുതൽ 9 വരെ ഫെലോഷിപ്പ് മീറ്റിംഗ് നടത്തപ്പെടുന്നു. മീറ്റിംഗ് മിസൗറി സിറ്റിയിലെ മാറാനാഥ ഫുൾ ഗോസ്പൽ ചർച്ചിൽ വെച്ച് നടത്തപ്പെടും. വിലാസം: 2716 Cypress Point Dr, Missouri City, TX 77459.

പ്രമുഖ പ്രസംഗകനായ പാസ്റ്റർ ഫിന്നി വർഗീസ് (സീനിയർ പാസ്റ്റർ, ഫെയ്ത്ത് ടാബർനാക്കിൾ ചർച്ച് ഓഫ് ഗോഡ്, അലൻ, ടെക്സസ്) ദൈവവചന പ്രസംഗം നടത്തും. ആരാധനയ്ക്ക് എച്ച്പിഎഫ് ക്വയർ നേതൃത്വം നല്കും.

കൺവൻഷന്റെ സുഗമമായ നടത്തിപ്പിന് പാസ്റ്റർ മാത്യു കെ. ഫിലിപ്പ് (പ്രസിഡണ്ട്), പാസ്റ്റർ ബൈജു തോമസ് (വൈസ് പ്രസിഡണ്ട്), ഡോ. സാം ചാക്കോ (സെക്രട്ടറി) ജയ്മോൻ തങ്കച്ചൻ (ട്രഷറർ), ഡാൻ ചെറിയാൻ (സോംഗ് കോ-ഓർഡിനേറ്റർ), ജോൺ മാത്യു (മിഷൻ ആൻഡ് ചാരിറ്റി കോ-ഓർഡിനേറ്റർ), ഫിന്നി രാജു ഹൂസ്റ്റൺ (മീഡിയ കോ-ഓർഡിനേറ്റർ) എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മിറ്റി പ്രവർത്തിക്കുന്നു.

ഹൂസ്റ്റണിലും അതിന്റെ സമീപ പ്രദേശങ്ങളിലുമായുള്ള 16 പെന്തെക്കോസ്തൽ സഭകൾ സംയുക്തമായി ഒരുക്കുന്ന ഈ ആത്മീയ സമ്മേളനം വിശ്വാസികളുടെ ഐക്യത്തിനും ആത്മീയ നവീകരണത്തിനും വേദിയാകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: ഡോ. സാം ചാക്കോ (സെക്രട്ടറി)-609 498 4823.

## അബ്രാഹം കടുതോടിൽ അന്തരിച്ചു



രാജപുരം: മാലക്കല്ലിലെ കെ.എം. അബ്രാഹം കടുതോടിൽ (70) അന്തരിച്ചു. മൃതദേഹം 31-ന് വ്യാഴാഴ്ച രാവിലെ 7.30-ന് ഭവനത്തിലെത്തിച്ച് വൈകിട്ട് മൂന്നു മണിക്കുള്ള ശുശ്രൂഷകൾക്കുശേഷം മാലക്കല്ല് ലൂർദ്മാതാ ദേവാലയത്തിൽ സംസ്കരിക്കുന്നതാണ്. ഭാര്യ സോഫി മുടക്കാലിൽ ചെറുപാറ. മക്കൾ: സ്നേഹ (ഓസ്ട്രേലിയ), സീന (ന്യൂസിലൻഡ്), മാത്യൂസ് (യുകെ). മരുമക്കൾ: സിറിയക് കുന്തമറ്റം (മോനിപ്പള്ളി), നിവിൽ മേലാണ്ടശ്ശേരി (പയ്യാവൂർ), എലിസബത്ത് വാഴക്കടവിൽ (കുമരകം).

സഹോദരങ്ങൾ: പ്രഫ. കെ.എം. ജോസഫ് (എസ്.എച്ച് മൗണ്ട് കോട്ടയം), സാലു (വ്യാപാരി മാലക്കല്ല്), റോയി (റിട്ട. കെഎസ്ഇബി), തമ്പി (യുകെ), മേരി ഒഴുകയിൽ (അഞ്ചാല), ലൂസി പഴേമ്പള്ളിൽ (ഏറ്റുമാനൂർ), എൽസി ആലയ്ക്കുപ്പടവിൽ (മാലക്കല്ല്), ബ്രിജിത്ത് ഓരത്ത് (ചുള്ളിക്കര).

അതിരൂപത മുൻ പാസ്റ്റൽ കൗൺസിൽ അംഗം, കെസിവൈഎൽ മലബാർ റീജിയൻ പ്രഥമ പ്രസിഡണ്ട്, ക്നാനായ കത്തോലിക്കാ കോൺഗ്രസ് യൂണിറ്റ്, ഫൊറോന, റീജണൽ ഭാരവാഹി, മാലക്കല്ല് ഇടവക കണക്കൻ, ഇടവക കൈക്കാരൻ, ദീർഘകാലം മാലക്കല്ലിൽ മതബോധന പ്രധാനാദ്ധ്യാപകൻ, രണ്ട് തവണ പഞ്ചായത്ത് മെംബർ, പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, മാലക്കല്ല് വൈഎംസിഎ പ്രസിഡണ്ട്, 1990-കളിൽ മാലക്കല്ലിലെ സമാന്തര വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിച്ച് മലയോരത്ത് ജി.എം. കോളജ് സ്ഥാപിച്ചു.

കലാ-സാംസ്കാരിക രംഗത്ത് നേതൃനിരയിൽ പ്രവർത്തിച്ചു. മാലക്കല്ല് വ്യാപാരി-വ്യവസായി മുൻ സെക്രട്ടറിയായും പരേതൻ പ്രവർത്തിച്ചിട്ടുണ്ട്.

## കന്യാസ്ത്രീകളുടെ അറസ്റ്റ്

(3-ാം പേജിൽനിന്നും)

ഛത്തീസ്ഗഡ് പോലീസിന്റെ അന്യായ നടപടിക്കെതിരെ കോടതിയെ സമീപിക്കുമെന്ന് സിബിസിഐ വ്യക്തമാക്കി. മാതാപിതാക്കളുടെ അനുവാദത്തോടെയാണ് കന്യാസ്ത്രീകൾ കുട്ടികളുമായി യാത്രതിരിച്ചത്. കൂടാതെ പെൺകുട്ടികൾ പ്രായപൂർത്തിയായവരുമാണ്. ഈ സാഹചര്യത്തിൽ പോലീസ് സ്വീകരിച്ച നടപടിയിൽ വ്യാപക പ്രതിഷേധമാണുയരുന്നത്. കന്യാസ്ത്രീകൾ ഇപ്പോഴും ജുഡീഷൽ കസ്റ്റഡിയിൽ തുടരുകയാണ്. പെൺകുട്ടികളുടെ മാതാപിതാക്കൾ സ്ഥലത്ത് എത്തിയതായാണ് വിവരം.

രാജ്യസഭാംഗം ജോൺ ബ്രിട്ടാസും വിഷയത്തിൽ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് ഛത്തീസ്ഗഡ് മുഖ്യമന്ത്രിക്ക് കത്തെഴുതിയിട്ടുണ്ട്. വിഷയം പാർലമെന്റിൽ ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് എംപിമാരായ ബെന്നി ബെഹനാൻ, ഹൈബി ഈഡൻ, ആന്റോ ആന്റണി തുടങ്ങിയവർ അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകി.

ഒരു ആദിവാസി പെൺകുട്ടി ഉൾപ്പെടെ നാല് പെൺകുട്ടികളുമായി ഉത്തർപ്രദേശിലെ ആഗ്രയിലേക്ക് പോകുകയായിരുന്ന കന്യാസ്ത്രീകളെ ഛത്തീസ്ഗഡിലെ ദുർഗ് റെയിൽവേ സ്റ്റേഷനിൽവെച്ചാണ് പോലീസ് അറസ്റ്റ് ചെയ്യുന്നത്. കന്യാസ്ത്രീകൾ നടത്തുന്ന ആശുപത്രിയിൽ മാതാപിതാക്കളുടെ സമ്മതപ്രകാരം ജോലിക്ക് പോകുകയായിരുന്ന പെൺകുട്ടികളെ മതപരിവർത്തനത്തിനായി കടത്തിക്കൊണ്ടുപോകുന്നു എന്നായിരുന്നു ആരോപണം. അറസ്റ്റിന് പിന്നാലെ കന്യാസ്ത്രീകളെ കാണാനോ നിയമപരമായ സഹായം തേടാനോ പോലീസ് അനുവദിക്കുന്നില്ലെന്ന ആരോപണവുമുണ്ട്.

## ഇന്ത്യ-ബ്രിട്ടൻ സ്വതന്ത്ര വ്യാപാരക്കരാറായി

(3-ാം പേജിൽനിന്നും)

ഇറക്കുമതിച്ചുങ്കം ഒഴിവാകുന്നവയിൽ ഉൾപ്പെടുന്നു. വിസ്കി, കാറുകൾ തുടങ്ങി ബ്രിട്ടനിൽനിന്ന് ഇന്ത്യയിലേക്കെത്തുന്ന 90 ശതമാനം ഉത്പന്നങ്ങൾക്കും തീരുവയിൽ വൻ ഇളവ് ലഭിക്കും.

ബ്രിട്ടീഷ് ഉത്പന്നങ്ങൾക്ക് ഇന്ത്യ ചുമത്തുന്ന ശരാശരി ഇറക്കുമതിച്ചുങ്കം 15 ശതമാനത്തിൽനിന്ന് മൂന്ന് ശതമാനത്തിലേക്കു താഴും. സ്കോച്ച് വിസ്കിയുടെ തീരുവ പകുതിയായി (75 ശതമാനം) കുറയും. ഇതോടെ, ഒരു ദശാബ്ദത്തിനിടെ വിസ്കിയുടെ തീരുവയിൽ 40 ശതമാനത്തിന്റെ കുറവുണ്ടാകും.

ഇലക്ട്രിക് വാഹനങ്ങളുടെ കാര്യത്തിൽ ക്വാട്ട അടിസ്ഥാനത്തിലുള്ള തീരുവ ഇളവ് നിലവിൽവരുന്നതോടെ 110 ശതമാനത്തിൽനിന്നു 10 ശതമാനത്തിലേക്കു കുത്തനെ ഇടിയും.

പ്രധാന യൂറോപ്യൻ വാണിജ്യപങ്കാളിയായ ജർമനിക്കു ബ്രിട്ടൻ നൽകുന്നതിനു തുല്യമായ തീരുവ ഇളവ് ഇന്ത്യൻ കാർഷികോത്പന്നങ്ങൾക്കും ലഭിക്കും.

തുണി, തുകൽ ഉത്പന്നങ്ങൾക്കു തീരുവ പൂർണമായി ഒഴിവാകുന്നത് ഇന്ത്യയിലെ പ്രാദേശികവ്യവസായങ്ങൾക്കു വൻനേട്ടമാകും. ബംഗ്ലാദേശും കംബോഡിയയുമായുള്ള മത്സരത്തിൽ ഇത് ഇന്ത്യയ്ക്കു മേൽക്കൈ നൽകും.

ബ്രിട്ടീഷ് വിപണിയിൽ ഇന്ത്യൻ തുകൽ ഉത്പന്നങ്ങൾക്ക് രണ്ടുവർഷത്തിനകം അഞ്ച് ശതമാനം അധികപങ്കാളിത്തം ലഭിക്കും. 2030 ആകുമ്പോഴേക്ക് ഇലക്ട്രോണിക്, എഞ്ചിനീയറിങ് കയറ്റുമതി ഇരട്ടിയാകും.

അടുത്ത സാമ്പത്തികവർഷംതന്നെ കെമിക്കൽ കയറ്റുമതി 30-40 ശതമാനം വളർച്ച നേടും. രത്നങ്ങളുടെയും ആഭരണങ്ങളുടെയും കയറ്റുമതി മൂന്നുവർഷത്തിനകം ഇപ്പോഴത്തെ 94.1 കോടി ഡോളറിൽനിന്ന് ഇരട്ടിയായി വളരും. സോഫ്റ്റ്വേർ സേവന കയറ്റുമതിയിൽ പ്രതിവർഷം 20 ശതമാനം വളർച്ചയുണ്ടാകും.

കരാറിലൂടെ ഇരുരാജ്യങ്ങളിലെയും ഉപഭോക്താക്കൾക്ക് വിലക്കുറവിന്റെ പ്രയോജനം ലഭിക്കുമെന്നു ബ്രിട്ടീഷ് അധികൃതർ സൂചിപ്പിച്ചു.

ഇന്ത്യയുമായുള്ള ബന്ധത്തിൽ നാഴികക്കല്ലാകുന്ന കരാർ ബ്രിട്ടനെ സംബന്ധിച്ച് വൻവിജയമാണെന്നു പ്രധാനമന്ത്രി കെയ്ർ സ്റ്റാർമർ പറഞ്ഞു.

## ഡിഎൻഎ റിപ്പോർട്ട് വേണം

(3-ാം പേജിൽനിന്നും)

ചോദ്യം ചെയ്തുള്ള ഹർജി അനുവദിച്ചാണു ജസ്റ്റിസ് സി.എസ്. ഡയസിന്റെ ഇത്തരവ്. വേർപിരിഞ്ഞ ഭാര്യയും കാമുകനും നൽകിയ അപേക്ഷയിലായിരുന്നു മുനിസിപ്പാലിറ്റിയുടെ നടപടി.

പരസ്പര ബന്ധത്തിനു സാഹചര്യമില്ലെന്നു തെളിയാത്തിടത്തോളം വിവാഹം നിലനിൽക്കെ ജനിക്കുന്നതോ വിവാഹം പിരിഞ്ഞ് 280 ദിവസത്തിനകം ജനിക്കുന്നതോ ആയ കുട്ടി ഭർത്താവിന്റെയായി കണക്കാക്കുമെന്നു കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടത്തിൽ തെളിവു നിയമം 112-ാം വകുപ്പിൽ പറയുന്നു.

തദ്ദേശ വകുപ്പിന്റെ 2015 ഡിസംബർ 16-ലെ സർക്കുലർ അനുസരിച്ചു പിതാവിന്റെ പേരു മാറ്റാൻ ഡിഎൻഎ ടെസ്റ്റ് റിപ്പോർട്ട്, നോട്ടറി സാക്ഷ്യപ്പെടുത്തിയ ധാരണാപത്രം, കോടതിവിധി ഇതൊക്കെ വേണം. ഇപ്പറഞ്ഞ കാര്യങ്ങളൊന്നും മാനിക്കാതെ പേരുമാറ്റിയതു തെറ്റാണെന്നും അപേക്ഷ പുനഃപരിശോധിച്ചു നിയമാനുസൃതം നടപടിയെടുക്കാനും കോടതി നിർദേശിച്ചു.

## ദർശനത്തിരുനാൾ ഓഗസ്റ്റ് മൂന്നു മുതൽ

(13-ാം പേജിൽനിന്നും)

ജോണിക്കുട്ടി പിള്ളവീട്ടിൽ, പോൾസൺ കുളങ്ങര എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയാണ് തിരുനാളിന്റെ വിജയത്തിനായി പ്രവർത്തിക്കുന്നത്.

ചിക്കാഗോ നിവാസികളുടെ ആത്മീയവും ഭൗതികവുമായ സുസ്ഥിതിക്ക് പരിശുദ്ധ അമ്മ വഴിയായി ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദി അർപ്പിക്കുവാനും നിയോഗങ്ങൾ പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം വഴി യാചിക്കുവാനും ഈ ദർശനത്തിരുനാൾ ആചരണത്തിലൂടെ സാധിക്കട്ടെയെന്നും ഏവർക്കും ഈ തിരുനാളിലേക്ക് സ്വാഗതമരുളുകയും ചെയ്യുന്നുവെന്നും ഇടവക വികാരി ഫാ. സിജു മുടക്കോടിൽ അറിയിച്ചു.

## വിവാദ ശബ്ദരേഖ

(3-ാം പേജിൽനിന്നും)

സംഭവത്തിൽ കെപിസിസിയും എഐസിസിയും അതൃപ്തി അറിയിച്ചതിനെ തുടർന്നാണ് രവി ഒഴിഞ്ഞത്. മൂന്ന് മാസം മുൻപ്, വാമനപുരം ബ്ലോക്ക് ജനറൽ സെക്രട്ടറി എ. ജലീൽ ഒരു പരിപാടിക്കായി വിളിച്ചപ്പോൾ നടത്തിയ സംഭാഷണമാണു പുറത്തുവന്നത്.

ശ്രദ്ധിച്ചില്ലെങ്കിൽ കോൺഗ്രസ് പ്രതിസന്ധിയിലാകുമെന്ന മുന്നറിയിപ്പു രൂപേണയാണു പാലോട് രവി സംസാരിച്ചതെങ്കിലും ചില പരാമർശങ്ങൾ കടുത്തതാണെന്നു പാർട്ടി വിലയിരുത്തി.

സംഭാഷണം പുറത്തുവിട്ട കുറ്റംചുമത്തി എ. ജലീലിനെ കോൺഗ്രസ് പാർട്ടിയുടെ പ്രാഥമിക അംഗത്വത്തിൽനിന്നു കെപിസിസി പുറത്താക്കിയിരുന്നു.

തിരുവനന്തപുരം ഡിസിസിയിൽ പാലോട് രവിക്കെതിരെ ഒരു വിഭാഗം കോൺഗ്രസ് നേതാക്കൾ ഒളിഞ്ഞും തെളിഞ്ഞും പ്രവർത്തിക്കുന്നുണ്ടായിരുന്നു. ഇതിന്റെ പ്രതിഫലനമാണ് സ്വകാര്യമായി നടത്തിയ ഫോൺ സംഭാഷണം പുറത്തുവരാൻ കാരണമായതെന്നാണു വിലയിരുത്തപ്പെടുന്നത്.

വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പും നിയമസഭ തെരഞ്ഞെടുപ്പിനെയും നേരിടാൻ എൽഡിഎഫും ബിജെപിയും പ്രവർത്തനം ശക്തമാക്കി മുന്നോട്ടുപോകവെയാണ് കോൺഗ്രസ് പാർട്ടിയിലെ ആഭ്യന്തര കലഹം മറനീക്കി പുറത്തുവന്നിരിക്കുന്നത്.

MIDWEST
WINDOWS & DOORS




MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com



Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com

THANNIKKARY VACATION HOME

S.H.MOUNT P.O., KOTTAYAM 686006, KERALA

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com

ARACKAL VACATION HOME

UZHAVOOR, KOTTAYAM, KERALA



5 BEDROOMS (3 BR A/C), 6 BATHROOMS
LIVING, DINING & KITCHEN
READY TO OCCUPY FOR WEEKLY OR MONTHLY RENT
UZHAVOOR CHURCH & PARTY HALL NEARBY

FOR BOOKING:
USA: RAJU ARACKAL
@ 404 567 9189
INDIA: JOBIN MATHEW
@ 9961605244
EMAIL: JOBIONMATHEW@YAHOO.COM

K.O. JOSE & ASSOCIATES, INC.
Certified Public Accountants





K.O. JOSE, CPA

- Compilation
- Setup Small Business Corporations
- Personal & Business Income Taxes
- Free Electronic Filing
- Non-Profit Tax Exemption from IRS
- Install Accounting Packages
- Retirement and Estate Planning

Tel: 847-724-3020 • Cell: 847-833-6038

CPA SM
America Counts on CPAs

taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com






Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**